# അവന്റെ വചനം തെളിയിക്കുന്നു

നമുക്ക് എഴുന്നേറ്റു നിന്നുകൊണ്ട്, നമ്മുടെ തലകളെ വണക്കാം. കർത്താവായ യേശുവെ, അങ്ങയുടെ വീട്ടിൽ, അവിടുത്തെ സാന്നിദ്ധ്യത്തിൽ ഇന്നു രാവിലെ നേരം ഞങ്ങൾക്ക് കടന്നുവരാനുള്ള അവസരം ലഭിച്ചതിൽ ഞങ്ങൾക്ക് വളരെ നന്ദിയുണ്ട്, അവിടെയാണ് അങ്ങയുടെ നാമത്തിൽ അങ്ങയുടെ ജനങ്ങൾ കൂടിവരുന്നത്. കർത്താവേ എല്ലാവരും അങ്ങേയുടേതാണ്. ദൈവവും ക്രിസ്തുവും ഇല്ലാതിരിക്കുന്നവർക്കായി ഒരു—ഒരു സേവ ചെയ്യണമെന്നുള്ള ഞങ്ങളുടെ ഹൃദയത്തിന്റെ പ്രതീക്ഷ, അതായത് അവർ എല്ലാവരും രക്ഷിക്കപ്പെടണം, അതിനായി ഇപ്പോൾ ഞങ്ങളെ സ്വയം അങ്ങേയ്ക്ക് തരുന്നു, മാത്രമല്ല രോഗികൾ സൗഖ്യമാകുകയും, വിശുദ്ധർ അനുഗ്രഹിക്കപ്പെടുകയും വേണം, ഇത് അനുവദിക്കേണം, കർത്താവെ. അതിനുശേഷം, അവസാനിക്കുമ്പോൾ, വിനയത്താൽ തലകളെ കുനിച്ചുകൊണ്ട് ഈ ദിവസത്തിലുടനീളം നീ ഞങ്ങൾക്ക് ചെയ്ത പ്രവർത്തികളാൽ അങ്ങയെ പുകഴ്ത്താനും ഇടവരട്ടെ. യേശുവിൻ നാമത്തിൽ ഇതു ചോദിക്കുന്നു. ആമേൻ. നിങ്ങൾക്ക് ഇരിക്കാം.

2 ഇന്നു വീണ്ടും ഇവിടെ ആയിരിക്കാൻ ഒരു അവസരം ലഭിച്ചതിനു ഞാൻ തികച്ചും നന്ദിയുള്ളവനാണ്, ജനങ്ങളായ നിങ്ങൾ ഇന്നു രാവിലത്തെ സന്ദേശത്തിനായി, ഇന്നു രാവിലത്തെ യോഗത്തിനായി, ഇത്രയും ദൂരം യാത്ര ചെയ്തിരിക്കുന്നു. നിങ്ങൾ എന്നെ കാണാനോ അഥവാ കേൾക്കാനോ അല്ല വന്നിരിക്കുന്നത് എന്നെനിക്കറിയാം, നിങ്ങൾ കർത്താവായ യേശുവിനെ സന്ധിക്കാൻ വന്നിരിക്കുന്നു. അതുകൊണ്ട് അവൻ നിങ്ങളുടെ ഹൃദയാഭിലാഷത്തെ നിങ്ങൾക്ക് തരുമെന്നു ഞാനും ആശിക്കുന്നു.

3 ഇപ്പോൾ ഞാൻ—ഞാൻ തിരികെ വന്നു, കുടുംബത്തെ ട്യൂസണിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയ ശേഷം തിരികെ വന്നു, തിരികെ വന്നിരിക്കുന്നു. ഞാൻ ക്ഷീണിതനും നിരന്തരമായി പ്രവർത്തിയിലേർപ്പെട്ടതിനാൽ ഉപയോഗശൂന്യവും ആയിപ്പോയി. കഴിഞ്ഞ ജാനുവരി തുടങ്ങി, മുഴവൻ വേനൽക്കാലവും ഞാൻ യാത്രയിലായിരുന്നു. ഇപ്പോൾ ഈ ആഴ്ചയിൽ, ഒരല്പം വിശ്രമത്തിന് ശ്രമിച്ചുകൊണ്ട്, ചില കൂട്ടുകാരുമായി, അവിടെ താഴെ കെന്റക്കിയിലേയ്ക്ക് പോയി, വേട്ടയാടാൻ വേണ്ടിയാണ്, ഇവിടെ വന്നത്. അത് എന്നെ വളരെയേറെ വികാരവിവശനാക്കുന്നു, എന്ന് നിങ്ങൾക്കറിയാം. അതിനാൽ ഞാനും...ബില്ലിയും ഞാനും

രണ്ടാളും ഏകദേശം പോയതുപോലെയാണ്, അതുകൊണ്ട് ഈ ആഴ്ചയിൽ ഞങ്ങൾക്ക് അല്പം വിശ്രമം തരാനായി ഞങ്ങൾ—ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

4 കർത്താവ് അനുവദിച്ചാൽ, കർത്താവിന്റെ ഇഷ്ടമെങ്കിൽ അടുത്ത ഞായറാഴ്ച വീണ്ടും ഇവിടേയ്ക്ക് തിരികെ വരാൻ ഞാൻ ആഗ്രഹിക്കുന്നു. അടുത്ത ഞായറാഴ്ച ഒരു വിശിഷ്ടമായ സർവ്വീസ് ഞാൻ ആഗ്രഹിക്കുന്നു. സാധാരണ ചെയ്യുന്നതിലും വ്യത്യസ്തമായി എന്തെങ്കിലും ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, ഞാൻ ഇതു പറയുന്നതിന്റെ കാര്യമെന്തെന്നാൽ ജനങ്ങൾ...താല്പര്യമില്ലാത്തവർ വരേണ്ടതില്ല, എന്നാൽ ജനങ്ങൾ കടന്നു വന്നാൽ, കർത്താവ് അനുവദിക്കുന്നപക്ഷം, എല്ലായ്പ്പോഴും ഞങ്ങൾ രോഗികൾക്കായി പ്രാർത്ഥിക്കുന്നതാണ്. മാത്രമല്ല അടുത്ത ഞായറാഴ്ച നിങ്ങളുടെ ഹൃദയങ്ങളിൽ എന്താണുള്ളത് എന്നു ഞാൻ കണ്ടുപിടിക്കാനും ആഗ്രഹിക്കുന്നു. ഇന്നു തന്നെ, നിങ്ങൾ ഇവിടം വിട്ടു പോകുന്നതിനു മുമ്പ്, അതിനെ എഴുതി, മേശപ്പുറത്തു വെച്ചിരിക്കണം എന്നു ഞാൻ—ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഹൃദയത്തിൽ എന്താണുള്ളത്, അവയെ സഹോദരൻ നേവിലെ ബില്ലി പൗളിനെ ഏൽപ്പിക്കും, അവൻ എനിക്കും. ഇങ്ങനെ പറയുക...അത് ബൈബിളിലെ ഒരു ചോദ്യമാണെങ്കിൽ, സാധാരണയായി, എനിക്ക് ആ വിധത്തിലാണ് കിട്ടാറുള്ളത്. അതിൽ നിന്നും അല്പം കൂടി മുന്നിലേയ്ക്ക് ഞാൻ അതിനെ തുറക്കാൻ പോകുകയാണ്, ഒരുപക്ഷേ നിങ്ങളുടെ ഹൃദയത്തിൽ ഒരു വിഷയം ഉണ്ടാകാം അത്—അതായത് നിങ്ങൾ—നിങ്ങൾക്ക് അത് എങ്ങനെയും ലഭിക്കുന്നില്ല, ഓ, ഇങ്ങനെ നിങ്ങൾക്കുള്ള, കുടുംബ വിഷയമാകാം. അതിൽ നിങ്ങളുടെ പേർ എഴുതേണ്ട ആവശ്യമില്ല, എന്നാൽ ഇത്രമാത്രം, "എന്റെ ഭർത്താവ് ഇന്നത്-ഇന്നത് ചെയ്തു അത് എന്നെ വിഘ്നപ്പെടുത്തി." "എന്റെ ഭാര്യ ഇന്ന-ഇന്ന വിധം ചെയ്തു." "പിന്നെ—അതുമല്ല അവിടെ—അവിടെ ജീവിതത്തിൽ എന്തോ ഒരു പ്രത്യേക കാര്യം സംഭവിച്ചു," അഥവാ—അതുമല്ലെങ്കിൽ, നിങ്ങൾ അറിയുന്നപോലെ, നിങ്ങളുടെ ഹൃദയത്തിലുള്ള ചിലത്, നിങ്ങളെ അലോരസപ്പെടുത്തുന്ന എന്തോ ചിലത്." അത് നന്നായിരിക്കും എന്നു ഞാൻ ചിന്തിക്കുന്നു. നിങ്ങൾക്കു അങ്ങനെ തോന്നുന്നോ? അത് അവിടെ ഉണ്ടോ എന്നു നോക്കുക, ഒരുപക്ഷേ നിങ്ങൾ ആ ചോദ്യം ചോദിക്കുമ്പോൾ, ഞാൻ മറ്റാർക്കെങ്കിലും വേണ്ടി ഉത്തരം പറഞ്ഞെന്നും വരാം. നോക്കൂ, അവർക്കും അതേ പ്രശ്നമുണ്ടായിരുന്നു. നിങ്ങളുടെ ഹൃദയത്തിൽ എന്തുണ്ട്, ഇങ്ങനെ, കഴിയുന്നതും എറ്റവും ചുരുക്കി, "എനിക്ക് ഒരു കുഞ്ഞുണ്ട് തെറ്റായി പോയ്ക്കൊണ്ടിരിക്കുകയാണ് എന്നു തോന്നുന്നു, ഞാൻ എന്തു ചെയ്യണം?" എന്നോടൊപ്പം

എന്റെ ഭർത്താവ് ആലയത്തിലേയ്ക്ക് വരുന്നില്ല. അദ്ദേഹം എന്നോടു ധാർഷ്ട്യമായി പെരുമാറുന്നു, ഞാൻ എന്തു ചെയ്യണം?" അഥവാ അതേ രീതിയിൽ, ഒരു ഭാര്യ ചെയ്യുന്നു. അഥവാ—അതല്ലെങ്കിൽ "ബൈബിളിൽ ഒരിടത്തു *ഇങ്ങനെയും* മറ്റൊരിടത്ത് *അങ്ങനെയും* പറയപ്പെട്ടിരിക്കുന്നു, എനിക്ക് അത് മനസ്സിലാകുന്നില്ല. ഇവയെല്ലാം എന്താണ് അർത്ഥമാക്കുന്നതെന്നു എനിക്ക് മനസ്സിലാകുന്നില്ല." "ഞാൻ ഒരു ഓഫീസിൽ ജോലി ചെയ്യുകയും എന്റെ മേലധികാരി ഇന്ന-ഇന്ന കാര്യം പറയുകയും ചെയ്യുന്നു, ഒരു ക്രൂസ്ത്യാനിയെ സംബന്ധിച്ച്, ഞാൻ ചെയ്യേണ്ടതുണ്ടോ? അദ്ദേഹം എന്നോടു അദ്ദേഹത്തോടൊപ്പം ഒരു പാർട്ടിയ്ക്കു പോകാൻ പറയുന്നു, ഈ പർട്ടിയിൽ അവർ മദ്യപിക്കുന്നു. ഞാൻ ചെയ്യേണ്ടത് എന്താണ്? നോക്കു, നിങ്ങൾ അറിയുന്നതുപോലെ, മനുഷ്യ മനസ്സിലെ കാര്യങ്ങൾ. നിങ്ങൾ അതു ചെയ്യാനായി ഞങ്ങൾ ആഗ്രഹിക്കുന്നു.

5 അതിനാൽ, അതുകഴിഞ്ഞിട്ട്, പിന്നെയും എനിക്ക് തിരികെ വീണ്ടും അരിസോണയിലേയ്ക്ക് പോകേണം. നിങ്ങൾ ഈ കാര്യങ്ങൾ മനസ്സിലാക്കാൻ, ഞാൻ ഏറ്റവും നന്നായി, ഒരവസരം നിങ്ങൾക്ക് നൽകി സഹായിക്കണമെന്നു വിചാരിച്ചു. നിങ്ങൾ ഇവിടം വിട്ടു പോകുന്നതിനു മുമ്പു തന്നെ, നിങ്ങളാൽ കഴിയുന്നതിന്റെ പരമാവധി ഇന്നുതന്നെ പൂൾപ്പിറ്റിൽ വെച്ചിട്ടു പോകാൻ ഞാൻ താല്പര്യപ്പെടുന്നു. എഴുതി അതിനെ ഇവിടെ വെച്ചേയ്ക്കുക, സഹോദരൻ നേവിലെയോ മാറ്റാരെങ്കിലും ഒരാൾ അതെന്നെ ഏല്പിക്കും. ഈ ആഴ്ചയിൽ, പർവ്വതത്തിന്റെ അടിവാരത്തിൽ, എനിക്ക് അതിനെ വായിക്കാനും അതിനെപ്പറ്റി പ്രാർത്ഥിക്കാനും ഉള്ള ഒരവസരം ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിട്ട്, അതിന്റെ ആത്മീയമായ ഉത്തരവും മറ്റു സകലതും, നിങ്ങളെ സഹായിക്കുന്നതിനായി എനിക്ക് തരാനാകും. കാരണം അതിനായിട്ടാണ്, ഒരാൾ മറ്റെയാളിനെ സഹായിക്കാനായിട്ടാണ്, നാം ഇവിടെ കൂടിവന്നിരിക്കുന്നത്. മനസ്സിലായോ? എനിക്കായി നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ എന്നെ സഹായിക്കുന്നു, എനിക്ക് നിങ്ങളെയും സഹായിക്കാൻ കഴിയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്പോൾ, പിന്നെ, അത് അടുത്ത ഞായറാഴ്ചയായിരിക്കും, മറക്കരുത്.

6 ഇപ്പോൾ, ഇന്നു, നമുക്ക്...എന്നത്തെയും പോലെ സന്ദർശകരും നമ്മോടൊപ്പമുണ്ട്. നൂറു മൈലുകൾക്ക് അപ്പുറത്തു നിന്നു വന്ന എത്രപേരുണ്ട്? കൈ ഉയർത്തിക്കാട്ടിയാലും. അത് കൂട്ടായ്മയുടെ തൊണ്ണൂറ്റിയൊമ്പത് ശതമാനവുമാണ്. ചില ഞായറാഴ്ചകൾക്കു മുമ്പ്, ഞാൻ ചോദിച്ചു, "*ഇത്രയും-ദൂരത്തുള്ളവർ* എത്രപേരുണ്ട്?" അഥവാ അങ്ങനെയെന്തോ ആയിരുന്നു, ജെഫേർസൺ വില്ലെയിൽ നിന്നുള്ള ആരുടെയും കൈ ഞാൻ കണ്ടില്ല. ഹം! എന്നിരിക്കിലും, അടുത്ത

ദിവസം, അവർ പറഞ്ഞു, "ബ്രദർ ബ്രൺഹാം, സന്ദർശകരെല്ലാം അകത്തു വന്നു." പറഞ്ഞു, "പള്ളിയിലെ ഞങ്ങളുടെ ഇരിപ്പിടങ്ങളെല്ലാം ഞങ്ങൾ അവരോടു എടുത്തുകൊള്ളാൻ പറഞ്ഞു." അങ്ങനെ അവർ, നൂറുകണക്കിനു കടന്നു വന്നപ്പോൾ അകത്തു കടക്കാൻ കഴിയാത്തതിനാൽ, "എന്തെന്നാൽ ഞങ്ങൾ സന്ദർശകരെ നോക്കിയിരുന്നു. നോക്കു." ഇപ്പോൾ, അത്തരത്തിലെ നല്ലവരായ ജനങ്ങളാണ് ഈ ജെഫേർസൺവില്ലേയ്ക്കു ചുറ്റുമുള്ളത്. അതിനും, ജെഫെർസൺവില്ലെയിലും, ന്യൂ അൽബേനിയിലും, അതിന്റെ ചുറ്റുമുള്ള ജനങ്ങൾക്കായും, ഞങ്ങൾ—ഞങ്ങൾ നന്ദിയുള്ളവരാണ്. ആയിരം മൈലുകൾക്കുള്ളിൽ നിന്നും വന്ന എത്രപേരുണ്ട്? എന്റെ! ആയിരം മൈലുകൾക്ക് അപ്പുറത്തും നിന്നു വന്ന എത്രപേരുണ്ട്, നിങ്ങളുടെ കൈ ഉയർത്തിക്കാട്ടുമോ? ഓ, വൈശിഷ്ട്യം! അത് നല്ലതാണ്. അത്...

7 കഴിഞ്ഞ ഞായറാഴ്ച, ഒരാഴ്ച മുമ്പായിരുന്നു, *മണവാളന്റെയും മണവാട്ടിയുടെയും ഭാവിയിലെ വീട്,* എന്ന വിഷയത്തിന്മേൽ ഞാൻ സംസാരിച്ചിരുന്നു, നാം ആയിരത്തിയഞ്ഞൂറ് ചതുരശ്ര മൈൽ ചുറ്റളവുകളിൽ നിന്നുമാണ് എന്നു ഞാൻ വിചാരിക്കുന്നു. മാത്രമല്ല, അത് അങ്ങനെയും ആകാം, അത് കൃത്യമായും ഞാൻ സംസാരിച്ചിരുന്ന പട്ടണത്തിന്റെ അളവാകാം, ആയിരത്തിയഞ്ഞൂറ് ചതുരശ്ര മൈലുകൾ. അന്ന് തുടങ്ങി ഞാൻ വിരുന്നിലാണ്, ഈ ജീവിതം കഴിയുമ്പോൾ, ഞാൻ നഗരത്തിലേയ്ക്ക് പോകുന്നു എന്നറിയാനായി. എന്തായാലും കാര്യമില്ല, ഞാൻ ആ നഗരത്തിലേയ്ക്ക് ബദ്ധ്യസ്ഥപ്പെട്ടിരിക്കുന്നു. ഇന്നോ, നാളെയോ അതല്ല ഒരു ദിവസം പോലും സൂര്യൻ പ്രകാശം തരുന്നില്ലെങ്കിലും എന്തു വ്യത്യാസമാണ് ഉണ്ടാക്കുക? നമുക്ക് ഒരു വീട്, ഒരു വിശ്രമസ്ഥലമുണ്ട്. ക്ഷീണിച്ചാലും, ക്ഷീണിച്ചില്ലെങ്കിലും, അപ്പോഴും നമുക്ക് ആ വിശ്രമസ്ഥലമുണ്ട്. നിങ്ങൾ പറയും, "അത് ഒരു വയസ്സന്റെ സ്വപ്നമാണ്." അല്ല, അത് അതല്ല. ഇത് അതല്ല. ഇത് ഒരു ബൈബിൾ സത്യമാണ്.

8 ഒരു രാത്രിയിൽ ഇവിടെ സംസാരിച്ചു കഴിഞ്ഞ്, ഞാൻ കതകിനു പുറത്തേയ്ക്ക് പോകുമ്പോൾ, പിന്നിൽ നിന്നും ഒരുവൻ വളരെ തിടുക്കത്തിൽ ഇവിടെ പ്രസംഗവേദിയിലേയ്ക്ക് വന്നു, എന്നെ കാറിൽ നിന്നും പുറത്തു കിട്ടാൻ ശ്രമിച്ചിരുന്നു. ഈ ചെറുപ്പക്കാരനായ വ്യക്തി പറഞ്ഞു, "ഞാൻ താങ്കളോടു ഒരൊറ്റ വാക്കു മാത്രമേ ചോദിക്കാൻ ആഗ്രഹിക്കുന്നുള്ളു." ബില്ലിയും ചില സഹോദരന്മാരും ചേർന്നു എന്നെ കാറിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുകയായിരുന്നു. അവൻ പറഞ്ഞു, "എനിക്ക് ഒരേ ഒരു വാക്കു ചോദിക്കാമോ?"

ഞാൻ പറഞ്ഞു, "ചോദിച്ചോളൂ, സർ."

9 അവൻ ചോദിച്ചു, “ഇന്നു രാത്രിയിൽ താങ്കൾ സംസാരിച്ചത്, അവിടെ പുറത്തുള്ള സ്ത്രീകളെ ആക്രോശിപ്പിക്കുന്നതായി, അവർ വസ്ത്രം ധരിക്കുന്ന വിധവും, അവരുടെ വസ്ത്രധാരണത്തെക്കുറിച്ചുമാണ്.” പറഞ്ഞു, “താങ്കളുടെ പ്രായത്തിലുള്ള ഒരാൾ അങ്ങനെ ചിന്തിക്കുന്നു, എന്നാൽ താങ്കൾക്ക് എന്റെ പ്രായമാണ് ഉണ്ടായിരുന്നതെങ്കിൽ വ്യത്യസ്തമായി ചിന്തിക്കുമായിരുന്നു.”

ഞാൻ ചോദിച്ചു, “നിനക്ക് എത്ര വയസ്സുണ്ട്?”

അവൻ പറഞ്ഞു, “എനിക്ക് ഇരുപത്തിയേഴാണ്.”

10 അപ്പോൾ ഞാൻ പറഞ്ഞു, “എനിക്ക് നിന്നെക്കാൾ പത്ത്, പതിനഞ്ചു വയസ്സു ചെറുപ്പം ഉണ്ടായിരുന്നതു മുതലേ, ഞാൻ ഇതേ കാര്യം തന്നെ പ്രസംഗിച്ചു വരുന്നു, കാണുന്നോ?” ഞാൻ പറഞ്ഞു, “അത് നിന്റെ ഹൃദയത്തിൽ എന്തിരിക്കുന്നു എന്നാണ്, കുട്ടി. നിന്റെ കണ്ണുകൾ നിന്റെ ഹൃദയത്തിലൂടെയാണ് കാണുന്നത്.” അപ്പോൾ തന്നെ അവൻ തന്റെ തല താഴ്ത്തിക്കൊണ്ട് കടന്നുപോയി. അതിനെക്കാൾ നല്ല ഒരുത്തരം അതിനില്ല എന്നാണ് ഞാൻ നിരൂപിക്കുന്നത്. നോക്കു, അത് എന്തിനെ ആശ്രയിച്ചിരിക്കുന്നു എന്നാൽ *ഇവിടെ* എന്താണ് *ഇവിടെ ഇവിടെ* കടന്നു വന്നു *ഇതുവഴി* പോകുന്നത് എന്താണ് എന്നതാണ്. നോക്കു, യേശു പറഞ്ഞു, “*ഇവിടെ* എന്തായിരിക്കുന്നോ അതിൽ നിന്നും വ്യത്യസ്തമായാണ് നിങ്ങൾ പറയുന്നതെങ്കിൽ, നിങ്ങൾ ഒരു കപടവേഷധാരി ആയിരിക്കും.”

11 എന്റെ ഒരു വലിയ വിലയേറിയ സുഹൃത്ത്, സഹോദരൻ, റവറെന്റ് എഡ്ഡി ബിസ്കലും അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും, ഇന്നു രാവിലെ സമയം ഈ യോഗസ്ഥലത്ത് എവിടെയോ, ഇരിപ്പുണ്ടെന്നതിനാൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. ഇന്നു രാവിലെയാണ് അവർ യോഗത്തിലേയ്ക്ക് കടന്നു വന്നതെന്ന് ഞാൻ വിചാരിക്കുന്നു. എഡ്ഡി, താങ്കൾ ഇവിടെയുണ്ടോ? ഞാൻ—ഞാൻ വിചാരിക്കുന്നത് താങ്കൾ...അതെ, ഒരുപക്ഷേ അദ്ദേഹത്തിന് കടന്നു വരാൻ കഴിഞ്ഞിട്ടില്ലായിരിക്കാം. സഹോദരാ, ഓ, അതെ, വളരെ പുറകിലായി...എഡ്ഡി “ആമേൻ” പറയുന്ന മൂല അതല്ല. താങ്കൾ കടന്നുവരാൻ ആഗ്രഹിക്കുന്നെങ്കിൽ, ഇവിടെ മുകളിൽ പ്രസംഗവേദിയിൽ ധർമ്മോപദേശികളുടെ കൂടെ കടന്നു വരാൻ താങ്കളെ സ്വാഗതം ചെയ്യുന്നു. പിന്നെ ഞങ്ങൾ ആയിരുന്നപ്പോൾ...

12 കരടിയെയും ഒരിനം കലാമാനെപ്പറ്റിയുമുള്ള ആ ദർശനം കർത്താവ് എനിക്ക് തരുമ്പോൾ സഹോദരൻ എഡ്ഡിയും കൂടെയുണ്ടായിരുന്നു. ആ...അത് നിങ്ങളോടു പറഞ്ഞത് ഓർക്കുന്നവർ എത്രപേരുണ്ട്? ശരി, അദ്ദേഹം അവിടെ ഉണ്ടായിരുന്നു. അവിടെ

ആയിരിക്കുമ്പോൾ ചെക്ക് ഷർട്ടുണ്ടായിരുന്ന ചെറുപ്പക്കാരനായ വ്യക്തി, സഹോദരൻ എഡ്ഡി ബിസ്കൽ ആയിരുന്നു. അദ്ദേഹം അവിടെ നിൽക്കുമ്പോൾ...ചോദിച്ചു...അവരോടെല്ലാവരോടുമായി ഞാൻ— ഞാൻ ചോദിച്ചു, നിങ്ങളിൽ ആരുടെയെങ്കിലും പക്കൽ ചെക്കു ഷർട്ടുണ്ടോ? "ഇല്ല," ആർക്കും അതില്ല. ഞാൻ പറഞ്ഞു, "അതെ, അത് ഒരുപക്ഷേ...ഒരു ചെക്ക് ഷർട്ടു ഉണ്ടായിരിക്കണം. ഒരു—ഒരല്പം ചാര നിറത്തോടു കൂടിയും കൊമ്പിന്റെ അഗ്രം *ഇങ്ങനെ* വലിയ വെള്ളി പൂശിയിരിക്കുന്നതുപോലെയുള്ള, വിധത്തിലെ ഒരു മൃഗം അതിന്റെ വലിയ കൊമ്പുകൾക്കു നാല്പത്തിരണ്ടിഞ്ചു നീളമുണ്ട്, അത് കാഴ്ചയിൽ ഒരു മാനിനെപ്പോലെ തോന്നുന്നു." അത് സംഭവിക്കുന്നതിനു മുമ്പേ, ഞാൻ ഇവിടെ പറഞ്ഞിരുന്നു, അത് ഏകദേശം ആറു മാസങ്ങൾക്കു മുമ്പായിരുന്നു; വളരെ മുമ്പ്, ഓ, ഈ വർഷം ആരംഭിക്കുന്നതിനും മുമ്പു തന്നെ പറഞ്ഞിരുന്നു.

13 പിന്നീട് ഞാൻ ഈ മനുഷ്യന്റെ അടുത്തേയ്ക്ക്, വേട്ടയ്ക്കു പോകാനായി ക്ഷണിക്കപ്പെട്ടു. അവിടെ ഞങ്ങൾ പോയ ആ രാജ്യത്തിലുള്ള ആ പ്രത്യക സ്ഥലത്ത് ഞാൻ ഇതിനു മുമ്പ് ഒരിക്കലും പോയിരുന്നില്ല, ഞാൻ അതു പറഞ്ഞുമിരുന്നു. എന്നാൽ ആ ചെറിയ വേട്ടയാടൽ, അത് അലാസ്ക ഹൈവേയുടെ മുകൾ വശത്തായിരുന്നു, അവിടെ തടികളും മലകളും മൃഗങ്ങളുമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. ആ വേട്ടയാടുന്ന രാത്രിയിൽ ഞാൻ അവിടെ വെച്ചു സഹോദരൻ ബസ്കലിനോടു അതു പറയുമ്പോൾ സഹോദരൻ സൗത്ത് വിക്ക്, അവൻ പറഞ്ഞു, "അതെ, ഞാൻ—ഞാൻ...നാം ഒരു ആടുകളുള്ള രാജ്യത്താണ് പോകുന്നത്, "അത് അവിടെ ഉണ്ടാകാൻ ഇടയില്ല."

14 ഞാൻ പറഞ്ഞു, "അതെ," പിന്നെ ഞാൻ പറഞ്ഞു, "അത് ഒരു ചെക്ക് ഷർട്ടുണ്ടായിട്ട് എന്നോടൊപ്പം ഉണ്ടായിരുന്ന ഒരു ചെറിയ വ്യക്തിയാണ്." ആർക്കും ഒരു ചെക്ക് ഷർട്ടുണ്ടായിരുന്നില്ല, സഹോദരൻ ബിസ്കലിന് ഒന്നില്ലായിരുന്നു, മറ്റുള്ള ആർക്കും തന്നെ ഉണ്ടായിരുന്നില്ല.

15 രണ്ടാമത്തെ രാത്രിയിൽ, പുള്ളികളുള്ള ഒരു മുട്ടനാടിനെ വളരെ ദൂരെ, മരക്കൂട്ടത്തിന്റെ ഇടയിലായി ഞങ്ങൾ കണ്ടു. ഇപ്പോൾ, അത് വളരെ ദൂരത്തായി അവിടെ വൃക്ഷങ്ങൾ വളർന്നിട്ടുപോലും ഉണ്ടായിരുന്നില്ല, അവിടെ ആടുകളും ഒരിനം കലാമാനും അല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല, അതുമല്ല ഞങ്ങൾ അതിനെ വളരെ ദൂരെയായിട്ടാണ് കണ്ടതും. അന്നു ഉച്ചകഴിയുന്നേരം റോഡിലൂടെ താഴേയ്ക്ക് പോകുമ്പോൾ, സഹോദരൻ ബെസ്കലിന്റെ കാൽ

ചെറുതായൊന്നു വഴുതിയിട്ട് വെള്ളത്തിലേയ്ക്ക് വീണതിനാൽ നനഞ്ഞിരുന്നു.

16 അടുത്ത പ്രഭാതമായപ്പോൾ ഞങ്ങൾ നേരത്തെ എഴുന്നേറ്റ്, ഞങ്ങൾക്ക് കിട്ടാമെന്നു വിചാരിച്ചിരുന്ന മുട്ടാടിനുവേണ്ടി പുറപ്പെട്ടു. അവന്റേത്...അവിടെ ഞങ്ങൾ എത്തിയപ്പോൾ ഞങ്ങൾ ആയിരുന്നിട്ട്...ഞങ്ങളുടെ രാത്രി ആഹാരവും കഴിച്ചു കഴിഞ്ഞിട്ടും, ഞങ്ങൾക്കു മുട്ടാടുകളെ കണ്ടെത്താനായില്ല, സഹോദരൻ ബിസ്കൽ ഒരു കലാമാനിനെ വെടിവെച്ചിട്ടിരുന്നതേയുള്ളു. അപ്പോൾ ഞാൻ, ചുറ്റും നോക്കിയിട്ട്, ഞങ്ങൾ മുകളിലേയ്ക്കു പോയി, സഹോദരൻ സൗത്ത് വിക്ക് എന്നോടു പറഞ്ഞു, പറഞ്ഞു, "ഞാൻ വിചാരിക്കുന്നത്, നമ്മൾ...നിങ്ങൾക്ക് നടക്കുന്നത് നന്നായി തോന്നുന്നെങ്കിൽ, ബ്രദർ ബ്രൺഹാം, നാം ഈ മലമുകളിലേയ്ക്ക് പോകും, അവിടെ താഴ്വശത്ത്, ആ മുട്ടനാടുകൾ ഒരുപക്ഷേ അവിടേയ്ക്ക് പോയെന്നുവരാം." അതൊരു നീളമേറിയ നടത്തമായിരുന്നു. എന്നാൽ അത് ഇരുട്ടാകാതിരിക്കുകയും ചിലപ്പോൾ വളരെ താമസിച്ചും പോയെന്നു വരാം, ചിലപ്പോൾ പത്തോ അഥവാ പതിനൊന്നോ മണിയായേയ്ക്കും എന്നും വരാം.

17 അത് ആ പറക്കെട്ടുകളുള്ള മലകളിലൂടെ ദൂരമേറിയ നടക്ക ഒരു നല്ല നടത്തമായിരുന്നു. അതിനാൽ ഞാൻ നടക്കാൻ ഇഷ്ടപ്പെട്ടു, പിന്നെ അങ്ങനെ ഞങ്ങളുടെ കൈകളെ ഒരാൾ മറ്റെയാളെ പിടിച്ചുകൊണ്ട് അവിടെ നിൽക്കുമ്പോൾ, ഞങ്ങളുടെ രണ്ടാളിന്റെയും താടി നരച്ചു തുടങ്ങിയിരുന്നു, ഞങ്ങളുടെ കൈകളെ അന്യോന്യം ചുറ്റിയിട്ട്, കരഞ്ഞും കൊണ്ട് അറിയാനാഗ്രഹിച്ചു, ഞാൻ പറഞ്ഞു, "സഹോദരൻ ബഡ്, ആയിരമാണ്ടു വാഴ്ചയിൽ, എനിക്ക് അവിടെയുള്ള ആ പർവ്വതങ്ങളിലൂടെ നടക്കാൻ കഴിയുമെന്നു, ഞാൻ പ്രതീക്ഷിക്കുന്നു."

18 അവൻ പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഞാനും താങ്കളോടൊപ്പം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു." ഞങ്ങൾ അവിടെ, കർത്താവിൽ ആനന്ദിച്ചുകൊണ്ട് നിന്നിരുന്നു, ഞാൻ അത്രയധികം പർവ്വതങ്ങളെ ഇഷ്ടപ്പെട്ടിരുന്നു!

19 അതിനുശേഷം ഞങ്ങൾ താഴേയ്ക്ക് പോയി. അപ്പോഴാണ് സഹോദരൻ ബിസ്കൽ അവിടെവെച്ച് ആ—ആ—ആ കലാമാനിനെ വെടിവെച്ചത്. അത്, അവൻ ഇൻഡ്യാക്കാരുടെ ഒരു മിഷണറിയാണ്, അതുമല്ല അവനതിനെ അവന്റെ ഇൻഡ്യാക്കാർക്ക് തിന്നാൻ കൊടുക്കാനായി ആഗ്രഹിച്ചു. അങ്ങനെ ഞങ്ങൾ താഴേയ്ക്ക് പോയിട്ട്, ഞങ്ങളുടെ അത്താഴം കഴിച്ച്, ആ കലാമാനിനെ അവിടെ വെച്ചു വൃത്തിയാക്കിയിട്ട് തിരികെ വന്നു.

20 ബഡ്ഡും ഞാനും പർവ്വതത്തിനു കുറുകെ പോകുകയായിരുന്നു, അല്പം അകലെയായി, എന്റെ ഗ്ലാസുകളിലൂടെ, ഞങ്ങൾ നോക്കിയപ്പോൾ, ഞാൻ കണ്ടിരുന്ന ഈ മൃഗത്തെ എനിക്കു കാണാനിടയായി, ഞാൻ ഇവിടെ പറഞ്ഞതുപോലെ, ഒരു വിശാല ദൃശ്യമായിരുന്നു. അവിടെ ഞങ്ങളുടെ വശത്തായി തന്നെ സഹോദരൻ ബിസ്കലും നിന്നിരുന്നു. അങ്ങനെ ഞാൻ പറഞ്ഞു, "അതാ ആ മൃഗം അവിടെയാണ്."

21 അവൻ തന്റെ ഗ്ലാസ് ധരിച്ചു കൊണ്ട്, പറഞ്ഞു, "അതൊരു നല്ല വലിപ്പമുള്ള, പ്രായമായ, അതിബൃഹത്തായ, കാള കലാമാനാണ്."

22 ഞാൻ പറഞ്ഞു, "ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവയ്ക്ക് ശാഖകളുള്ള കൊമ്പാണുള്ളത് എന്നാണ് ഞാൻ വിചാരിച്ചിരുന്നത്." എന്നാൽ ഇതിനുള്ളത് കരിമുള്ളുകളാണ്, അവൻ ഒരു കാഴ്ചയ്ക്കു-വിചിത്രമായി, ദർശനത്തിൽ ഞാൻ കണ്ടിരുന്നതു പോലുള്ള ജീവി തന്നെയായിരുന്നു. അതിനു മുമ്പ് ഒരിക്കലും ഞാൻ ഒരു കലാമാനിനെ വെടിവെച്ചിരുന്നില്ല.

23 "അതു കൊള്ളാം," അവൻ പറഞ്ഞു, "അവനെ കർത്താവ് താങ്കൾക്ക് തന്നാൽ, അത് അത്രയേറെ..."

24 ഞാൻ പറഞ്ഞു, "അതെ, അത് അതിനെ തീർച്ചപ്പെടുത്തുമായിരുന്നു. എനിക്ക് അതിശയമേകുന്ന ഏക കാര്യം അത് ആ ചെക്കിന്റെ ഷർട്ടാണ്." ഞാൻ ചുറ്റുമായി നോക്കി, സഹോദരൻ എഡ്ഡി, അവന്റെ ഭാര്യ അത് അവിടെ വെച്ചിട്ടുണ്ടാകാം, അവൾ അവിടെ അവനോടൊപ്പമുണ്ടായിരുന്നു, അത് അവന്റെ ഡഫൽ ബാഗിൽ തീർച്ചയായും വെച്ചിട്ടുണ്ടാകാം. അവൻ തലേന്നാൾ നനഞ്ഞപ്പോൾ, അവൻ തന്റെ ഷർട്ടുകളെ മാറ്റിയിരുന്നു, അവിടെ ആ ചെക്ക് ഷർട്ടുണ്ടായിരുന്നു. ഞാൻ പറഞ്ഞു, "ഇതുതന്നെ അത്."

25 ഞാൻ അവിടേയ്ക്ക് കടന്നു ചെന്ന് ആ കലാമാനിനെ എടുത്തപ്പോൾ, അവൻ, ബഡ്, എന്നോടു ചോദിച്ചു, "ഇപ്പോൾ ബ്രദർ ബ്രൺഹാം, ഇതിന്റെ കൊമ്പുകൾക്ക് നാല്പത്തിരണ്ടിഞ്ച് നീളമുണ്ട് എന്നല്ലേ താങ്കൾ പറഞ്ഞിരുന്നത്?"

ഞാൻ പറഞ്ഞു, "അവയ്ക്ക് അത്രയുമുണ്ടായിരിക്കണം."

അവൻ പറഞ്ഞു, "ഏകദേശം തൊണ്ണൂറ്റിരണ്ടു വരും എന്ന വിധത്തിൽ എന്നെ നോക്കി."

ഞാൻ പറഞ്ഞു, "അല്ല. അവയ്ക്ക് നാല്പത്തിരണ്ട് ഇഞ്ചാണ് ഉള്ളത്."

26 അവൻ പറഞ്ഞു, "ഇപ്പോൾ, താങ്കൾ എന്നോടു പറഞ്ഞതിൻ പ്രകാരം, അവിടെ ആ ചെക്ക് ഷർട്ടോടുകൂടിയ, എഡ്ഡിയുടെ, അടുക്കലേയ്ക്ക് തിരികെ എത്തുന്നതിനു മുമ്പ്, (അവിടെ വെച്ചാണ്

പർവ്വതത്തിന്റെ താഴ്വശം, കുറച്ചു മൈൽ ദൂരമുണ്ട്, ഞങ്ങൾ തമ്മിൽ കണ്ടുമുട്ടേണ്ടിയിരുന്നത്), പറഞ്ഞു, “നീ ഒരു അല്പം ചാരനിറത്തോടുകൂടിയ കരടിയെ കൊല്ലാൻ പോകുന്നത്.”

ഞാൻ പറഞ്ഞു, “കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു,” എന്നതാണ്.

27 അവൻ ചോദിച്ചു, “ബ്രദർ ബ്രൺഹാം, അവൻ എവിടെ നിന്നു വരും? എനിക്ക് അമ്പതു മൈൽ ചുറ്റളവ് കാണാൻ കഴിയുന്നു.”

28 ഞാൻ പറഞ്ഞു, “അവൻ ഇന്നും യഹോവ-യീരെ തന്നെ. കർത്താവ് തനിക്കായി ഉളവാക്കാൻ കഴിയുന്നവനാണ്, കണ്ടോണം. അവന് അണ്ണാനുകളെ സൃഷ്ടിച്ച് അസ്തിത്വത്തിൽ കൊണ്ടുവരാനാകും. അവന് ഒരു മുട്ടാടിനെ ഉണ്ടാക്കി, അസ്തിത്വത്തിൽ കൊണ്ടുവരാൻ കഴിയുമെങ്കിൽ, അവൻ ഒരു കരടിയെപ്പറ്റി അത് പറഞ്ഞിരിക്കുന്നെങ്കിൽ, ഒരു കരടിയെ അസ്തിത്വത്തിൽ വരാൻ കഴിയുന്നതാണ്.”

29 ഞങ്ങൾ ഈ പർവ്വതത്തിന്റെ താഴേക്ക്, ആ കീർത്തിസ്തംഭത്തെ, ഈ ഭാരമേറിയ കലാമാനിനെ കെട്ടിപ്പൊതിഞ്ഞു കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, ആ സമയത്തിനുള്ളിൽ ഞാൻ എന്റെ തോക്കിനെ പൊതിഞ്ഞു കെട്ടാൻ ശ്രമിച്ചു, പിന്നെ അവൻ തന്റേതിനെയും, അതല്ലെങ്കിൽ തിരിച്ചാകാം. ഞങ്ങൾ ഒരു വലിയ ഹിമപ്പരപ്പിന്റെ വളരെ അടുത്തായി എത്തിക്കഴിഞ്ഞിരുന്നു, അവിടെ ഞങ്ങൾക്ക് അത് കിട്ടി. അത് ചൂടുള്ളതുപോലെ ആയിരുന്നു, ഞങ്ങൾ ആ ഹിമപ്പരപ്പിലേയ്ക്ക് കടന്നു, തണുപ്പിക്കുന്നതിനായി അല്പ നേരം അവിടെ ഇരുന്നു. അവൻ ചോദിച്ചു, “ആ രണ്ടു ആൺകുട്ടികളായ, എഡ്ഡിയും ബ്ലൈനും, നിൽക്കുന്നത്, ഏകദേശം ഒരു മൈലിനപ്പുറം വരില്ല, എന്നു താങ്കൾക്ക് അറിയാമല്ലോ, ബ്രദർ ബ്രൺഹാം. ആ കരടി കാഴ്ചയിൽ വന്നെങ്കിൽ കൊള്ളാമായിരുന്നു.”

ഞാൻ പറഞ്ഞു, “ബഡ്ഡ്, നീ അതിനെ സംശയിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.”

30 അവൻ പറഞ്ഞു, “ബ്രദർ ബ്രൺഹാം, എന്റെ സഹോദരന് അനേക വർഷങ്ങൾ, അപസ്മാര രോഗമുണ്ടായിരുന്നു. ഒരിക്കൽ താങ്കൾ എന്നോട്, ആദ്യ പ്രാവശ്യം ഇവിടെ ആയിരിക്കുമ്പോൾ, നാം മറ്റൊരു സ്ഥലത്തേയ്ക്ക് ഇറങ്ങി പോകുന്നേരം, ആ ആൺകുട്ടി കാഴ്ചയ്ക്ക് എങ്ങനെയുള്ളവൻ എന്നു താങ്കൾ എന്നോടു പറഞ്ഞു.” ആ ദർശനം, ദൈവം തരുമ്പോൾ, എഡ്ഡി എന്റെ നേരെ വശത്തുകൂടെ, കുതിര സവാരി ചെയ്യുകയായിരുന്നു. ആ ആൺകുട്ടിയ്ക്ക് എന്തു ചെയ്യണമെന്ന്

ഞാൻ അവരോടു പറഞ്ഞു; മോഹലസ്യം നിന്നു. പിന്നെ അവൻ പറഞ്ഞു, "എനിക്ക് അതിനെ സംശയിക്കാൻ കഴിയില്ല."

31 ഞാൻ പറഞ്ഞു, "ബഡ്, ആ കരടി എവിടെ നിന്നാണ് വരാൻ പോകുന്നതെന്ന് എനിക്കറിയില്ല." എന്നാൽ എനിക്ക് ഏകദേശം അമ്പതായപ്പോൾ, ഇപ്പോൾ എനിക്ക് അമ്പത്തിയഞ്ചായി, അതിനാൽ അത് ഏകദേശം മൂന്നു വർഷങ്ങൾക്കു മുമ്പായിരുന്നു. ഞാൻ ഏകദേശം അമ്പത്തിരണ്ടോ അഥവാ അമ്പത്തിമൂന്നോ ആയിരുന്നു. ഞാൻ പറഞ്ഞു, "അത് ഒരിക്കലും തോൽവി അടഞ്ഞ് ഞാൻ കണ്ടിട്ടില്ല. ആ ചാരനിറത്തോടുകൂടിയ കരടിയെ ഞാൻ ആ ആൺകുട്ടികളുടെ അടുത്ത് എത്തുന്നതിനു മുമ്പു തന്നെ ദൈവം എനിക്ക് തരും." ഞങ്ങൾ ഏകദേശം താഴ്വാരത്ത് പൈൻമരങ്ങളും വെട്ടുമരങ്ങളും തുടങ്ങുന്നിടത്ത് എത്തിക്കഴിഞ്ഞിരുന്നു.

32 കുന്നിൽ നിന്നും ഒരല്പം താഴേയ്ക്ക് ഇറങ്ങുമ്പോൾ, ഞങ്ങൾ ഏകദേശം വെട്ടുതടികളുടെ ഇടയിൽ എത്തിക്കഴിഞ്ഞിരുന്നു, അവൻ ഇരുന്നു. അപ്പോൾ അവനായിരുന്ന ആ പൊതിഞ്ഞ വിജയസ്മാരകത്തെ ചുമന്നിരുന്നത്, തോക്ക് എന്റെ കൈകളിലും. അവൻ ചോദിച്ചു, "ആ കരടി ഇപ്പോൾ കാഴ്ചയിൽ വന്നെങ്കിൽ നന്നായിരുന്നു, അവൻ അതു ചെയ്യേണ്ടതല്ലേ?"

ഞാൻ പറഞ്ഞു, "അവൻ വരും. നീ വിഷമിക്കാതിരിക്ക്."

അവൻ പറഞ്ഞു, "എനിക്ക് എല്ലാ മലയും കാണാനാകുന്നു."

33 ഞാൻ പറഞ്ഞു, "ഞാൻ...എന്നാൽ ഞാൻ ആ വാഗ്ദാനത്തെ നോക്കുന്നു!" മനസ്സിലായോ? നോക്കൂ, അവൻ വാഗ്ദത്തം ചെയ്തു. ഞാൻ പറഞ്ഞു, "അവൻ എന്തു ചെയ്താലും..." ഞാൻ ചോദിച്ചു, "ബഡ്ഡ്, അതാ അവിടെ ഇരിക്കുന്നത് എന്താണ്?"

34 അവൻ നോക്കിയിട്ട്, പറഞ്ഞു, "അതൊരു വലിയ ചാരനിറത്തോടുകൂടിയ കരടിയാണ്." പറഞ്ഞു, "അതു അവൻ തന്നെ." ഞങ്ങൾക്ക് ചാരനിറത്തിലുള്ള കരടിയെ കിട്ടിക്കഴിഞ്ഞ് ഞങ്ങൾ തിരികെ വരുമ്പോൾ...ആ ദർശനത്തിലുണ്ടായ ഒരു കാര്യം, ഞാൻ നിങ്ങളോടു, പറഞ്ഞു എന്നാണ് ഞാൻ ഓർക്കുന്നത്, ഞാൻ ആ തോക്കിനെപ്പറ്റി ആശങ്കപ്പെടാൻ തുടങ്ങി. അതൊരു വളരെ ചെറിയ തരത്തിൽപ്പെട്ട .270, ചെറിയ വെടിയുണ്ടകൾ, നിങ്ങൾക്ക് മനസ്സിലായോ. അത് ടേപ്പിലുണ്ട്. അത് പറഞ്ഞതുപോലെ, ഏകദേശം അമ്പത് വാരത്തിന് അപ്പുറത്തു വെച്ചാണ് എനിക്ക് ആ കരടിയെ കിട്ടിയത്. ബഡ്ഡ് പറഞ്ഞു, "താങ്കൾ ആ കരടിയുടെ പിൻവശത്ത് വെടിയുതിർക്കുന്നതാണ് നല്ലത്." അവൻ ചോദിച്ചു,

“ഇതിനു മുമ്പ് താങ്കൾ എപ്പോഴെങ്കിലും ഒരു ചാരനിറമുള്ള കരടിയെ വെടിവെച്ചിട്ടുണ്ടോ?”

ഞാൻ പറഞ്ഞു, “ഇല്ല.”

35 അവൻ പറഞ്ഞു, “ഓ, മരണമെന്നാൽ എന്താണെന്ന് അവയ്ക്കറിയില്ല! ഞാൻ അത് ഒരല്പം താമിസിച്ചാണ് മനസ്സിലാക്കിയത്. അതുകൊണ്ട് അവൻ പറഞ്ഞു, “അവ ഞെട്ടലിൽ നിന്നും ദുർബലരായിത്തീരില്ല,” പറഞ്ഞു, “താങ്കൾ അതിനെ വെടിവെയ്ക്കുന്നതായിരിക്കും നല്ലത്.”

ഞാൻ പറഞ്ഞു, “ആ ദർശനപ്രകാരം, ഞാൻ അതിന്റെ ഹൃദയത്തിലേയ്ക്കാണ് നിറയൊഴിച്ചത്.”

36 അവൻ പറഞ്ഞു, “അതെ, ആ ദർശനം അങ്ങനെയാണ് പറഞ്ഞതെങ്കിൽ, ഞാൻ താങ്കളോടു ചേർന്നു നിൽക്കാൻ പോകുന്നു.”

37 ഞാൻ പറഞ്ഞു, “ഇതുവഴി നമുക്ക് പോകാം.” അങ്ങനെ ഞങ്ങൾ അല്പം അടുത്തു ചെന്നു, അതുകഴിഞ്ഞ് ഞാൻ എഴുന്നേറ്റപ്പോൾ, ആ കരടി എന്നെ കണ്ടു. അതാണ് എനിക്ക്, ഒരു നിറയൊഴിക്കാനായി, ആവശ്യമായിരുന്നതും. ഞാൻ—ഞാൻ ആ കരടിയെ വെടിവെച്ചു, അത് അതിനെ മുറിപ്പെടുത്തി എന്നുപോലും തോന്നിച്ചില്ല. ഇതാ അവൻ വരുന്നു! അടുത്ത ഒരുണ്ട തോക്കിനകത്തേയ്ക്ക് ഇടാൻ കഴിയും മുമ്പേ, അവൻ നിന്നിടത്തു നിന്നും അമ്പതു വാരം അകലെ ആ കരടി ചത്തുവീണു.

38 ബഡ്ഡിന്റെ വായ്ക്കു ചുറ്റും വെളുത്തതുപോലെ ആയിട്ട്, അവൻ പറഞ്ഞു, “ബ്രദർ ബ്രൺഹാം, ഞാൻ അവനെ എന്റെ മടിയിൽ എടുക്കാൻ ആഗ്രഹിക്കുന്നില്ല.

ഞാൻ പറഞ്ഞു, “എനിക്കും നിങ്ങൾക്കിഷ്ടമില്ലാത്തതുപോലെ തന്നെ.”

39 പറഞ്ഞു, “നിനക്ക് അവനെ കിട്ടും എന്നു ദർശനത്തിൽ പറഞ്ഞതിനാൽ എനിക്ക് ആനന്ദമുണ്ട്.” അവൻ പറഞ്ഞു, “ഇപ്പോൾ, അത് അങ്ങനെയെങ്കിൽ, ആ കൊമ്പുകൾക്ക് നാല്പത്തിരണ്ടു ഇഞ്ചുകളാണ് ഉള്ളതെങ്കിൽ, എനിക്ക് ഒന്നു സംഭവിക്കാൻ...” അവൻ പറഞ്ഞ വിധത്തിൽ തന്നെ ഞാൻ അതു പറയാൻ പോകുന്നു, “എനിക്ക് ഒരു അലറിവിളിയോടുകൂടിയ മോഹാലസ്യം ഉണ്ടാകാൻ പോകുന്നു.”

40 ഞാൻ പറഞ്ഞു, “അതെ, ഇപ്പോൾ തന്നെ നിനക്ക് അതുണ്ട്, എന്തുകൊണ്ടെന്നാൽ അത് അപ്രകാരമാണ് സംഭവിക്കാൻ പോകുന്നത്.”

41 ഞങ്ങൾ സഹോദൻ എഡ്ഡിയുടെ അടുക്കൽ എത്തിയപ്പോൾ, ഞാൻ സഹോദരൻ എഡ്ഡിയോട്ടു പറഞ്ഞു...ഞങ്ങൾ കുതിരകളെ കെട്ടാതെ വിട്ടിരിക്കുന്നു, അവർ ഒരു കരടിമൂലം പേടിച്ചിരുന്നു. പിന്നെ, ഓ, എന്റെ, അവയ്ക്ക് അതിനെ മണപ്പിക്കേണ്ടി വന്നിരുന്നു. ഞങ്ങൾക്ക് അവന്റെ തോലുരിക്കാൻ കഴിഞ്ഞിരുന്നില്ല, അപ്പോഴേയ്ക്കും അതു വളരെ വൈകിയിരുന്നു; അടുത്ത ദിവസം തിരികെ വരണമായിരുന്നു. പിന്നെയും ഞങ്ങൾ ഏകദേശം പത്തു തവണ ചരട് പൊട്ടിക്കേണ്ടിവന്നു, കുതിരകൾ എല്ലായിടവുമായി ഓടുകയായിരുന്നു. അങ്ങനെ ഞങ്ങൾ അവിടേയ്ക്ക് ഇറങ്ങി വന്നപ്പോൾ, അവൻ പറഞ്ഞു... പറഞ്ഞു, "ബ്ലൈൻ," പോയി സവാരിക്കുതിരയുടെ ബാഗിൽ നിന്നും അളക്കുന്ന ടേപ്പ് എടുത്തു കൊണ്ടുവരിക.

42 ഞാൻ സഹോദരൻ എഡ്ഡിയോട്ടു പറഞ്ഞു, ഞാൻ പറഞ്ഞു, "ഇപ്പോൾ ആ ചെറിയ കൈയ്യെ ശ്രദ്ധിക്കു, പ്രകാരം..." ബില്ലി പൗളാണ് കൊമ്പുകൾക്കു ചുറ്റുമായി, അവന്റെ ചെറിയ കൈയ്യാൽ, ടേപ്പ് പിടിച്ച് അളന്നുകൊണ്ടിരുന്നു എന്നു ഞാൻ വിചാരിക്കുന്നത്. ഞാൻ പറഞ്ഞു, "ആ ചെറിയ കൈ ശ്രദ്ധിക്കു," സഹോദരൻ എഡ്ഡി ഒരു ദ്വാരമുണ്ടാക്കി. ഞങ്ങൾ പുറകിലേയ്ക്ക് നീങ്ങിനിന്നു. അവൻ *അങ്ങനെ* അതിട്ടശേഷം, കൃത്യമായും അതിന്റെ അഗ്രംവരെയും നേരെ അളന്നു, നാല്പത്തിരണ്ടിഞ്ച്. നോക്കു, കൃത്യമായിട്ടുണ്ടായിരുന്നു. യേശു ഒരിക്കലും തോൽവിയടയുന്നില്ല! അത് ദൈവത്തിൽ നിന്നും വന്നിരിക്കുന്നിടത്തോളം ആ വചനം തോൽവിയടയുന്നില്ല.

43 നമ്മുടെ ഇടയിൽ ഞാൻ സൗത്ത് ആഫ്രിക്കയിൽ നിന്നുമുള്ള സഹോദരനും സഹോദരി ജാക്സനെയും കണ്ടു. അവരെ പരിചയപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ ഊഹിക്കുന്നു. നിങ്ങളെ ചെയ്തിട്ടുണ്ടോ, സഹോദരൻ ജാക്സൻ? നിങ്ങളും സഹോദരി ജാക്സനും, ഇന്നു രാവിലെ നേരം, എഴുന്നേറ്റു നിന്നാലും. അവർ നിങ്ങളെ കണ്ടിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. എന്റെ സഹോദരൻ, എഡ്ഡി, അവിടെ വളരെ പിന്നിലായി, സൗത്ത് ആഫ്രിക്കയിൽ നിന്നുമുള്ള മറ്റൊരു പഴയ വേട്ടയാടലിന്റെ സഹകാരിയെയും കൂടെ കാണുന്നു. സഹോദരൻ ജാക്സൻ, സഹോദരി ജാക്സൻ, നിങ്ങൾ ഞങ്ങളോടൊപ്പം ആയിരിക്കുന്നതിൽ വളരെയേറെ സന്തോഷമുണ്ട്, കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. മിനിസ്റ്റ്രിയിലായിരിക്കുന്ന എല്ലാവരും, കെട്ടിടത്തിന്റെ ഉള്ളിലുള്ള എല്ലാ മിനിസ്റ്റേർമാരും തങ്ങളുടെ കൈ ഉയർത്തി കാട്ടിയാലും. കൊള്ളാം, അത് നല്ലതും മികച്ചതുമാണ്, നല്ലത്. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾ എല്ലാവരും ഇവിടെ ഉള്ളതിനാൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. അല്പ നിമിഷത്തിനുള്ളിൽ എനിക്ക് ഇവിടെ ഒരു പ്രാർത്ഥനാ നിരയുണ്ടാകും,

അതിനാൽ ഞാൻ ഇല്ല...നിങ്ങളെ എല്ലാവരെയും ഇവിടെ വിളിച്ച നിർത്തി എനിക്കായി പ്രസംഗിക്കേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഓരോരുത്തരും ഇവിടെ ആയിരിക്കുന്നതിനാൽ, ഞങ്ങൾക്ക് വളരെ ആനന്ദമുണ്ട്.

44 നിങ്ങളുടെ വിശ്വസ്തതയെപ്പറ്റി, ഞാൻ ചിന്തിക്കുമ്പോഴും, മാത്രമല്ല—പിന്നെ പ്രിയ യേശുവിനെക്കുറിച്ച്, എന്നിലൂടെ കേൾക്കാനായി, രാജ്യത്തിന്റെ ചുറ്റിനും നിന്നും മറ്റും, വരികയും ചെയ്യുമ്പോൾ, അവൻ എന്റെ പ്രാർത്ഥന കേൾക്കുന്നു എന്നു നിങ്ങൾക്ക് ഉറപ്പുണ്ട്. ഈ സഭയിലെ ഒരു പ്രത്യേക വ്യക്തിയുമായി, ഹൃദയം തകർന്നു ഹതാശയായ അമ്മയാണ്, ഒരല്പ നിമിഷങ്ങൾക്കു മുമ്പ്, നാല്പത്തിയഞ്ചു മിനിട്ടുകൾക്ക് കൂടുതൽ വരില്ല, ഞാൻ ഒരു വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയായിരുന്നു. ഞാൻ അപ്പോൾ എന്തോ പറയാനായി ആ സ്ത്രീയോടു തുടങ്ങിയതേയുള്ളൂ, (അവൾ ആരെന്നോ അഥവാ അല്ലെന്നോ ഞാൻ പറയാൻ അവൾ ആഗ്രഹിച്ചിരുന്നോ എന്നെനിക്ക് അറിയില്ല), നിങ്ങൾ ആ ചിത്രത്തിൽ കാണുന്ന, അതേ പ്രകാശം അവിടേയ്ക്ക് കടന്നുവന്നു. അത് എല്ലാം കഴിഞ്ഞിരുന്നു, അവൾ സന്തോഷത്തോടെ കടന്നുപോയി. എന്തിന്റെയെങ്കിലും മേൽ വളരെ പ്രയാസത്തോടെയും വിശ്വസിയ്ക്കാൻ കഴിയാത്ത, ഇപ്പോൾ നാം ജീവിക്കുന്ന ഈ മാറ്റത്തിന്റെ കാലത്തിൽ, ഇന്നു, നാം വളരെ സന്തോഷമുള്ളവരാണ്, നമുക്ക് മാറ്റപ്പെടാനാകാത്ത, ചലിക്കാത്ത, ഒരു രാജ്യമുണ്ട്. ആ ചലിപ്പിക്കാനാകാത്ത! ഗിബ്രാൾട്ടർ പാറയല്ല, എന്നാൽ നമ്മുടെ വിശ്വാസത്തെ കാലത്തിന്റെ പാറമേൽ ഭയഭക്തിപുരസരം വിശ്രമിപ്പിക്കാം, രക്ഷയുടെ ചലിക്കാത്ത പാറയായ യേശുക്രിസ്തുവിന്മേൽ.

45 എന്റെ ഭാര്യയ്ക്കുവേണ്ടി, ചെറിയ മൂന്നു തട്ടുള്ള ഒരു പെട്ടിയ്ക്കകത്ത് ഒരു ബൈബിളും വെച്ച് ഇവിടെ കൊണ്ടുവന്ന ആ സഹോദരിക്ക് ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഈ ചെറിയ പെട്ടിയ്ക്കായി, അവൾ കർത്താവിനോടു ഒരു ഉടമ്പടി ചെയ്തിരുന്നു. അവൾ അതിനെ അരുമയാക്കിയിരിക്കുന്നു. അതിൽ പണ്ടുകാലത്തെ ചില ചിത്രങ്ങളാൽ മോടിയാക്കിയിരിക്കുന്നു. അവൾ കർത്താവിനോടു ചോദിച്ചു...ഒരുപക്ഷേ അവൾ ആ പെട്ടിയെ, അല്പം അധികം മോടിയാക്കിയെന്നിരിക്കാം. ഒരു പിരമിഡിന്റെ ആകൃതിയിലുള്ള, സാധാരണയായ ചെറിയ പെട്ടി. അവൾ അതിനെ ഒരു ബൈബിളുമായി ചേർത്ത് എന്റെ ഭാര്യയ്ക്കുവേണ്ടി കൊണ്ടുവന്നു. സഹോദരി നന്ദിയുണ്ട്. ബില്ലി പൗളിന്റെയും മറ്റുള്ളവരുടെ പക്കൽ നിങ്ങൾ കൊടുത്ത എല്ലാ

സമ്മാനങ്ങൾക്കായും, അവ എനിക്കു കിട്ടുന്നു. ഞാൻ എല്ലാറ്റിനും സന്തോഷമുള്ളവനാണ്. ദൈവം നിങ്ങളോടു കൂടെയിരിക്കട്ടെ.

46 ഇപ്പോൾ അടുത്ത ഞായറാഴ്ച, രാവിലെ നേരം മറക്കരുത്. ഇന്നു യോഗം തീർന്നുകഴിഞ്ഞ ഉടൻ തന്നെ, നിങ്ങളുടെ ചോദ്യങ്ങളെ എഴുതിയിടുക. നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ, അടുത്ത ഞായറാഴ്ച രാവിലെ നേരം കൊണ്ടുവരിക. ഞാൻ ഒരല്പം നേരത്തെ വരും, പിന്നെ അതിനെ എന്റെ മുറിയിലേക്ക് കൊണ്ടുവന്ന്, എനിക്ക് അതിന്റെ തിവരുചനത്തിലെ പശ്ചാത്തലത്തെ എടുക്കാനുള്ള സമയമുണ്ടായിരിക്കും. കർത്താവ് അനുവദിച്ചാൽ, ഞങ്ങൾ അടുത്ത ഞായറാഴ്ച രാവിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതായിരിക്കും.

47 ഇപ്പോൾ, ഇവിടെ വളരെയേറെ ഉവാലകൾ കിടക്കുകയാണ്. എന്റെ—എന്റെ കുറിമാനങ്ങളെ ഇവിടെ വെയ്ക്കാനായി, ഞാൻ അവയെ പിന്നിലേയ്ക്ക് തള്ളി നീക്കി. പിന്നെ എന്റെ...മാത്രമല്ല എന്റെ ബൈബിൾ, അങ്ങനെ, അഥവാ എന്റെ ബൈബിളും കുറിമാനങ്ങളും, അപ്രകാരം, എനിക്ക് ഒരല്പ ഇടം ഇവിടെ കിട്ടി. എന്നാൽ ഞാൻ... ഞാൻ ഓരോന്നിനായും പ്രാർത്ഥിക്കുന്നതാണ്.

48 എനിക്ക് കുറച്ചു സമയമേ കിട്ടിയിരുന്നുള്ളൂ, എന്റെ എല്ലാ തിരുവചനവും കുറിമാനവും താഴെയാണ്. കഴിഞ്ഞ തവണ ഞാൻ നിങ്ങളെ, ഏകദേശം നാലു മണിക്കൂർ ഇവിടെ ഇരുത്തി, ഇപ്പോഴങ്ങനെ ചെയ്യില്ല. ഞാൻ സ്വയം ഒരു വാക്ക് ചെയ്തിരിക്കുകയാണ്, അങ്ങനെയുള്ള എന്തെങ്കിലും ഇനി മുതൽ ടേപ്പ് ചെയ്യുന്നു എങ്കിൽ, ഇവിടെ ഞാൻ തന്നെ സ്വയം ടേപ്പ് ചെയ്യുകയോ അഥവാ മറ്റെന്തെങ്കിലും ചെയ്യും, അങ്ങനെ എനിക്ക് നിങ്ങളെ വളരെയധികം സമയം ഇരുത്തേണ്ടിവരില്ല.

49 ഡോ. ലീ വെയിൽ ഇന്നു രാവിലെയുണ്ടോ? ഞാൻ ഡോ. ലീ വെയിലിനോടു ചോദിക്കാൻ ആഗ്രഹിക്കുന്നത്... സഹോദരൻ വെയിൽ, താങ്കൾ ഇവിടെയുണ്ടോ? താങ്കൾ ഇവിടെയുണ്ടെങ്കിൽ, കൈ ഉയർത്തിയാലും. അദ്ദേഹം പുറകിലുണ്ടോ? ശരി, നന്ദി, സഹോദരൻ റോയ്. സഹോദരൻ വെയിൽ, ആ കുറിമാനങ്ങളെ നിങ്ങൾ കൃത്യമായും പരിശോധിച്ചിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ആ തിരക്കിൽ പുറകിൽ എവിടെയെങ്കിലുമാണോ അഥവാ ഹാളിലോ എനിക്ക് കാണാൻ കഴിയുന്നില്ല. വളരെയേറെപ്പേരെ നമുക്ക് നിർത്തിയിരിക്കാൻ കഴിയില്ല, ഫയർ മാർഷൽ അതു ചെയ്യാൻ അനുവദിക്കില്ല, നിങ്ങൾക്കതറിയാം, അവിടെയാണ് നാം. അദ്ദേഹം എഴുതിക്കൊണ്ടിരിക്കുന്ന ഒന്നാം സഭാകാലമായ എഫെസ്യ കാലത്തിൽ എഴുതിക്കയറ്റേണ്ട,

സർപ്പത്തിന്റെ സന്തതിയെക്കുറിച്ചുള്ള എന്റെ വെളിപ്പാടിനെ താങ്കൾ നോക്കാൻ ഞാൻ ആഗ്രഹിക്കുന്നു, എഴുത്തിനെ കൃത്യമായി വ്യാകരണപ്പെടുത്തുകയാണ്. വളരെ മനോഹരമായി ചെയ്തിരിക്കുന്നു! താങ്കൾ അത് പരിശോധിച്ചിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു ഇപ്പോൾ, സർപ്പത്തിന്റെ സന്തതിയ്ക്കു വിരുദ്ധമായി ആർ എന്തും പറഞ്ഞു കൊള്ളട്ടെ (അത് ശരിയായിരുന്നാലും, അതല്ല അല്ലായിരുന്നാലും)! അങ്ങനെയാണ് കർത്താവ് ഇന്നലെ എനിക്ക് നൽകിയത്, കാണുക. ഓ, അത് അഗോചരമായിരിക്കുന്നു! എനിക്ക് എങ്ങനെയാണ് ഒരു സന്ദേശം കിട്ടുന്നതെന്നാൽ, ഞാൻ പോയ്ക്കൊണ്ടിരിക്കുമ്പോൾ, എന്തോ എന്നെ വന്നിടിക്കുന്നു. അതുകഴിഞ്ഞ്...അത് ദൈവത്തിൽ നിന്നാണ് എന്ന് എനിക്ക് അറിയാനിടയായാൽ, ഞാൻ അതിനെ തിരുവചനത്തിൽ നിന്നും എടുത്ത് കണ്ടുപിടിക്കുന്നു. പിന്നെ എനിക്ക് കിട്ടിയിട്ട്...അതൊരിക്കലും തോൽവിയടയില്ല, എന്നാൽ, ഉല്പത്തി മുതൽ വെളിപ്പാടു വരെ, ശരിയായി പോകുന്നു, അതിനെക്കുറിച്ച് ജനങ്ങൾ എന്തു ചിന്തിക്കുന്നു എന്നും കാര്യമില്ല. അത് ആ ഏഴു മുദ്രകൾക്കു ശേഷമായപ്പോൾ അത് എപ്പോഴുമുണ്ടായിരുന്നതിനെക്കാളും അധികമായിരിക്കുന്നു. നോക്കു, അത് ആ സമയത്ത് ചെയ്തു. അതുകൊണ്ട് ഇപ്പോൾ നമ്മുടെ പഠനസമയത്ത് കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇപ്പോൾ വചനത്തെ ബഹുമാനിക്കാനായി...

50 എൻജിനീയറോ, അത് ആര് ഓൺ ചെയ്തതായാലും ശരി, ഹാളിലെ ശബ്ദം ശരിയായി കേൾക്കാൻ കഴിയുന്ന വിധത്തിലെ ക്രമീകരണത്തിൽ നിന്നും ശബ്ദം തിരികെ വരുന്നു, എന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ നിങ്ങൾ പുറകിലുള്ളവർക്കു കേൾക്കുന്നുണ്ടോ? നിങ്ങൾക്ക് കഴിയുന്നുണ്ടെങ്കിൽ കൈ ഉയർത്തിക്കാട്ടിലായും. നല്ലത്!

51 ഇപ്പോൾ നമുക്ക് ബൈബിളിലേയ്ക്ക് തിരിക്കാം, തിരുവചനങ്ങളിലെ രണ്ടു സ്ഥലങ്ങളിൽ നിന്നും, കർത്താവ് അവനുവദിക്കുന്നെങ്കിൽ, ഞാൻ ഒരു സന്ദേശത്തെ പറഞ്ഞ് സമയത്തിനുള്ളിൽ തന്നെ അവസാനിപ്പിക്കുന്നതാണ്. ഇപ്പോൾ നമുക്ക് മർക്കൊസ്, 5-ആം അദ്ധ്യായവും, ഒന്നു രാജാക്കന്മാർ, 10-ആം അദ്ധ്യായം; മർക്കൊസ്, 5-ആം അദ്ധ്യായം; ഒന്ന് രാജാക്കാന്മാർ, 10-ആം അദ്ധ്യായം.

52 ഇപ്പോൾ, എന്നാൽ ഞങ്ങളുടെ പടിവാതിലിന്റെ ഉള്ളിലുള്ള അപരിചിതരോടു, ഇത്, ഞങ്ങളുടെ സൺഡേസ്കൂളിനെ ഞങ്ങൾ ഒരു വലിയ ക്ലാസാക്കി വെച്ചിരിക്കുന്നതാണ്. അതായത് ഇവിടെയുള്ള ഈ ക്ലാസിൽ, കാരണം മുറികളെല്ലാം ജനങ്ങളാൽ നിറഞ്ഞിരുന്നതിനാൽ ഞങ്ങൾക്ക് സാധാരണയുള്ള വ്യത്യസ്ത തരമായ ക്ലാസുകൾ

എടുക്കാൻ കഴിഞ്ഞില്ല, ഞങ്ങൾ വചനത്തിൽ നിന്നും ഒരല്പം പഠിക്കുന്നു, തമ്മിൽ കൂട്ടായ്മ ആചരിച്ചു കൊൾക. ഞങ്ങൾക്കില്ല...ഞങ്ങൾ ഒരു വിഭാഗീയ സഭയുമല്ല. ഞങ്ങൾക്ക് ഒരു വിഭാഗീയ സഭയും ഇല്ല. ഞങ്ങൾ കർത്താവിൽ സ്വതന്ത്രരും, ഞങ്ങൾ മതഭ്രാന്തരുടെ ഒരു കൂട്ടം ആയിത്തീരണം എന്നു അർത്ഥമാക്കുന്നതുമില്ല. ഞങ്ങൾ ബൈബിൾ മാത്രം പഠിപ്പിക്കുന്നു, അതു മാത്രം. കർത്താവ് ഞങ്ങളോടു, നല്ലവനായിരുന്നു, ഇപ്പോഴും അവൻ അതിനെ പിന്താങ്ങുകയും അത് സത്യമാണെന്നു കാണിക്കുകയും ചെയ്യുന്നു. അത് ഞങ്ങൾക്ക് മഹത്തായ സാന്ത്വനം നൽകുന്നു.

53 ഇപ്പോൾ നിങ്ങൾ—നിങ്ങളെ ഏതു സമയത്തും ഞങ്ങളുടെ ഇടയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. ഇപ്പോൾ, ഞാൻ എല്ലാ സമയത്തും ഇവിടെ ഉണ്ടാകാറില്ല, എന്നാൽ ഇവിടെ ഞങ്ങളുടെ പക്കൽ ചില നല്ല പാസ്റ്റർമാരുണ്ട്; സഹോദരൻ നേവിൽ, ഞങ്ങളുടെ പാസ്റ്റർമാരിൽ ഒരാളാണ്; സഹോദരൻ ക്യാപ്സ്, ഞങ്ങളുടെ പാസ്റ്റർമാരിൽ മറ്റൊരാളാണ്; പിന്നെ സഹോദരൻ, സഹോദരൻ കോളിൻസ്, വില്ലാർഡ് കോളിൻസ്, ഞങ്ങളുടെ പാസ്റ്റർമാരിൽ മറ്റൊരാൾ. അതുമല്ല ഞങ്ങളുമായി സഹകരിക്കുന്ന, ഞങ്ങളുടെ ചെറിയ സഭകൾ വ്യത്യസ്ത ഇടങ്ങളിലും ഉണ്ട്. നിങ്ങൾ ടെക്സാസിനു ചുറ്റുമുള്ളവരാണെങ്കിൽ, സഹോദരൻ മാർട്ടിൻ ഇവിടെയുണ്ട്, സഹോദരൻ...ഇവിടെ നിങ്ങളോടൊപ്പം പുറത്തു വന്ന ആ മറ്റേ സഹോദരൻ ആരാണ്? ഇന്നു രാവിലെ നേരം എനിക്ക് സഹോദരൻ ബ്ലേയറിനെ കാണാൻ കഴിഞ്ഞില്ല. ഓ, സഹോദരൻ ബ്ലേയർ, ഞാൻ നിങ്ങളെ കണ്ടില്ല, സഹോദരൻ ബ്ലേയർ. സഹോദരൻ റൂഡ്സ്സെൽ, നേരെ ഇവിടെ പുറകിലുണ്ട്, 62- ലുള്ള സഭകളിൽ ഒന്നാണ്, ഇവിടെയുള്ള സഹോദരി സഭകളിൽ ഒന്നാണ്. സഹോദരൻ ജൂനിയർ ജാക്സൺ, ഇവിടെത്തന്നെ സഹോദരൻ ബ്ലേയറിനോടൊപ്പം ഇരിക്കുന്നു, ഞാൻ അവനെ ഇപ്പോൾ കാണുന്നു, നമ്മുടെ മറ്റൊരു സഹോദരി സഭയാണ്. എല്ലായിടത്തു നിന്നും, രാജ്യമെമ്പാടുമായി നമുക്ക് സഭകളുണ്ട്.

54 സഹോദരൻ ജാക്ക് പാമർ, അവൻ വന്നുകൊണ്ടിരിക്കുമ്പോൾ, അവന്റെ മകന്റെ പുതിയ കാറിലായിരുന്നു, അവർ അല്പം അധികം വേഗത്തിലാക്കി എന്നു ഞാൻ കരുതുന്നു, ആ വിധത്തിലായിട്ട്, വേഗ പരിധി അല്പം കടന്നുപോയിട്ട്, ഒരു അപകടത്തിൽ പെട്ടു. അവന്റെ താടിയെല്ലിന് പരുക്കേറ്റു, അവന് വരാനാകാതെ, അവൻ വീട്ടിലേയ്ക്കു തിരികെ പോയി. അവന് കുഴപ്പമൊന്നും ഇല്ലാതിരിക്കുന്നു. നമുക്കിവിടെ...ഇവിടെ സഹോദരൻ ബേൻ ഉണ്ട്, ഇവിടെ കെൻഡുക്കിയിൽ നിന്നുമുള്ള നമ്മുടെ മറ്റൊരു സഹോദരനാണ്,

അവൻ ഇന്നു രാവിലെ നേരം അവർക്ക് കാശിന്റേയോ മറ്റോ ആവശ്യമുണ്ടോ അഥവാ സഭയായി അവന് എന്തിന്റെയെങ്കിലും ആവശ്യമുണ്ടോ എന്നു അവനെ വിളിച്ചു തിരക്കിയിരുന്നു, അവൻ എല്ലാം നന്നായിരിക്കുന്നു എന്നു പറഞ്ഞു. അവൻ ഒരു വളവ് വളരെ വേഗതയിൽ തിരിക്കുകയായിരുന്നു, ചരലിൽ ചെന്നുകയറിയതിനാൽ, അവന്റെ താടിയെല്ലോ മറ്റോ പോയിടിച്ചു. അവർ അവിടെ നിന്നുതന്നെ വിളിച്ചു, അവൻ തന്റെ കാറിനെ പോസ്റ്റിലേയ്ക്കോ മറ്റോ തിരിക്കുമ്പോൾ, പ്രാർത്ഥിക്കാനായി വിളിച്ചിരുന്നു.

55 സഹോദരൻ ബില്ലി കോളിൻസിനും, അവന്റെ തള്ളവിരൽ വളരെ മോശമായി ചതഞ്ഞിട്ട്, അതിനകത്തു തന്നെ എല്ലു പൊട്ടി, അവർ അതിനെ ശരിയാക്കി എന്നു, ഞാൻ കേട്ടു, നാം അതറിയുന്നു. അതുകൊണ്ട് നമ്മൾ പ്രാർത്ഥനയിൽ അവനെ ഓർക്കാൻ ആഗ്രഹിക്കുന്നു.

56 ഇപ്പോൾ നാം എഴുന്നേറ്റു നിൽക്കുന്നതിന്റെ കാരണം. നമ്മുടെ പ്രതിജ്ഞ ഏറ്റുചൊല്ലുമ്പോൾ, കൊടി പാറിക്കുമ്പോൾ, അഥവാ മറ്റെന്തെങ്കിലുമാകാം, നാം എല്ലാ നേരവും അനങ്ങാതെ നിൽക്കുകയോ, അഥവാ സല്യൂട്ട് ചെയ്യുകയോ അതുമല്ലെങ്കിൽ, നമ്മുടെ രാജ്യത്തെ ബഹുമാനിക്കുന്നു എന്ന സൂചകമായി, ഏറ്റവും കുറഞ്ഞത്, അത് നാം ചെയ്യാറുള്ളത്, നമ്മുടെ കൊടിയ്ക്കാണ്. പിന്നെ, നാം അവന്റെ വചനം വായിക്കുമ്പോൾ, നമ്മുടെ കർത്താവിനെപ്പറ്റി എന്താണ്? വിശുദ്ധ മർക്കൊസ് 5-ന്റെ 21-മത്തെ വാക്യം മുതൽ വായിക്കുമ്പോൾ നമുക്ക് എഴുന്നേറ്റു നിൽക്കാം. ഇപ്പോൾ നാം വായിക്കുമ്പോൾ വളരെ നന്നായി ശ്രദ്ധിക്കുക.

> *യേശു വീണ്ടും പടകുകയറി ഇക്കരെ കടന്നു കടലരികെ ഇരിക്കുമ്പോൾ വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നുകൂടി.*
>
> *പള്ളിപ്രമാണികളിൽ യായിറോസ് എന്നു പേരുള്ള ഒരുത്തൻ വന്നു, അവനെ കണ്ടു കാല്ക്കൽ വീണു;*
>
> *എന്റെ കുഞ്ഞുമകൾ അത്യാസനത്തിൽ ഇരിക്കുന്നു; അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടതിന്നു നീ വന്നു അവളുടെ മേൽ കൈവെക്കേണമേ എന്നു വളരെ അപേക്ഷിച്ചു.*
>
> *...അവൻ അവനോടു കൂടെ പോയി, വലിയ പുരുഷാരവും പിൻചെന്നു അവനെ തിക്കികൊണ്ടിരുന്നു.*
>
> *പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രവമുള്ളവളായി,*

*പല വൈദ്യന്മാരാലും ഏറിയൊന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദംവരാതെ ഏറ്റവും പരവശയായി*

*തീർന്നിരുന്ന ഒരു സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ടു:*

*അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും എന്നു പറഞ്ഞു പുരുഷാരത്തിൽകൂടി പുറകിൽവന്നു അവന്റെ വസ്ത്രം തൊട്ടു.*

*ക്ഷണത്തിൽ അവളുടെ രക്തസ്രവം നിന്നു; ബാധമാറി താൻ സ്വസ്ഥയായി എന്നു അവൾ ശരീരത്തിൽ അറിഞ്ഞു.*

*ഉടനെ യേശു തങ്കൽനിന്നും ശക്തി പുറപ്പെട്ടു എന്നു ഉള്ളിൽ അറിഞ്ഞിട്ടു പുരുഷാരത്തിൽ തിരിഞ്ഞു; എന്റെ വസ്ത്രം തൊട്ടതു ആർ എന്നു ചോദിച്ചു.*

*ശിഷ്യന്മാർ അവനോടു പുരുഷാരം നിന്നെ തിക്കുന്നതും കണ്ടിട്ടും എന്നെ തൊട്ടതു ആർ എന്നു ചോദിക്കുന്നുവോ എന്നു പറഞ്ഞു.*

*അവനോ അതു ചെയ്തവളെ കാണ്മാൻ ചുറ്റും നോക്കി.*

*സ്ത്രീ തനിക്കു സംഭവിച്ചതു അറിഞ്ഞിട്ടു ഭയപ്പെട്ടും വിറെച്ചുകൊണ്ടു വന്നു അവന്റെ മുമ്പിൽ വീണു വസ്തുത ഒക്കെയും അവനോടു പറഞ്ഞു.*

*അവൻ അവളോടു: മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥമായിരിക്ക എന്നു പറഞ്ഞു.*

*ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നേ പള്ളിപ്രമാണിയുടെ വീട്ടിൽനിന്നു ആൾ വന്നു: നിന്റെ മകൾ മരിച്ചു പോയി; ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നതു എന്തിന്നു എന്നു പറഞ്ഞു.*

*യേശു ആ വാക്കു കാര്യമാക്കാതെ പള്ളിപ്രമാണിയോടു: ഭയപ്പെടേണ്ടാ, വിശ്വസിക്കമാത്രം ചെയ്ക എന്നു പറഞ്ഞു.*

*പത്രൊസും യാക്കോബും യാക്കോബിന്റെ സഹോദരനായ യോഹന്നാനും അല്ലാതെ മറ്റാരും തന്നോടുകൂടെ ചെല്ലുവാൻ സമ്മതിച്ചില്ല.*

*പള്ളിപ്രമാണിയുടെ വീട്ടിൽ വന്നാറെ ആരവാരത്തെയും വളരെ കരഞ്ഞുവിലപിക്കുന്നവരെയും കണ്ടു;*

*അകത്തു കടന്നു: നിങ്ങളുടെ ആരാവാരവും കരച്ചിലും എന്തിന്നു? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രേ എന്നു അവരോടു പറഞ്ഞു; അവരോ അവനെ പരിഹസിച്ചു.*

*അവൻ എല്ലാവരെയും പുറത്താക്കി കുട്ടിയുടെ അപ്പനെയും അമ്മയെയും തന്നോടുകൂടെയുള്ളവരെയും കൂട്ടിക്കൊണ്ടു കുട്ടി കിടക്കുന്ന ഇടത്തുചെന്നു*

അവൻ ആ കുട്ടിയോടു പറഞ്ഞു...അവൻ...(എന്നോടു ക്ഷമിക്കണം) *കുട്ടിയുടെ കൈക്കു പിടിച്ചു; ബാലേ, എഴുന്നേൽക്ക എന്നു നിന്നോടു കല്പിക്കുന്നു എന്ന അർത്ഥത്തോടെ തലീഥാ കൂമി എന്നു അവളോടു പറഞ്ഞു.*

*ബാല ഉടനെ എഴുന്നേറ്റു നടന്നു; അവൾക്കു പന്ത്രണ്ടു വയസ്സായിരുന്നു; അവർ അത്യന്തം വിസ്മയിച്ചു.*

*ഇതു ആരും അറിയരുതു എന്നു അവൻ അവരോടു ഏറിയൊന്നും കല്പിച്ചു; അവൾക്കു ഭക്ഷിപ്പാൻ കൊടുക്കണം എന്നു പറഞ്ഞു.*

57 ഒന്നു രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നും, 10-ആം അദ്ധ്യായം, നാം ഈ മൂന്നു വാക്യങ്ങൾ വായിക്കുന്നു.

*ശേബാരാജ്ഞി യഹോവയുടെ നാമം സംബന്ധിച്ചു ശലോമോന്നുള്ള കീർത്തി കേട്ടിട്ടു കടമൊഴികളാൽ അവനെ പരീക്ഷിക്കേണ്ടതിന്നു വന്നു.*

*അവൾ അതിമഹത്തായ പരിവാരത്തോടും സുഗന്ധവർഗ്ഗവും അനവധി പൊന്നും രത്നവും ചുമന്ന ഒട്ടകങ്ങളോടും കൂടെ യെരൂശലേമിൽ വന്നു; അവൾ ശലോമോന്റെ അടുക്കൽ വന്നശേഷം തന്റെ മനോരഥമൊക്കെയും അവനോടു പ്രസ്താവിച്ചു.*

*അവളുടെ സകല ചോദ്യങ്ങൾക്കും ശലോമോൻ സമാധാനം പറഞ്ഞു. സമാധാനം പറവാൻ കഴിയാത്ത ഒന്നും രാജാവിന്നു മറപൊരുളായിരുന്നില്ല.*

58 നമുക്ക് പ്രാർത്ഥിക്കാം.

കർത്താവായ യേശുവെ, ഞങ്ങൾ ബൈബിളിലെ ഈ കഥകളെ വായിക്കുമ്പോൾ, ഞങ്ങളുടെ ഹൃദയങ്ങൾ സന്തോഷത്താൽ തുള്ളുന്നു. കാരണം അങ്ങ് ദൈവമാണെന്നും, നീ ഒരിക്കലും മാറ്റമില്ലാത്തവൻ എന്നും ഞങ്ങളറിയുന്നു. നിന്റെ ക്രമീകരണത്തെ നീ ഒരിക്കലും മാറ്റുന്നില്ല, നിന്റെ രീതികളെ നീ മാറ്റപ്പെടുത്തുന്നില്ല, നീ എന്നേയ്ക്കും ദൈവമായി തന്നെ തുടരുന്നു. അതിനാൽ ഇന്നു രാവിലെ സമയം,

ദൈവമേ, ഈ തിരുവെഴുത്തുകളെ നീ ഞങ്ങളെ അറിയാനിടയാക്കി, നീ തന്നെ അതിന്റെ വ്യാഖ്യാനം കൊണ്ടുവരണമെന്നു, ഞങ്ങൾ പ്രാർത്ഥിക്കുന്നു, അത് ഞങ്ങളുടെ ഹൃദയങ്ങളെ വിവേചിച്ച്, ആ മഹാൻ പരിശുദ്ധാത്മാവ് ഇന്നു ഞങ്ങളുടെ ഇടയിലേയ്ക്ക് വന്ന് ഞങ്ങളുടെ ഹൃദയത്തിന്റെ ആലോചനകളെ വിവേചിക്കാൻ ഇടയാക്കേണമെ. അവിടെ യാതൊന്നും അവശേഷിക്കാൻ ഇടവരുതെ, അത് ഞങ്ങളുടെ ഹൃദയത്തെ...ഞങ്ങൾ ഇവിടം വിട്ടുപോകുമ്പോൾ, മുഴു സന്തോഷത്താൽ നിറഞ്ഞ്, എമ്മവൂസിൽ നിന്നും അന്നു രാത്രി വന്നവർ പറഞ്ഞതുപോലെ, "അവൻ വഴിയിൽവെച്ചു നമ്മോടു സംസാരിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" അവിടുന്നു എന്നേയ്ക്കും ദൈവമായി തുടരുന്നു, ഞങ്ങൾ അങ്ങയുടെ വിശപ്പുള്ള കുഞ്ഞുങ്ങളായി ഇന്നു രാവിലെ സമയം കൂടിവന്നിരിക്കുന്നു. എന്തെന്നാൽ ഇപ്രകാരം എഴുതിയിരിക്കുന്നു, "മനുഷ്യൻ ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു." ഞങ്ങളുടെ കൂടിവരവിൽ ഒരുമിച്ചു കൂടിയിരിക്കുന്ന ഈ എല്ലാ ജനങ്ങളെയും അനുഗ്രഹിക്കേണം, കർത്താവെ, ചിലർ നൂറും പിന്നെ, അതെ, ആയിരം മൈലുകൾക്ക് അപ്പുറത്തു നിന്നും വന്നിരിക്കുന്നു. അവർ വീട്ടിലേയ്ക്ക് പോകുമ്പോൾ, ദൈവത്തിന്റെ കൃപയാലും നല്ലദാനങ്ങളുടെ നന്മകളാലും അവരുടെ ഹൃദയങ്ങൾ തൃപ്തിയടയാൻ ഇടവരട്ടെ, എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾ ഇതു യേശുവിൻ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

59 വളരെ വിചിത്രമായ ചെറിയ ഒരു വിഷയം, വായിച്ച ഈ മുഴുവനിൽ നിന്നും, ഞാൻ മൂന്നു വാക്കുകൾ സംസാരിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പറഞ്ഞേയ്ക്കാം, "ബൈബിളിലെ രണ്ടു അദ്ധ്യായങ്ങളിലുള്ള ചില ഭാഗങ്ങൾ വായിച്ച ശേഷം, നിങ്ങൾ വായിച്ച എല്ലാത്തിലും നിന്നും, മൂന്നു വാക്കുകൾ, അതൊരു ചെറിയ കാര്യം." എന്നാൽ, അതിന്റെ ഒരു പശ്ചാത്തലത്തിനായി ഞാൻ—ഞാൻ ഈ ചെറിയ മൂന്നു വാക്കുകളെ എടുക്കുന്നു: *അവന്റെ വചനം തെളിയിക്കുന്നു*.

60 ബൈബിളിലെ, ഒന്ന് തെസ്സലൊനീക്യ 5:21-ൽ, ഇങ്ങനെ ഒരു തിരുവചനമുള്ളത് നിങ്ങൾക്കറിയാമല്ലോ, അവിടെ അത് ഇങ്ങനെ എഴുതിയിരിക്കുന്നു, "സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ." എന്തെങ്കിലും തെളിയിക്കപ്പെടുമ്പോൾ, അത് ഒന്നുകിൽ "ശരി," എന്നോ അഥവാ "തെറ്റ്," എന്നോ തെളിയും. എന്തെങ്കിലും ചോദ്യം ചെയ്യപ്പെടുമ്പോൾ, അതിന്റെ സത്യം എന്താണെന്നു നിങ്ങൾ കാണുന്നതുവരെ അത് തെളിയിക്കപ്പെടേണ്ടതുണ്ട്. അതിനുശേഷം ശരി എന്താണെന്നു നിങ്ങൾ കണ്ടു കഴിയുമ്പോൾ, അതു പറയുന്നു, "മുറുകെ പിടിച്ചുകൊൾക." മറ്റു വാക്കുകളിൽ,

"അതിനെ മുറുക്കിപ്പിടിച്ചുകൊൾക, അതിനെ വിട്ടുകളയരുത്. അതിനെ മുറുകെ പിടിച്ചു കൊൾക!" മറ്റു വാക്കുകളിൽ, "അതിനെ ബലമായി പിടിക്കുക, അതിനാൽ അത് വഴുതി പോകില്ല." അത് "ശരി," എന്നു തെളിഞ്ഞു കഴിഞ്ഞാൽ, ശരിയായതിനെ മുറുകെ പിടിച്ചുകൊൾക. "ശരിയല്ല," എന്നു തെളിയിക്കപ്പെട്ട എന്തിനെയും, നിങ്ങൾക്ക് എത്ര വേഗത്തിൽ അതിനെ വിട്ടുകളയാൻ കഴിയുമോ, അത്രയും വേഗത്തിൽ അതിൽ നിന്നും ദൂരമാകുക. തെറ്റായ കാര്യത്തിൽ ഒരിക്കലും പിടിച്ചുകൊണ്ടിരിക്കരുത്.

61 ഇപ്പോൾ, നല്ല ക്രിസ്ത്യാനികൾ, ദൃഢതയുള്ള ക്രിസ്ത്യാനികൾ, ചില നേരങ്ങളിൽ പിടിച്ചിരിക്കുന്നു, അത് ശരിയാണെന്നു നിരൂപിച്ചുകൊണ്ട്, തെറ്റായ കാര്യങ്ങൾ പിടിച്ചുകൊണ്ടിരിക്കാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ പിന്നീട് ഈ കാര്യങ്ങൾ, അവ "ശരിയോ," അഥവാ "തെറ്റോ," എന്നു തെളിക്കപ്പെട്ടശേഷം. യേശു വരുമ്പോൾ നാം എല്ലാവരും സ്വർഗ്ഗത്തിലേയ്ക്ക് പോകും എന്നു പ്രതീക്ഷിക്കുന്നതുപോലെ, അതു നമ്മുടെ എല്ലാവരുടെയും കർത്തവ്യമാണ്. അതു ധർമ്മോപദേശികളുടെ കർത്തവ്യമാണ്, എന്തെങ്കിലും ഒരു ചോദ്യം ഉയർന്നു വരുമ്പോൾ, അത് അവൻ ഇങ്ങനെ പരിഹരിക്കുന്നു, പിന്നെ അതുകഴിയുമ്പോൾ ജനങ്ങളുടെ മുന്നിൽ, അവർ മനസ്സിലാക്കേണ്ടതിനായി, അത് തെളിയിക്കുന്നു, എന്തുകൊണ്ടെന്നാൽ തെറ്റായ കാര്യത്തെ "തെറ്റ്," എന്നു കണ്ടുപിടിച്ചശേഷം, ആരും അതിൽ പിടിച്ചുകൊണ്ടിരിക്കാൻ ആഗ്രഹിക്കുന്നില്ല.

62 അങ്ങനെ നമുക്കൊരു വചനമുണ്ട്, (യേശുവും ഇങ്ങനെ പറഞ്ഞിരിക്കുന്നു, "സകല വചനവും നിവൃത്തിയാകണം") അത് നാം എല്ലാവരും തെളിയിക്കണം. അതിനുശേഷം, "മുറുകെ പിടിക്കുക," അഥവാ, "മുറുക്കി പിടിക്കുക, അതിന്മേൽ ഒരു മരണ-പിടിത്തം പിടിക്കുക. അതിനെ വിട്ടുകളയരുത്, നല്ലതിനെ മുറുകെ പിടിക്കുക."

63 ഞാൻ ഒരു കാര്യം പള്ളിക്കൂടത്തിൽ, പഠിച്ചിരുന്നത് ഓർക്കുന്നു, നിങ്ങളിൽ അനേകരും അതേ പാഠം തന്നെ പഠിച്ചിട്ടുണ്ടാകും. നിങ്ങൾ ഒരു കണക്കിന്റെ ഉത്തരം കണ്ടുപിടിച്ചു കഴിഞ്ഞാൽ, അതിനെ വരിയെഴുതി ചെയ്തു, നിങ്ങൾക്ക് അതിന്റെ ഉത്തരമെടുത്തു ആ കണക്കിനെ തെളിയിക്കാൻ കഴിയും. എത്രപേർ അങ്ങനെ എപ്പോഴെങ്കിലും ചെയ്തിട്ടുണ്ട്? നിങ്ങളിൽ എല്ലാവരും, തീർച്ചയായും. പിന്നെ—അതിനുശേഷം നിങ്ങളുടെ ഉത്തരം ശരിയാണോ അല്ലയോ എന്നു നിങ്ങൾക്ക് വിഷമിക്കേണ്ട കാര്യമില്ല, കണക്കിന്റെ ഉത്തരം കണക്കിനാൽ തന്നെ തെളിയിച്ചിരിക്കുന്നു. ആയതിനാൽ, നിങ്ങൾക്ക്

ശരിയായ ഉത്തരമാണ് ലഭിച്ചത് എന്നു നിങ്ങളറിയുന്നു. നിങ്ങളുടെ എല്ലാവരുടെയും നിങ്ങളുടെ സ്ലേറ്റിലോ അഥവാ പേപ്പറിലോ തെളിയിക്കപ്പെട്ടു കഴിഞ്ഞാൽ, കണക്കിനെ തെളിയിക്കുന്നത്... ഉത്തരത്താൽ കണക്കിനെ തെളിയിച്ചിരിക്കുന്നു, എങ്കിൽ നിങ്ങൾക്ക് അത് കിട്ടി. നിങ്ങൾക്ക് കിട്ടിയത്...അത് തെറ്റാണെന്നു ആർക്കും പറായനാകില്ല. നിങ്ങളുടെ ജോലിയെ, അത് ഏതു വിധത്തിലാണോ ചെയ്യേണ്ടത്, നിങ്ങൾ വൃത്തിയായും ശരിയായും ചെയ്തിരിക്കുന്നെങ്കിൽ, മാത്രമല്ല നിങ്ങളുടെ ഉത്തരത്തെ തെളിയിച്ചുമിരിക്കുന്നു, അതിന്മേൽ, നിങ്ങൾ തിരിച്ച ആ പേപ്പറിന്റെ ഷീറ്റിന്മേൽ, നിങ്ങൾക്ക് ഒരു എ കിട്ടാൻ പോകുന്നു എന്നറിഞ്ഞുകൊണ്ട് പുറകിൽ വളരെ തീർച്ചയോടും കൂടി ഇരിക്കാവുന്നതാണ്, എന്തെന്നാൽ അത് തെളിയിച്ചിരിക്കുന്നു, ഉത്തരത്തിനാൽ അത് തെളിയിച്ചിരിക്കുന്നു.

64 ഇപ്പോൾ, ഒരു പഴയ ഉപമയുണ്ട്, അത് പറയുന്നത്, "അത് തെളിയിക്കു, ഞാൻ അതു വിശ്വസിക്കും." ഇപ്പോൾ, നമ്മുടെ സംസ്ഥാനങ്ങളിൽ ഒന്നിലുള്ളവർ അതെടുക്കുന്നു, രാജ്യത്തിലുള്ള ഒരു സംസ്ഥാനത്തിൽ, അവർക്ക് ഒരു മുദ്രാവക്യമുണ്ട്, "ഞാൻ മിസ്സോറിയൽ നിന്നുമാണ്, എന്നെ കാണിക്കു." നോക്കു, മറ്റു വാക്കിൽ പറഞ്ഞാൽ, "ഞാൻ മിസ്സോറിയിൽ നിന്നുമാണ്, എന്ന് എന്നോടു തെളിയിച്ചു കാണിക്കു." എന്നാൽ ഇത് എപ്പോഴും പ്രവർത്തിക്കില്ല, എന്തുകൊണ്ടെന്നാൽ ദൈവം, ഓരോ കാലത്തിലും, അവന്റെ വചനത്തിൽ അരുളി ചെയ്തിരുന്നതിനെ, ആ കാലത്തിലേയ്ക്ക് പറയപ്പെട്ടിരുന്നതിനെ പൂർത്തീകരിച്ച് ആ പ്രവർത്തി തെളിയിച്ചു കാണിക്കുന്നു. ആ കാലത്തിലുള്ള ദൈവത്തിന്റെ വചനം തെളിയിക്കപ്പെടുന്ന ഓരോ സമയത്തും, അതിനെ ഭൂരിപക്ഷവും നിരസിച്ചു കളയുന്നു. അതുകൊണ്ട്, "അതിനെ തെളിയിക്കു, എന്നാൽ ഞാൻ അതു വിശ്വസിക്കും," അതങ്ങനെ അല്ല. ദൈവം നിങ്ങൾക്കു വിശ്വാസം തന്നിരിക്കുന്നു നിങ്ങൾക്കു വിശ്വസിക്കാൻ മാത്രമേ സാധിക്കു. വിശ്വാസം ദൈവത്തിന്റെ ഒരു ദാനമാണ്. നിങ്ങൾ എങ്ങനെ തന്നെ മതഭക്തിയുള്ളവരായാലും, അപ്പോഴും അതിനെ സ്വീകരിക്കാനായി...നിങ്ങൾക്കു വിശ്വാസം ഉണ്ടായിരിക്കണം. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, നിങ്ങളുടെ വിശ്വാസത്തിന്, ദൈവത്തിന്റെ തെളിയിക്കപ്പെട്ട വചനത്തിന്മേലേ, വിശ്രമിക്കാൻ കഴിയൂ.

65 ഇപ്പോൾ, ഓർക്കു, ദൈവം തന്റെ വചനത്തെ ഓരോ കാലത്തേയ്ക്കും പകുത്തു കൊടുത്തിരിക്കുകയും, അവൻ സംസാരിച്ചിരുന്ന ആ പ്രത്യേക കാലത്തിൽ എന്താണ് സംഭവിക്കേണ്ടതെന്ന് അവൻ മുൻകൂട്ടിപ്പറയുകയും ചെയ്യുന്നു. ഇപ്പോൾ, നോഹയുടെ സന്ദേശവുമായി

മോശെ വന്നിരുന്നെങ്കിൽ, അത് പ്രാവർത്തികം ആകില്ലായിരുന്നു. മോശെയുടെ സന്ദേശവുമായിട്ടാണ് യേശു വന്നതെങ്കിൽ, അത് പ്രവർത്തിക്കില്ലായിരുന്നു. അതുമല്ല ഒരു പ്രവാചകൻ മറ്റൊരു പ്രവാചകന്റെ സന്ദേശവുമായിട്ടാണ് വരുന്നതെങ്കിൽ, അത് പ്രാവർത്തികമാകില്ല. എന്നാൽ അവന്റെ പ്രവാചകന്മാരിലൂടെ, അവന്റെ പദ്ധതിയെയും, അവന്റെ സ്വയം സമ്പൂർണ്ണതയേയും അവൻ വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ബൈബിളിൽ ഒരു വാക്ക് കൂട്ടിച്ചേർക്കാനോ അതിൽ നിന്ന് ഒരു വാക്ക് എടുത്തു മാറ്റാനോ കഴിയുന്നതല്ല.

66 അങ്ങനെ നിങ്ങളുടെ കണക്കിനെ നിങ്ങൾ...നിങ്ങളുടെ ഉത്തരത്തിനാൽ കണക്കിനെ തെളിയിച്ചാൽ, ഈ കാലത്തിന്റെ വചനത്താൽ അത് കിട്ടുമ്പോൾ, പിന്നെ എന്തുകൊണ്ടാണ് ഉത്തരത്തെ തെളിയിക്കാത്തത്? ഇന്ന കാലത്തിൽ ഇതെല്ലാം സംഭവിക്കും എന്നു ബൈബിൾ പറയുമ്പോൾ, അത് ബൈബിളിലുണ്ട്, അത് സംഭവിക്കുകയും ചെയ്യും. എങ്കിൽ ജനങ്ങളോടു നിങ്ങൾ പറയാൻ ശ്രമിക്കുന്നതിന്റെ ഉത്തരം, അത് പുസ്തകത്താൽ തെളിയിച്ചിരിക്കുന്നെങ്കിൽ, പിന്നെ അത് സത്യവും ആണെങ്കിൽ, അത് സത്യം തന്നെ. അതല്ലെങ്കിൽ, അതല്ല.

67 ഇപ്പോൾ നാം മറ്റൊന്നിനെ നോക്കുന്നു, അവർ അതു പറയുന്നതു കേൾക്കുമ്പോൾ, "കാണുന്നതാണ് വിശ്വസിക്കുന്നത്," പിന്നെ നിങ്ങൾക്ക്, സംശയമുണ്ടാവില്ല. അത് ഇവിടെ നമുക്കുള്ള മറ്റൊരു പഴയ പഴഞ്ചൊല്ലാണ്, എന്നാൽ അതും പ്രാവർത്തികമല്ല. അത് പ്രവർത്തിക്കില്ല, എന്തുകൊണ്ടെന്നാൽ മനുഷ്യൻ ഇരുന്നുകൊണ്ട് എന്തിലേയ്ക്കെങ്കിലും നേരെ തന്നെ നോക്കും എന്നാൽ അവർ അതു കാണുകയുമില്ല. "കാണുക," എന്ന ഇംഗ്ലീഷ് വാക്കിന്, "കാണുക," എന്ന വാക്കിന് അനേക അർത്ഥങ്ങളുണ്ട്. *വ്യപ്തി*, എന്നാൽ "വെള്ളത്തിന്റെ കൂട്ടം." പിന്നെ *കാണുക* എന്നാൽ, "മനസ്സിലാക്കുക." *കാണുക* എന്നാൽ, "അതിലേയ്ക്ക് നോക്കുക." പിന്നെ, ഓ, അത്തരത്തിലെ അനേക വാക്കുകളെ നിങ്ങൾക്ക് കാണാൻ കഴിയുന്നു. എന്നാൽ നിങ്ങൾ "കാണുന്നതാണ് വിശ്വസിക്കുന്നത്," എന്നു പറയുമ്പോൾ, അവിടെയാണ് നിങ്ങൾ തെറ്റിപ്പോകുന്നത്.

68 നിങ്ങൾ അതു *മനസ്സിലാക്കുമ്പോൾ*, അതു നിങ്ങൾ വിശ്വസിക്കുന്നു. യേശു പറഞ്ഞു, "ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ, ദൈവരാജ്യം *കാണുകയില്ല*," മറ്റു വാക്കുകളിൽ, "രാജ്യത്തെ *മനസ്സിലാക്കുക*," എന്തുകൊണ്ടെന്നാൽ ആ രാജ്യം നിങ്ങളിലെ പരിശുദ്ധാത്മാവാകുന്നു. അങ്ങനെ നിങ്ങളിൽ ഇരിക്കുന്ന ഇത്

എന്താണ് എന്നു നിങ്ങൾ മനസ്സിലാക്കുന്നു. അത് നിങ്ങളിൽ എന്തു ചെയ്യുമെന്നു ബൈബിൾ പറഞ്ഞിരുന്നോ അതു നിങ്ങളുമായി എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നു താരതമ്യം ചെയ്യുക, എന്ന ഏക വഴിയിലാണ്, അത് നിങ്ങൾ മനസ്സിലാക്കുന്നത്. അപ്പോൾ നിങ്ങളുടെ കണക്കിന് ഉത്തരം ലഭിച്ചിരിക്കുന്നു, കാണുക. അതിനുശേഷം, പിന്നെ, അവനാണ് ആ പരിശുദ്ധാത്മാവ്.

69 അതുകൊണ്ട്, കാണുന്നത് വിശ്വസിക്കുന്നതല്ല. അത് എനിക്ക് ശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളാൽ തെളിയിക്കാനാകും, നോക്കു, ആ കാണുന്നത് വിശ്വസിക്കുന്നതല്ല. ഈ കുപ്പിയിലുള്ള എണ്ണ എനിക്ക് കാണാൻ കഴിയുന്നില്ല. അത് എനിക്ക് കാണാൻ കഴിയാത്തത്, അതെന്റെ പിന്നിൽ ആയതിനാലാണ്, എന്നിരിക്കിലും എനിക്കുണ്ടാകുന്ന അനുഭവത്തിന്റെ ഉണർവ് എന്നോടു പറയുന്നു അത് എന്റെ കൈകളിൽ എടുത്തിരിക്കുകയാണ്. കാണുന്നോ? ഇപ്പോൾ, എനിക്ക് അത് കാണാൻ കഴിയുന്നില്ല, അത് അസാദ്ധ്യമാണ്. ഇപ്പോൾ അതെടുക്കാൻ എനിക്ക് കഴിയില്ല, അത് അസാദ്ധ്യമാണ്, എന്നിരിക്കിലും ഞാൻ അതു വിശ്വസിക്കുന്നു. *ഇത്*, കാണുന്നതാണ് വിശ്വസിക്കുന്നത്; *ഇത്*, അനുഭവിക്കുന്നതാണ് വിശ്വസിക്കുന്നത്. ഇപ്പോൾ ഞാൻ എന്റെ കണ്ണുകളെ അടച്ചു, എനിക്കത് കാണാനോ അതനുഭവിക്കാനോ കഴിയുന്നില്ല, എന്നാൽ എനിക്കതിന്റെ അടുത്ത് എത്താനായി, അതിനെ മണപ്പിക്കാനായാൽ, അത് അപ്പോഴും അവിടെ തന്നെയാണ് എന്നു ഞാൻ വിശ്വസിക്കും. അതുകൊണ്ട്, കാണുന്നതോ, രുചിക്കുന്നതോ, അനുഭവിക്കുന്നതോ, മണക്കുന്നതോ അതല്ല കേൾക്കുന്നതോ അല്ല, "വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും, ആ തെളിവുമാണ്." നിങ്ങൾ അതു വിശ്വസിക്കുന്നു! വിശ്വാസത്തിന് ഒരു വിശ്രമ സ്ഥാനമുണ്ടായിരിക്കണം. ദൈവ വചനത്തിനു വിരുദ്ധമായ എന്തും, അത് ദൈവത്തിന്റെ വാഗ്ദാനം അല്ലെങ്കിൽ ദൈവത്തിലെ വിശ്വാസത്തിന് ഒരു വിശ്രമ സ്ഥലവും ഉണ്ടായിരിക്കില്ല. അവിടെ അത് അതിന്റെ നിത്യമായ നിലപാട് എടുക്കുന്നു.

70 എന്നാൽ ഇതിന്റെ എല്ലാ അന്ധ-...നടുവിലും സംശയിക്കുന്ന കാലങ്ങളും മറ്റും, നാം കടന്നു പോയതിലും വെച്ച്, ഇന്നു ജീവിച്ചു കൊണ്ടിരിക്കുന്നതിൽ, ഏറ്റവും മോശമായിരിക്കുന്നു, ഈ എല്ലാ സംശയത്തിന്റെ നടുവിലും, അവൻ എല്ലാ കാലത്തും ചെയ്തതുപോലെ, ദൈവം അവന്റെ വചനത്തെ ശരിയാണെന്നു തെളിയിച്ചുകൊണ്ട് ശരിയായി പോയ്ക്കൊണ്ടിരിക്കുന്നു. അവൻ...അവിശ്വാസത്തിന് ദൈവത്തെ നിർത്താൻ കഴിയുകയില്ല, അത് അവന് തടസ്സമാകില്ല. ലോകം എത്രമാത്രം അവിശ്വസിച്ചെന്നു ഞാൻ കാര്യമാക്കുന്നില്ല,

അത് ഇപ്പോഴും സംഭവിക്കാൻ പോകുന്നു. അവിശ്വാസം അവിശ്വാസിയെ കുറ്റം വിധിക്കുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. അവിശ്വാസം അവിശ്വാസിയെ നരകത്തിലേയ്ക്ക് അയയ്ക്കുന്നു. ദൈവം അവന് വാഗ്ദത്തം ചെയ്തിരിക്കുന്ന ഓരോന്നിൽ നിന്നും അത് കൊള്ളയടിക്കുന്നു, എന്നാൽ അത് ദൈവത്തെ വിശ്വാസിയുമായി ശരിയായി പോകുന്നതിൽ നിന്നും തടയുന്നില്ല. നോക്കു, അവിശ്വാസം ദൈവത്തെ നിർത്തുന്നില്ല, അത് അവിശ്വാസിയെ മാത്രം നിർത്തുന്നു.

71 നിങ്ങൾ പറയും, "ഞാൻ...സൂര്യൻ നാളെ പ്രകാശിക്കില്ല. ഞാൻ അതിനെ നിർത്താൻ പോകുകയാണ്." നിങ്ങൾ അതിന് ശ്രമിച്ചു നോക്കു. കാണുന്നോ? ശരി, നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല. അത് പ്രകാശിക്കുന്ന വിധത്തിൽ ദൈവം അതിനെ ക്രമീകരിച്ചിരിക്കുന്നു, അത് പ്രകാശിക്കാൻ പോകുകയാണ്, അത്ര തന്നെ, അത് ചെയ്യുമെന്നു, അവൻ പറഞ്ഞു. ഒരുപക്ഷേ അല്പം മേഘങ്ങൾ അതിന്റെ കീഴിലുണ്ടാകാം, എന്നാൽ അത് എവ്വണ്ണമാണോ അവ്വണ്ണം തന്നെ പ്രകാശിച്ചു കൊണ്ടിരിക്കുകയാണ്. അതിനെക്കൊണ്ട് നിങ്ങൾക്ക് ദൈവത്തെ നിർത്താൻ കഴിയില്ല. അവൻ, എന്തു...

72 അവന്റെ വചനത്തെ അവൻ എങ്ങനെയാണ് ജനങ്ങളെ അറിയിക്കുന്നത്? ആദ്യം, അവിടെ അവിശ്വാസികൾ ഉണ്ടാകുമെന്നു ദൈവം അറിഞ്ഞിരുന്നു...ഇപ്പോൾ ദൈവത്തിന്റെ ജ്ഞാനത്തെ ശ്രദ്ധിപ്പിൻ; അവിശ്വാസികൾ ഉണ്ടാകാൻ പോകുന്നു എന്നറിഞ്ഞിട്ട്, ഭൂരിപക്ഷവും അവിശ്വാസികളായിരിക്കും. അവൻ, മുന്നറിവിനാൽ, ഓരോ കാലത്തിലേയ്ക്കും ഒരു മുൻകുറിക്കപ്പെട്ട വിത്തിനെ നിയമിക്കുന്നു, അത് അതിനെ വിശ്വസിക്കുന്നു. ഇപ്പോൾ നിങ്ങൾ ഇവിടെ ശ്രദ്ധിച്ചാൽ, കാരണം, ഓരോ കാലവും അവന്റെ വചനവുമായി നേരെ പോകുന്നു, സകലതും ശരിയ്ക്കും സമയപ്രകാരമാണ്, യാതൊന്നും ദൈവത്തിനു തടസ്സമാകുന്നില്ല. അവൻ ശരിയ്ക്കും പോയ്ക്കൊണ്ടിരിക്കുന്നു, ഓരോ ക്ലിക്ക് ശബ്ദവും കൃത്യമായും ശരിയായും നീങ്ങിക്കൊണ്ടിരിക്കുന്നു. ചിലനേരങ്ങളിൽ, അത് ശരിയായി പ്രവർത്തിക്കാൻ പോകുന്നില്ലെന്നു, നാം ചിന്തിക്കുന്നു. എന്നാൽ നിങ്ങൾ വിഷമിക്കേണ്ട, അവന്റെ ഘടികാരം വളരെപെട്ടെന്നു തന്നെ പിരിയാനായി തിട്ടപ്പെടുത്തിയിരിക്കുന്നു, സകലതും ശരിയ്ക്കും കൃത്യമായി തന്നെ പ്രവർത്തിക്കുന്നു.

73 ചില നേരങ്ങളിൽ ഞാൻ നോക്കുമ്പോൾ, ഇന്നു നമുക്കുള്ള ഈ റിക്കികളെയും റിക്കേറ്റസ്സുകളെയും, തെരുവുകളിൽ കാണുകയും, എങ്ങനെയാണ് എല്ലാം പൊയ്ക്കൊണ്ടിരിക്കുന്നത്, എന്നു ഞാൻ ചിന്തിക്കുകയും ചെയ്യുന്നു, "ഓ ദൈവമേ!"

74 "ഒരു നിമിഷം കാത്തിരിക്കു," അവൻ പറയുകയാണ്, നോക്കു, "എന്റെ ഘടികാരം വളരെ ശരിയായും കൃത്യമായും നീങ്ങിക്കൊണ്ടിരിക്കുന്നു." ആ ദിവസങ്ങളിൽ, ആദ്യ മനുഷ്യനോട്ടു, ഏതുവിധമാണോ ചെയ്തത് അതേ വിധത്തിൽ തന്നെ ചെയ്യേണ്ടതുണ്ട്. ഞാൻ നിങ്ങളെ ലൂഥറിന്റെ വിധത്തിൽ ഇട്ടു, വെസ്ലിയുടെ വിധത്തിൽ തന്നെയിട്ടു." എന്തുകൊണ്ടെന്നാൽ, നിങ്ങൾ നോക്കു, ഇപ്പോഴുള്ള വിധത്തിൽ, അന്ന് പാപം അറിഞ്ഞിരുന്നില്ല. അന്ന് നമുക്കുണ്ടായിരുന്ന അറിവിനെക്കാൾ അധികം അറിവ് ഇപ്പോൾ ഉണ്ടായിരിക്കുന്നു, ശത്രു ഒരു പെരുവെള്ളം പോലെ കടന്നു വരുമ്പോൾ, ദൈവത്തിന്റെ ആത്മാവ് എഴുന്നേറ്റു അതിനു വിരുദ്ധമായി നിലകൊള്ളുന്നു. കാണുന്നോ? ഇപ്പോൾ ഇന്ന്, നമുക്ക് കൂടുതൽ അറിവ് കിട്ടിയിരിക്കുന്നു, കൂടുതൽ തിരിച്ചറിവ്, അതുകൊണ്ട് അവിശ്വാസത്തിന്റെ നദികൾ കുത്തൊഴുക്കോടെ ഒഴുകുന്നു, എന്നാൽ ദൈവം അതിന് വിരുദ്ധമായി എഴുന്നേറ്റു നിൽക്കുന്നു. എന്നാൽ, ഓർക്കു, അവൻ എപ്പോഴും...അതിന്റെ കാരണം, അവൻ—അവൻ ഈ കാര്യങ്ങൾ സംഭവിക്കണമെന്നു മുൻതീരുമാനിച്ചിരുന്നു. അവ സംഭവിക്കുമെന്നു അവൻ പ്രവാചകന്മാരിലൂടെ അവൻ മുൻകൂട്ടി പറഞ്ഞിരുന്നു. ഈ കാര്യങ്ങൾ തീർച്ചയാക്കപ്പെട്ടതായി നീതിമാൻ കാണുമ്പോൾ, അപ്പോൾ അത് ശരിയാണെന്നു അവർ അറിയുന്നു. ആർ എന്തു പറയുന്നെന്നു കാര്യമാക്കാതെ, അത് ശരിയാണെന്നു അവർ അറിയുന്നു.

75 അതിൽ നാം അവിടെയായി കാണുന്നത്, അത് ഒന്ന് തെസ്സലൊനീക്യയിൽ, അവൻ പറഞ്ഞു, എന്നാണ് ഞാൻ വിചാരിക്കുന്നത്, "തിരുഹിതത്തിന്റെ പ്രസാദ പ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു." "ഞാൻ നിങ്ങളെ തിരഞ്ഞെടുക്കും, നിങ്ങളെ തിരഞ്ഞെടുക്കില്ല," എന്നു ദൈവം പറയുന്നതല്ല, എന്നാൽ അവന്റെ മുന്നറിവിനാൽ നിങ്ങൾ എന്തു ചെയ്യുമെന്നു അറിഞ്ഞിരുന്നു. അതുകൊണ്ട് മുന്നറിവിനാൽ അവന് ക്രമത്തിലാക്കാൻ കഴിയും, അവന്റെ നന്മയ്ക്കായും, നിങ്ങളുടെ ഗുണത്തിനായും, അവൻ സകലതും സൃഷ്ടിച്ചിരിക്കുന്നു.

76 ഉല്പത്തിയിൽ, ആദാമും ഹൗവ്വയും ദൈവത്തിന്റെ വചനത്തിൽ അവിശ്വസിച്ചപ്പോൾ എന്തു സംഭവിക്കാൻ പോകുന്നു എന്നു അവൻ പറഞ്ഞിരുന്നു. ഇപ്പോൾ, അവൻ അവരുടെ മുന്നിൽ തെറ്റും ശരിയും ഇട്ടിരുന്നു, എന്നിട്ട് അവൻ പറഞ്ഞു, "നീ ഇതു തിന്നുന്ന നാളിൽ, നീ മരിക്കും." ദൈവം എന്തു പറഞ്ഞുവോ അതു തന്നെ അവൻ അർത്ഥമാക്കി. അവൻ എപ്പോഴും ചെയ്യുന്നു, അവൻ എന്താണോ പറയുന്നത് അവനത് അർത്ഥമാക്കുന്നു.

77 സാത്താൻ അതു അവിശ്വസിക്കാനായി അവളെ നയിച്ചു, കാരണം സ്വയം സാത്താൻ പോലും അതു ഒരിക്കലും വിശ്വസിച്ചിരുന്നില്ല. അവൻ അതു വിശ്വസിച്ചില്ല, അതിനാൽ അവൻ അവളെ അത് വിശ്വസിക്കാനായി നയിച്ചു. അവൻ ഇപ്പോഴും അതേ കാര്യം തന്നെ ചെയ്യുന്നു, മറ്റുള്ളവരെയും അതുതന്നെ പഠിപ്പിക്കുന്നു, അവൾ ചെയ്തതുപോലെ തന്നെ അവരും അതു അവിശ്വസിക്കുന്നു. ദൈവം തന്റെ ജനങ്ങളെ അവന്റെ വചനത്താൽ കോട്ടകെട്ടിയുറപ്പിച്ചിരുന്നു, അതുമാത്രമാണ് നിങ്ങളുടെ ഏക സുരക്ഷ. നിങ്ങളുടെ വിഭാഗീയ സഭകളല്ല, നിങ്ങളുടെ അമ്മയോ അപ്പനോ അല്ല, അതെല്ലാം ശരിതന്നെ, എന്നാൽ ദൈവ വചനത്തിനു പുറകിൽ. ആ സ്ഥലത്താണ്, വചനത്തിനു പുറകിലായാണ്, വിശ്വാസി സംരക്ഷിക്കപ്പെടുന്നത്. ആ ചെറിയ പ്രവേശനപഥം, ഒരു ചെറിയ, "അത് ശരിയോ തെറ്റോ എന്നു നോക്കേണ്ടേ? അത് ചെയ്യരുതായിരുന്നു," അവിടെ പൊട്ടിയ്ക്കപ്പെട്ടപ്പോൾ, യുക്തിവാദം വന്ന് വിശ്വാസത്തിന്റെ സ്ഥാനത്തെ എടുത്തു, അവർ ആ അഴികളെ പൊട്ടിച്ചു കളഞ്ഞു. ദൈവം തന്റെ വചനത്തെ കാത്തു, അവൻ അതിനെ നിർവ്വഹിച്ചു. സാത്താൻ അവളെ അതു വിശ്വസിപ്പിക്കാനായി ശ്രമിച്ചു...അത് അവിശ്വസിച്ചു.

78 അഥവാ, യുക്തിവാദം, അതുമായി യുക്തിവാദം ചെയ്യരുത്! നിങ്ങൾ—നിങ്ങൾ പറയും, "അതെ, ഞാൻ വിശ്വസിക്കുന്നത്..." നിങ്ങൾക്ക് അതു ചെയ്യാനുള്ള ഒരു അധികാരവുമില്ല. ദൈവം എന്തെങ്കിലും പറയുമ്പോൾ, അവൻ പറഞ്ഞ വിധത്തിൽ തന്നെ, ആ കാര്യം ചെയ്യേണ്ടതാണ്. നിങ്ങൾ പറയും, "അതെ, ഞാൻ വിചാരിക്കുന്നത്..." എന്നാൽ നിങ്ങൾക്ക് ഒരു ചിന്തനത്തിലൂടെയും പോകാനുള്ള അധികാരവുമില്ല. ക്രിസ്തുവിലുള്ള മനസ്സു തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. ക്രിസ്തു വചനമാകുന്നു! വചനം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ. മറ്റെല്ലാ വാക്കുകളും തെറ്റാണ്, ക്രിസ്തുവിന്റെ വചനം ശരിയാണ്! അവന്റെ എല്ലാ യുക്തിവാദങ്ങളാലും, അവൾ ചെയ്തതുപോലെ തന്നെ, മറ്റുള്ളവർ വിശ്വസിക്കുന്നു, യുക്തി, "അതെ, ദൈവം ഇത് എന്തിന് ചെയ്യണം? ഇപ്പോൾ, *ഇതും* അതുപോലെ തന്നെ നല്ലതല്ലേ? അത് വചനത്തിനു എതിരാണെങ്കിൽ, അത് അതല്ല! അതുകൊണ്ട്, എന്തായാലും, ഏതു ഉപദേഷ്ടാവോ, ഏതൊരു ബൈബിൾ വ്യാഖ്യാതാവോ, ഈ ബൈബിൾ എന്തു പറയുന്നോ അതിന്റെ ഒരു വള്ളി പുള്ളിയ്ക്കു വ്യത്യസ്തമായി നിങ്ങൾ വിശ്വസിക്കണം എന്നു നിങ്ങളെ ഉപദേശിക്കുന്നു എങ്കിൽ, അതൊരു തെറ്റായ ഉപദേശമാണ്. അത് സാത്താനാണ്, വീണ്ടും, അത് ഹൗവ്വയോടു ചെയ്തതുപോലെ തന്നെ. ദൈവം നേരെ ശരിയായി

പോയ്ക്കൊണ്ടിരിക്കുന്നു, അവൻ എന്തു ചെയ്താലും കാര്യമില്ല, സാത്താൻ എന്തു ചെയ്താലും, ദൈവം നേരെ പോയ്ക്കൊണ്ടിരിക്കുകയും അത് അങ്ങനെ തന്നെ എന്നു തെളിയിക്കുകയും ചെയ്യുന്നു.

79 ഇപ്പോൾ അവൻ എന്താണ് ഹൗവ്വയോടു പറഞ്ഞതെന്നു നോക്കു, "നിങ്ങൾ മരിക്കയില്ല, നിശ്ചയം. നിങ്ങൾ നന്മതിന്മകൾ അറിയുന്നവരാകും." അതു തന്നെയാണ് ഇന്നു ലോകവും നോക്കിക്കൊണ്ടിരിക്കുന്നതും, ശാസ്ത്രീയമായ തെളിവ്, ഏതെങ്കിലും ഒരു മനുഷ്യന്റെ ജ്ഞാനം. അവൻ പറഞ്ഞു, "നിങ്ങൾ മരിക്കയില്ല നിശ്ചയം."

80 എന്നാൽ ദൈവം പറഞ്ഞിരുന്നു, "നിങ്ങൾ മരിക്കും," ദൈവം അത് അങ്ങനെ തന്നെ എന്നു തെളിയിച്ചു. നമുക്കത് കാണാൻ കഴിയും, അവൻ എന്തു പറഞ്ഞിരുന്നോ അതു അർത്ഥമാക്കിയിരുന്നു. ഇവിടെയുള്ള ശ്മശാനത്തു പോയി നോക്കു, അവൻ അതു അർത്ഥമാക്കിയിരുന്നോ ഇല്ലയോ എന്നു നിങ്ങൾക്ക് കാണാം. "നീ ഇതു തിന്നുന്ന നാളിൽ, നീ മരിക്കും." നിങ്ങൾ ഇവിടെ മുകളിലേയ്ക്ക് പോകുമ്പോൾ, ഏതു പ്രായമുള്ള മനുഷ്യനായാലും, നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ പരിശോധിച്ചു നോക്കു, ആയിരം വർഷം ജീവിച്ച ഒരുവനും കാണില്ല. ദൈവം അവന്റെ വചനത്തെ അങ്ങനെ തെളിയിച്ചു, അവൻ അത് ഒരോ സമയത്തും ചെയ്യുകയും ചെയ്യും.

81 എന്നാൽ, ഓർക്കു, അവന്റെ ശാപങ്ങളെ അവൻ ചെയ്യുന്നതുപോലെ തന്നെ അവൻ തന്റെ എല്ലാ അനുഗ്രഹങ്ങളെയും വാഗ്ദത്തങ്ങളെയും കാക്കുന്നു. എന്തെന്നാൽ അവർ അതു തിന്നു, അന്നാളിൽ അവർ മരിച്ചു; അവൻ അതു നിങ്ങൾക്കു വെളിപ്പെടുത്തി തന്നു, അവർ അതു ഭക്ഷിച്ച അതേ ദിവസം തന്നെ അവർ മരിച്ചു. അവന്റെ അനുഗ്രഹങ്ങളെക്കുറിച്ച് അരുളിചെയ്തിരിക്കുന്ന ഓരോ വാചനത്തെയും അവൻ കാക്കുന്നു. ഓരോ വാഗ്ദാനത്തെയും, ദൈവം കാക്കുന്നു! ഓ, ഞാൻ അതു ഇഷ്ടപ്പെടുന്നു. ഏതു വേണമെന്നു നിങ്ങൾ തന്നെ തിരഞ്ഞെടുത്തു കൊള്ളുക; വിശ്വസിക്കുന്നതിനാൽ, അവന്റെ അനുഗ്രഹങ്ങൾ; അതല്ല അതിനെ വൈകൃതപ്പെടുത്തുന്നതിനാൽ, അവന്റെ ശാപങ്ങൾ. നിങ്ങൾ അതിനെ വൈകൃതപ്പെടുത്തുകയും, അതിന്റെ വൈകൃതമാക്കിയ വശത്തെ വിശ്വസിക്കുകയും ചെയ്യുന്നെങ്കിൽ, നിങ്ങൾ ശപിക്കപ്പെടുന്നു. അവൻ അതു എഴുതിയിരിക്കുന്ന വിധം തന്നെ നിങ്ങൾ അതു വിശ്വസിക്കുമെങ്കിൽ, പിന്നെ നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നു. അത് സദാസമയവും ശാസ്ത്രത്തിനു എതിരായിരിക്കും, ജനങ്ങളുടെ ശാസ്ത്രീയമായ കാര്യങ്ങളെ കാണിക്കാനുള്ള വിധത്തിനു എല്ലായ്പ്പോഴും

വിരുദ്ധമായിരിക്കും. കാരണം അവൻ ഓരോ വചനത്തെയും, അവന്റെ അനുഗ്രഹങ്ങളെയും, അവന്റെ ശാപങ്ങളെയും, രണ്ടിനേയും കാക്കുന്നു.

82 വെള്ളപ്പൊക്കത്താൽ ദൈവം ഭൂമിയെ നശിപ്പിക്കുന്ന കാലയളവിൽ, അവന്റെ സത്യ വചനത്തിനു വിരുദ്ധമായി, പുരുഷന്മാരും സ്ത്രീകളും അത്രയേറെ പാപം ചെയ്തിട്ട്, അവൻ...ആദാമും ഹൗവ്വയും അവന്റെ സത്യ വചനത്തിനു വിരുദ്ധമായി പാപം ചെയ്തു. എന്നാൽ, അവരെ പിമ്പറ്റിയിരുന്ന സകല തലമുറകളും അതേ കാര്യം തന്നെ ചെയ്യാൻ തുടങ്ങിയപ്പോൾ, അവൻ അവരുടെ മേൽ മരണം വിധി കല്പിച്ചു, അവസാനമായി ഭൂമിയിൽ നിന്നും പരിപൂർണ്ണമായ ഒരു തുടച്ചു നീക്കലിലേയ്ക്ക് വന്നു, ഭൂമിമേലുള്ള സകലത്തേയും നീക്കിക്കളഞ്ഞു, വെള്ളത്താൽ മൂടിയിട്ട്, വെള്ളത്താൽ അതിനെ പൂർണ്ണമായി ഒഴുക്കിക്കളഞ്ഞു.

83 ഇപ്പോൾ, ഭൂമിയിലുണ്ടായിരുന്ന സകലത്തേയും പൂർണ്ണമായി ഉന്മൂലം ചെയ്ത അതേ ദൈവം തന്നെ, എല്ലാ പുല്ലിനെയും, എന്നാൽ ഭൂമിയുടെ മുകളിലേയ്ക്ക് എടുത്ത് സൂക്ഷിച്ചിരുന്ന ജന്തുക്കളും മറ്റുമല്ലാതെ, അവൻ ചെയ്യുമെന്നു വാക്ക് ചെയ്തിരുന്ന എല്ലാറ്റിന്മേലും, അവൻ അതു ചെയ്തു. ആ വെള്ളം വാഗ്ദത്തം ചെയ്തിരുന്ന, തന്റെ വചനത്തെ കാത്ത, അതേ ദൈവം, അതേ ദൈവം തന്നെ തീയും വാഗ്ദത്തം ചെയ്തിരിക്കുന്നു, അവൻ തന്റെ വചനത്തെ കാക്കും. അവൻ തന്റെ വചനത്തെ സംരക്ഷിക്കും.

84 ഇപ്പോൾ, ഇപ്പോൾ അവൻ എന്തു ചെയ്യും? അവന്റെ വചനം എങ്ങനെ അവർ അറിയും? കാരണം അവൻ ചെയ്യുന്ന ഓരോ രീതിയിലും, അവൻ എന്തെങ്കിലും നാശനഷ്ടം വരുത്തുന്നതിനോ ഏതെങ്കിലും ന്യായവിധി നടത്തുന്നതിനു മുമ്പോ, അവനെ സ്വയം തെളിയിക്കും, അവൻ എല്ലായ്പ്പോഴും ജനങ്ങൾക്ക് ആ വചനം അയച്ച്, സദാസമയത്തും ജനങ്ങളെ മുന്നറിയിപ്പു ചെയ്യും. ഓ, ഞാൻ അതു ഇഷ്ടപ്പെടുന്നു! അപ്പോൾ നാം കൃത്യമായും എവടെയായിരിക്കുന്നു എന്നു അറിയാനാകുന്നു.

85 നോഹയുടെ നാളുകളിൽ എല്ലാ വിധത്തിലെ ധർമ്മോപദേശികളും സംഘങ്ങളും ഉണ്ടായിരുന്നു, നോഹയുടെ നാൾക്കളിൽ എല്ലാ വിധത്തിലുമുള്ള മതങ്ങളും ഉണ്ടായിരുന്നു, കാരണം യേശു പറഞ്ഞു, "നോഹയുടെ നാൾക്കൾ എന്നപോലെ തന്നെ, മനുഷ്യ പുത്രന്റെ വരവിൻ നാൾക്കളിലും ഉണ്ടാകും." എന്നാൽ അവിടെ കാഴ്ചയിൽ, ഒരു പ്രവാചകൻ വരികയും, അവൻ ചിലതു തുടങ്ങി, ഒരു പെട്ടകത്തെ ഉണ്ടാക്കാൻ തുടങ്ങി. ദൈവം തന്റെ വചനം അയച്ചിരിക്കുന്നു എന്നു തെളിയിക്കാനായി തന്റെ പ്രവാചകനായ, നോഹയെ,

അവൻ അയച്ചു, ഒരു നാശമുണ്ടാകാൻ പോകുന്നു എന്നും, അവന് ജനങ്ങൾ ചെയ്തുകൊണ്ടിരുന്ന ആ—ആ രീതിയിൽ തന്നെ തുടരാൻ കഴിയില്ലെന്നും, അവൻ സൃഷ്ടിച്ച മനുഷ്യനെ ഉന്മൂലനം ചെയ്യാൻ പോകുന്നു എന്നും, അവരോടു പറയാനായിട്ട് അയച്ചു.

86 ഇപ്പോൾ, സദാസമയത്തും, വചനം പ്രവാചകന്റെ അടുക്കൽ വരുന്നു, അവൻ ഒരിക്കലും മാറ്റപ്പെടുന്നില്ല. മലാഖി 3, പറയുന്നു, "യഹോവയായ ഞാൻ മാറാത്തവൻ."

87 ഒരു അശാസ്ത്രീയ സന്ദേശവുമായി, നോഹയെ ഒരു ശാസ്ത്രീയ കാലത്തിൽ അയച്ചു. ഒരു ബുദ്ധിഹീനമായ സന്ദേശവുമായി നോഹയെ, ബുദ്ധിജീവികളുടെ ഒരു കാലത്തിൽ അയച്ചു. ഒരു ശാസ്ത്രീയ കാലത്തിനുവേണ്ടി വിശ്വാസത്തിന്റെയും വാഗ്ദാനത്തിന്റെയും ഒരു സന്ദേശം അവന്റെ പക്കൽ ഉണ്ടായിരുന്നപ്പോൾ, അവനെ ഒരു ശാസ്ത്രീയ കാലത്തിൽ അയച്ചു. അതിനാൽ ഒരു അശാസ്ത്രീയമായ സന്ദേശത്തെ ഒരു ശാസ്ത്രീയമായ കാലം വിശ്വസിക്കുമെന്നു നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ? മഹത്തായ ബുദ്ധിമാന്മാരുള്ള ഒരു കാലത്തിൽ, മനുഷ്യ മനസ്സിന് വളരെ നിസ്സാരമായി തോന്നിക്കുന്ന ഒന്നിന്മേൽ അവർ വിശ്വാസം വെയ്ക്കുമെന്നു നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമോ? എന്നാൽ ദൈവം എല്ലായ്പ്പോഴും അതേ വിധത്തിൽ തന്നെ ചെയ്യുന്നു. നോഹ, ദൈവത്തിന്റെ ആ സമയത്തിന്റെ സന്ദേശവും, കർത്താവിന്റെ സാധൂകരിക്കപ്പെട്ട പ്രവാചകനുമായിരുന്നു. അവന് അത് വിശ്വസിക്കേണ്ടിയിരുന്നു, കർത്താവിനാൽ അവൻ സാധൂകരിക്കപ്പെട്ട ശേഷം ജനങ്ങൾ അവന്റെ സന്ദേശത്തെ, അത് ദൈവത്തിന്റെ വചനമാണെന്നും, ദൈവം ആ വചനത്തെ കാക്കാൻ പോകുകയാണ് എന്നും, വിശ്വസിക്കേണ്ടതായിരുന്നു.

88 ഇപ്പോൾ ഇന്നും അതേ കാര്യം തന്നെ. നാം അന്ത്യ സമയത്തായിരിക്കുന്നു. ഇപ്പോൾ, ആ ജനങ്ങൾ ഇത് അറിഞ്ഞിരിക്കേണ്ടതാണ്, നോക്കൂ. ഇപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചാൽ, ഉപദ്രവകാലത്തിലൂടെ കടന്നു പോകാനിരിക്കുന്ന യഹൂദരുടെ ഒരു മാതൃകയാണ്, നോഹ. ഹാനോക്ക് വാസ്തവമായ ഒരു സന്ദേശത്തിന്റെ, രൂപാന്തരം പ്രാപിക്കാനിരിക്കുന്ന സഭയുടെ, മാതൃകയും, കാരണം ഹാനോക്ക് എടുത്തുകൊണ്ടതിനു ശേഷം വെള്ളപ്പൊക്കം ഉണ്ടായി. അവർ രണ്ടുപേരും...ആദ്യത്തെ പ്രവാചകനായ ഹാനോക്ക്, കാഴ്ചയിൽ നിന്നും മാറ്റപ്പെട്ടാലേ, നോഹയ്ക്കു അവന്റേതുമായി...ദൈവത്തിനു നോഹയുമായി പോകാൻ കഴിയൂ. അതിനാൽ ഇപ്പോൾ സഭയെ കാഴ്ചയിൽ നിന്നും മാറ്റുന്നതാണ്

എന്നാലേ യഹൂദരുമായി ദൈവത്തിനു വീണ്ടും ഇടപെടാൻ കഴിയൂ, ശേഷിച്ച യഹൂദരായ നൂറ്റിനാല്പത്തിനാലായിരം പേർ, അതിനെ നാം ഇവിടെ തിരുവചനങ്ങളിലൂടെ എടുത്തിരുന്നു.

89 എന്നാൽ ഈ എല്ലാ, അവിശ്വാസത്തിന്റെയും ശാസ്ത്രീയ കാലത്തിന്റെയും, മദ്ധ്യേ അവർക്കു ദൈവം വെള്ളപ്പൊക്കം അയച്ചുകൊണ്ട് അവന്റെ വാഗ്ദത്തം ശരിയാണെന്നു തെളിയിച്ചു കാണിച്ചു. ഇപ്പോൾ, ഓർക്കുക, നോഹയുടെ നാൾക്കളിൽ, ഭൂമിയിൽ മഴ പെയ്തിരുന്നില്ല. ഭൂമിയിൽ നിന്നും മഞ്ഞ് പൊങ്ങി, ഭൂമിയെ നനച്ചു പോന്നു, എന്നാൽ മഴ പെയ്തിരുന്നില്ല. നോഹ പറഞ്ഞു, "മഴ പെയ്യാൻ പോകുകയാണ്." ഇപ്പോൾ അതായിരുന്നിട്ട്...

90 അവർക്ക് ഒരു ഉപകരണം എടുത്തുകൊണ്ട് ആകാശത്തിലേയ്ക്ക് അയച്ച്, "അവിടെ ഈർപ്പം ഒന്നുമില്ല, എന്നു പറയാൻ കഴിഞ്ഞിരുന്നു. അവിടെ മഴ ഒന്നും ഇല്ല. അവിടെ മഴയില്ലെന്നു ഞങ്ങൾക്ക് തെളിയിക്കാൻ സാധിക്കും."

91 ശാസ്ത്രം എന്തു പറഞ്ഞെന്നാലും കാര്യമില്ല, ദൈവം പറഞ്ഞു, "മഴ ഉണ്ടാകാൻ പോകുകയാണ്," അതിനാൽ അത് അങ്ങനെ ചെയ്തു. ഇപ്പോൾ, ദൈവം എന്തു ചെയ്യാൻ പോകുന്നു? എന്റെ അഭിപ്രായത്തിൽ, അവരിൽ ആരെങ്കിലും ഒരാൾ, ലോകത്തെ ഒരല്പം ഉലച്ചുകൊണ്ട്, അതിന്റെ ദൈനംദിനമായ കാര്യങ്ങളിൽ നിന്നും അതിനെ പുറത്തേയ്ക്കു കൊണ്ടുപോയാൽ, അപ്പോൾ അതിനെ ഈ വിധത്തിൽ പുറകിലേയ്ക്കടിച്ച്, ഭൂമിയുടെ ചൂടിനെ തണുപ്പാക്കി, നീരാവിയെ മാത്രം കൊണ്ടുവരുന്നു. ആരംഭത്തിൽ, ഭൂമി മുഴുവനും, മുകളിലെ അന്തരീക്ഷം അവിടെ മുഴുവനും നിറഞ്ഞിരുന്നു, വായുവിലുള്ള ഊർപ്പം, കൂടിവരികയും മേഘങ്ങളായി രൂപപ്പെട്ടിട്ട് അത് താഴേയ്ക്കു പതിക്കട്ടെ, അത് അത്ര തന്നെ.

92 ഇപ്പോൾ ഇന്ന്, ഭൂമിയിലുള്ള വാതകങ്ങളാൽ, അവിടെ മുകളിൽ തീ ഉള്ളതായി, നാം അറിയുന്നു, ബൈബിളും ഇപ്രകാരം പറയുന്നു, "ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും." അതുകൊണ്ട് അത് ഇവിടെ മുകളിൽ ഉണ്ടെന്നു നാം അറിയുന്നു, അതിനാൽ അത് നോഹയുടെ നാൾക്കളിൽ ആയിരുന്നതുപോലെ തന്നെ ആയിരിക്കുന്നു.

93 ഇപ്പോൾ ഓർക്കുക, മോശയുടെ നാൾക്കളിലുണ്ടായിരിന്ന സന്ദേശം വിശ്വാസം മൂലം മാത്രമായിരുന്നു, ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരുന്നില്ല. എന്നാൽ, ഇന്ന്, സന്ദേശം ദൈവവചനപ്രകാരം ആയിരിക്കുകയും, ശാസ്ത്രീയമായി തെളിയിച്ചും

കഴിഞ്ഞിരിക്കുന്നു. ഏലീയാവ് ആദ്യ പ്രാവശ്യം വന്ന്, അത്ഭുതങ്ങൾ മാത്രം ചെയ്യും, പ്രസംഗിക്കില്ല; ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്കു, അത്ഭുതങ്ങളെ മാത്രം ചെയ്തുകൊണ്ടു പോകും. അടുത്ത പ്രാവശ്യം, അവൻ യോഹന്നാന്റെ രൂപത്തിൽ വരും, അവൻ വന്നപ്പോൾ ഒരു അത്ഭുതവുമില്ല, പ്രസംഗം മാത്രം. മൂന്നാം പ്രാവശ്യം അവൻ അത്ഭുതവും പ്രസംഗവും രണ്ടും ചെയ്തുകൊണ്ടു വരും. കാണുന്നോ? അത് എങ്ങനെയാണെന്ന് കാണുന്നോ? എപ്രകാരമാണ് തിരുവചനങ്ങൾ തുടർച്ചയായി പോയ്ക്കൊണ്ടിരിക്കുന്നതെന്നു നോക്കു. അതിനു മേൽ നമുക്ക് വളരെയേറെ സമയം ചിലവഴിക്കാം, എന്നാം നാം ചെയ്യുന്നില്ല, നാം അതിനെ വിട്ടുകളയുന്നു, എന്തെന്നാൽ നിങ്ങൾക്ക് അതിന്റെ ഊഹം കിട്ടി എന്നു ഞാൻ വിശ്വസിക്കുന്നു.

94 അവൻ എല്ലാ കാലത്തിലും ചെയ്തതുപോലെ തന്നെ ആ കാലത്തിലും ചെയ്തു, അവൻ ചെയ്യുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നതുപോലെ തന്നെ, ചെയ്യുകയും ചെയ്യും. ദൈവം എന്തെങ്കിലും വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിൽ, പിന്നെ അവൻ ഇറങ്ങി വന്ന് അവന്റെ വചനം ശരിയാണെന്നു അവൻ തെളിയിക്കും. വിശ്വസിക്കുന്ന എല്ലാവരും, ആ കാലത്തിന്റെ സന്ദേശം വിശ്വസിക്കുന്ന എല്ലാവരും, കടന്നു വരികയും രക്ഷിക്കപ്പെടുകയും ചെയ്യും. അപ്രകാരം തന്നെ ഓരോ കാലത്തിലും. സന്ദേശത്തെയും സന്ദേശ വാഹകനെയും വിശ്വസിക്കാത്ത എല്ലാവരും, നശിച്ചുപോകുന്നു.

95 ഇന്നത്തേയ്ക്കുള്ള ദൈവത്തിന്റെ വചനത്തെ സത്യമായി വിശ്വസിക്കുന്ന ഏവരും, പുറത്തേയ്ക്ക് എടുക്കപ്പെടും. ദൈവ വചനത്തെ വിശ്വസിക്കാത്ത എല്ലാവരും, ലോകത്തോടൊപ്പം നശിച്ചുപോകും. എന്തെന്നാൽ അവർ ലോകത്തിൽ നിന്നുമുള്ളവരും, ലോകത്തിലുള്ള സകലതും ലോകത്തോടൊപ്പം നശിക്കേണ്ടതും ആകുന്നു. ദൈവത്താൽ രക്ഷിക്കപ്പെട്ട സകലതും, ദൈവത്തിൽ ആയിരിക്കുകയും, നശിക്കാൻ കഴിയാത്തതുമാകുന്നു. "ഞാൻ അവർക്കു നിത്യജീവനെ നൽകി, അവസാന നാളിൽ ഉയിർപ്പിക്കും." ഇപ്പോൾ, നിങ്ങൾ ക്രിസ്തുവിലായിരിക്കുമ്പോൾ, ഇതറിയുന്നത്, ഓരോ വിശ്വാസിയ്ക്കും എത്ര വലിയ സാന്ത്വനമാണ്, അത് ദൈവത്തിന്റെ വചനം ലോകത്തെ നശിപ്പിക്കും എന്നു തീർച്ചയായിരിക്കുന്നതു പോലെ, അവന്റെ ജനങ്ങളെ രക്ഷിക്കുകയും, ഉയിർപ്പിക്കുകയും ചെയ്യും എന്ന അവന്റെ വചനത്തെ അവൻ കാക്കും. അവൻ അതു തെളിയിക്കും.

96 അബ്രഹാമിന്റെ കാലത്ത് തന്റെ വാഗ്ദത്ത വചനത്തെ അവൻ അവന് സത്യമാണെന്നു തെളിയിച്ചു കാണിച്ചു. ശ്രദ്ധിക്കു, നൂറു വയസ്സ

പ്രായമുള്ള ഒരു പുരുഷനും, തൊണ്ണൂറ് വയസ്സുള്ള ഒരു സ്ത്രീയ്ക്കും, വളരെ വയസ്സ ചെന്നിരുന്നു, അബ്രഹാമിന്റെ കാലത്ത്, അവർക്ക് ഒരു കുഞ്ഞുണ്ടാകുക എന്നത്, അത് ആശാസ്ത്രീയമായ കാര്യമായിരുന്നു. എന്നാൽ അതിനെ അബ്രഹാമിന് വിവരിക്കാൻ കഴിഞ്ഞിരുന്നില്ല. അവൻ ഡോക്ടറുടെ അടക്കലേയ്ക്ക് ചെന്നിട്ട്, "ഡോക്ടർ, ഇത് സാദ്ധ്യമാണോ" എന്നു ചോദിച്ചെങ്കിലോ?

97 "അത് അസാദ്ധ്യമാണ്!" ഒരമ്മ പ്രസവിക്കാൻ പോകുന്നു ആശുപത്രിയിൽ ചെന്ന് അതിനുള്ള തയ്യാറെടുപ്പുകൾ ചെയ്യു അഥവാ അങ്ങനെയുള്ള എന്തെങ്കിലും പോലും ഇന്നുള്ള കാലവുമായി നിങ്ങൾ താരതമ്യം ചെയ്തു നോക്കു, അവർ അവനെ ഭ്രാന്തൻ എന്നു വിളിക്കും, "അവന് അവന്റെ മനോനില തെറ്റിപ്പോയിരിക്കുന്നു."

98 എന്നാൽ ദൈവം പറഞ്ഞു! അവൻ...റോമർ 4-ആം അദ്ധ്യായത്തിൽ, ബൈബിൾ ഇപ്രകാരം പറയുന്നു, "അബ്രഹാം ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്താൽ ശക്തിപ്പെട്ടു ദൈവത്തിന് മഹത്വം കൊടുത്തു. വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറെച്ചു നിന്നു." ഉറെച്ചു നിന്നു, കാരണം ദൈവം എന്താണ് വാഗ്ദത്തം ചെയ്തിരുന്നത്, ദൈവത്തിന് അത് ചെയ്യാൻ കഴിയും! എന്നവൻ തീർത്തും അറിഞ്ഞിരുന്നു, നാം അവന്റെ പുത്രന്മാർ ആയിരിക്കേണ്ടവരാണ്. ആമേൻ! നോക്കു, നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കു, ഇപ്പോൾ ഞാൻ ഭക്തിപരവശനായി തീരുന്നതുപോലെ തോന്നുന്നു. ഓ, അവൻ അതു തെളിയിച്ചു, ആ വർഷങ്ങളെല്ലാം കഴിഞ്ഞപ്പോൾ, അവൻ അബ്രഹാമിനെ തിരികെ കൊണ്ടുപോയി, സാറായെ തിരികെ ഒരു ചെറുപ്പക്കാരി സ്ത്രീയാക്കി, ഈ കുഞ്ഞുണ്ടായി. അബ്രഹാം സാറായുമായി ജീവിച്ചിട്ട്...സാറാ മരിച്ച്, നാല്പത്തിയഞ്ചു വർഷങ്ങൾക്കു ശേഷം, നൂറ്റി നാല്പത്തിയഞ്ചു വയസ്സുള്ളവനായി അബ്രഹാം വീണ്ടും ഒരു വിവാഹം കഴിച്ച്, പെൺമക്കളെക്കൂടാതെ അവൻ ഏഴു ആൺമക്കളെയും ജനിപ്പിച്ചു. അതിനു ഏകദേശം നൂറു വർഷങ്ങൾ മുമ്പു തന്നെ, അവന്റെ പ്രത്യുപ്പാദന സമയം കഴിഞ്ഞിരുന്നു, അവൻ ഉൽപാദനശക്തി ഇല്ലാത്തവനായിരുന്നു. അവന്—അവന് ഒരു സന്തതി ഉണ്ടായിരുന്നില്ല, അവനിൽ ജീവൻ ശേഷിച്ചിരുന്നില്ല. ആമേൻ! എന്താണ്? അവൻ തന്റെ സ്വന്ത ശരീരത്തെ നോക്കിയില്ല, സാറായുടെ മരിച്ച ഗർഭപാത്രത്തെ അവൻ പരിഗണിച്ചില്ല. അവൻ ദൈവം പറഞ്ഞിരുന്നത് മാത്രം പരിഗണിക്കുകയും, ദൈവം പറഞ്ഞിരുന്നതിനെ അവന് തെളിയിക്കാൻ കഴിയുമെന്ന് അറിഞ്ഞുമിരുന്നു. ആമേൻ! അവൻ എന്തു ചെയ്യുമെന്നു പറഞ്ഞിരുന്നോ അവനതു ചെയ്യും എന്നു ദൈവം

തെളിയിച്ചു. ആശാസ്ത്രീയതയുടെയും ശാസ്ത്രീയതയുടെയും നടുവിൽ എല്ലാറ്റിന്റെയും നടുവിൽ, അത് എന്തായാലും, സദാസമയമത്രയും അവന്റെ വചനത്തെ തെളിയിക്കുന്നു, അവൻ ശരിയാണെന്നു, ദൈവം തെളിയിക്കുന്നു. അവൻ ശരിയും, മറ്റെല്ലാവരും തെറ്റുമാണ്.

99 മാത്രമല്ല, "നീ ഈ പട്ടണത്തിൽ നിന്നും പുറപ്പെട്ടു പോകുന്നില്ലെങ്കിലോ, ഞാൻ അവളെ കത്തിയ്ക്കാൻ പോകുകയാണ്," അങ്ങനെ അവൻ പറയുമ്പോൾ, അവൻ അതിനെ ലോത്തിനും തെളിയിച്ചു കാണിച്ചു. മാത്രമല്ല അവൻ അബ്രഹാമിനോടും പറഞ്ഞു, അവന് "പത്ത് മനുഷ്യരെ കണ്ടെത്താനായാൽ," അവൻ ആ പട്ടണത്തെ നശിപ്പിക്കയില്ല. അവന് പത്തു മനുഷ്യരെ കണ്ടെത്താനായില്ല, അതിനാൽ അവന്റെ വചനം സത്യമാണെന്നു അവൻ തെളിയിച്ചു.

100 "എവിടെ നിന്നാണ് തീ വന്നത്? അത് ഇവിടെയുള്ള സമതല പ്രദേശങ്ങളിൽ നിന്നല്ല, ഇവിടെയുള്ള ഈ ചുണ്ണാമ്പുണ്ടാക്കുന്ന കുഴിയിൽ നിന്നല്ല." എന്നാൽ ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു, അത് സംഭവിക്കാൻ പോകുന്നു എന്നു അബ്രഹാം അറിഞ്ഞിരുന്നു. അത് അങ്ങനെയാണെന്നു ലോത്ത് അറിഞ്ഞിട്ട്, അവൻ ആ മലയിലേയ്ക്ക് പോയി രക്ഷപ്പെട്ടു.

101 സ്വന്തമല്ലാത്ത ഒരു ദേശത്ത് അവന്റെ സന്തതി ഒരു പരദേശി ആയിരിക്കും എന്നും, ജനങ്ങളാൽ തെറ്റിദ്ധരിക്കപ്പെടുമെന്നും, അവൻ വാഗ്ദത്തം ചെയ്തിരുന്നു, അബ്രഹാമിന്റെ സന്തതി, നൂറു കണക്കിനു വർഷങ്ങൾ സ്വന്തമല്ലാത്ത ദേശത്ത്, അപരിചിതരായ ജനങ്ങളോടൊപ്പം, പ്രവാസത്തിലായിരിക്കും. അവൻ എന്തു ചെയ്യുമെന്നു പറഞ്ഞിരുന്നോ അവൻ അതു ചെയ്തുകൊണ്ട് അവൻ തന്റെ വചനത്തെ നിറവേറ്റി. അബ്രഹാമിന്റെ സന്തതി മിസ്രായീമിൽ നാനൂറ് വർഷക്കാലം പ്രവാസത്തിലായിരുന്നു. മാത്രമല്ല, അവരെ ഒരു ബലമുള്ള ഭുജത്താൽ വിടുവിക്കുമെന്നും വാഗ്ദത്തം ചെയ്തിരുന്നു. ഒരു ബലമുള്ള ഭുജത്താൽ, അവൻ ജനങ്ങളെ മിസ്രായീമിന്റെ അടിമത്വത്തിൽ നിന്നും വിടുവിക്കും. അവൻ തന്റെ വചനത്തെ കാത്തു. അവൻ മിസ്രായീമിൽ നിന്നും ആ കുഞ്ഞുങ്ങളെ എടുക്കാനായി അവൻ എന്തു ചെയ്തെന്നു നോക്കു. അത് കാഴ്ചയ്ക്ക് ദുരന്തത്താൽ അകപ്പെട്ടുപോയി, അകപ്പെട്ടു പോയിക്കഴിഞ്ഞു, സകലതും തീർന്നു, എന്നതുപോലെ കാണപ്പെട്ടു.

102 അതിപ്രകാരം കാണപ്പെട്ടിട്ട്...യോസേഫ് മരിച്ചെന്നു കരുതുക പാവപ്പെട്ട യിസ്ഹാക്കിന്...അല്ല അവന്റെ അപ്പനായ, യാക്കോബിന്, ഭയാനകമായ കാര്യമായിരുന്നു. അതല്ല അവന്റെ അപ്പനായ

യാക്കോബിന്...അത് യാക്കോബിനായിരുന്നു, യിസ്ഹാക്ക് അവന്റെ അപ്പപ്പനായിരുന്നു. അവന്റെ അപ്പനായ, യാക്കോബിന്, തന്റെ സ്വന്ത പുത്രൻ മൃഗങ്ങളാൽ കൊല്ലപ്പെട്ടു എന്നു വിശ്വസിക്കേണ്ടി വന്നു. ആ ചെറിയ പയ്യന്, അവന്റെ സ്വന്ത സഹോദരങ്ങളാൽ ഒറ്റികൊടുത്ത്, പൊട്ടക്കിണറ്റിൽ എറിയപ്പെട്ട്, മരിച്ചു എന്നു വിചാരിക്കയും, അവന്റെ സ്വന്ത ജനങ്ങളിൽ നിന്നും ദൂരമായിരിക്കുക എന്നത് എത്ര കഠിനമായ കാര്യം, അവന്റെ കോട്ടിന്മേൽ ആട്ടിൻ രക്തം പുരട്ടി, അവിടെ, അവർ ഭക്ഷിക്കാനായി ഒരു ആടിനെ കൊന്നിരുന്നു, ഇതെല്ലാം അറിഞ്ഞുകൊണ്ടു തന്നെ, അതിന്റെ രക്തം അതിന്മേൽ ഒഴിച്ചു, അവന്റെ പിതാവിന്റെ അടുക്കലേയ്ക്ക് കൊണ്ടുപോയി. എന്നാൽ യോസേഫ്, കർത്താവിന്റെ കരം അവന്റെ മേലുണ്ട് എന്ന കാര്യം ഓർത്തിരുന്നു. അവൻ ഒരു വിശ്വാസിയായിരുന്നു എന്നവൻ അറിഞ്ഞിരുന്നു. അവന്റെ സഹോദരന്മാർ അവനെ എത്രമാത്രം നിരസിച്ചിരുന്നു എന്നതു കാര്യമില്ല, യാതൊരു സഹകരണവും മറ്റൊന്നിലും ഇല്ലായിരുന്നിട്ടും, ദൈവം തന്റെ വാക്കിനെ കാക്കുമെന്നു യോസേഫ് അറിഞ്ഞിരുന്നു. അവന്റെ മുമ്പിൽ എല്ലാവരും കുമ്പിടുന്നു എന്ന ദർശനം അവൻ കണ്ടപ്പോൾ, അത് സംഭവിക്കേണ്ടതു തന്നെ എന്നവൻ അറിഞ്ഞിരുന്നു, എന്തുകൊണ്ടെന്നാൽ അത് കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതായിരുന്നു. ആമേൻ. അത് കാഴ്ചയ്ക്ക് എത്ര തന്നെ യുക്തിരഹിതമല്ലാത്തതായി തോന്നിയാലും, അത് സത്യമാണെന്നു യേസേഫ് അറിഞ്ഞിരുന്നു. ആ ദൌത്യം എത്ര കഠിനമായിരുന്നു എന്നാലോ, അവന് എന്തിലൂടെയെല്ലാമാണ് കടന്നു പോകേണ്ടത് എന്നിരുന്നാലും, ഏതെങ്കിലും ഒരുദിവസം അവർ ഓരോരുത്തരും അവന്റെ കാല്ക്കൽ കുമ്പിടേണ്ടി വരുമെന്നു അവൻ അറിഞ്ഞിരുന്നു. അവർ അവനെ വെറുത്തിരുന്നു, പിന്നെ അത് എങ്ങനെയാണ് സംഭവിക്കാൻ പോകുന്നത്? എന്നാൽ ദൈവം തന്റെ വചനത്തെ തെളിയിക്കുമെന്നു അവൻ അറിഞ്ഞിരുന്നു, ഓരോ തവണയും അങ്ങനെ തന്നെ.

103 അങ്ങനെ തന്നെ അവൻ ഇന്നും ചെയ്യും! അവന്റെ വചനം അങ്ങനെയാണെന്നു ദൈവം തെളിയിക്കും, ശാസ്ത്രം എന്തു പറഞ്ഞാലും കാര്യമില്ല, “അത് ചെയ്യാനാകില്ല,” എത്രമാത്രം വിദ്യാഭ്യാസമായും, ബുദ്ധിപരമായും നമുക്കു ലഭിച്ചാലോ, സഭകൾ ഒരു—ഒരു ഔപചാരികമായ വിധത്തിലും മറ്റുമായി വഴിയിൽ നിന്നും നീങ്ങിപ്പോയിരിക്കുന്നു എങ്കിലോ, ദൈവം തന്റെ വചനത്തെ അപ്പോഴും “ശരി,” എന്നു തെളിയിക്കും, വചനവുമായി നേരെയാകുക എന്നത് നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു.

104 അതെ, യോസേഫിന് പോകാനായി ഏറെ ഉണ്ടായിരുന്നു,

മിസ്രായീമിലേയ്ക്ക് പോകേണ്ടി വന്നു, എന്നാൽ കൃത്യമായും ദൈവം പറഞ്ഞിരുന്ന വിധത്തിൽ തന്നെ അവൻ അവനെ പുറത്തു കൊണ്ടുവന്നു; അതിലേയ്ക്ക് കടക്കാൻ നമുക്കു സമയം ഉണ്ടായിരുന്നെങ്കിൽ, ഇന്നത്തേതിന് അതൊരു മനോഹര മാതൃകയാണ്. ഇതിനു മുമ്പ്, ഇവിടെ കൂടാരത്തിൽ വെച്ചു തന്നെ, നാം അതിലൂടെ കടന്നിരുന്നു, എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ദൈവം തന്റെ വചനം കാത്തു, എന്തുകൊണ്ടെന്നാൽ, അവർക്ക് അവിടെ താമസിക്കേണ്ടിയിരുന്നു. മിസ്രായീമിൽ അടിമയായി കഴിയുക എന്നത് ആ എബ്രായ കുഞ്ഞുങ്ങൾക്ക് കഠിനമായ കാര്യമായിരുന്നു, അതിനെ അനുഗ്രഹിച്ച്, ദേശത്തെ ഏറ്റവും നല്ല ഫലഭൂയിഷ്ഠമായ സ്ഥലം, ഗോശേൻ, നൽകിയുമിരുന്നു, അവർ അടിമകളായിരിക്കേണ്ടി വന്നു എന്നു നാം കണ്ടു; ആ അമ്മമാർ അവരുടെ ഗർഭഫലത്തെ, അവരുടെ ഓമന കുഞ്ഞുങ്ങളെ, മിസ്രായീമിലെ പട്ടാളക്കാരുടെ കൈകളിൽ കൊടുക്കണമായിരുന്നു, അവിടെ നിന്നുകൊണ്ട് അവനെ നോക്കുമ്പോൾ, ഒരു വലിയ കത്തി വലിച്ചെടുത്ത് അതിനെ കഴുത്തു മുറിച്ച് നിലത്തെറിയുകയും, മുതലകളെ തീറ്റിക്കുമായിരുന്നു. ഇപ്പോൾ, അതവർക്ക്, അതിലൂടെ കടക്കുക എന്നത്, ഒരു കഠിന കാര്യമായിരുന്നു.

105 എന്നാൽ ഒരുനാൾ ആ മുൻകുറിക്കപ്പെട്ട സന്തതി ജനിച്ചു, ആ കുട്ടി ഒരു യുക്തമായ കുട്ടിയായിരുന്നു. കാഴ്ചയ്ക്ക് വിചിത്രമായി കാണപ്പെട്ട ചിലത് അവനിൽ ഉണ്ടായിരുന്നു. ഒരുദിവസം, മരുഭൂമിയുടെ പിൻവശത്തായി, പരിശുദ്ധാത്മാവ് അഗ്നിസ്തംഭത്തിന്റെ രൂപത്തിൽ, ഒരു മുൾപ്പടർപ്പിന്റെ നടുവിൽ വന്നിറങ്ങിയിട്ട്, പറഞ്ഞു, "എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു; ഞാൻ എന്റെ വാഗ്ദാനം ഓർക്കുന്നു. വിടുവിക്കാനുള്ള സമയം അടുത്തിരിക്കുന്നു, അതു ചെയ്യാനായി ഞാൻ നിന്നെ അവിടേയ്ക്ക് അയയ്ക്കുന്നു." അവന്റെ കൈയ്യിൽ ഒരു വടിയുമായി, ഒരു കോവർ കഴുതമേൽ അവന്റെ ഭാര്യ, അവളുടെ മടിയിൽ ഒരു കുഞ്ഞ്, അവൻ അതു സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയാൽ ചെയ്തു. പരമവിഡ്ഢിത്തമായ കാര്യം എന്നത്, പതിനായിരം കുന്തങ്ങൾക്കു മുമ്പിൽ ഒരു വളഞ്ഞ വടികൊണ്ട് എന്തു ചെയ്യും? എന്നാൽ, നിങ്ങൾ നോക്കു, ദൈവം അതിലുണ്ടായിരുന്നു. അവന്റെ വചനം എവിടെയാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. മോശയ്ക്കു അവന്റെ വചനവും, ഫറവോന് കുന്തങ്ങളുമുണ്ടായിരുന്നു. മോശയുടെ പക്കൽ ആ വചനമുണ്ടായിരുന്നു.

106 അതു, വചനം മാത്രമായിരുന്നു, അവന് ആവശ്യമായിരുന്നത്. അത് മാത്രമാണ് നിങ്ങൾക്ക് ഇന്നു ആവശ്യമായിരിക്കുന്നത്. അത് ഏതെങ്കിലും ഒരു സഭയിൽ നിന്നുമുള്ള അധികാര പത്രമല്ല. നിങ്ങളെ

പിന്താങ്ങാനായി നിങ്ങൾക്ക് ഒരു വിഭാഗീയ സഭയുടെ ആവശ്യമില്ല. അതുമായി മേഘലങ്ങളിലേയ്ക്കുള്ള എടുക്കപ്പെടലിലേയ്ക്ക് പോകാനായി, നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത് വചനമാണ്. നിങ്ങൾക്ക് ചില അധികാര പത്രത്തിന്റെ ആവശ്യമില്ല. ഇന്നു രാവിലെ നേരം സൗഖ്യപ്പെടാനായി, ഏതെങ്കിലും സ്കൂളിന്റെ പണ്ടുമുതലുള്ള ചരിത്രം നിങ്ങൾക്ക് ആവശ്യമില്ല. നിങ്ങൾ വചനത്തെ സ്വീകരിക്കേണ്ടതുണ്ട്, അത് അതു ചെയ്യുന്നു!

107 ഡോക്ടറുടെ വാക്ക് നിങ്ങൾക്ക് ആവശ്യമില്ല, ഡോക്ടർ പറയുകയാണ്, അയാൾക്ക് ചെയ്യാനാകുന്നതെല്ലാം ചെയ്തുകഴിഞ്ഞു, അത്രയേ അയാൾക്ക് ചെയ്യാനാകൂ. അയാൾ പറയും നിങ്ങൾക്ക് ക്യാൻസറാണ്, ട്യൂമർ, നിങ്ങൾ അന്ധനാകാൻ പോകുന്നു, നിങ്ങൾ ചെകിടനാണ്, ഊമനാണ്, എന്തായാലും ശരി, അതു കാര്യമല്ല. നിങ്ങൾക്ക് ആ വചനത്തെ എടുത്തുകൊണ്ട് ആ എരിയുന്ന വാഗ്ദത്ത മുൾപ്പടർപ്പിന്റെ അടുത്തേയ്ക്ക് പോകാനായാൽ, ആമേൻ, എന്തോ ചിലത് സംഭവിക്കാൻ പോകുന്നു! ദൈവം തന്റെ വചനം അങ്ങനെ തന്നെ, അത് ഓരോ സമയത്തും അത് ശരിയായ നിലം സ്വീകരിക്കും, എന്നു തെളിയിക്കും. അതാണ് നിങ്ങൾക്ക്, ആവശ്യമായിരിക്കുന്നത്, അവന്റെ വചനം. അവൻ അതു തെളിയിച്ചു, അവൻ അതു കാക്കുന്നു. അത് ശരിയാണെന്നു നിങ്ങൾക്ക് തികച്ചും ഉറച്ചിരിക്കാം.

108 അവന്റെ വചനത്തെ അവൻ ഓരോ കാലത്തിലും, ഏറ്റവും അസാധാരമായ വിധത്തിൽ, തെളിയിക്കുന്നു, എന്നാൽ അവൻ എല്ലായ്പ്പോഴും ഒരേ വിധത്തിൽ തന്നെ ചെയ്യുന്നു. കാണുന്നോ? അവൻ നോഹയുടെ നാൾക്കളിൽ, ശേഷിച്ചവരെ വിടുവിക്കാനായി അവൻ തീരുമാനിച്ചപ്പോൾ, എന്താണ് ചെയ്തത്? അവൻ അവർക്ക് പ്രവാചകനായിരുന്ന നോഹയെ അയച്ചു. അവൻ നോഹയെ, ഒരു അടയാളമായി അയച്ചു.

109 ഇപ്പോൾ, ശ്രദ്ധിക്കു, അവൻ യിസ്രായേൽ മക്കളെ വിടുവിക്കാനായി വരുമ്പോൾ, അവൻ എന്താണ് ചെയ്തത്? തന്റെ അതേ രീതിയിൽ, അവന്റെ പ്രവാചകനെ അവൻ അയച്ചു. അവന്റെ പ്രവാചകന്മാർക്ക് അവന്റെ വചനമുണ്ടായിരുന്നു. വാഗ്ദത്തം ചെയ്തിരുന്ന വചനത്തിലെ അത്ഭുതങ്ങളും അടയാളങ്ങളും, അത് കൃത്യമായും ശരിയാണെന്ന്, അതിനെ പിന്താങ്ങി. യിസ്രായേൽ അവരുടെ വാഗ്ദത്ത നാട്ടിലേയ്ക്ക് പ്രയാണം ചെയ്തു, എന്തുകൊണ്ടെന്നാൽ അവർ അത് വിശ്വസിച്ചു.

110 വനാന്തര യാത്രയിൽ, ആ വചനം അത്രമാത്രം തീർച്ചയാക്കപ്പെട്ടത് കണ്ടതിനു ശേഷവും, അവർ ഈ പ്രവാചകനെ അവിശ്വസിക്കേണ്ട അവസരമുണ്ടായി, മണവാട്ടി അതിൽ

നിന്നും പുറത്തായിപ്പോയി (നോക്കൂ, "പുറത്തായിപ്പോയി," എന്നു പറയുന്നതിനെ, ഞാൻ ദർശനത്തിൽ കണ്ടത് എന്താണെന്ന് നിങ്ങൾക്ക് അറിയാമല്ലോ) യോശുവ എന്നു പേരോട്ടുകൂടിയ ഒരുവനും, കാലേബും, അവിടെ നിന്നുകൊണ്ട്, സാഹചര്യം എത്ര അനുകൂലമല്ലാതിരുന്നിട്ടും, വാഗ്ദത്ത വചനം സത്യമെന്നു വിശ്വസിച്ചു.

111 അവർ കാദേശ്-ബർനായിൽ കടന്നപ്പോൾ എന്താണ് സംഭവിച്ചതെന്നു നോക്കൂ. കാദേശ്-ബർനായിൽ വെച്ച്, ഏതു വഴിയായി അവർ കടക്കണമെന്ന്, ദേശത്തെ ഒറ്റുനോക്കാനായി, ഓരോ ഗോത്രത്തിൽ നിന്നും ഓരോരുത്തരെ മോശെ അയച്ചു. അവൻ തന്റെ ജനറലായ, യോശുവായേയും, അവൻ ഒരു പ്രവാചകനായിരുന്നു, അയച്ചു. അങ്ങനെ അവന്റെ കീഴിലുള്ള ഒരു ചെറിയ പ്രാവചകനെയും അയച്ചു. യോശുവാ മോശെയെ കേട്ടിരുന്നു. അവൻ അവരെ അയച്ചുകൊണ്ട്, അവൻ പറഞ്ഞു, "അവിടേയ്ക്ക് പോയി ആ ദേശത്തെ ഒറ്റുനേക്കു."

112 ജനറൽ അവിടേയ്ക്ക് ചെന്ന് അവൻ ഓരോ ഗോത്രത്തിൽ നിന്നും ഓരോ വ്യക്തികളെ വീതം എടുത്തു, അവർ യാത്ര പുറപ്പെട്ടു. അവന്റെ ഇഷ്ടതോഴനായ കാലേബിനെയും കൂട്ടി, എന്തെന്നാൽ കാലേബ് വിശ്വസിച്ചിരുന്നു എന്നവൻ അറിഞ്ഞിരുന്നു. അവർ വാഗ്ദത്ത ദേശത്തിലേയ്ക്ക കടന്നു, തിരികെ വരുമ്പോൾ രണ്ടു മനുഷ്യരാൽ ചുമക്കാനാകുന്ന ഒരു മുന്തിരിയുടെ കുലയും ചുമന്നുകൊണ്ടു വന്നു. പറഞ്ഞു, അവൻ ഇപ്പോൾ പറഞ്ഞു, "അത് എന്തിനു വേണ്ടിയെന്നാൽ അവർ അവിടെ വാഗ്ദത്തത്തിലേയ്ക്ക് കടക്കും മുമ്പു തന്നെ അതിനെ പ്രമാണീകരിക്കാൻ ആയിരുന്നു. നോക്കൂ, അതൊരു നല്ല ദേശമാണ്, അതിൽ പാലും തേനും നിറഞ്ഞിരിക്കുകയാണ് എന്നു ദൈവം പറഞ്ഞിരുന്നതിനെ അവർ എല്ലാവരും സാക്ഷീകരിക്കാനായിരുന്നു. അത് ഒരു ശ്രേഷ്ഠമായ ദേശമാണ്. അത് ഒരു നല്ല ദേശമാണ്. ഇപ്പോൾ നിങ്ങളുടെ...ഓ, ഈ എല്ലാ വെള്ളവെങ്കായവും, വെളുത്തുള്ളിയും, നിങ്ങൾക്ക് എത്തു തന്നെ മിസ്രായീമിൽ നിന്നും കിട്ടിയിരുന്നെങ്കിലും. ഇപ്പോൾ ഞങ്ങൾ നിങ്ങളെ പാലും തേനും ഒഴുകുന്ന ദേശത്തേയ്ക്ക് കൊണ്ടുപോകാൻ പോകുന്നു. ഈ കഴിഞ്ഞുപോയ വർഷങ്ങളിൽ ഒരിക്കലും നിങ്ങൾ അവിടെ മിസ്രായീമിൽ വെച്ച് ഒരുപക്ഷേ പാലോ തേനോ രുചിച്ചു നോക്കിക്കാണില്ല. അവർ നിങ്ങൾക്ക് അടിമകളുടെ റേഷൻ മാത്രമാണ് നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ നിങ്ങൾ ഈ ദേശത്തേയ്ക്ക് പോകുകയാണ്." അവർ അവിടേയ്ക്ക് കടക്കാൻ ഒരു ദിവസത്തെ യാത്ര ബാക്കിയുണ്ടായിരുന്നപ്പോൾ, അവിടെ കാദേശ് ബെർനായിൽ, അത് ലോകത്തിന്റെ ഏറ്റവും വലിയ ന്യായസിംഹാസനം ആയിരുന്നു,

അവിടെയുള്ള ആ വലിയ പനമരങ്ങളുടെയും അരുവികളുടെയും, അടുക്കലായി അവർ തമ്പടിച്ചിരുന്നു. അവൻ പറഞ്ഞു, "ഇപ്പോൾ, ജനങ്ങൾ അറിഞ്ഞിരിക്കട്ടെ..." അവൻ ഇന്നു ചെയ്യുന്നതുപോലെ തന്നെ, എത്ര ഒരു പരിപൂർണ്ണമായ, എന്തൊരു വാസ്തവമായ, സമ്പൂർണ്ണമായ സാക്ഷ്യമാണ്, ദൈവം ചെയ്തത്. അവൻ പറഞ്ഞു, "ഇപ്പോൾ, ദൈവം പറഞ്ഞിരുന്നു, 'ദേശം മഹത്തായതാണ്.' ഇപ്പോൾ, നിങ്ങൾ അവിടേയ്ക്ക് കടന്നു പോകുന്നതിനു മുമ്പ്, ആ ദേശം മഹത്തായതാണ് എന്നു നിങ്ങൾ കാണേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ പ്രമാണീകരിക്കാനായി പോയി ചിലതു കൊണ്ടുവന്നു ജനങ്ങളെ കാണിക്കൂ."

113 അങ്ങനെ അവർ അവിടെയ്ക്ക് കടന്നു. പിന്നെ, ഇപ്പോൾ, നിങ്ങൾ തെളിവിനെ തിരികെ കൊണ്ടുവരുന്ന എല്ലാസമയത്തും, അവിടെയാണ് ശത്രു വഴിയിൽ കിടക്കുന്നത്. അവരിൽപ്പെട്ട ചിലർ അവിടേയ്ക്ക് നോക്കി ആ കനാന്യ മല്ലന്മാരെ കണ്ടപ്പോൾ, ഓ, എന്റെ, അവർ പറഞ്ഞു, "നമുക്ക് അത് ചെയ്യാൻ കഴിയില്ല." എന്നാൽ ദേശം അവിടെയുണ്ടായിരുന്നു എന്നതിന്റെ തെളിവിനായി അവർ സാക്ഷ്യത്തെ തിരികെ കൊണ്ടുവന്നു. അവർ തെറ്റായ വിധത്തിൽ നയിക്കപ്പെട്ടിരുന്നതല്ല. ദൈവം അവന്റെ വചനത്തെ, അവർ ആ ദേശത്തിനുള്ളിൽ കടക്കുന്നതിനു മുമ്പു തന്നെ, അവരെ തെളിയിച്ചു കാണിച്ചു.

114 ഇന്നു വചനം കേൾക്കാൻ നിങ്ങൾ ആയിരം മൈലുകൾ ഡ്രൈവ് ചെയ്യുകയും, അത് തെളിയിക്കുന്നതും തീർച്ചയാക്കുന്നതും കാണുകയും ചെയ്യുന്നു, ഇതൊരു മഹത്തായ ദേശമാണ്, എന്നതിന്റെ സാക്ഷ്യമെന്നു, നിങ്ങൾ കാണുന്നില്ലേ? ഒരു മനുഷ്യൻ മരണത്തിന്റെ നിഴലിൽ, ക്യാൻസർ രോഗത്താൽ മരിക്കാൻ കിടക്കുകയും, "സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നത്," നിങ്ങൾക്ക് കാണാൻ കഴിയുന്നു. ദൈവം സംസാരിച്ച വചനങ്ങൾ സംഭവിക്കുന്നു എന്നത് തീർച്ചയാകുമ്പോൾ, ദൈവം തന്റെ വചനം കാക്കുന്നു എന്നതിന്റെ സാക്ഷ്യമാകുന്നു. അവിടെ ഒരു മഹത്തായ ദേശമുണ്ട്. എന്റെ ജീവൻ ഇപ്പോൾ തന്നെ പോകും എന്നിരിക്കയും, ദൈവം കടന്നു വന്ന് അതിനെ വീണ്ടും നീട്ടിത്തരുന്നെങ്കിൽ, അത് കാണിക്കുന്നതെന്തെന്നാൽ ഒരു നിത്യജീവന്റെ സാക്ഷ്യം ഉണ്ടെന്നാണ്. അവിടെ, നിങ്ങൾ ഒരിക്കൽ ആ ദേവാലയത്തിന്റെ വാതിക്കൽ ഇരുണ്ടതാക്കിയിരുന്നില്ല, ഇപ്പോൾ നിങ്ങൾ അതിൽ കടക്കാനായി നിരയിൽ നിൽക്കുന്നു. അതൊരു സാക്ഷ്യമാണ്. ദൈവം തന്റെ വചനത്തെ കാക്കുകയും, അത് സത്യമാണെന്നു നിങ്ങൾക്കു തെളിയിച്ചു തരികയും ചെയ്തിരിക്കുന്നു.

115 ആയിരക്കണക്കിനു മൈലുകൾ ഡ്രൈവ് ചെയ്തുകൊണ്ട്; രാവിലെ ഇവിടെ എത്തിയശേഷം അവിടെ ആ ജനങ്ങളെ നോക്കുമ്പോൾ അവരുടെ കുഞ്ഞുങ്ങൾക്ക് കൊക്കൊക്കോളായുടെ കുപ്പികളിൽ നിന്നും കുടിപ്പിക്കുന്നതു കാണുന്നു, ഒരു ചെറിയ ഭക്ഷ്യധാന്യം, ഏകദേശം രാവിലെ അഞ്ചു മണി നേരത്തു, ആ അംശത്തിൽ വെച്ചിരിക്കുന്നു. ഞാൻ ചിന്തിച്ചു, "ജനങ്ങളെ ഇത്രയധികം ദൂരെ നിന്നും വരാൻ അനുവദിച്ചുകൊണ്ട്, തെറ്റായ എന്തെങ്കിലും അവരോടു പറയുന്നെങ്കിൽ, ദൈവമേ, ലോകത്തിൽ വെച്ചു ഏറ്റവും തരംതാണ കപടവിശ്വാസി ഞാനായിരിക്കും. എന്നാൽ എനിക്ക് അവരെപ്പറ്റി ദുഃഖം തോന്നും, എന്റെ ഹൃദയം അവർക്കു വേണ്ടി പോകും. അവർ ദൈവത്തിനായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. കർത്താവേ, അവരോടു സത്യം പറയാനായി, എന്നെ, സഹായിക്കേണമെ അല്ലങ്കിൽ എന്നെ ഈ ലോകത്തു നിന്നും എടുത്തുകൊള്ളേണമെ. ഞാൻ ജനങ്ങളോടു സത്യം പറയട്ടെ, അതിനായി എന്നെ സഹായിക്കേണമെ, ദൈവമേ." ഞാൻ പറഞ്ഞു, "നീ എന്റെ കയ്യെ പിടിച്ചുകൊൾകയും, എന്നെ സത്യം അറിയാൻ സഹായിക്കുകയും ചെയ്യേണമെ, പിന്നെ ഞാൻ എന്താണ് സത്യമെന്നു പറഞ്ഞുവോ അതിനെ തീർച്ചപ്പെടുത്താനായി, അത് സത്യമാണെന്നു എല്ലാവരും അറിയാനായി, അതിനെ പിന്താങ്ങുകയും ചെയ്യേണമെ. ആ പാവം പിടിച്ച ജനങ്ങൾ ചതിക്കപ്പെടുവാൻ അനുവദിക്കരുതെ. ഇല്ല." വിശ്വസ്തരായ ജനങ്ങളെ കാണുമ്പോൾ, അപ്രകാരമായി എങ്ങനെയാണ് എന്റെ ഹൃദയം പോകുന്നു!

116 അവൻ അവരെ മൂന്നാം നാൾ കൂട്ടിവരുത്തിയപ്പോൾ, അവരുടെ വസ്ത്രങ്ങളെ അലക്കി തയ്യാറായി നിന്നതു കണ്ടപ്പോൾ, യേശുവായും ഇതേ കാര്യം തന്നെ ചിന്തിച്ചിരിക്കും എന്നു ഞാൻ നിരൂപിക്കുന്നു. അതെ, അവൻ അതു തെളിയിച്ചു. "നമുക്കത് ചെയ്യാനാകില്ല, എന്നവർ പറഞ്ഞപ്പോൾ യോശുവാ എന്താണ് പറഞ്ഞത്? നിങ്ങൾക്ക് അതു ചെയ്യാനാകില്ല. അതെ, നാം നമ്മുടെ വിഭാഗീയ സഭയിൽ നിന്നും പുറത്തു കടക്കേണ്ടതുണ്ട്. നാം—നാം—നാം അവസാനിച്ചു. നോക്കു, അത് ഇപ്പോൾ നമുക്ക് ചെയ്യാനാകില്ല. ഇത് നമുക്ക് ചെയ്യാനാകില്ല, കാരണം, അത് യുക്തിസഹജമല്ല." യോശുവാ അവരെ അവിടേയ്ക്ക് നടത്തുമ്പോൾ, അത് ഏപ്രിൽ മാസമായിരുന്നു, അപ്പോൾ വെള്ളം വളരെയധികമായിരുന്നു, ഓഹിയോ നദിപോലെ തന്നെ യോർദ്ദാൻ വളരെ വീതിയുള്ളതാണ്. ദൈവം ഒരു ഭയങ്കരമായ തെറ്റ് ചെയ്തതുപോലെ കാണപ്പെട്ടു.

117 ചില നേരങ്ങളിൽ നിങ്ങൾ രോഗിയാകുമ്പോൾ, നിങ്ങൾ പറയും, "അതെ, ഞാൻ ഒരു ക്രിസ്ത്യാനിയാണ്." ദൈവം, അവൻ—അവൻ

ഒരു കുറ്റം ചെയ്തു, അവൻ എന്നെ രോഗിയാകാൻ അനുവദിക്കുകയും, ഞാൻ ഒരു ക്രിസ്ത്യാനി ആയിരിക്കുകയും ചെയ്യുന്നു." എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നിങ്ങൾ തിരിച്ചറിയുന്നില്ലേ?

118 ഇപ്പോൾ, അവരെ അവിടേയ്ക്ക് യോശുവാ നയിച്ചുകൊണ്ടു പോകുമ്പോൾ, യോർദ്ദാനിൽ വളരെ വെള്ളം കുറവായിരുന്നു. എവിടെയാണോ വെള്ളത്തിന്റെ ആഴമേറിയ ഒരു ഗർത്തമില്ലായിരുന്നത് ആ സ്ഥലത്തു കൂടെയല്ലാതെ അതിൽ എവിടെക്കൂടെ വേണമെങ്കിലും മറുകരയ്ക്ക് കടക്കാമായിരുന്നു; നിങ്ങൾക്ക് കഴിയും, അതിന്റെ കരയിലായുണ്ടായിരുന്ന യെരിഹോവിലേയ്ക്ക് അവിടെയുണ്ടായിരുന്ന ചെറിയ ഇറങ്ങിക്കയറുന്ന കടവിലൂടെ കടക്കാമായിരുന്നു. എന്തുകൊണ്ട്, അത്, നിങ്ങൾ അതിൽ ഏതിലൂടെ വേണമെങ്കിലും കടക്കാം, അതിൽ എല്ലായിടവും കണങ്കാലിനുമേൽ വെള്ളമുണ്ടായിരുന്നില്ല, അതിലൊരു ജീപ്പിലൂടെ മറുകരയ്ക്ക്, ഡ്രൈവ് ചെയ്ത്, അതിലൂടെ ഓടിച്ചു പോകാം, കുറുകെ നടന്നുപോകാം, അഥവാ എന്തുമാകാം. എന്നാൽ അവൻ അവരെ ഏപ്രിലിന്റെ സമയം, രാജ്യത്തു വെള്ളപ്പൊക്കമായി, ഏകദേശം ഒരു മൈലോളം വെള്ളപ്പൊക്കം ഉള്ളപ്പോൾ, നയിച്ചു. അപ്പോൾ അവിടെ വെള്ളത്തിന് മുപ്പതോ നാല്പതോ അടി ആഴമുണ്ടായിരുന്നിരിക്കണം. അവൻ പറഞ്ഞു, "മൂന്നാം നാൾ, നാം കടന്നു പോകുന്നു. ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു! ജനങ്ങളെ വിളിച്ചു കൂട്ടിവരുത്തി അവരെ ശുദ്ധീകരിക്ക, എന്തെന്നാൽ, മൂന്നാം നാൾ, നിങ്ങൾ യോർദ്ദാൻ കടക്കാൻ പോകുന്നു." എങ്ങനെയാണ് ദൈവം ആ കാര്യം സംഭവിക്കാൻ അനുവദിച്ചതെന്നു, കാണുന്നോ? അത് ചെയ്യുക, ജനങ്ങളെ തയ്യാറാക്കുക...അവന്റെ കൂട്ടരെ പുറത്തേയ്ക്ക് വിളിക്കുക. അവർ ചെയ്തത് എന്താണ്? ശുദ്ധീകരിച്ചുകൊണ്ട്, വെള്ളം എത്ര ആഴമുണ്ടായിരുന്നാലും, അതിൽ എത്രത്തോളം ചേറ് ഉണ്ടായിരുന്നെങ്കിലും, അതിന്റെ ഒഴുക്ക് മാറിക്കൊണ്ടിരുന്നെങ്കിലും ശരി, അവർ തന്നെത്താൻ തയ്യാറെടുത്തു. നോക്കു, ദൈവം തന്റെ വചനത്തെ തെളിയിക്കുമെന്നു അവർ അറിഞ്ഞിരുന്നു.

119 എന്തായാലും കാര്യമില്ല, നിങ്ങൾ യോർദ്ദാന്റെ എത്ര അടുത്തായിരുന്നാലും, നിങ്ങളുടെ സാഹചര്യങ്ങൾ എന്തു തന്നെ ആയാലും ശരി, ദൈവത്തിന്റെ ആ വാഗ്ദത്തം മാത്രം നിങ്ങളുടെ ഹൃദയത്തിൽ പിടിച്ചുകൊണ്ടിരിക്കാൻ കഴിഞ്ഞാൽ, അതു അങ്ങനെ തന്നെയാണെന്നു, ദൈവം തെളിയിക്കും. സകല അവിശ്വാസത്തിന്റെ ഇടയിലും, അത് ഇപ്പോഴും അങ്ങനെ തന്നെയെന്നു അവൻ

തെളിയിക്കും. അതെ, അവൻ അതു ചെയ്യുന്നു. സാഹചര്യങ്ങൾ അവനെ നിർത്തിയില്ല. അവൻ അന്ന് ചെയ്തതുപോലെ തന്നെ അവൻ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു.

120 ശ്രദ്ധിക്കു, തന്റെ വചനത്താൽ അവന്റെ വിശ്വാസികളിലൂടെയാണ് അവൻ തെളിയിക്കുന്നത്. അവന്റെ വചനത്താൽ മാത്രമേ അവന് തെളിയിക്കാനാകൂ... അവിശ്വാസികളാൽ അല്ല, വിശ്വാസികളാൽ മാത്രം, അവന്റെ വചനത്തെ തെളിയിക്കാൻ കഴിയുകയുള്ളൂ. മറ്റുള്ളവർ എത്രമാത്രം അവകാശവാദം ഉന്നയിച്ചാലും, ശരി. “ഓ, സഹോദരാ, ഞാൻ വിശ്വസിക്കുന്നു!” നോക്കൂ, നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, അത് അങ്ങനെയാണെന്നു ദൈവം തെളിയിക്കും, കാരണം നാം മറ്റുള്ളവരെ നോക്കുകയും, കാണുന്നു. പിന്നെ നമുക്ക് എങ്ങനെയാണ് പറയാനാകുന്നത്? നോക്കൂ, അത് അവന്റെ വചനത്തെ അവന്റെ സത്യ വിശ്വാസികളാൽ അവൻ തെളിയിക്കുന്നു; അവർ വിശ്വസിക്കുന്നു എന്നു *പറയുന്നവരല്ല.* എന്നാൽ വാസ്തവമായും വിശ്വസിക്കുന്നവരാൽ. അവന്റെ വിശ്വസിക്കുന്ന കുഞ്ഞുങ്ങളാൽ അവൻ തന്റെ വചനത്തെ തെളിയിക്കുന്നു.

121 ഇപ്പോൾ, അവന് ആ വിശ്വാസകിളുണ്ട്. ആ പഴയ കൊയ്ത്ത് മരിച്ചു പോയിരിക്കുന്നു, അവിശ്വാസികൾ ഇങ്ങനെ പറയുന്നു, “ഞങ്ങൾക്ക് അത് എടുക്കാൻ കഴിയില്ല.” അവരെ എല്ലാവരെയും അവൻ നശിക്കാൻ അനുവദിച്ചു (എന്തുകൊണ്ടാണ്?) അവരിൽ ഓരോരുത്തരും എന്നാൽ വിശ്വാസികൾ. അവശേഷിച്ചത് ആരായിരുന്നു? മോശെ മഹത്വത്തിലേയ്ക്ക് എടുക്കപ്പെട്ടിരുന്നു. അവിശ്വാസികൾ വനാന്തരത്തിൽ വെച്ചു നശിച്ചുപോയിരുന്നു, ഇത് അവരുടെ കുട്ടികളായിരുന്നു. രണ്ടുപേർ മാത്രമേ അവിടെ മറുകരയിലേയ്ക്ക് പോകാനായുള്ളൂ, അത് ആ വിശ്വാസികളായ, യോശുവായും കാലേബുമായിരുന്നു. അവരായിരുന്നു ആ വിശ്വാസികൾ, അവരാണ് മറുകരയിലേയ്ക്ക് പോയവർ. അത് വിശ്വസിക്കുന്ന കുഞ്ഞുങ്ങളാലാകുന്നു, അതാണ് ദൈവത്തിനു ചെയ്യാനാകുന്ന ഏക വഴി. നിങ്ങൾ അതു വിശ്വസിക്കുന്നോ? ശരി. അത് ചെയ്തത് അവന്റെ വിശ്വാസികളായിരുന്നു. അതുമായി കടക്കുന്നതിന് അവൻ അവരെ ഉപയോഗിച്ചു. കാണുന്നോ?

122 ഇപ്പോൾ നിങ്ങൾ ഒരു കാര്യം ശ്രദ്ധിക്കാനായി ഞാൻ അഗ്രഹിക്കുന്നു, അവൻ അതിനെ ആ വിധത്തിൽ ഓരോ കാലത്തിലും ചെയ്യുന്നു. അതേ രീതിയിൽ തന്നെ അത് അവൻ ഓരോ സമയത്തും ചെയ്യുന്നു, അവന് വിശ്വാസികളെ എടുക്കേണ്ടതുണ്ട്.

അതിനു ശേഷം, ആ വചനത്തെ സന്ധിക്കാനായി വിശ്വാസികൾ ഉണ്ടായിരിക്കേണ്ടതിന്, അവൻ അതിനെ ആ കാലത്തിലേയ്ക്ക് മുൻനിയമിക്കേണ്ടത് ഉണ്ടായിരുന്നു. നിങ്ങൾ അതു കാണുന്നോ? ആ കാലത്തിന്റെ വെല്ലുവിളിയെ നേരിടാനായി ആ കാര്യം അവിടെ ഉണ്ടായിരിക്കണമെന്നു അവൻ മുൻനിയമിച്ചിരിക്കുന്നു. നിങ്ങൾക്ക് അത് മനസ്സിലായോ? നിങ്ങൾ അത് അനുഭവിക്കുന്നില്ലേ? നിങ്ങൾ അതു കണ്ടോ? നിങ്ങൾ അതു മനസ്സിലാക്കിയോ? അതാണ് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്, അവന്റെ മുന്നറിവിനാൽ, അവൻ ഇതിലേയ്ക്ക് മുൻനിയമിച്ചിരിക്കുന്നു. അവൻ അത് മലാഖി 4-ൽ, മുന്നിയമിച്ചപ്പോൾ, അത് സംഭവിക്കേണ്ടതുണ്ട്. അവന്റെ വചനത്തിൽ എന്തെങ്കിലും സംഭവിക്കേണ്ടതാണ് എന്നു അവൻ മുന്നിയമിക്കുമ്പോൾ, അവന്റെ വചനം അങ്ങനെയാണെന്നു അവന് തെളിയിക്കേണ്ടതുണ്ട്. അത് ഇപ്രകാരമാണ് സംഭവിക്കേണം എന്നു പറഞ്ഞുകൊണ്ട് അവൻ എന്തെങ്കിലും മുന്നിയമിച്ചിരുന്നാൽ, ആ സമയത്തു തന്നെ ആ വിത്ത് അവിടെ ഉണ്ടായിരിക്കും എന്നു അവൻ അറിഞ്ഞിരുന്നു. അവൻ ഒരു മണവാട്ടിയെ മുൻനിയമിച്ചിരിക്കുന്നു, അവൾ അവിടെ ഉണ്ടാകാൻ പോകുന്നു! ഒരു മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ ഉണ്ടാകാൻ പോകുന്നു, അവൾ അവിടെ ഉണ്ടായിരിക്കും! അവൻ അതിനെ അവന്റെ മുന്നറിവിനാൽ മുൻനിയമിച്ചിരിക്കുന്നു, നോക്കു, അതിനെ യാതൊന്നിനാലും നിർത്താൻ കഴിയില്ല.

123 ദൈവം അവരോടു പറയുമ്പോൾ, "ഇപ്പോൾ, ഞാൻ നിങ്ങൾക്ക് ഒരു വാഗ്ദത്ത ദേശത്തിന്റെ വാഗ്ദത്തം തരുന്നു. ഇവിടെ അവന്റെ മക്കൾ നാനൂറ് വർഷം പ്രവാസത്തിലായിരിക്കും എന്നു, ഞാൻ നിങ്ങളുടെ പിതാവായ, അബ്രഹാമിനോടു പറഞ്ഞിരുന്നു."

124 ഇപ്പോൾ, മോശെ, പറഞ്ഞു, "ഞാൻ കർത്താവിന്റെ പ്രവാചകനാണ്. ഞാൻ പ്രവചിക്കുന്നത് എന്താണെന്നു ശ്രദ്ധിച്ചു നോക്കുക. അത് സംഭവിച്ചാൽ, എന്നെ ദൈവത്തിൽ നിന്നും അയച്ചിരിക്കുന്നു എന്നു നിങ്ങളറിയും, കാരണം ദൈവം നിങ്ങളോട് അതങ്ങനെ പറഞ്ഞിരിക്കുന്നതായി നിങ്ങളറിയുന്നു. ഇപ്പോൾ, ഇപ്പോൾ ഞാൻ *ഇതു* പ്രവചിക്കുകയും അത് സംഭവിക്കുകയും ചെയ്താൽ, *അതായിട്ട്* അത് സംഭവിക്കുമെങ്കിലും, ഓരോ തവണയും ഒരേപോലെ തന്നെ, *ഇതും* അതും സംഭവിക്കുമെങ്കിൽ, അപ്പോൾ നിങ്ങൾ നിങ്ങളോടു അതു പറയാനായി കർത്താവിൽ നിന്നും ഞാൻ അയയ്ക്കപ്പെട്ടു എന്നു നിങ്ങളറിയുന്നു. ഇപ്പോൾ, ഒരു വാഗ്ദത്ത ദേശമുണ്ട്, അത് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. കാണുന്നോ? ദൈവം ഈ ദേശം വാഗ്ദത്തം ചെയ്തിരുന്നു. ഇപ്പോൾ, ഇതൊരു നല്ല ദേശമാണ്, അതിൽ പാലും തേനും ഒഴുകുന്നു. എന്റെ പിന്നാലെ വരു."

125 അവർ വനാന്തരത്തിലേയ്ക്ക് പോയ്ക്കഴിഞ്ഞപ്പോൾ, അവരെ വനാന്തരത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകാനായി, അതുവഴിയായി അവന് യാത്ര ചെയ്യണമായിരുന്നു, ദൈവം അവരെ അവിടെ സീനായ് മലയിലേയ്ക്ക് തിരികെ കൊണ്ടുവരാൻ അവനോടു പറഞ്ഞിരുന്നു. അപ്പോൾ സകല യിസ്രായേലിനും മുന്നിൽ, ഒരു അഗ്നിസ്തംഭത്തോടെ, ദൈവം ഇറങ്ങി വന്ന്, അത് അവിടെ ആയിരുന്നു, എന്ന് മോശെ പറഞ്ഞതിനെ തീർച്ചപ്പെടുത്തി, അത് ശരിയായിരുന്നു, മോശെ അവിടെ ആയിരുന്നു, എന്നു തെളിയിച്ചു, "മോശെ പറഞ്ഞു, ഞാൻ ഈ പർവ്വതത്തിൽ ആയിരുന്നു. ഞാൻ അവന് കത്തുന്ന മുൾപ്പടർപ്പ് പോലെ പ്രത്യക്ഷനായി. ഇപ്പോൾ ഞാൻ മുഴുവൻ പർവ്വതത്തേയും കത്തിക്കുകയാണ്."

126 അവർ പറഞ്ഞു, "അത്! ദൈവം സംസാരിക്കരുതെ, മോശെ സംസാരിച്ചാൽ മതി. ഞങ്ങൾ നശിച്ചുപോകും."

127 അവൻ പറഞ്ഞു, "ഞാൻ—ഞാൻ—ഞാൻ ഇത് ഒരിക്കലും ചെയ്യില്ല. ഞാൻ അവർക്കായി ഒരു പ്രവാചകനെ ഉയർത്തും, അവൻ—അവൻ എന്റെ നാമത്തിൽ അവരോടു സംസാരിക്കും." അതുകൊണ്ട്, അതാണ് അവൻ ചെയ്തുകൊണ്ട് ഇരിക്കുന്നത്, കൃത്യമായും അവന്റെ വചനപ്രകാരമാണ് അവൻ ക്രീയ ചെയ്യുന്നത്.

128 ശ്രദ്ധിക്കു, അതുകഴിയുമ്പോൾ, അവിശ്വസിച്ചവർ, അവർ ആ ദേശത്തിന്റെ വളരെ അടുത്തു പോയതിനു ശേഷമാണ് അവർ അവിശ്വസിച്ചത്. ഇപ്പോൾ, കുറിച്ചെടുക്കുന്നവരായ നിങ്ങൾ, എബ്രായ 6 എഴുതിക്കൊൾക, കൃത്യമായും അത് അവിടെയാണ് പറയപ്പെട്ടിരിക്കുന്നത്. "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കയും; പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല ദാനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ, തങ്ങൾക്കു തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേയ്ക്ക് പുതുക്കുവാൻ കഴിയുന്നതല്ല." നോക്കു, ആ വാഗ്ദത്ത ദേശത്തെ മുറിച്ചു കടന്നാൽ അത് അസാദ്ധ്യമായ കാര്യമാണ്.

129 ജനങ്ങൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം വരെയും കടന്നു വരുന്നു, അവർ വചനം വരെയും കടന്നു വരുന്നു, അവർ എല്ലാ വിഭാഗീയ സഭയിലൂടെയും, എല്ലാ സഭയിലൂടെയും, സകല പ്രശ്നോത്തര രൂപത്തിലൂടെയും, മറ്റെല്ലാറ്റിലൂടെയുമായി, കടന്നു വരുന്നു, എന്നാൽ ആ വചനത്തിലേയ്ക്ക്, ആ തരണംചെയ്യുന്ന വരയിലേയ്ക്ക്, കടക്കുമ്പോൾ, അവർ പറയും, "ഓ, എനിക്ക് അതിനെപ്പറ്റി അറിയില്ല, എന്റെ

സഭ അതിനെ ഈ വിധമല്ല ഉപദേശിക്കുന്നത്." നിങ്ങളുടെ സഭ എന്താണ് ഉപദേശിക്കുന്നത് എന്ന് ഞാൻ കാര്യമാക്കുന്നില്ല, അത് ആ വിധത്തിലാണെന്നു ബൈബിൾ പറയുന്നു. അപ്പോൾ നിങ്ങൾ ചോദിക്കും, "അത് സത്യമാണെന്നു ഞാൻ എങ്ങനെ അറിയും?" അത് തീർച്ചപ്പെടുത്തും, അവൻ അത് തെളിയിക്കും!

130 ഇപ്പോൾ, ആ ദിവസത്തെ ബൈബിൾ, പറഞ്ഞു, "അവിടെ ഒരു മനോഹര ദേശമുണ്ട്, അത് നിറയെ പാലും തേനും, നല്ലയിനം മുന്തിരിയും മാതളനാരങ്ങയും, അതുമല്ല, ഓ, അതൊരു ചന്തമേറിയ സ്ഥലമാകുന്നു."

131 കൊള്ളാം, അവർ പറഞ്ഞു, "ഇപ്പോൾ, നിങ്ങളിൽ ചിലർ അവിടേയ്ക്ക് നുഴഞ്ഞു ചെന്നു അതിനെ ഒന്നു നോക്കിയിട്ട്, തിരികെ വരിക, അതിനാൽ നമുക്ക് ഈ ജനങ്ങളെ സാന്ത്വനപ്പെടുത്താൻ കഴിയും. നിങ്ങൾ എല്ലാവരും വിശ്വസിക്കുമെങ്കിൽ, നാം ഇപ്പോൾ അവിടേയ്ക്ക് കടന്നു പോകാൻ പോകുകയാണ്." കൊള്ളാം, ആ വഴിയായി അവർ കടന്നുപോയി.

132 അവർ അതാ തിരികെ വരുന്നു, ഓ, അവരിൽ രണ്ടുപേർ, "ദൈവത്തിനു സ്തുതിയായിരിക്കട്ടെ! ഞങ്ങൾ അതു കണ്ടു! ഞങ്ങൾ അതു കണ്ടു! ഓ, അത് അതിശയമായിരിക്കുന്നു, അതിനെപ്പോലെ മറ്റൊന്നില്ല!" എന്ന് അലറിക്കൊണ്ടു വരുന്നു. മറ്റുള്ള, പത്തുപേരോ ചുറ്റമായി നിന്നുകൊണ്ട്, "ഓ, ഇല്ല, ഇല്ല, ഇല്ല, ഇല്ല, നമുക്കതിനു കഴിയില്ല." എത്രപേരാണ് കടന്നുപോയത്? ആ രണ്ടുപേർ! അത് ശരിയാണ്. ആ രണ്ടുപേർ, എന്തുകൊണ്ടെന്നാൽ ദൈവം തന്റെ വചനത്തെ ശരിയാണെന്നു തെളിയിക്കുമെന്നു അവർ അറിഞ്ഞിരുന്നു. ശ്രദ്ധിക്കൂ, കവിഞ്ഞൊഴുകുന്ന യോർദ്ദാനല്ല, അല്ല സർ. കരകവിഞ്ഞൊഴുകുന്ന യോർദ്ദാനല്ല, അതുമല്ല കാനായിലെ മല്ലന്മാർക്കു പോലും അവരെ നിർത്താനായില്ല. ദൈവം തന്റെ വചനം അങ്ങനെയാണെന്ന് തെളിയിച്ചിരിക്കുന്നത്, അവൻ അവരെ ആ ദേശത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോയി.

133 ഇന്നത്തെ വാഗ്ദത്തത്തിന്മേൽ, അവൻ അതേ കാര്യം തന്നെ, വീണ്ടും ചെയ്യും, അതെ, സർ. അവൻ തന്റെ വചനം തെളിയിച്ചു. വീണ്ടുവിചാരമില്ലാത്ത വിധം, അവൻ തന്റെ വചനം തെളിയിക്കും.

134 വിശന്നുകൊണ്ടിരുന്ന, മനുഷ്യരെ തിന്നുന്ന സിംഹങ്ങളുടെ വായ് അവൻ ഒരു ദിവസം അടച്ചുകൊണ്ട്, അവന്റെ വചനം സത്യമാണെന്നു അവൻ തെളിയിച്ചു, അത് അവൻ, പ്രവാചകനായ ദാനീയേലിനെ, വിടുവിക്കാൻ വേണ്ടിയായിരുന്നു. അവർ ആ സിംഹങ്ങളെ മനുഷ്യ മാംസം തീറ്റിച്ചാണ് വളർത്തിയിരുന്നത്. ആ

സിംഹങ്ങളെ അവർ തീറ്റ കൊടുക്കാതെ ഇട്ടിരുന്നു, അതുകൊണ്ട് ഒരു മനുഷ്യനെയോ അഥവാ ഒരു കുഞ്ഞിനെയോ അതിലേയ്ക്ക് വീഴ്ത്തിയാൽ, അവർ അവിടേയ്ക്ക് എന്ത് എറിഞ്ഞാലും, അത് ഒരു വധശിക്ഷയായിരുന്നു, ആ സിംഹങ്ങൾ, ഈ വിശന്നിരിക്കുന്ന സിംഹക്കൂട്ടങ്ങൾ അവരെ വിഭ്രാന്തിയാൽ ചീന്തിക്കളയുമായിരുന്നു. യിസ്രായേൽ മക്കൾക്കായിട്ടുള്ള വചനമായിരുന്ന ഈ പ്രവാചകനെ, അവയ്ക്ക് കിട്ടിയപ്പോൾ, അവർ അവിടേയ്ക്ക് കൊണ്ടുപോകപ്പെട്ടുമെന്നു വാഗ്ദത്തം ചെയ്തിരുന്നു. അവൻ അവിടെ അവരോടൊപ്പം ആയിരുന്നു. എന്നാൽ ദൈവം അതിനോടൊപ്പം എറിഞ്ഞു കളഞ്ഞില്ല, അവന് വിടുവിക്കാൻ കഴിയും, എന്ന അവന്റെ വചനം തെളിയിക്കാൻ ആഗ്രഹിച്ചു. അവർ ആ സിംഹങ്ങളെ പട്ടിണിക്കിട്ടിട്ട്, അവിടേയ്ക്ക് അവർ ആ പ്രവാചകനെ എറിഞ്ഞു, അപ്പോൾ അവയെല്ലാം അവന്റെ അടുക്കലേയ്ക്ക് വളരെ വേഗത്തിൽ ഓടിക്കൂടി. ആ അഗ്നിസ്തംഭം അവിടെ നിൽക്കുന്നുണ്ടായിരുന്നു (ഏതൊരു മൃഗവും തീയെ ഭയക്കുന്നവയാണ്), ആ അഗ്നിസ്തംഭം അവിടെ നിന്നിരുന്നു, സിംഹങ്ങൾ നിലത്തു കിടന്നു. അവൻ തന്റെ വചനം കാത്തു. അവൻ ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും മാറ്റമില്ലാത്തവനാണ്. ദൈവം തന്റെ വചനം കാക്കുന്നു, അവൻ അതു തെളിയിക്കുന്നു, അത് അങ്ങനെ തന്നെ എന്നവൻ തെളിയിച്ചു.

135 ഇപ്പോൾ, കത്തുന്ന തീച്ചൂളയുടെ അഗ്നിനാളത്തിൽ നിന്നും ചൂടിനെ, അവന്റെ വചനം അങ്ങനെയാണെന്നു തെളിയിക്കാനായി, അവൻ എടുത്തുമാറ്റി, അതിനാൽ അവന് അവരെ വിടുവിക്കാൻ കഴിഞ്ഞു. ആ തീനാളങ്ങളുടെ ഇടയിൽത്തന്നെ, അവിടെ ആ കുഞ്ഞുങ്ങളെ എറിഞ്ഞിരിക്കുയും, അവിടെ വളരെയധികം സമയം ആയിരിക്കുകയും ചെയ്തിരുന്നു. ആ ചൂടിന്റെ തീക്ഷ്ണതയാൽ തീച്ചൂള അവരെ അവിടെ വരെ കൂട്ടിക്കൊണ്ടുപോയ ശക്തന്മാരായ പടയാളികളെ, അവർ അവരെ അതിലേയ്ക്ക് വലിച്ചെറിയുന്നേരം ദഹിപ്പിച്ചു കളഞ്ഞിരുന്നു. ആ തീയെ കത്താനായി ദൈവം അനുവദിച്ചു, എന്നാൽ അതിൽ നിന്നും ചൂടിനെ മാറ്റിക്കളഞ്ഞു. അവൻ തെളിയിക്കുന്നു! നിങ്ങൾ അവനോടു ചേർന്നു നിൽക്കുമെങ്കിൽ, അവൻ നിങ്ങളോടു ചേർന്നു നിൽക്കും. നിങ്ങളോടു ചേർന്നു നിൽക്കുമോ? അതെ, തീർച്ചയായും! ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ, അവർ വാതിൽ തുറന്നു, "ചോദിച്ചു, എങ്ങനെയായാലും ശരി, നിങ്ങൾ അവിടേയ്ക്ക് എത്രപേരെയാണ് ഇട്ടത്?" പറഞ്ഞു, "അവിടെ ഞങ്ങൾ മൂന്നു പേരെ ഇട്ടതായിട്ടാണ് ഞങ്ങൾ കണ്ടത്." അവൻ പറഞ്ഞു, "അവിടെ നാലുപേരുണ്ടല്ലോ, അവരിൽ ഒരുവൻ ദൈവ പുത്രനെപ്പോലെ കാണപ്പെടുന്നു." നോക്കൂ, അവൻ കാണിക്കുന്നു! കാരണം എന്താണ്? അവൻ വചനമാകുന്നു.

136 അവർ പറഞ്ഞു, “ആ കത്തുന്ന തീച്ചൂളയിൽ നിന്നും ദൈവത്തിനു ഞങ്ങളെ വിടുവിപ്പാൻ കഴിയും, അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല, എന്തുകൊണ്ടെന്നാൽ ഞങ്ങൾ വചനത്തോടൊപ്പമാണ് നിൽക്കുന്നത്.” ഏതൊരു പ്രതിമയിലും, മതത്തിന്റെ രൂപത്തിൽ നിന്നും, അകന്നു കൊള്ളുക. ദൈവം നിങ്ങളോടൊപ്പം നിൽക്കും. അവൻ പീഢനത്തിൽ നിന്നും ചൂടിനെ എടുത്തു മാറ്റും. അവൻ ക്യാൻസറിൽ നിന്നും ജീവനെ എടുത്തുമാറ്റും. അവൻ എടുക്കും...അവൻ എന്തും ചെയ്യും; അവൻ ദൈവമാകുന്നു. നിങ്ങൾ അവനോടൊപ്പം നിൽക്കുക; അവൻ നിങ്ങളോടൊപ്പം നിൽക്കും. ഓരോ സമയത്തും, അവൻ തന്റെ വചനം സത്യമെന്നു തെളിയിക്കും. തീച്ചൂളയിൽ നിന്നും ചൂടിനെ മാറ്റും, സിംഹങ്ങളുടെ വായെ അടയ്ക്കും, അങ്ങനെയും മറ്റുമാകുന്നു.

137 അവൻ ദൈവമാണെന്നു കാണിക്കാനായി, ഇതാ ഇവിടെ ദൈവം ചെയ്ത മറ്റൊരു കാര്യം. അവിടെയുണ്ടായിരുന്ന ആ മരുഭൂയാത്ര കഴിഞ്ഞയുടൻ തന്നെ, മനുഷ്യർ, സ്വയം സ്കോളർഷിപ്പുകൾ കൈക്കലാക്കിക്കൊണ്ട്, തങ്ങളെ മഹാന്മാരാക്കി. അവർക്ക് ചില സംഘടകളുണ്ടായിട്ട് അവയെ പരീശന്മാർ, സെദൂക്യർ, ഹെരോദ്യർ, അങ്ങനെയും മറ്റും, വിളിച്ചു. അവർ മഹാന്മാരായ മനുഷ്യരായിരുന്നു. അവർ തങ്ങളിൽ നിന്നു തന്നെ പുരോഹതിന്മാരെ ഉണ്ടാക്കാൻ തുടങ്ങി. മഹാപുരോഹിതന്മാരെന്നും, വലിയ മനുഷ്യരെന്നും, വിശിഷ്ട വ്യക്തികൾ എന്നും അവർ മഹത്തായ കാര്യങ്ങളെ ചെയ്യുന്നു എന്നും മറ്റുമാക്കി.

138 എന്നാൽ ദൈവം, അതിന്റെ എല്ലാറ്റിന്റെയും നടുവിലും, ഒരു പുരോഹിതന്റെ മകനെ, ഒരു പ്രവാചകനായി അവൻ ഉയർത്തി. ഒരിക്കലും...ഒമ്പതു വയസ്സായപ്പോൾ കാട്ടിലേയ്ക്ക് പോയി. അവന്റെ പേർ ഒരു ബോക്സ് കാറിന്റെ സൈസ് ഉണ്ടായിരുന്നാൽ പോലും, അവന് അത് വായിക്കാൻ അറിഞ്ഞിരുന്നില്ല. എന്തുകൊണ്ടാണ്, എന്തുകൊണ്ടാണ് അവൻ അതു ചെയ്യാത്തത്? അവൻ ഒരു പ്രവാചകനായിരുന്നു. അവൻ തന്റെ അപ്പന്റെ വിദ്യാഭ്യാസം നേടിയിരുന്നെങ്കിൽ, അവൻ ഒരുപക്ഷേ ഒരു സെദൂക്ക്യനോ അഥവാ പരീശനോ അതുമല്ലെങ്കിൽ അവരുടെ കൂട്ടത്തിലൊന്നിൽ ഉൾപ്പെട്ടിരിക്കുമായിരുന്നു. എന്നാൽ അവന് ഒരു പ്രധാനപ്പെട്ട ജോലിയുണ്ടായിരുന്നു, അത് മിശിഹായെ വിളംബരം ചെയ്യുക എന്നതായിരുന്നു. കാരണം എന്താണ്? ദൈവം തന്റെ വചനത്തെ കാക്കുകയും, തെളിയിക്കുകയും ചെയ്യുന്നു. “സെമിനാരിയിൽ നിന്നും വിളിച്ചു പറയുന്നവന്റെ ശബ്ദമാവിത്, ‘ഇതാ എന്റെ ഡോക്ടേറ്റിന്റെ ഡിഗ്രി അങ്ങനെയോ?’” അത്—അത് ചിലപ്പോൾ വയസ്സുചെന്ന

മഹിളകളുടെ ജന്മദിന വാർഷിക റഫറൻസ് ഗ്രന്ഥത്തിലുണ്ടാകാം, ദൈവത്തിന്റെ വചനത്തിലില്ല. അവൻ പറഞ്ഞു, "മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കാവിതു; 'കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ!'" ആ വചനം പ്രകടമാകേണ്ടതിന്, അന്ന് അവൻ വചനത്തിന്റെ വഴി നിരപ്പാക്കിയില്ലേ? ഹല്ലേലൂയ്യാ!

139 നിഴലുകളിലായി, നിങ്ങൾ അതു കാണുന്നില്ലേ? ഒരു നിമിഷം ഇവിടെ നിർത്താം. അവസാന ദിവസങ്ങളിൽ, വചനം പ്രകടമാകേണ്ടതിന് വചനത്തിനായി ഒരു സ്ഥലം ഉണ്ടാകേണ്ടതായിട്ടുള്ളതും, ഇപ്പോൾ നാം പുതിയ ദേശത്തിന്റെ തെളിവുമായിട്ട്, ആ മനുഷ്യ പുത്രൻ, ജീവിക്കുകയും ചെയ്യുന്നു, ആമേൻ.

140 യോഹന്നാന്റെ ദൗത്യത്തിനായി, വിദ്യാഭ്യാസമില്ലാതെ, യാതൊന്നുമില്ലാതെ, കാട്ടിൽ വസിച്ചിരുന്നു. അവന്റെ സന്ദേശങ്ങളെല്ലാം മാതൃകകളായിട്ടായിരുന്നു. "മരത്തിന്റെ ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു," അവൻ അതാണ് കണ്ടിട്ടുള്ളത്. കൊടാലികൊണ്ട് മുറിച്ച്, തന്റെ താല്ക്കാലിക കുടിലുണ്ടാക്കുക, അവന് തന്റെ വിറകു കത്തിയ്ക്കാനായി അല്പം തീയുണ്ടാക്കുക. "ഓ, സർപ്പത്തിന്റെ സന്തതികളെ," അതാണ് അവൻ കണ്ടിരുന്നത്. കാട്ടിലെ കുറ്റിച്ചെടികൾക്ക് ഇടയിൽ, അവൻ കണ്ടിരുന്ന, ഏറ്റവും വൃത്തികെട്ട കാര്യം, സർപ്പങ്ങളായിരുന്നു. പറഞ്ഞു, "സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചു തന്നതു ആർ?" 'ഞങ്ങൾക്ക് *ഇതു* കിട്ടിയിരിക്കുന്നു, ഞങ്ങൾ *ഇതിൽ* ഉൾപ്പെട്ടവരാണ്, ഞങ്ങൾ *അതിൽ* ഉൾപ്പെട്ടവരാണ്,' എന്ന് പറയാൻ തുനിയരുത്, ഈ കല്ലുകളിൽ നിന്നും അബ്രഹാമിന്നു മക്കളെ ഉളവാക്കാൻ ദൈവത്തിനു കഴിയും. വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വെച്ചിരിക്കുന്നു, നല്ല ഫലം കായ്ക്കാത്ത എല്ലാ വൃക്ഷത്തേയും തീയിൽ വെട്ടി ഇട്ടുകളയും..." അവന് കാട്ടിൽ കുറച്ചു വെട്ടിക്കിളികളെയും മറ്റും കിട്ടിയില്ലെങ്കിൽ അവൻ എന്തു ചെയ്യുമായിരുന്നു, അവൻ അതിനെ വെട്ടി തീയിൽ ഇടുമായിരുന്നു. മനസ്സിലായോ? അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും." തന്റെ പൗരോഹിത്യത്തിന്റെ കോട്ടില്ലാതെ, അവന്റെ പുരോഹിതൻ ഉപയോഗിക്കുന്ന അരുകില്ലാത്ത തൊപ്പിപോലുമില്ലാതെ, അങ്ങനെ ഒരു മനുഷ്യൻ ചെയ്യുകയോ? അവൻ ഒരു ചെറിയ ആട്ടിൻ തോൽ, ഒരു ഒട്ടകത്തിന്റെ പിന്നിലായി വെയ്ക്കുന്ന ഒരു ചെറിയ തോൽ പായ്ക്കുപോലുള്ളത്, തന്റെ മേൽ ചുറ്റിക്കൊണ്ടു വന്നു, അവന്റെ ചുറ്റും ഉരഞ്ഞിരുന്നു, അവിടെ നിന്നും പുറപ്പെട്ടു വരുമ്പോൾ അവന്റെ താടിയും

മുടിയുമെല്ലാം ഇങ്ങനെ ക്ഷീണിച്ചിരുന്നു, പറഞ്ഞു, "മരത്തിന്റെ ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു." ആമേൻ. സുധീരമായി, അവൻ വന്നു, എന്തുകൊണ്ടാണ്? അത് ദൈവത്തിന്റെ വചനം തെളിയിക്കുന്നതാണ്. "ദൈവത്തിന് ഈ കല്ലുകളിൽ നിന്നും കഴിയും!" ദൈവം അത് വാഗ്ദത്തം ചെയ്തിരിക്കുന്നു, "ഇതാ, ഞാൻ എനിക്ക് മുമ്പായി എന്റെ സന്ദേശ വാഹകനെ അയയ്ക്കുന്നു." വളരെ മതഭക്തിയുള്ള ഒരുവനായിട്ടല്ല, ഒരു ശാസ്ത്രീയവും മതപരവും ആയ തെളിവുമായിട്ടല്ല, എന്നാൽ ദൈവ വചനത്തിന്റെ തെളിവുമായി. ദൈവം തന്റെ വാക്കിനെ കാത്തുകൊണ്ടിരിക്കുന്നു, കാണുക. ഒരിക്കലും ഒരു പണ്ഡിതനായിരുന്നില്ല, എന്നാൽ, കർത്താവിന്റെ നാമത്തിൽ, ഒരു പ്രവാചകനെ അയച്ചു. എന്തുകൊണ്ടാണ്? അവൻ അതു ചെയ്തത്? തന്റെ വചനത്തെ തീർച്ചപ്പെടുത്താൻ.

141 ഇപ്പോൾ, ആ പുരോഹിതന്മാർ പറഞ്ഞു, "ഇപ്പോൾ, അവസാന ദിവസങ്ങളിൽ ഒരുവൻ വരുമെന്നു ഞങ്ങൾ അറിയുന്നു, അതിനായി ഞങ്ങൾക്കു കിട്ടിയിട്ടുള്ള എല്ലാ ആൺകുട്ടികളെയും ഞങ്ങൾ പരിശീലിപ്പിക്കുകയും, അതിനെ തയ്യാറാക്കുകയും ചെയ്യുകയാണ്. എല്ലാ ആൺകുട്ടികൾക്കും കോളേജ് വിദ്യാഭ്യാസം വളരെ അനിവാര്യമാണ്. നിങ്ങൾ തിർച്ചയായും ഇവിടെയ്ക്ക് വന്നിരിക്കണം. അത് ഏതു ഗോത്രമായിരിക്കും എന്നതിൽ യാതൊരു സംശയത്തിനും ഇടയില്ല, അവൻ ലേവിയുടെ കുലത്തിലൂടെ തന്നെ വരും, എന്തെന്നാൽ അതിലൂടെയാണ് പൗരോഹിത്യം കടന്നു വരുന്നത്." എന്നാൽ, അവൻ ഒരു പുരോഹിതനായിരുന്നില്ല, അവൻ ഒരു പ്രവാചകനായിരുന്നു! അത് ദൈവത്തിന്റെ തിരഞ്ഞെടുപ്പായിരുന്നു. അവൻ ഏതെങ്കിലും ഗോത്രത്തിലൂടെയോ അതല്ല ഏതെങ്കിലും വിഭാഗീയ സഭയിലൂടെയോ വരേണ്ടതില്ല. അത് ദൈവത്തിന്റെ, മുന്നറിവിനാലുള്ള, മുൻകൂട്ടി തീരുമാനിച്ച, തിരഞ്ഞെടുപ്പാണ്. അവൻ ദൈവത്തിന്റെ വിധത്തിലെ തിരഞ്ഞെടുപ്പിനാൽ വരുന്നു. അതിനാൽ അവർ അവനെ വിശ്വസിച്ചില്ല, കാരണം അവർ കണ്ടുപിടിച്ച വഴിയിലൂടെ അവൻ വന്നില്ല, എന്നാലോ അവൻ വന്നിരുന്നു. സാധാരണ സംഭവിക്കാറുള്ളതുപോലെ അത് വീണ്ടും ആവർത്തിക്കും എന്നു, നിങ്ങളറിയുന്നു. എന്നാൽ, തന്റെ വചനത്തെ തെളിയിക്കാനായി, ദൈവം ചെയ്യുന്ന വിധത്തിൽ തന്നെ, അവൻ അതു ചെയ്തു എന്നു നാം കണ്ടു.

142 ശ്രദ്ധിക്കു, തന്റെ വചനം തെളിയിക്കാനായി, അവൻ കന്യകയെ ഗർഭവതിയാകാൻ ഇടയാക്കി. യെശയ്യാവ് 9:6, നാം അതു കാണുന്നത്, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു." ഇപ്പോൾ, ഒരു കന്യക ഗർഭിണിയാകും

എന്നാണ് അവൻ പറഞ്ഞിരുന്നത് എന്നു നാം കണ്ടു. അതുമല്ല ദൈവം ഒരു കന്യകയെ ഗർഭിണിയാകാൻ ഇടയാക്കി. എന്താണ്? തന്റെ വചനം തെളിയിക്കാൻ. ഇപ്പോൾ ചില നിമിഷങ്ങൾ ശ്രദ്ധിക്കു, നാം അവസാനിപ്പിക്കുകയാണ്, അവൻ, തന്റെ വചനം തെളിയിക്കാനായി, ഒരു കന്യക ഗർഭിണിയാകാൻ അനുവദിച്ചു. അത് കൃത്യമായും... അത് സകല ശാസ്ത്രജ്ഞരെയും സംഭ്രമിപ്പിച്ചു [ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു—Ed.]...പോകാനായി.

143 നിങ്ങൾ അതു മനസ്സിലാക്കുന്നു, നിങ്ങൾ മനസ്സിലാക്കുന്നില്ലേ? നോക്കു, ഭൂമി ശപിക്കപ്പെട്ടു. ആദാമിന്റെ പാപം മൂലം, മുഴുവൻ ഭൂമിയും ശപിക്കപ്പെട്ടു. എന്നാൽ ഈ ചെറിയ വിത്ത്...ഇപ്പോൾ സ്ത്രീയ്ക്ക് ഒരു വിത്തില്ലെന്നു അറിയുക. ഒരു വിത്തല്ല, ആ വിത്തിന് വിശ്രമം കൊള്ളേണ്ട ഒരു നിലം അവൾക്കുണ്ട്, കാരണം അവിടെ ഒരു ബീജമല്ല, ബീജത്തിന്...ഒരു വിത്തിനുള്ളിൽ അതിന് ജീവനുണ്ടായിരിക്കണം. അത് അവിടെയില്ലെങ്കിൽ, അത് വെറും ഒരു വസ്തുവായിരിക്കും, ആ ജീവൻ അവിടെ ഉണ്ടായിരിക്കുന്നില്ല. അതിനാൽ ആ വിത്ത് പുരുഷനിലാണ്. ആ കാരണത്തിലാണ് സർപ്പത്തിന്റെ സന്തതി സ്ത്രീയിൽ ആയിരിക്കേണ്ടത്, നോക്കു, എന്തെന്നാൽ അത് ദൈവത്തിന്റെ സന്തതിയല്ലായിരുന്നു. നാം അതറിയുന്നു, മുന്നോട്ട് പോയി, ഈ പുസ്തകം നിങ്ങൾക്കു കിട്ടി വായിക്കും കാത്തിരിക്കു, അപ്പോൾ നിങ്ങൾ—നിങ്ങൾ കാണുകയോ, തിരുവചനത്തിൽ നിന്നും നിങ്ങൾക്കു കാണിച്ചു തരും, അവന്റെ നാമത്തിലെ ജലസ്നാനം പോലെ സകലതും അതേ വിധത്തിൽ തന്നെ തുറന്നുവരും, അത് എങ്ങനെയാണെന്നു കാണുക. ദൈവം ഒരിക്കലും തെറ്റുന്നില്ല, അവൻ എല്ലായ്പ്പോഴും ശരിയാണ്. ഒരുപക്ഷേ നിങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിലും, എങ്ങനെയും അതു വിശ്വസിക്കു. കാണുന്നോ? അത് കൃത്യമായും ശരിയാണ്.

144 ഇപ്പോൾ നാം കണ്ടുപിടിച്ചത്, അവൻ—അവൻ ഇതു പറഞ്ഞു, ഇതു സംഭവിക്കാൻ അവൻ ഇടയാക്കി. ഇപ്പോൾ, ഒരു പുരുഷനെക്കൂടാതെ, ഈ ചെറിയ വിത്ത്, അവൻ സൃഷ്ടിച്ചിരുന്ന ആ നിലത്തിലേയ്ക്ക് ആ ചെറിയ അണ്ഡത്തിലേയ്ക്ക് വന്നപ്പോൾ, അപ്പോൾ ആ ചെറിയ വിത്ത്, ആ ചെറിയ ബീജം, ആ അണ്ഡത്തിലേയ്ക്ക് നുഴഞ്ഞു കയറി, ആ ചെറിയ വാൽ നീങ്ങി, ഒരു കോശത്തിനു പിന്നാലെ മറ്റൊരു കോശമായി വളരാൻ തുടങ്ങി, അമ്മയിലെ ജീവനെ വിട്ടിട്ട്, അവളുടെ ശരീരത്തിൽ, വെച്ച് അവളുടെ രക്തധമിനിയിലൂടെ അവനെ ഭോഷിപ്പിച്ചു. അവൾ അതിനെ ഭോഷിപ്പിച്ചു, എന്നു നാം കാണുന്നു; അതിന്റെ രക്തമല്ല; അത് അവളുടെ രക്തമായിരുന്നു. ഇല്ല, അമ്മയുടെ രക്തത്തിന്റെ ഒരു അംശം പോലുമില്ല. എന്നാൽ

അത് അവളുടെ രക്തത്തിൽ നിന്നുമല്ല, അമ്മയുടെ വിറ്റാമിനിൽ നിന്നും ഭക്ഷിച്ചു. അവയെല്ലാം അവളുടെ രക്തത്തിൽ നിറയപ്പെട്ട്, ആ ജലം, അതിനെ കലുക്കത്തിൽ നിന്നും മറ്റും സംരക്ഷിച്ചു, എന്നാൽ അമ്മയുടെ രക്തത്തിലെ ഒരംശം പോലുമില്ല. അമ്മ ക്ഷയരോഗം ബാധിച്ചു മരിക്കുന്നുണ്ടാകാം, കുഞ്ഞു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടാകാം; അതിന് അത് പകരില്ല, കാരണം ക്ഷയരോഗം എന്നത്, രക്തധാരയിലൂടെ കടന്നുവന്ന ഒരു അണുവാണ്. എന്നാൽ അവൾക്കുണ്ടാകാം...അവന് കഴിയും...ക്ഷയരോഗം പൈതൃകമായി ലഭിക്കുന്നില്ല; ക്ഷിണിച്ചിരിക്കാം, എന്നാൽ ക്ഷയരോഗം കാണില്ല, കാരണം ആ അണുവിനെ കിട്ടണമെങ്കിൽ, അതുണ്ടാകുന്നതിനു മുമ്പ്, അമ്മയുടെ ശ്വാസം എടുത്തിരിക്കണം, നിങ്ങളറിയുന്നു. ആ കുഞ്ഞു ജനിക്കുമ്പോൾ അതു കൃത്യമായും സ്വതന്ത്രമായിരിക്കും, എന്തെന്നാൽ അവയിൽ ഒന്നും തന്നെ അമ്മയുടെ രക്തത്തിൽ നിന്നല്ല.

145 ഇപ്പോൾ, ഈ ചെറിയ കോശത്തിലേയ്ക്ക് ദൈവം വന്നു എന്നു നാം കണ്ടു, നോക്കു, അമ്മയായ അവൾ ഭക്ഷിച്ചിരുന്നതിലെ വിറ്റാമിനുകളിൽ നിന്നും അവൻ വലിച്ചെടുത്തു, അവൻ കോശങ്ങളെ ഉളവാക്കാൻ തുടങ്ങി. അതുകഴിഞ്ഞ്, അവൻ സ്വയം ഭക്ഷിക്കാൻ കഴിയുന്നവനായപ്പോൾ, അവൻ കഴിക്കാൻ തുടങ്ങി. അത് എന്തായിരുന്നു? അത്—അത് ഭൂമിയിലെ പൊടിയായിരുന്നു, അതിലാണ് നിങ്ങളും മൃഗവും സസ്യാദികളുടെ മറ്റും ജീവൻ കടന്നു വരുന്നത്. അവൻ മീനും ബ്രഡ്ഡും മറ്റും തിന്നാൻ പ്രായമായപ്പോൾ, കോശങ്ങൾ വികസിക്കാൻ തുടങ്ങി. അത് മുപ്പതു വയസ്സാകുമ്പോൾ പൂർണ്ണമായും പാകമായി, യോഹന്നാനെ അഥവാ ദൈവത്തെ, അനുസരിച്ചുകൊണ്ട് അവൻ അവിടെ താഴ്വാരത്ത്, ജലത്തിൽ സ്നാനമേറ്റു, പുറത്തേയ്ക്ക് വന്നു. സംഭവിച്ചത് എന്താണ്? ആ പ്രാവ്, ഒരു ശബ്ദവുമായി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു, അത് ദൈവമായിരുന്നു, "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ വസിപ്പാൻ ഞാൻ പ്രസാദിച്ചിരിക്കുന്നു." അവൻ എന്തു ചെയ്യാനായിട്ടാണ് വന്നത്? ഭൂമിയുടെ ആ ഭാഗത്തെ വീണ്ടെടുക്കാൻ വന്നു. അവൻ ദൈവ സൃഷ്ടിയുടെ ആരംഭമായിരുന്നു. എന്തെന്നാൽ ദൈവം ഒരു സൃഷ്ടിയല്ല, ക്രിസ്തുവിൽ മാത്രം അവൻ ഒരു സൃഷ്ടിയായിത്തീർന്നു, കാരണം ദൈവം നിത്യനും ഒരു ആത്മാവും, ആത്മാവിനെ സൃഷ്ടിക്കാൻ കഴിയുന്നതുമല്ല. അവൻ ദൈവ സൃഷ്ടിയുടെ ആരംഭമായിരുന്നു, ദൈവം ആ ശരീരത്തെ വീണ്ടെടുത്തു. നോക്കു, അവൻ ഇറങ്ങി വന്നപ്പോൾ, "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ വസിപ്പാൻ ഞാൻ പ്രസാദിച്ചിരിക്കുന്നു."

146 അതുകൊണ്ട് അവൻ, ദൈവം, ഇതിലൂടെ കടന്നു പോയശേഷം താഴേയ്ക്കു വന്നു, ഇപ്പോൾ പ്രാകൃതമായി ലൈംഗീക

മാർഗ്ഗത്തിലൂടെ ജനിക്കുന്ന, ഓരോ മകനും, ആ വിധത്തിലാണല്ലോ കടന്നുവരിക; അതിനുശേഷം നിങ്ങൾ ജലസ്നാനത്തിലൂടെ പോകേണ്ട ഒരിടത്തേയ്ക്ക് വരുന്നു, പിന്നെ പരിശുദ്ധാത്മാവിന്റെ അഭിഷേകവും, അതുകഴിയുമ്പോൾ പരിശുദ്ധാത്മാവ് തന്റെ സൃഷ്ടിയെ അവകാശപ്പെടുന്നതിനായി, അവനോടു ചെയ്തതുപോലെ തന്നെ, അഗ്നി അഭിഷേകത്താൽ കടന്നുവരുന്നു. ദൈവവും, പരിശുദ്ധാത്മാവും ഒരേ ആത്മാവു തന്നെ. കാണുന്നോ? അതു കടന്നു വന്ന് ഈ ശരിരത്തിന്റെ പുനഃരുദ്ധാനത്തിനായി അവകാശവാദം ഉന്നയിച്ചു. നമ്മുടെ നീതീകരണത്തിനായി അവൻ ഉയിർത്തെഴുന്നേറ്റു. “പിതാവ് എനിക്ക് തന്നതൊക്കെയും എന്റെ അടുക്കൽ വരും, ഒന്നുപോലും നഷ്ടമാകില്ല. ഞാൻ അവരെ അവസാന നാളിൽ ഉയിർപ്പിക്കും. തലയിലെ ഒരു രോമം പോലും നശിക്കയില്ല.” *അതാണ്* ദൈവ സൃഷ്ടിയുടെ ആരംഭം. *ഇത്* ദൈവത്തിന്റെ സൃഷ്ടിയുടെ തുടർച്ചയാണ്. *അതുകഴിയുമ്പോൾ*, മുഴുവൻ ഭൂമിയെയും സ്നാനമേല്പിക്കും. പിന്നെ പരിശുദ്ധാത്മാവ് ഒരു നഗരത്തിന്മേൽ വാഴാനായി ഭൂമിമേൽ ഇറങ്ങി വരും, ദൈവത്തിന്റെ കൂടാരം മനുഷ്യരോടൊപ്പം, അവരോടൊപ്പം വസിക്കും, ദൈവം ഇവിടെ ഭൂമിമേൽ കൂടാരം അടിക്കുന്നു. ഈ മുഴുവൻ വീണ്ടെടുപ്പിന്റെ പദ്ധതിയും, നീതീകരണം, വിശുദ്ധീകരണം, പരിശുദ്ധാത്മാവിന്റെ അഭിഷേകം, അപ്പോൾ ഇതേ വിധത്തിൽ തന്നെ ആയിരിക്കും.

147 ഇപ്പോൾ ശ്രദ്ധിക്കു, അവൻ ഈ കന്യകയെ ഗർഭവതിയാകാൻ ഇടയാക്കി, ഇതിനാൽ അവൾ പുരുഷനെ അറിയാതെ ഒരു മകനെ കൊണ്ടുവന്നു. ഇത് ശാസ്ത്രത്തെ കാലങ്ങളായി സംഭ്രമിച്ചിരിക്കുന്നു. അത് ഇപ്പോഴും ചെയ്യുന്നു. ഈ കന്യക ഗർഭവതിയാകും എന്നവൻ പറഞ്ഞപ്പോൾ അവർ ഒരുപക്ഷേ യെശയ്യാവിനെ നോക്കി ചിരിച്ചിട്ടുണ്ടാകാം, “ഇപ്പോൾ അതെങ്ങനെ സംഭവിക്കും?”

148 “ഞാൻ അവർക്കു ഒരു സൂപ്പർ അടയാളം കൊടുക്കും, ഞാൻ അവർക്കു ഒരു നിത്യമായ അടയാളം കൊടുക്കും, ഒരു കന്യക ഗർഭിണിയാകും,” എന്നു ദൈവം പറയുന്നതായി അവൻ കേട്ടപ്പോൾ, യെശയ്യാവിന്റെ, ആ വല്ലായ്മ, ഞാൻ ഊഹിക്കുന്നു. ഇപ്പോൾ, അവന്റെ ജനങ്ങൾ, ദൈവത്താൽ സമർത്ഥിക്കപ്പെട്ട, ഒരു പ്രവാചകനായ, അവനെ, ജനങ്ങൾ എല്ലാവരും തന്നെ അറിഞ്ഞിരുന്നു. “ഒരു കന്യക ഗർഭിണിയാകും,” എന്നുള്ള ഈ പ്രസ്ഥാവനയുമായി അവൻ ഡോക്ടർമാരുടെയും മറ്റും അടുക്കൽ വന്നു. നോക്കു, അത് ഒരിക്കലും, സമയത്തിന്റെ ആരംഭം മുതൽ, ദൈവം തന്റെ ആദ്യ മനുഷ്യനെ സൃഷ്ടിച്ച നാൾ മുതലേ ഉണ്ടായിട്ടില്ല. എന്നാൽ ഇവിടെ, ഇപ്പോൾ, അതാ, ഇവിടെ ഭൂമിയിലുള്ള ഒരു സ്ത്രീ ഗർഭവതിയാകാൻ

പോകുന്നു. അതൊന്നു വിവേകത്തിന്റെ മണ്ഡലത്തിൽ ചിന്തിച്ചുനോക്കു, ആ പ്രവചാകന് എത്രമാത്രം വല്ലായ്മ തോന്നിയിട്ടുണ്ടാകും, എന്നാൽ ദൈവത്തിന് തന്റെ വചനത്തെ കാക്കാൻ കഴിയുമെന്നു അവൻ അറിഞ്ഞിരുന്നു, അവനത് തെളിയിക്കാൻ കഴിയും. ഓരോ യിസ്രായേൽ കുടുംബത്തിലും ഈ കുഞ്ഞ് ജനിക്കാനായി അവരുടെ ചെറിയ പെൺകുട്ടിയെ തയ്യാറാക്കി കാണും, എന്നു ഞാൻ നിരൂപിക്കുന്നു, നോക്കുക, ഷൂസുകളും ചെറിയ കുട്ടികൾ ധരിക്കുന്ന ബൂട്ടുകളും, എന്തെല്ലാം ധരിക്കുമോ, ചെറിയ കിളിയുടെ കണ്ണുപോലുള്ളതും, ആ കുഞ്ഞിന് വാങ്ങിക്കൊണ്ടുവന്നു. തലമുറകൾ കടന്നുപോയി, എന്നാൽ ദൈവം തന്റെ വചനം തെളിയിച്ചു! ഒരു കന്യക ഗർഭവതിയായിട്ട്, അവൾ ആ കുഞ്ഞിനെ കൊണ്ടുവന്നു, അവന്റെ പ്രവാചകന്റെ വചനം സത്യമാണെന്നു തെളിയിക്കപ്പെട്ടു. അവൻ എല്ലായ്പ്പോഴും അവരോടൊപ്പം നിൽക്കുന്നു.

149 ഈ കന്യകയുടെ പുത്രൻ വചനം പ്രത്യക്ഷമായതായിരുന്നു. ഇപ്പോൾ, നിങ്ങൾ അത് വായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് വിശുദ്ധ യോഹ. 1-ലാണ്. വിശുദ്ധ യോഹ. 1-ൽ, ഈ പ്രവാചകൻ, ഈ പ്രവാചകനും, കൂടെയുണ്ട്. എന്നാൽ ഈ കന്യകയുടെ പുത്രൻ വചനം പ്രത്യക്ഷമായതായിരുന്നു, ദൈവ സൃഷ്ടിയുടെ ആരംഭമായവൻ. ഇപ്പോൾ, മുഴുവൻ ഭൂമിയും ദൈവത്തിന്റെ സൃഷ്ടിയാണ്, എന്നാൽ അത് നഷ്ടപ്പെട്ടിരുന്നു. കാണുന്നോ? പിന്നെ അവൻ ഈ ഭൂമിയെ വീണ്ടെടുക്കുന്നു. നിങ്ങൾ ഭൂമിയുടെ ഭാഗമാണ്, അവൻ മുഴവൻ ഭൂമിയെ വീണ്ടെടുക്കുന്ന അതേ വിധത്തിൽ തന്നെ അവൻ നിങ്ങളെയും വീണ്ടെടുക്കുന്നു. കാണുന്നോ? ഇപ്പോൾ, ഈ കന്യകയുടെ പുത്രൻ വചനം പ്രത്യക്ഷമായതാകുന്നു, "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു. വചനം ശരീരമായി തീർന്നു ജനങ്ങളുടെ ഇടയിൽ പാർത്തു."

150 ഇതിൽ അവനെ അപകീർത്തിപ്പെടുത്താൻ സാത്താൻ സകല തന്ത്രത്താലും ശ്രമിച്ചു. അതിനാൽ അവനെ അപകീർത്തിപ്പെടുത്താനായി സാത്താൻ അവന് കഴിയുന്ന സകലത്തിനാലും ശ്രമിച്ചു. കഷ്ടപ്പാടില്ലാതെ ആ രാജ്യം അവൻ എടുക്കാനായി, അവനെ കിട്ടുമോ എന്നു നോക്കി, വീണ്ടെടുപ്പിനെ കൂടാതെ അവൻ അതു എടുക്കാനായി അവനെ കിട്ടുമോ എന്നു നോക്കി (അവൻ ആ കുഞ്ഞാടിനെ ഏദേൻ തോട്ടത്തിൽ വെച്ച് കൊല്ലുമ്പോൾ, അത് ദൈവത്തിന്റെ പദ്ധതിയായിരുന്നു, അവൻ രക്തംകൊണ്ടു മാത്രമേ അത് എടുക്കുകയുള്ളൂ.) അവൻ അത് എടുക്കുമെങ്കിൽ, ലോകത്തിലെ രാജ്യങ്ങളും അവന് കൊടുക്കാം എന്നും വാക്കുകൊടുത്തു. അത് എന്തൊരു വാഗ്ദത്തമാണെന്നു അല്പം ഒന്നു ചിന്തിച്ചു നോക്കു!

151 ഈ നിമിഷത്തും, ആ സാത്താൻ നിങ്ങൾക്ക വാക്ക തരുന്നതായി... നിങ്ങൾ തിരിച്ചറിയുന്നില്ലേ, എന്റെ പ്രിയ സുഹൃത്തേ. അവൻ നിങ്ങളെ അവരുടെ സംഘത്തിലുൾപ്പെട്ടവരിൽ ഏറ്റവും നല്ല മിനിസ്റ്ററാക്കും. അവൻ നിങ്ങളെ ഓരോ സഭയിലും ഏറ്റവും മുന്നിലെ സീറ്റിൽ ഇരുത്തുകയും നിങ്ങളെ ഒരു ഡീക്കൻ ആക്കുകയും ചെയ്യും. നിങ്ങൾ ഈ വനചത്തിൽ നിന്നും അല്പം ഒന്നു നീങ്ങിയാൽ മതി, അവൻ നിങ്ങളെ എന്തു വേണമെങ്കിലും ആക്കും.

152 ഇപ്പോൾ, ശ്രദ്ധിക്കു, ഓരോന്നും ഉണ്ടാക്കി...അവൻ അവയെ എടുക്കാനായി, അവന് ലോകത്തെയും സകല രാജ്യത്വങ്ങളെയും നൽകി. അവൻ ആ വചനത്തെ ഘണ്ഡിച്ചുകൊണ്ട് അവനെ അത് എടുപ്പിക്കാൻ ശ്രമിക്കുകയായിരുന്നു, കാരണം അവൻ അതു ചെയ്യുന്ന മാത്രയിൽ തന്നെ അവന് അവനെ കിട്ടുമെന്ന് അറിഞ്ഞിരുന്നു. മോശെയെക്കൊണ്ട് അവൻ അതിനെ ഘണ്ഡിപ്പിച്ചു, ഹൗവ്വയെക്കൊണ്ട് അവൻ അത് ഘണ്ഡിപ്പിച്ചു, എന്നാൽ അവൻ ഈ സമയം തെറ്റായ വ്യക്തിയെയാണ് മുട്ടിയത്. എന്തുകൊണ്ടാണ്? അവൻ വചനം ആയിരുന്നു, അവന് അത് അറിയില്ലായിരുന്നു. അവൻ സ്വയം തന്നെ, ആ വചനമായിരുന്നു.

153 എനിക്ക് അവനെ കാണാനാകുന്നു. ഒരു കബളിപ്പിക്കുന്ന ചിത്രംപോലെ നാം അതിനെ പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്നു. ആ പഴയ കറുത്ത ചിറകോടു കൂടിയ കൂട്ടർ ഹൗവ്വയ്ക്കു വിരോധമായി നിന്നുകൊണ്ട്, ഇങ്ങനെ പറയുന്നത് എനിക്ക് കാണാം, "ഇപ്പോൾ, ഞാൻ അത് എന്താണെന്നു പറയാം, അത് സുഖിപ്പിക്കുന്നതാണ്. നീ അതിനു ശ്രമിച്ചു നോക്കേണ്ടതാണ്."

"എന്നാൽ ദൈവം പറഞ്ഞു, ഞങ്ങൾ അതു ചെയ്താൽ, ഞങ്ങൾ മരിക്കും."

154 "ഓ, അതെ, തീർച്ചയായും നീ മരിക്കില്ല. കാണുന്നോ? ഓ, അത് വിഡ്ഢിത്തമാണ്. അത് ഏതോ ചില പഴഞ്ചൻ ആശയമാണ്. അതൊന്നും നീ വിശ്വസിക്കരുത്." എന്നാൽ ദൈവം അങ്ങനെ പറഞ്ഞിരുന്നു! ദൈവം അത് ശരിയെന്നു തെളിയിച്ചു. ജനങ്ങൾ ഈ നിമിഷത്തും മരിച്ചുകൊണ്ടിരിക്കുന്നു, ദൈവം അതിനെ ഇപ്പോഴും ശരിയെന്നു തെളിയിക്കുന്നു. അവൻ ഇപ്പോഴും അത് ശരിയെന്നു തെളിയിക്കുന്നു.

155 ശ്രദ്ധിക്കു, അവൻ മോശെയുടെ അടുക്കൽ വന്നപ്പോൾ, അവൻ പറഞ്ഞു, "മോശെ, നിനക്കു ഒരു എടുത്തുചാട്ടസ്വഭാവം, വളരെ പെട്ടെന്ന് ക്ഷോഭിക്കുന്ന സ്വഭാവമുള്ളതെന്ന് നിനക്ക് അറിയാമല്ലോ. ആ വിശ്വാസഘാതകരുടെ കൂട്ടം എന്താണ് ചെയ്തതെന്നു, നോക്കു.

നീ എന്തുകൊണ്ടാണ് അവിടേയ്ക്ക് ചെന്ന് അവരോടു അത് ശരിയായി പറഞ്ഞുകൊടുക്കാത്തത്?" അവൻ ചെയ്തു.

156 എന്നാൽ അവൻ ഈ പതിനായിരം വോൾട്ടിന്റെ കമ്പിയിൽ മുട്ടിയപ്പോൾ, അവൻ അതിന്റെ കുറുകെ ഓടിയപ്പോൾ, അത് അവന്റെ ചിറകുകളെ കരിച്ചു കളഞ്ഞു. അവൻ പറഞ്ഞു, "ഓ, കേൾക്കു," പറഞ്ഞു, "ഞാൻ എല്ലാ രാജ്യങ്ങളയും നിനക്കു തരാം."

"അത് എഴുതിയിരിക്കുന്നു!" മനസ്സിലായോ? "അത് എഴുതിയിരിക്കുന്നു!"

157 അവൻ അപ്പോൾ പറയുകയാണ്, "നീ ദൈവ പുത്രനെങ്കിൽ," നോക്കു, അവൻ അത് എപ്പോഴും സംശയിച്ചിരുന്നു. അതിനെ സംശയിക്കാനായി അവൻ ഇപ്പോഴും അതു ഉപദേശിക്കുന്നു. അതിനെ സംശയിക്കാനായി അവൻ ഹൗവ്വയെ പഠിപ്പിച്ച്, മോശയെ പഠിപ്പിച്ചു, മറ്റുള്ള എല്ലാവരെയും അതു സംശയിക്കാൻ ശ്രമിക്കാനായി അവൻ പഠിപ്പിച്ചു.

158 അതിനെ സംശയിക്കാനായി അവൻ നിങ്ങളെയും പഠിപ്പിക്കാൻ ശ്രമിക്കുന്നു. ഇപ്പോൾ നിങ്ങൾ ഇവിടെത്തന്നെ ഇരിക്കുകയാണ്, നിങ്ങളുടെ പേരുകളെ എന്നെക്കൊണ്ട് വിളിച്ചു പറയാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് ചെയ്യുന്നതാണ്, എന്നെ സംശയിക്കാനായി നിങ്ങളെ കിട്ടാൻ സാത്താൻ വളരെക്കാലമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ അതു ചെയ്യരുത്. സഹോദരി, നിങ്ങൾ അതു ചെയ്യുമെങ്കിൽ, അതെ, നിങ്ങൾ...അഥവാ, എന്നെയല്ല, എന്നാൽ സംശയിക്കുന്നു. ഈ വചനം മാത്രം വിശ്വസിക്കുക. നിങ്ങൾ എന്നിൽ വിശ്വസിക്കേണ്ട ആവശ്യമില്ല, എന്നാൽ നിങ്ങൾ ഇതിൽ വിശ്വസിക്കുക. മനസ്സിലായോ? ഞാൻ ഈ വചനമാണ് പറയുന്നതെങ്കിൽ, അത് എന്റേതല്ല, അത് അവന്റേതാണ്. എന്റെ വാക്കുകൾ വ്യത്യസ്തമാണ്, എന്നാൽ ഇത് അവന്റേതാണ്. കാണുന്നോ? ഇപ്പോൾ ശ്രദ്ധിക്കു, കേൾക്കു. ഞാൻ ഇപ്പോൾ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.

159 ശ്രദ്ധിക്കു, വാഗ്ദത്തം, അവന്റെ എല്ലാ വചനങ്ങളും, കൃത്യമായും സത്യമാണ്. അവൻ അവയെ തെളിയിച്ചു. അവൻ തെളിയിച്ചു, എന്തുകൊണ്ടെന്നാൽ അവനാണ് ആ സത്യമായ വചനമെന്നു അവൻ തെളിയിച്ചു. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടിവരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു."

160 എന്താണ്, അവൻ എങ്ങനെ ജീവിക്കും? എന്തിനാൽ, "കൊള്ളാം, നിങ്ങൾ ദൈവത്തിന്റെ കുറച്ചു വചനം മാത്രം എടുത്താൽ, അവൻ ജീവിക്കുമോ?" ഇപ്പോൾ, അതല്ല അവൻ പറഞ്ഞത്. e-v-e-r...

“ഓരോ വചനവും,” നിങ്ങൾ അത് ശ്രദ്ധിച്ചുവോ? അവൻ എങ്ങനെ ജീവിക്കും? “ഓ, അവൻ അതിൽ നിന്നും ഭക്ഷിക്കുമോ?” ഇല്ല, അവൻ പട്ടിണികിടന്നു മരിച്ചുപോകും. അത് ശരീരമാണ്. “അതെ, അവൻ, ഓ, അവൻ സഭയിൽ ഉൾപ്പെട്ടിരിക്കുന്നു. അവൻ സകലതും വിശ്വസിക്കുന്നു എന്നാൽ *അത്*”? അവൻ അപ്പോഴും മരിച്ചവനാണ്. നിങ്ങൾക്ക് അത് മനസ്സിലായോ?

“...വായിൽ നിന്നും പുറപ്പെട്ടു വരുന്ന ഓരോ വാചനത്താലും മാത്രമേ അവന് ജീവിക്കാനാകൂ.” മഹാപുരോഹിതൻ, ബിഷപ്പ്, കർദ്ദിനാൾ, പാസ്റ്റർ? “ദൈവം! ദൈവത്തിന്റെ വായിൽകൂടി വരുന്ന ഓരോ വചനത്താലും.” അത് ദൈവത്തിന്റെ വചനമാണെന്നു നമുക്ക് എങ്ങനെ അറിയാം? അവൻ അങ്ങനെ പറഞ്ഞിരിക്കുന്നു എങ്കിൽ, അവൻ അതിനെ തെളിയിക്കുന്നു. അവൻ തന്റെ വചനത്തെ തെളിയിക്കുന്നു. പിന്നെയും ശ്രദ്ധിക്കു, അത് അങ്ങനെയെങ്കിൽ, നിങ്ങളുടെ ഏറ്റുപറച്ചിലുകൾ നിങ്ങളെ ജീവിപ്പിക്കുന്നില്ല. നിങ്ങളുടെ സഭയുടെ അംഗത്വം നിങ്ങളെ ജീവിപ്പിക്കുന്നില്ല.

കേൾക്കു, അവന്റെ വചനത്താൽ മാത്രം, ഒരു വചനത്തിനുപോലും സ്ഥാനചലനം വരാൻ പാടില്ല. ആരും വരുത്തരുത്...ഒരു വചനം മനുഷ്യരാശിയെ കൊന്നു കളഞ്ഞു. ബൈബിളിലെ, വെളിപ്പാട് 22, ഒരു വചനം മുഴുവൻ കാര്യത്തെയും ഇപ്പോഴും കൊല്ലുന്നു, അവന്റെ പേർ ജീവന്റെ പുസ്തകത്തിൽ നിന്നും നീക്കിക്കളയും. “അതിനോടു ആരെങ്കിലും ഒരു വാക്ക് കൂട്ടിയാലോ ഒരു വാക്ക് നീക്കിയാലോ.” ഒരു വചനമല്ല! അല്ല...അല്ല ഞാൻ അർത്ഥമാക്കിയത് രണ്ടു വാക്കുകൾ അല്ല—എന്നല്ല, വെറും ഒരു വാക്ക് മാത്രം എന്നാണ്! ഒരു വാക്യം എന്നല്ല; ഒരു വാക്ക്! ഒരു വാക്ക്! ഓ, ജനങ്ങളെ, നിങ്ങൾ ഇതു മനസ്സിലാക്കുന്നോ?

161 ഇപ്പോൾ, കൃത്യമായും ഈ ശ്രോതാക്കളോടു മാത്രമല്ല ഞാൻ സംസാരിക്കുന്നത്. ഇത് ടേപ്പു ചെയ്യപ്പെടുന്നു, ഇത് ലോകമെമ്പാടും പോകുന്നു, എന്നു നിങ്ങളറിയുന്നു. ആ ഒരു വാക്ക് എന്നാൽ, ഒരു വാക്ക്, ലോകത്തിലെ ജനങ്ങളെ നിങ്ങൾക്ക് അത് മനസ്സിലാകുന്നോ, ഒരു വാക്യമല്ല, ഒരു പാരഗ്രാഫല്ല, ഒരു വാക്ക്, അതു മാത്രമാണ് ഹൗവ്വ അവിശ്വസിച്ചത്. കൊണ്ടുവന്നു...ദൈവം അതു തെളിയിച്ചു. “എന്നാൽ പിന്നെ നിങ്ങൾ എല്ലാ വചനത്തെയും കാക്കുമെങ്കിൽ, നിങ്ങൾ ജീവിക്കും.” അവർ ഒരു വാക്കിൽ അവിശ്വസിച്ചു, മനുഷ്യരാശിയുടെ മേൽ മരണത്തെ കൊണ്ടുവന്നു. എന്നാൽ മനുഷ്യൻ, തന്റെ ശരീരത്തിന്റെ ബലത്തിനായി, അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത് ഓരോ വചനത്താലുമാണ്, ഓരോ വചനത്താലുമാണ്, എപ്രകാരം

അത് എഴുതപ്പെട്ടിരിക്കുന്നോ അപ്രകാരം തന്നെ. ബൈബിൾ പറയുന്നു, "അത് സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല." ഒരിടത്തും, ഒരു മനുഷ്യനും, ആരായാലും ശരി, ദൈവ വചനത്തെ വ്യാഖ്യാനിക്കാനായി ശ്രമിക്കേണ്ട. ദൈവം തന്റെ സ്വന്തം വ്യാഖ്യാതാവാണ്.

162 അവൻ വാഗ്ദത്തം ചെയ്തു, അവൻ പറഞ്ഞു, "പ്രകാശം ഉണ്ടാകട്ടെ," അവിടെ പ്രകാശമുണ്ടായി. അവൻ പറഞ്ഞു, "ഒരു കന്യക ഗർഭിണിയാകും," അവൾക്ക് അതുണ്ടായി. നോക്കു, ദൈവം എന്തു പറഞ്ഞാലും, ദൈവം അതു തെളിയിക്കുന്നു.

163 ശാരീരികമായ പുനഃരുത്ഥാനം ഉണ്ടാകാൻ സാദ്ധ്യതയില്ലെന്നു നിങ്ങൾ എത്രമാത്രം ചിന്തിക്കാൻ ശ്രമിച്ചെന്നാലും, പണ്ടത്തെ ജനങ്ങൾ, മണ്ണിൽ പൊടിയായിത്തീർന്ന്, ഇപ്പോൾ മണ്ണിന്റെ അവസ്ഥയിൽ നിന്നും മാറിപ്പോയേക്കാം, അവരുടെ ശരീരത്തെ ഉണ്ടാക്കിയിരുന്ന ആസിഡും ഗ്യാസുമായി തീർന്നേയ്ക്കാം. അവരുടെ പ്രാണൻ ഇപ്പോഴും ജീവിക്കുന്നു. ദൈവം പറഞ്ഞു, "ഞാൻ അതിനെ ഉയിർപ്പിക്കും." ഈയ്യോബ് പറഞ്ഞു, "എന്റെ ത്വക്ക് ഇങ്ങനെ നശിച്ച് ഈ ശരീരത്തെ നശിപ്പിച്ചാലും, ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും." നോക്കു, എന്തു തന്നെയായാലും, ഓരോ വചനവും കാക്കപ്പെട്ട്, മനുഷ്യൻ ആ വചനത്താൽ ജീവിക്കും. അവൻ തന്നെ ജീവനും പുനഃരുത്ഥാനവും ആയിരുന്നെന്നു തെളിയിക്കാനായി, മരിച്ച് നാലു ദിവസം കഴിഞ്ഞിരുന്ന, ഒരു മനുഷ്യനെ അവൻ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു. ഒരു മനുഷ്യൻ മരിച്ചിട്ട് നാലു ദിവസം കഴിയുമ്പോൾ നാറ്റം വെച്ചിട്ട്, അവന്റെ മൂക്ക് നാലു ദിവസത്തിനുള്ളിൽ തന്നെ നശിച്ചിട്ടുണ്ടാകും. അത് ശരിയാണ്. ആദ്യത്തെ കാര്യം, ഒരു മനുഷ്യനിൽ നിന്നും, മൂക്ക്, അത് മൃദുവായതിനാൽ, അതിന്റെ അസ്ഥിയിൽ നിന്നും, വീണുപോകുന്നു. അതുകഴിഞ്ഞ് ത്വക്ക് വൈറസ് പിടിക്കുന്നു, നിങ്ങളെ...നിങ്ങളെ ഒരു ശവപ്പെട്ടിയിൽ മുദ്രയിട്ടു വെച്ചാലും, അതു എന്തായായാലും, ത്വക്കിലേയ്ക്ക് പുഴുക്കൾ നിലത്തു നിന്നു കടന്നു വരേണ്ടതില്ല, അവയെല്ലാം നിങ്ങളിലുണ്ട്. ഈയ്യോബ് പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചോ, "എന്റെ ത്വക്ക് അഴുകി എന്നെ നശിപ്പിച്ചാലും." ഭൂമിയിലുള്ള പുഴുക്കളാലല്ല, അവിടെ ഒന്നും കാണില്ല. ആ പുഴു നിങ്ങളിൽ തന്നെയാണ്, നിങ്ങളെ നശിപ്പിക്കാൻ തയ്യാറായിരിക്കുന്നു, മരണം നിങ്ങളുടെ മർത്യ ശരീരത്തിൽ ക്രീയ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങൾക്ക് ക്രിസ്തുവിനെ കിട്ടിക്കഴിയുമ്പോൾ, അതിനെ വീണ്ടും ഉയിർപ്പിക്കേണ്ടതിനായി, ജീവൻ നിങ്ങളുടെ മർത്യ ശരീരത്തിൽ ക്രീയ ചെയ്യുന്നു. കാണുന്നോ? "ഞാൻ തന്നെ ജീവനും പുനഃരുത്ഥാനവും" എന്ന് അറിയിക്കാനായി, മരിച്ച് നാലു നാൾ കഴിഞ്ഞ, "അവൻ നാറ്റം വെച്ചിരുന്നു," ഒരുവനെ, അവൻ മരിച്ചവരിൽ നിന്നും

ഉയിർത്തി. ഇപ്പോൾ അത് ദൈവത്തിനല്ലാതെ മറ്റാർക്കാണ് പറയാൻ കഴിയുന്നതെന്നു, കാണുക, "ഞാൻ തന്നെ ജീവനും പുനഃരുത്ഥാനവും, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും," നീ അതു വിശ്വസിക്കുന്നോ? അവന്റെ വചനം ശരിയായിരുന്നു എന്നു തെളിയിക്കാനായി, അവൻ ആ മനുഷ്യനെ ഉയിർപ്പിച്ചു. ശരി!

164 ശ്രദ്ധിക്കു, അവൻ വചനമായിരുന്നു. എബ്രായർ 4:12, നിങ്ങൾ ഇത് എഴുതിയെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ. എബ്രായർ 4:12, അത് പറയുന്നത്, "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു." അത് ശരിയല്ലേ? "ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നവൻ." അവനായിരുന്നു ആ വചനം എന്നു തെളിയിക്കാനായി, അവൻ എന്തു ചെയ്തോ പത്രൊസ് അവന്റെ അടുക്കലേയ്ക്ക് വന്നു, അവന്റെ പേർ ശീമോൻ എന്നായിരുന്നു. അവൻ യേശുവിന്റെ അടുക്കലേയ്ക്ക് വന്നു, അവൻ പറഞ്ഞു...ഇവിടെ ഇരിക്കുകയായിരുന്നു, യേശു, അവന്റെ അടുക്കൽ വന്നയുടൻ തന്നെ, അവൻ പറഞ്ഞു, "നീ യോനായുടെ പുത്രനായ, ശീമോനാകുന്നു." വിദ്യാഭ്യാമില്ലാത്ത, അവന് ഒരു ഡിഗ്രിയുമില്ല, അവന് യാതൊന്നും തന്നെയില്ല, ഒരു സാധാരണ മീൻപിടിത്തക്കാരൻ, ഒരു പഠിത്തവുമില്ല, "പഠിപ്പില്ലാത്തവനും, സാമാന്യ ജനവും," എന്നു ബൈബിൾ പറയുന്നു, എന്നാൽ അവൻ യെരുശലേമിലെ സഭയുടെ ബിഷപ്പായിത്തീർന്നു. എന്താണ്? എന്തുകൊണ്ടാണ്? അവൻ ആരായിരുന്നെന്നും, അവന്റെ പേർ എന്തായിരുന്നെന്നും, അവന്റെ പിതാവിന്റെ പേർ എന്തായിരുന്നു എന്നും, യേശു പറഞ്ഞിരുന്നു. അത് അതായിരുന്നു ആ വചനമെന്ന് അവൻ അറിഞ്ഞിരുന്നു, എന്തുകൊണ്ടെന്നാൽ ബൈബിൾ ഇപ്രകാരം പറയുന്നു, "നിങ്ങളുടെ കർത്താവായ ദൈവം എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ ഇടയിൽ നിന്നും ഉയർത്തും," അതൊരു പ്രവാചകനും ആയിരിക്കും, മലാഖിയ്ക്കു ശേഷം മിശിഹാ അല്ലാതെ ഒരു പ്രവാചകനെയും വാഗ്ദത്തം ചെയ്തിരുന്നില്ല, നാനൂറ് വർഷം ഒരു പ്രവാചകനെയും കൂടാതെയിരുന്നു. ഇവിടെ ഒരുവൻ നിന്നുകൊണ്ട്, ജീവങ്കലേയ്ക്ക് മുൻനിയമിക്കപ്പെട്ട ഈ മനുഷ്യന് തീർച്ചപ്പെടുത്തുന്നു, അവന്റെ വചനത്തെ തെളിയിക്കുന്നു, പറഞ്ഞു, "നിന്റെ പേർ ശിമോൻ, ഇതു മുതൽ...നീ യോനായുടെ മകൻ, ഇനി മുതൽ നിന്നെ "പത്രൊസ്"" എന്നു വിളിക്കപ്പെടും. അതിനെക്കുറിച്ച് ചിന്തിക്കു! അവൻ ആർക്കാണ് അതു തെളിയിച്ചു കൊടുത്തത്? ആ വചനത്തെ എന്തുകൊണ്ട് അവൻ തെളിയിച്ചു...

അവൻ ആ വചനത്തെ എന്തുകൊണ്ടാണ് കയ്യഫാവിന് തെളിയിച്ച കൊടുക്കാത്തത്? അവൻ ദൈവമായിരുന്നു, കയ്യഫാവ് അത് ഒരിക്കലും വിശ്വസിക്കില്ല എന്നു അവൻ അറിഞ്ഞിരുന്നു. എന്നാൽ ഈ മനുഷ്യൻ ജീവകലേയ്ക്ക് മുൻകുറിക്കപ്പെട്ടവൻ ആയിരുന്നു, അവൻ അവിടെവെച്ച തന്നെ അതറിഞ്ഞു.

165 ഒരിക്കൽ അവരുടെ ഇടയിൽ നിൽക്കുമ്പോൾ, അതിനും അല്പ നാളുകളൾക്കു ശേഷം, പ്രസംഗിച്ചുകൊണ്ടിരുന്നിടത്തു നിന്നും പതിനഞ്ചു മൈലുകൾക്കു അപ്പുറത്തേയ്ക്കു, മറ്റൊരു മനുഷ്യൻ പർവ്വതത്തിനെ ചുറ്റിപ്പോയി ചെന്ന്, ഒരു കൂട്ടുകാരനെ കണ്ട്, അടുത്ത ദിവസം അവന്റെ അടുക്കലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നു. അവൻ അവരുടെ ഇടയിൽ നിൽക്കുകയായിരുന്നു, അപ്പോൾ യേശു നിന്നിരുന്നിടത്തേയ്ക്ക് വന്നു. യേശു ചുറ്റും നോക്കി, നോക്കു, അവൻ ദൈവമായിരുന്നു, അവന് ഹൃദയ വിവേചനം ചെയ്യാൻ കഴിഞ്ഞിരുന്നു. അത് കാണിക്കുന്നത് എന്തെന്നാൽ, നോക്കു, വചനത്തെ ശരിയാക്കുന്നു, അവൻ ആ വചനം തെളിയിച്ചു.

ഇപ്പോൾ, അവരിൽ ചിലർ പറഞ്ഞു, "ആ മനുഷ്യൻ ആ വചനമാണ്."

166 ആ പുരോഹിതന്മാർ പറഞ്ഞു, "വിഡ്ഢിത്തം, ആ വ്യക്തയല്ല. അല്ല, അത് ആ വചനമല്ല."

167 പറഞ്ഞു, "വചനം എന്തു പറയുന്നു എന്നു നിങ്ങളറിയുന്നു, 'കർത്താവായ നമ്മുടെ ദൈവം മോശെയെപ്പോലെ ഒരു പ്രവാചകനെ ഉയർത്തും.' അത് അവനാണ്. അവനെ കേൾക്കുക."

168 അതെ, അവൻ പറഞ്ഞു, "ഇതാ, ഒരു യിസ്രായേല്യൻ, ഇവനിൽ കപടമില്ല."

ഈ വ്യക്തി ചോദിച്ചു, "ഗുരോ, നീ എന്നെ എവിടെവെച്ചു കണ്ടു?"

169 അവൻ പറഞ്ഞു, "ഫീലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പ്, നീ ആ മരത്തിന്റെ ചുവട്ടിലിരുന്നപ്പോൾ, ഞാൻ നിന്നെ കണ്ടു." അത് ആർ വിശ്വസിക്കുമെന്നു അവൻ അറിഞ്ഞിരുന്നു.

170 അവൻ പറഞ്ഞു, "ഗുരോ, നീ ദൈവപുത്രൻ. നീ ആ വചനമാകുന്നു." വചനത്താൽ, അവൻ വചനമായിരുന്നു എന്നു യേശു തെളിയിച്ചു കാണിച്ചു.

171 കിണറ്റിങ്കരയിലെ ആ ചെറിയ സ്ത്രീയെ ശ്രദ്ധിക്കു. അവൾ ഒരു മിശിഹായ്ക്കായി നോക്കിയിരുന്നു. വലിയ ആൾക്കൂട്ടങ്ങളും വിഭാഗീയ സഭകളും, മറ്റുമായി, ആ ദിവസങ്ങളിൽ അവർക്കുണ്ടായിരുന്നതുമായി, അവൾക്കു ഒന്നും തന്നെ ചെയ്യാൻ ഉണ്ടായിരുന്നില്ല. അവൾ ആ

വചനത്തിനായി കാത്തിരുന്നു. അങ്ങനെ ഒരിക്കൽ, ഒരു മനുഷ്യൻ, ഒരു സാധാരണ മനുഷ്യൻ, വഴിയുടെ എതിർ വശത്തായി അവിടെ ഇരുന്നിരുന്നു, പറഞ്ഞു—ചോദിച്ചു, "സ്ത്രീയേ, എനിക്ക് അല്പം കുടിക്കാൻ തരിക."

172 അവൾ പറഞ്ഞു, "ഇപ്പോൾ, ഒരു നിമിഷം ഇരിക്കു, ഒരുപക്ഷേ അവൻ എന്നോടൊപ്പം പുതുതായി കൂടാൻ ശ്രമിക്കുന്നതാകാം," അവൾക്ക് അങ്ങനെ ഒരു വിചാരം ഹൃദയത്തിലുണ്ടായേക്കാം, കാരണം അവൾ ഒരു മോശം പേരുള്ള, ശ്രദ്ധേയമായ ഒരുവളായിരുന്നു. ചോദിച്ചു, "എന്താണ്, നിങ്ങൾക്ക്…അങ്ങനെ ഒരു ചോദ്യം നീ എന്നോടു ചോദിക്കുന്നത് എന്താണ്? ഞങ്ങൾക്ക് ഇവിടെ സമ്പർക്കമില്ല, നീ—നീ—നീ ഇവിടെ ഒരു യഹൂദൻ, ഞങ്ങൾ ശമര്യർ, ഇല്ല…അങ്ങനെ ഒരു സമ്പർക്കമില്ല, അങ്ങനെ നീ എന്നോടു ചോദിക്കുന്നത് ശരിയല്ല." കാണുന്നോ?

173 അവൻ പറഞ്ഞു, "സ്ത്രീയേ, നിന്നോടു സംസാരിക്കുന്നവൻ ആരെന്ന് നീ അറിഞ്ഞു എങ്കിൽ, നീ എന്നോടു കുടിപ്പാൻ ചോദിക്കുമായിരുന്നു."

174 അവൾ ചോദിച്ചു, "കുടിക്കാനായി നീ തരുമോ? എനിക്ക് ഒരു തൊട്ടിയോ കയറോ കാണാൻ കഴിയുന്നില്ല. എങ്ങനെയാണ് നീ എനിക്ക് ഈ കിണറ്റിൽ നിന്നും എനിക്ക് വെള്ളം തരുന്നത്?"

അവൻ പറഞ്ഞു, "ആ കിണറിനെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്." കാണുന്നോ?

175 അല്പനേരം കഴിഞ്ഞപ്പോൾ, അവൾ പറഞ്ഞു, "ഇത് ഒരു വിചിത്ര വ്യക്തിയാണ്." പിന്നെ അവൾ കിണറ്റിലേയ്ക്ക് തൊട്ടി ഇറക്കിയശേഷം, അവളതിനെ തിരികെ വലിക്കാൻ തുടങ്ങി.

176 പറഞ്ഞു, "അതെ, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല, നിന്റെ പ്രാണനിൽ നിന്നും, നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും."

177 "കൊള്ളാം," അവൾ പറഞ്ഞു, "ഇപ്പോൾ, ഒരുനിമിഷം നിൽക്കു, ഞാൻ—എനിക്ക് മനസ്സിലാകുന്നത്, നീ ഒരു യഹൂദനായിരിക്കെ." പറഞ്ഞു, "ഇപ്പോൾ, യഹൂദന്മാരായ നിങ്ങൾ." പറഞ്ഞു, "ഈ കിണർ ഞങ്ങൾക്ക് തന്ന, യാക്കോബ്, ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനാണ് എന്നാണോ എന്നോടു പറയുന്നത്?" അവൻ യാക്കോബിന്റെ ദൈവമായിരുന്നു. കാണുന്നോ? ചോദിച്ചു, "ഈ കിണർ ഞങ്ങൾക്കായി, തന്ന യാക്കോബിനെക്കാൾ നീ വലിയവനാണ് എന്നാണ് നീ അർത്ഥമാക്കുന്നത്?" നോക്കു,

കാഴ്ചയിൽ ഒരു സാധാരണ മനുഷ്യൻ. ഒരു സാധാരണ മനുഷ്യനെയാണ്, നിങ്ങൾ എല്ലാവരും കണ്ടിരിക്കുന്നത്. പറഞ്ഞു, "ഞങ്ങളുടെ പിതാവായ, യാക്കോബ്, ഈ കിണർ കുഴിച്ച്, അതിൽ നിന്നും അവനും അവന്റെ കന്നുകാലികളും കുടിച്ചിരുന്നു, നീ ഞങ്ങളുടെ പിതാവിനെക്കാളും വലിയവൻ എന്നാണോ എന്നോടു പറയുന്നത്?" കൊള്ളാം, ആ പ്രവാചകൻ ഇവിടെ ഈ കിണർ കുഴിച്ചതിനാൽ ഞങ്ങൾ ഇപ്പോഴും അതിൽ നിന്നും കുടിച്ച് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

അവൻ പറഞ്ഞു, ഉ-ഹു," അവൻ പറഞ്ഞു.

"ഞങ്ങൾ ഈ മലയിൽ ആരാധിക്കുന്നു. നിങ്ങൾ 'യെരുശലേമിൽ' ചെയ്യണമെന്നു പറയുന്നു."

178 അവൻ പറഞ്ഞു, "സ്ത്രീയേ, രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നും വരുന്നു, ഞങ്ങൾ എന്തിനെപ്പറ്റിയാണ് സംസാരിക്കുന്നതെന്നു ഞങ്ങൾ അറിയുന്നു." അവൻ പറഞ്ഞു, "നിങ്ങൾ എന്താണെന്ന് അറിയാത്തതിനെയാണ് നിങ്ങൾ ആരാധിക്കുന്നത്." ഒരു യഹൂദനെങ്കിലോ, നോക്കു, എന്തായിരിക്കുന്നു എന്നുള്ള, വചനം അറിഞ്ഞിരിക്കേണ്ടതാണ്. എന്നാൽ, നോക്കു, അവൻ ഈ നേരം ശ്രദ്ധിക്കുകയായിരുന്നു. എന്താണ്? അവൻ ചെയ്യാൻ പോകുകയായിരുന്നു...അവൻ എന്തു ചെയ്യാൻ പോകുകയായിരുന്നു? അവന്റെ വചനം തെളിയിക്കുന്നു. മനസ്സിലായോ? എന്താ, അവൾ ചോദിച്ചു...അവൻ പറഞ്ഞു, "ശരി, പോയി നിന്റെ ഭർത്താവിനെ ഇവിടെ കൂട്ടിക്കൊണ്ടുവരു."

അവൾ പറഞ്ഞു, "എനിക്ക് ഭർത്താവില്ല."

179 "എന്താണ്," അവൻ പറഞ്ഞു, "നീ പറഞ്ഞതു സത്യം തന്നെ, നോക്കു, നിനക്കു അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ നിന്റെ ഭർത്താവല്ല." കാണുന്നോ? ശ്രദ്ധിക്കു! ചിലതു സംഭവിച്ചു, നോക്കു, എന്തോ ചിലത് ജീവനെടുത്തു. ഇപ്പോൾ, ആരംഭം മുതലേ അവിടെ അത് ഇല്ലായിരുന്നെങ്കിൽ, മുൻനിയോഗത്തിൽ നിന്നുമുള്ള പ്രാധിനിത്യം അവൾക്ക് അവിടെ ഇല്ലായിരുന്നെങ്കിൽ, അത് ഒരിക്കലും അതിന്മേൽ പിടിത്തം ഇടില്ലായിരുന്നു.

180 അവിടെ പുരോഹിതന്മാർ നിന്നിരുന്നു, പറഞ്ഞു, "ഈ മനുഷ്യൻ ബേത്സബൂബാണ്." നോക്കു, ഒരു പ്രാധനിത്യവുമില്ല.

181 *നിത്യജീവൻ*, "നിങ്ങളിൽ എപ്പോഴുമുണ്ടായിരുന്നു." നോക്കു, നിങ്ങൾക്ക് നിത്യജീവനുണ്ട്, അത് ഒരേ ഒരു പ്രതിരൂപത്തിലേയുള്ളു, അത് ദൈവമാകുന്നു. നിങ്ങൾ അവന്റെ ഗുണവിശേഷമായിരുന്നു,

അവൻ നിങ്ങളെക്കുറിച്ച് ചിന്തിച്ചിരിക്കയും ഭൂമിയ്ക്ക് അടിസ്ഥാനം ഇടും മുമ്പേ, അവന്റെ മനസ്സിൽ, നിങ്ങളെ അറിഞ്ഞുമിരുന്നു. കാണുന്നോ?

182 അവൾ ചുറ്റും നോക്കി. അവൾ പാപത്തിന്റെ എത്ര വലിയ ആകാരത്തിൽ ആയിരുന്നു എന്നു നോക്കൂ. എന്നാൽ, നോക്കൂ, അവന് കിട്ടിയിരുന്നില്ല—അവന് പുരോഹിതന്മാരെ കിട്ടിയിരുന്നില്ല, കാരണം പുരോഹിതന്മാർ വിദ്യാസമ്പന്നന്മാരായ പണ്ഡിതന്മാരായിരുന്നു, വചനത്തിന്റെ ഒരു മതതത്വവേദശാസ്ത്രി, എന്നാൽ സ്വർഗ്ഗത്തിൽ ഒരു പ്രാധിനിത്യവുമില്ല, നോക്കൂ, ദൈവത്തിന്റെ ചിന്തയിൽ ഒരിക്കലും ആയിരുന്നിട്ടില്ല. എന്നാൽ ഈ സ്ത്രീയുണ്ടായിരുന്നു. അവൾ പറഞ്ഞു, “യജമാനനേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു.” അത് മാത്രമാണ് അവൾ കാണാനായി അവൻ ആഗ്രഹിച്ചിരുന്നത്. കാണുന്നോ? പറഞ്ഞു, “നീയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു, നീ ഒരു പ്രവാചകനെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ, ഞങ്ങൾക്കറിയാം. ഇപ്പോൾ പ്രവാചകന്മാരെപ്പറ്റി നമുക്ക് മനസ്സിലായിട്ടില്ല, എന്തെന്നാൽ ഇതെല്ലാം വളരെ താമസിച്ചുപോയിരിക്കുന്നു. ഒരു മിശിഹാ വരുന്നു എന്നു ഞങ്ങളറിയുന്നു. മിശിഹാ വരുമ്പോൾ, അവൻ ആ വചനം ആയിരിക്കും. നോക്കൂ, അവൻ ഹൃദയ രഹസ്യങ്ങളെ അറിയാൻ പോകുകയാണ്, നിങ്ങൾ അവിടെ ചെയ്ത അതേ കാര്യങ്ങൾ തന്നെ അവൻ ചെയ്യും.” പറഞ്ഞു, “നീ അവന്റെ മുന്നാലെ വരുന്നതോ മറ്റോ ആയിട്ടുള്ള അവന്റെ പ്രവാചകന്മാരിൽ ഒരുവൻ ആയിരിക്കും.”

അവൻ പറഞ്ഞു, “ഞാൻ തന്നെ അവൻ.”

183 അവൻ എന്താണ് ചെയ്തിരുന്നത്? അവൻ തന്റെ വചനത്തെ തെളിയിക്കുകയായിരുന്നു, അവന്റെ സ്ഥാനത്തെ തെളിയിച്ചിരുന്നു, അവൻ എന്തായിരുന്നു എന്നു തെളിയിച്ചിരുന്നു. ദൈവം ക്രിസ്തുവിലായിരുന്ന്, ലോകത്തെ തന്നോടൊപ്പം നിരപ്പിച്ചു. ദൈവം വചനമാകുന്നു. ശരി. യെശയ്യാവിന്റെ പ്രവചനം, “‘വീരനാം ദൈവം, നിത്യ പിതാവ്,’ എന്നു വിളിക്കപ്പെട്ടും,” നിറവേറ്റാനായി, അവൻ കാറ്റിനെയും ഓളങ്ങളെയും ശമിപ്പിച്ചു. കാണുന്നോ? ഈ കന്യകയിൽ പിറന്ന പുത്രൻ, അപ്പത്തിനെയും മീനിനേയും പലമടങ്ങാക്കി. അത് എന്തായിരുന്നു? ആ വചനത്തെ തെളിയിക്കുന്നതായിരുന്നു. സകല വചനവും നിറവേറേണ്ടതായിട്ടുണ്ട്. അവനാണ് പ്രത്യക്ഷമാക്കപ്പെട്ട യഹോവ എന്നു പറഞ്ഞിരുന്നതിനെ, അവൻ വചനത്താൽ തെളിയിച്ചു. അവൻ ദൈവസൃഷ്ടിയുടെ ആരംഭമായിരുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിൽ, ദൈവത്തിന് സ്വയമായി ഇവിടെ വസിക്കേണ്ടതിന് ദൈവം തന്റെ ഒരു ചെറിയ ഭാഗത്തിലൂടെ ഇവിടെ

ജീവിച്ചു. അവൻ ദൈവ സൃഷ്ടിയുടെ ആരംഭമായിരുന്നു, "അവനിൽ നിന്നും അനേക പുത്രന്മാർ ഉളവായിവന്നു." കുറിച്ചെടുക്കു, അവൻ മീനുകളെ പലമടങ്ങായി വർദ്ധിപ്പിച്ചു. അവൻ വചനവും വചനത്തിന്റെ തെളിവുമായിരുന്നു.

184 നാം അവസാനത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുമ്പോൾ, ഇപ്പോൾ നന്നായി ശ്രദ്ധിക്കു. ആ ദിവസം, ഞാൻ ഇത് ഇപ്പോൾ കുറച്ചു നിമിഷങ്ങൾക്കു മുമ്പ് വായിച്ചിരുന്നു, ഇപ്പോൾ, അവൻ യായിറോസിന്റെ വീട്ടിലേയ്ക്ക് വന്നതായിരുന്നു. അവൻ അവിടെ എത്തിയപ്പോൾ, അവൻ അകത്തു കടന്നു. ഇപ്പോൾ, യായിറോസ്, ഒരു പുരോഹിതനായിരുന്നു എന്ന് ഓർക്കുക, ഒരു അതിർത്തിരേഖ വിശ്വാസി. അവൻ യേശുവിനെ വിശ്വസിക്കാൻ ആഗ്രഹിച്ചിരുന്നു, എന്നാൽ അവൻ തന്റെ സഭയെ വിട്ടുകളയാൻ ഇഷ്ടപ്പെട്ടില്ല, എന്തെന്നാൽ അവർ ഇങ്ങനെ പറഞ്ഞിരുന്നു, "അവനെ ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ, അവനെ പള്ളിഭ്രഷ്ടനാക്കുന്നതാണ്." ഇപ്പോൾ നന്നായി ശ്രദ്ധിക്കു, ഇപ്പോൾ, അവസാനിപ്പിക്കുമ്പോൾ, എന്നിലേയ്ക്ക് വളരെ നല്ല ശ്രദ്ധ കേന്ദ്രീകരിക്കു. ഇത് ശ്രദ്ധിക്കു. യേശു കടൽ കടന്നു വരുമ്പോൾ തന്നെ എന്തു സംഭവിക്കുമെന്നു, അവൻ അറിഞ്ഞിരുന്നു, കാരണം അവൻ സകലതും അറിഞ്ഞിരുന്നു. അവൻ കടൽ കടന്നു വന്ന്, അവിടെ നിന്നു, ഇതാ ആ ചെറിയ പുരോഹിതൻ അവിടേയ്ക്ക് വരുന്നു. അവന്റെ കുഞ്ഞ് വളരെ അത്യാസന്ന നിലയിലായിരുന്നു, ഡോക്ടമാർ അവളെ കൈയ്യൊഴിഞ്ഞിട്ട് പറഞ്ഞു, "അവൾ മരണത്തിന്റെ വക്കിലായി കിടക്കുന്നു." ഇപ്പോൾ, പ്രവർത്തിക്കാനുള്ള സമയം വന്നു.

185 ഒരുപക്ഷേ ഇന്നു രാവിലെ സമയം, പ്രവർത്തിക്കാനുള്ള സമയം വന്നെത്തി എന്നുവരാം. കാണുന്നോ? ചിലപ്പോൾ നിങ്ങൾ നന്നേ സുഖമില്ലെന്നുവരാം. നിങ്ങൾ തെറ്റാണെന്നു ചിലപ്പോൾ നിങ്ങൾ ഏറ്റുപറഞ്ഞെന്നിരിക്കാം. അത് സംഭവിച്ചിരിക്കാം. പ്രവർത്തിക്കാനുള്ള സമയം വരുമ്പോൾ, ദൈവം ആ കാര്യങ്ങളിൽ സമ്മർദ്ദമിടുന്നു.

186 ഇപ്പോൾ ശ്രദ്ധയോടെ. എല്ലാവരുടെയും മുന്നിലൂടെ, അവൻ കടന്നുവന്നു, മറ്റുള്ളവർ എന്തു പറയുന്നു എന്നവൻ കാര്യമാക്കിയില്ല, യേശുവിന്റെ പാദത്തിൽ വീണു. എപ്പോഴെങ്കിലും ഒരിക്കൽ സ്കൂളിൽ പോയിട്ടുണ്ട് എന്ന ഒരു രേഖയും നമ്മുടെ പക്കലില്ലാത്തവന്റെ അടുക്കൽ, ഒരു വിദ്യാസമ്പന്നനായ പണ്ഡിതൻ വരിക എന്നത് എത്ര നല്ല ചുവടായിരുന്നു. "ഒരു കൊള്ളരുതാത്തവൻ," എന്നറിയപ്പെടുന്ന ഒരുവന്റെ അടുക്കലേയ്ക്ക്, സകല മതതത്വവേദശാസ്ത്രവും ആയിട്ടുള്ളവന്, എങ്ങനെ ഒരു മനുഷ്യനു വരാനാകും, "ഒരു കാട്ടു

മനുഷ്യൻ, ഭ്രാന്തൻ, മനോനില തെറ്റിയവൻ, അവന്റെ ശരിയായ മനോനിലയിൽപ്പോലും അല്ലാത്തവൻ," അങ്ങനെ പ്രതിപാദിച്ചതിൽ ക്ഷമിക്കണം, എന്നാൽ, "അവൻ ആ ദിവസങ്ങളിലെ ഒരു സാധാരണ കിറുക്കനായിരുന്നു," സകലരും അവനെപ്പറ്റി അങ്ങനെ ചിന്തിച്ചിരുന്നു. നമ്മൾ ഇന്നു പറയുന്നതുപോലെ, തെരുവിലെ പ്രതിപാദം, "വിചിത്ര ജീവി!" നട്ടിനെയും ബോൾട്ടിനെയും കുറിച്ച് ഞാൻ കഴിഞ്ഞ ദിവസം പ്രസംഗിച്ചതു, നിങ്ങളറിയുന്നു. നോക്കൂ, പുറത്തുള്ള ജനങ്ങൾക്ക് അവൻ അങ്ങനെയായിരുന്നു, ഏകദേശം എല്ലാവർക്കും അങ്ങനെ... പറയും, "എന്താണ്, നീ നിന്റെ ശരിയായ മനോനിലയിലല്ല! നിനക്ക് ഭ്രാന്താണ്! നീ ഒരു ഭ്രാന്തനാണ്! ഇപ്പോൾ, സകല സ്കോളർഷിപ്പുകളുമുള്ള ഒരു മനുഷ്യൻ ഇവിടെ, തന്റെ മനോനിലയിൽ നിന്നും പുറത്തായിപ്പോയിരിക്കുന്നു എന്നു വിചാരിക്കുന്ന ഒരുവന്റെ അടുക്കലേയ്ക്ക് ഇതാ കടന്നു വരുന്നു. അവൻ അതു ചെയ്യാനായി തള്ളപ്പെട്ടു.

187 ഇപ്പോൾ അവളെ ശ്രദ്ധിക്കുക. ഇത് അല്പം കുത്തുവാക്കുപോലെ തോന്നിച്ചേക്കാം, എന്നാൽ ഇത് നിങ്ങൾക്ക് നല്ലതാണ്. നോക്കൂ, ചില നേരങ്ങളിൽ ഒരു ഷോക്ക് നിങ്ങളെ ഉണർത്തിയേക്കാം.

188 ശ്രദ്ധിക്കൂ, അവൻ കടന്നു വന്ന്, ഈ ചെറിയ പെൺകുട്ടി മരിച്ചു കിടന്നിടത്തേയ്ക്ക് കടന്നു, അത് ഒരുപക്ഷേ മരിച്ചിട്ട് മണിക്കൂറുകൾ കഴിഞ്ഞിരിക്കാം, അവർ അവളെ അവിടെ കിടത്തിയിരുന്നു, ശവം സുഗന്ധതൈലങ്ങളിട്ടു സൂക്ഷിക്കുന്ന ദ്രാവകം അവളുടെ മേലും, കിടക്കയ്ക്കു ചുറ്റുമായി ഒഴിച്ചിരുന്നു എന്നും വരാം. ആ വിധത്തിലാണ് അന്ന് അവർ ചെയ്തിരുന്നത്, ഒരു ബോർഡിന് മേൽ കിടത്തി, അതിനെ കെട്ടിപ്പൊതിഞ്ഞ് ഒരു ഗുഹയ്ക്കകത്തു വെയ്ക്കുമായിരുന്നു. അവളെ അവിടെ കിടക്കമേൽ കിടത്തിയിരുന്നു, അവളുടെ ചുറ്റും പൂക്കളും വെച്ചിരുന്നു.

189 പിന്നെ, ഓ, ആ നല്ലവനായ പാസ്റ്റർ, യായീറോസ്, അദ്ദേഹം ഒരു നല്ല സ്വഭാവത്തിലെ പാസ്റ്ററായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്, എല്ലാവരും അവനെ സ്നേഹിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, നോക്കൂ, എനിക്കത് തെളിയിക്കാൻ കഴിയും, കാരണം അവൻ വിശ്വസിച്ചിരുന്നു, അവന്റെ ഹൃദയത്തിൽ, യേശുവിനെ വിശ്വസിച്ചിരുന്നു. അവന് ആ തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല, കാരണം അവന് ഒരു പ്രതിബന്ധം ഓരോ ശനിയാഴ്ചയിലും അതല്ലെങ്കിൽ തിങ്കളാഴ്ച രാവിലെയോ കടന്നുവരാതിരിക്കില്ലായിരുന്നു. കാണുന്നോ? അവൻ ആ തീരുമാനം മാത്രം എടുക്കാൻ കഴിഞ്ഞിരുന്നില്ല. മറ്റൊരു കാര്യം, ജനങ്ങൾ, അവന്

ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന വളരെ മാന്യമായ അഭിമാനം, അവർ പറയും, "നിങ്ങൾക്ക് അത് എന്താണെന്ന് അറിയാമോ, യായീറോസ് കാശിന്റെ പിന്നാലെ പോയി. നോക്കൂ, അവൻ അവിടെ ഒരു കള്ളപ്രവാചകന്റെ അടുത്തേയ്ക്ക് പോയി, അതു തന്നെയാണ് കൃത്യമായും അവൻ ചെയ്തത്, അവിടെ എല്ലാവരും, ഗലീലയിലെ പ്രവാചകൻ, നസ്സറേയനായ യേശു, എന്ന ചിഹ്നങ്ങളും മറ്റും ഏന്തിയിട്ടും മറ്റുമുണ്ടായിരിക്കാം.

190 അതിപ്പോൾ നാം വിശ്വസിക്കുന്നില്ല, അത് കേഴ്വിയ്ക്ക് ദൈവനിന്ദകമായി തോന്നും, എന്നാൽ അന്ന് ആ വിധത്തിലായിരുന്നു. കാണുന്നോ? "മാത്രമല്ല, ഒരുദിവസം, അന്ന് ആയിരുന്നതുപോലെ തന്നെ, ഈ വരും ദിവസങ്ങളിൽ ഒന്നിൽ സംഭവിക്കാൻ പോകുന്നു." നോക്കൂ, അതേ കാര്യം!

191 ശ്രദ്ധിക്കൂ, അവൻ അവിടേയ്ക്ക് കടന്നുചെന്നു. അവന് അത് ചെയ്യാൻ കഴിഞ്ഞിരുന്നില്ല, എന്നാൽ അവൻ അതു ചെയ്യാൽ നിർബ്ബന്ധിക്കപ്പെട്ട ആ സമയം കടന്നുവന്നു. ഇവിടെ ഇതാ അവൻ യേശുവിന്റെ അടുക്കലേയ്ക്ക് പോയി അവനെ കണ്ടുമുട്ടി, അവരുടെ എല്ലാവരുടെയും മുന്നിൽ വെച്ചു തന്നെ, അവന്റെ കാല്ക്കൽ വീണുകൊണ്ട്, പറഞ്ഞു, "ഗുരോ! ഗുരോ!" അത് എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? ഭരണനായകത്വം, ഉടമസ്ഥത. ശരി.

192 നോക്കൂ, അനേക ജനങ്ങൾക്ക് യേശുവിനെ അവരുടെ കർത്താവായിട്ടു വേണ്ട, എന്നാൽ, അവരുടെ രക്ഷകനായിട്ടു മതി. നോക്കൂ, *കർത്താവ്* എന്നാൽ "നായകൻ," എന്നാണ്. അതെ. നിങ്ങൾ പറയും, "യേശുവേ, നീ എന്നെ രക്ഷിച്ച് ഞാൻ ഇവിടെ തന്നെ നിൽക്കാൻ എന്നെ അനുവദിക്കേണമേ, അതു മാത്രം മതി, ഞാൻ എന്റെ സ്വന്ത കാര്യം ചെയ്യും. ഇപ്പോൾ, നീ എന്റെ കാര്യത്തിൽ ഇടപെടരുത്. എന്നാൽ നിനക്ക് എന്റെ രക്ഷകനായിരിക്കാം, എന്റെ കർത്താവല്ല." അവൻ കർത്താവാകാൻ ആഗ്രഹിക്കുന്നു, അപ്പോൾ അവൻ നിങ്ങളുടെ രക്ഷനായിരിക്കും.

193 എന്നാൽ ഇപ്പോൾ, അവൻ പറഞ്ഞു, "ഗുരോ, രക്ഷകാ!" കാണുന്നോ? "ഞാൻ...എന്റെ കുഞ്ഞുമകൾ, അവൾക്കു പന്ത്രണ്ടു വയസ്സുണ്ട്, ഡോക്ടർമാർ അവളെ കൈയ്യൊഴിഞ്ഞു കളഞ്ഞു." ആ പുരോഹിതൻ ഇപ്രകാരം പറഞ്ഞേക്കാം എന്നുള്ളതിനു യാതൊരു സംശയവുമില്ല, "നിനക്കറിയാമോ, നിന്നെപ്പറ്റി അവരെല്ലാവരും നീ ഒരു മതഭ്രാന്തൻ എന്നാണ് പറയുന്നത്, എന്നാൽ, നിക്കറിയാമോ, ഗുരോ, ഞാൻ—ഞാൻ—ഞാൻ നിന്നിൽ വിശ്വസിക്കുന്നു. ഞാൻ വിശ്വസിക്കുന്നു. നിനക്കു ഹൃദയങ്ങളെ തിരിച്ചറിയാൻ സാധിക്കുമെന്നു

ഞാൻ അറിയുന്നു. ഒരേ ഒരു കാര്യമേ ഞാൻ നിന്നോട് പറയുന്നുള്ളൂ, കടന്നു വന്നു അവളുടെ മേൽ നിന്റെ കൈകളെ വെച്ചാലും. പിന്നെ എന്നോടു എന്തു ചെയ്യേണമെന്നു പറയൂ, ഞാൻ അതു ചെയ്യും." ഓ, ഇപ്പോൾ നിങ്ങൾ എവിടെയോ എത്തപ്പെട്ടു.

പറഞ്ഞു, "ഞാൻ പോകും. ഞാൻ പോകും." അവൻ പോകാൻ തുടങ്ങി.

194 അവൻ വളരെ മണിക്കൂറുകൾ പോയപ്പോൾ, ഇതാ ഒരു മനുഷ്യൻ ഓടി വരുന്നു, അന്നത്തെ രീതിയ്ക്കനുസരിച്ച്, അവന്റെ തലയിൽ ചാരം വിതറിയിരുന്നു. പറഞ്ഞു, "നിന്റെ മകൾ മരിച്ചുപോയി, ആ മനുഷ്യനെ ഇനി അസഹ്യപ്പെടുത്തണ്ട. അവൾ മരിച്ചു കഴിഞ്ഞിരിക്കുന്നു, അവർ അവളെ മുന്നമേ തന്നെ തയ്യാറാക്കി പുറത്തു കിടത്തിയിരിക്കുന്നു."

195 ഓ, അവന്റെ കുഞ്ഞു ഹൃദയം! യേശു ആ കണ്ണുകളെ തിരിച്ച്, അവനെ നോക്കി, അവൻ പറഞ്ഞു, "ഓ! ഓ! ഓ!"

196 അവൻ പറഞ്ഞു, "ഞാൻ നിന്നോടു പറഞ്ഞില്ലേ?" ഇപ്പോൾ, അവൻ അവിടെ എന്താണ് ചെയ്തത്, അവൻ യായീറോസിനോടു വാഗ്ദത്തം ചെയ്തിരുന്നു. അവന് അതിപ്പോൾ തെളിയിക്കേണ്ടതുണ്ട്. ആമേൻ. "ഞാൻ നിന്നോടു പറയുന്നു. വിശ്വസിക്ക മാത്രം ചെയ്യുക നീ ദൈവത്തിന്റെ മഹത്വം കാണും." അവൻ എന്തു ചെയ്യുകയായിരുന്നു എന്നവൻ അറിഞ്ഞിരുന്നു. അവന്റെ പിതാവ് അവനെ കാണിച്ചുകൊടുക്കാതെ അവൻ യാതൊന്നും തന്നെ ചെയ്യുകയില്ല എന്നു അവൻ പറഞ്ഞിരുന്നു. വിശു. യോഹ.—വിശു. യോഹ. 5:19, "പിതാവ് എനിക്ക് കാണിച്ചു തരുന്നതു മാത്രമേ ഞാൻ ചെയ്യുകയുള്ളൂ," അങ്ങനെ എന്തു സംഭവിക്കാൻ പോകുന്നു എന്നു അവൻ അവനെ കാണിച്ചിരുന്നു.

197 അങ്ങനെ അവൻ വീട്ടിലേയ്ക്ക് കയറിയപ്പോൾ, അവിടെ അതിന്റെ വശത്തായി അല്പനേരം നിന്നു, ആഴ്ചകളോളം രോഗബാധിതയായിരുന്നിട്ട്, തണുത്തു മരവിച്ച് അവിടെ കിടന്നിരുന്നു. അവളുടെ ചെറിയ, മഞ്ഞളിച്ച ശരീരം, പനിയും മറ്റു ബാധിച്ചതിനാലാണ്, അവൾ—അവൾ മരിച്ചത്, അവളുടെ ശരീരത്തിനുള്ളിൽ ആഹാരം ഉണ്ടായിരുന്നില്ല. അവർ അവളെ എല്ലാ ശവയടക്കത്തിനുപയോഗിക്കുന്ന തൈലവും, മറ്റു സുഗന്ധവർഗ്ഗത്താലും പൂശിയിരുന്നു. അവിടെ കിടക്കയിൽ, കിടന്നിരുന്നു, അവളെ കെട്ടി വരിഞ്ഞ് കല്ലറയിൽ വെയ്ക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരുന്നു. അവർ ഇട്ടു...ആ ചെറിയ ചടങ്ങു നടത്താനായി അവളുടെ ചുറ്റിലും പൂക്കളും മറ്റും വെച്ചിരുന്നു. യേശു അവിടേയ്ക്ക് കടന്നു വന്നു. അപ്പോൾ എല്ലാവരും, "ഓ, യായീറോസേ, നിന്റെ കുഞ്ഞുമകൾ

മരിച്ചുപോയി! ഓ, പിതാവായ യായീറോസേ ഓ! ഞങ്ങൾക്ക് നിന്നോട് വളരെ ഖേദമുണ്ട്," എന്നു മറ്റും പറയുന്നുണ്ടായിരുന്നു.

198 അവൻ പറഞ്ഞു, "ഓ, മിണ്ടാതിരിക്കു; നിങ്ങൾ വളരെയധികം ബഹളം ഉണ്ടാക്കുന്നു." അവൻ ചോദിച്ചു, "നിങ്ങൾ എന്തിനാണ് ഇവിടെ ചുറ്റിലുമായി ബഹളം ഉണ്ടാക്കുന്നത്?" നിങ്ങൾ കാണുന്നോ? "ഈ ഒച്ചപ്പാട്, നിങ്ങൾ വെറുതെ...നിങ്ങൾ അലറുകയും ആരാവാരമുണ്ടാക്കുകയും ചെയ്യുകയാണ്. ഈ കുട്ടി മരിച്ചിട്ടില്ല. അവൾ ഉറങ്ങുകയാണ്, ശ്."

199 അപ്പോൾ അവർ എന്തു ചെയ്തു? അവൾ മരിച്ചിട്ടില്ല എന്നവൻ പറഞ്ഞു കേട്ടപ്പോൾ, അവർ...പറഞ്ഞു, "അവർ അവനെനോക്കി ചിരിച്ചുകൊണ്ട് പരിഹസിച്ചു." മറ്റു വാക്കുകളിൽ, അവർ അവനെ നിന്ദാസൂചകമായി കൂകിവിളിച്ചു. "നിന്ദാസൂചകമായി കൂകിയാക്ഷേപിക്കുക, എന്താണ് നീ! കള്ളപ്രവാചകാ! മനുഷ്യരെ ചതിക്കുന്നവനേ! കുട്ടി മരിച്ചുകഴിഞ്ഞു. അവൾ മരിച്ചെന്നു ഡോക്ടർ പറഞ്ഞു. ഞങ്ങൾ അവളെ ശവസംസ്കാരത്തിന്റെ തൈലം പൂശി, അവളെ പുറത്തു കിടത്തിയിരിക്കുന്നു. അവൾ മരിച്ചിരിക്കുന്നു. "അവർ പറഞ്ഞു, "ഹാ, ഹാ, ഹാ! ഇപ്പോൾ, യായീറോസേ, നീ അവനെക്കുറിച്ചു സംസാരിച്ചിരുന്നു, ഇപ്പോൾ അതിനെക്കുറിച്ച് എന്താണ്?"

200 അവൻ എന്തു ചെയ്തെന്നു നിങ്ങൾക്കറിയാമോ? അവൻ പറഞ്ഞു, "നിങ്ങൾ എല്ലാവരും ഇവിടെ നിന്നും പുറത്തിറങ്ങു." ചുറ്റിനും അങ്ങനെയുള്ള അവിശ്വാസം ഉണ്ടായിരുന്നാൽ, അതു പ്രവർത്തിക്കില്ല. ഇപ്പോൾ, അവൻ പറഞ്ഞത് എന്താണ്? അവൻ പറഞ്ഞു, "യായീറോസേ, നീ വിശ്വസിക്കുക മാത്രം ചെയ്താൽ, നീ ദൈവത്തിന്റെ മഹത്വം കാണും." ഇപ്പോൾ, അത് അവന്റെ വചനമാണ്. അവന് അതിനെ തെളിയിക്കേണ്ടതായിട്ടുണ്ട്. ശരി.

201 അവരെല്ലാം കരഞ്ഞുകൊണ്ടിരുന്ന വീട്ടിനകത്തേയ്ക്ക് അവൻ കടന്നു ചെല്ലുമ്പോൾ, അവൻ പറഞ്ഞു, "അവൾ ഉറങ്ങുകയാണ്." അത് ശാസ്ത്രത്തിനു വിപരീതമായ കാര്യമായിരുന്നു. അതു സാമാന്യ ബുദ്ധിയ്ക്കു വിപരീതമായ കാര്യമായിരുന്നു. അവൾ മരിച്ചു, ശവസംസ്കാരത്തിലുള്ള തൈലം പൂശിയിരുന്നു.

202 അവർ മരിച്ചു കഴിയുമ്പോൾ തന്നെ, അവർ അപ്പോൾ തന്നെ ശവസംസ്കാര തൈലം പൂശുമായിരുന്നു, അവരിൽ നിന്നും ജീവൻ പോയ ഉടൻ തന്നെ അതു ചെയ്തിരുന്നു, അവർ ആ സുഗന്ധദ്രവ്യങ്ങളും മറ്റും അതിൽ പൂശി അവരെ കെട്ടിപ്പൊതിഞ്ഞ് പുറത്തു കൊണ്ടുപോയിരുന്നു. നോക്കു, അവരെ അടക്കം ചെയ്യേണ്ടതിന്, അവർ അവരെ ഉടൻ തന്നെ അടക്കം

ചെയ്തിരുന്നു, അതെ, ചില സമയങ്ങൾ ജനങ്ങൾ അറിയുകപോലും ചെയ്തിരിക്കില്ല. നിങ്ങൾക്കറിയാമോ, അനന്യാസും, സഫീറയും; അവർ അനന്യാസിനെ അടക്കം ചെയ്തിട്ടു വന്നപ്പോൾ സഫീറയേയും... അനന്യാസ്, സഫീറാ അകത്തേയ്ക്ക് വരുമ്പോൾ, നിങ്ങൾ നോക്കൂ; അവർ അവനെ അവർ പുറത്ത് എടുത്തുകൊണ്ടു പോയി അടക്കം ചെയ്തു കഴിഞ്ഞിരുന്നു. അവർ ഉടൻ തന്നെ, അവർ മരിച്ച ഉടൻ തന്നെ, അവർ അവരുടെ മേൽ ആ സാധനങ്ങളെയെല്ലാം ഒഴിച്ച് പുറത്തു കൊണ്ടുപോയി അവരെ അടക്കം ചെയ്തിരുന്നു. കാണുന്നോ?

203 അങ്ങനെ അവൾ ആദ്യം തന്നെ കല്ലറയിലേയ്ക്ക് പോകാനായി തയ്യാറാക്കപ്പെട്ടിരുന്നു, എന്നാൽ അവളെ മറവു ചെയ്യുന്നതിനു മുമ്പ് അവസാനമായി അവളുടെ പപ്പ കാണേണ്ടതിന് അവർ കാത്തിരിക്കുകയായിരുന്നു. ഇതാ അവൻ കടന്നു വരുന്നു, അവൾ ആ അവസ്ഥയിലാണ്, അവൻ പറഞ്ഞു, "അവൾ ഒരല്പം ലഘുനിദ്രയിലാണ്."

അതെ, അവർ പറഞ്ഞു, "ഇപ്പോൾ, അവൻ വാസ്തവമായും ഭ്രാന്തനല്ലായിരുന്നു എങ്കിൽ!"

204 അങ്ങനെ അവൻ ഇപ്പോൾ എന്തു ചെയ്യാൻ പോകുന്നു? അവൾ ഉറങ്ങുകയാണ് എന്നവൻ ആദ്യം തന്നെ പറഞ്ഞിരുന്നു, അവന് തന്റെ വചനം തെളിയിക്കേണ്ടതുണ്ട്. ആ കൂട്ടരുടെ മുന്നിൽ വെച്ച് അവന് അത് ചെയ്യാനാകില്ല, അതിനാൽ അവൻ പറഞ്ഞു, "ഇവരെ എല്ലാവരെയും പുറത്താക്കു." അപ്പോഴും അവൻ യായീറോസിനെ നോക്കിക്കൊണ്ട് ചോദിക്കുന്നത് ഞാൻ കാണുന്നു, "നീ ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ?"

"അതെ, കർത്താവെ."

205 "നീയും നിന്റെ ഭാര്യയും ഇവിടെ വരൂ. പത്രൊസ്, യാക്കോബ്, യോഹന്നാൻ, നിങ്ങൾ എന്നോടൊപ്പം വരൂ." അവർ അവിടെയ്ക്ക് നടന്നുചെന്ന് ഈ വാക്കുകളെ പറഞ്ഞു, *തലീഥാ കൂമി,* അതിന്റെ അർത്ഥം, "ബാലേ, എഴുന്നേല്ക്ക." അവന്റെ വചനം അവൻ തെളിയിച്ചു, അവൾ ഉറങ്ങുകയായിരുന്നു. അത് ശരിയല്ലേ? ഇവിടെ അവൻ, അവന്റെ വചനം ശരിയാണെന്നു, തെളിയിച്ചു. അവരുടെ അവിശ്വാസത്തെ അവഗണിച്ചുകൊണ്ട്, അവൻ അപ്പോഴും, അവിടെ അവളെ ഉണർത്തിയിട്ട്, തന്റെ വചനം ശരിയായിരുന്നു എന്നു തെളിയിച്ചു, എന്തെന്നാൽ അവൾ ഉറങ്ങുകയാണ് എന്ന് അവൻ പറഞ്ഞിരുന്നു. അവൾ ഉറങ്ങുകയായിരുന്നു.

206 അവന്റെ വചനം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന, ഓരോ സത്യ വിശ്വാസിക്കും വേണ്ടി, അവന് ഇന്നും അത് ചെയ്യാൻ കഴിയും.

"ക്രിസ്തുവിലുള്ളവരെ, അവനോടൊപ്പം ദൈവം കൊണ്ടുവരും." കാണുന്നോ? "ക്രിസ്തുവിലുള്ളവർ."

207 ഈ യഹൂദ ബാലേയ്ക്കുവേണ്ടി എന്താണ് ചെയ്തത്? ഞാൻ ഇവിടെയുള്ള ഈ തിരുവചനത്തെ വിട്ടു മുന്നിലേയ്ക്ക് പോകുകയാണ്, എന്നാൽ ഞാൻ—ഞാൻ അതു വീണ്ടും തുടരുന്നതാണ്. ഒരുപക്ഷേ ഒരല്പം താമസിക്കും എന്നു ഞാൻ അറിയുന്നു, നമുക്ക് ചില നിമിഷത്തിനകം പ്രാർത്ഥന നിര തുടങ്ങേണ്ടതാണ്. ഞാൻ നിങ്ങളെ അടുത്ത ആഴ്ചകൂടെ കാണാൻ പോകുന്നില്ല, എന്നാൽ നമുക്ക് ഒരു നിമിഷം കൂടി കാത്തിരിക്കാം. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്." കാണുന്നോ? ശ്രദ്ധിക്കു, ഞാൻ ഇതിനെ, നിങ്ങളെ കാണിക്കുന്നതിലേയ്ക്കായി ഇതിലേയ്ക്ക് ഇപ്പോൾ കൊണ്ടുവരുന്നു. എന്തുകൊണ്ടാണ് ഈ ചെറിയ എബ്രായ ബാലയെ യേശു ഉണർത്തിയത്? കാരണം അവൾ മരിച്ചിട്ടില്ല എന്നു അവൾ അറിഞ്ഞിരുന്നോ? മുൻകുറിക്കൽ. അവൻ ലാസറിനോടു ചെയ്ത അതേ വിധം തന്നെ. കാണുന്നോ? അന്നേ ദിവസം തന്നെ അനേക ചെറു ബാലകൾ മരിച്ചേക്കാം, അവരെക്കുറിച്ച് അവൻ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. ഈ ഒന്നിന് നിത്യജീവനുണ്ടെന്ന് അവൻ അറിഞ്ഞിരുന്നു. നോക്കു, അവൻ മറ്റുള്ളവരിൽ ആരെയും ഉണർത്തിയില്ല.

208 നോക്കു, അവൻ യെരീഹോവിൽ നിന്നും പുറത്തു കടക്കുമ്പോൾ, അവർ പറഞ്ഞു, "ഇവിടെ, ഈ കക്ഷി ഇവിടെയാണ്!" അവർ അങ്ങനെ പറഞ്ഞിരിക്കും എന്നതിൽ ഒരു സംശയുവമില്ല, "നീ മരിച്ചതിനെ ജീവിപ്പിച്ചില്ലേ? നിനക്ക് മരിച്ചതിനെ ഉയിർപ്പിക്കാൻ കഴിയുമെന്നു നീ എന്നോടു പറഞ്ഞല്ലോ, ഞങ്ങൾക്ക് അവരെക്കൊണ്ട് ഇവിടെ ശ്മശാനം നിറഞ്ഞിരിക്കുന്നു, വന്ന്, ഇതിനെ ഉയിർപ്പിക്കു." നോക്കു, അവൻ അവർക്ക് ഒരു ശ്രദ്ധയും കൊടുത്തില്ല. നോക്കു, ഒരിക്കലും ചെയ്തില്ല, എന്തെന്നാൽ അവൻ വചനമായിരുന്നു എന്നവൻ അറിഞ്ഞിരുന്നു.

209 നോക്കു, അവൾ ഉറങ്ങുകയായിരുന്നു. പിതാവ് വരുമെന്നു അവൻ അറിഞ്ഞിരുന്നു. ഇപ്പോൾ, ഈ കുഞ്ഞു ബാല, നോക്കു, ആ കുഞ്ഞു യഹൂദ ബാല ഉറങ്ങുക മാത്രം ചെയ്യുന്നു എന്നവൻ അറിഞ്ഞിരുന്നു. നോക്കു, നീതിമാൻ മരിക്കുന്നില്ല. നീതിമാന്മാരെ വീണ്ടെടുക്കാനായി യേശു വന്നു. *വീണ്ടെടുക്കുക* എന്നാൽ, "ഒരിക്കൽ നിങ്ങൾ എവിടെ ആയിരുന്നോ അവിടേയ്ക്ക് തിരികെ കൊണ്ടുവരിക എന്നാണ്." കാണുന്നോ? അവന് അവിശ്വാസിയെ, അവർ എത്രമാത്രം വിദ്യസമ്പന്നരെന്നോ അവർക്ക് എത്രമാത്രം ഡോക്ടർ

ഡിഗ്രി കിട്ടിയെന്നു കാര്യമില്ല, അവരെ വീണ്ടെടുക്കാൻ കഴിയില്ല. അവന് അവരെ വീണ്ടെടുക്കാൻ കഴിയില്ല, എന്തുകൊണ്ടെന്നാൽ അവരെ വീണ്ടെടുക്കാനാവുന്നതല്ല; അവർ അവരുടെ സമാപ്തിയിലേയ്ക്ക് പോകേണ്ടതുണ്ട്. എന്നാൽ, അവന്റെ മുന്നറിവിനാൽ ലാസർ കല്ലറയിൽ നിന്നും പുറത്തു വരാൻ പോകുന്നു എന്നറിഞ്ഞിരുന്നു. ഈ ചെറിയ ബാലയ്ക്കും നിത്യജീവനുണ്ടെന്ന് അവൻ അറിഞ്ഞിരുന്നു. അതുകൊണ്ട് അവൾ മരിച്ചില്ല, അവൾ ഉറങ്ങുക മാത്രമാണ് ചെയ്തത്. ഈ ഭൂമിയിലെ നമ്മുടെ വേല അവസാനിക്കുമ്പോൾ, അവന്റെ വരവുവരെയും നാം ജീവിച്ചിരിക്കുന്നില്ലെങ്കിൽ, നമുക്ക് മരിക്കാനാകില്ല, നാം ഉറങ്ങുക മാത്രം ചെയ്യും. അത് അവൻ ഇവിടെ തെളിയിച്ചു. അവൻ അതിനെ വീണ്ടും തെളിയിക്കും. "ത്വക്ക് അഴുകി ഇങ്ങനെ ശരീരം നശിച്ചാലും, അപ്പോഴും ഞാൻ അവന്റെ ഛായയിൽ ഉണർന്നെഴുന്നേല്ക്കും."

210 അവൻ തന്റെ എല്ലാ വചനങ്ങളെയും, അവന്റെ എല്ലാ വചനത്തെയും തെളിയിക്കുന്നു. ഇതിനെപ്പറ്റി മാത്രം ചിന്തിക്കു, *അവന്റെ* എല്ലാ വചനവും! നിങ്ങൾ അവന്റെ വചനമായിരുന്നു. അവൻ വചനമായിരുന്നു, നിങ്ങൾ അവന്റെ വചനത്തിന്റെ ഭാഗമായിരുന്നു. അതിനാലാണ് ജീവിതത്തിലൂടെ നിങ്ങളുടെ സ്ഥാനത്തെ തീർച്ചയാക്കാൻ വേണ്ടി, നിങ്ങളെ ഇവിടെ അയച്ചിരിക്കുന്നത്. നിങ്ങൾക്ക് അത് മനസ്സിലായില്ല എന്നു ഞാൻ—ഞാൻ—ഞാൻ വിചാരിക്കുന്നു. നോക്കു, അവൻ വചനമാകുന്നു. ഇപ്പോൾ നിങ്ങൾക്ക് അതു മനസ്സിലായോ?

211 ലൂഥറിൽ, അവൻ പാദത്തിലായിരുന്നു; വെസ്ലിയിൽ, തുടകളിൽ; പെന്തെക്കോസ്തിൽ, തോളുകളിലായി. ഞാൻ എന്താണ് അർത്ഥമാക്കുന്നത് എന്ന് കാണുന്നോ? അവൻ തലയാണ്. ഇപ്പോൾ നാം ജീവിക്കുന്ന ഈ മണിക്കൂറിൽ, അതിനെ ഒരുമിച്ചുകൊണ്ടുവരുന്നു ഒരു ഭാഗമാണ് നിങ്ങൾ; പാദത്തിലെ അവയവമല്ല, തുടയിലെ അവയവമല്ല, തോളിലെ അവയവമല്ല, കഴുത്തിന്റെ ഭാഗം. അത് ശരിയല്ലേ? അത് തലയെ യോജിപ്പിക്കുന്നു. അത് ശരീരത്തിന്റെ ഭാഗമാണ്. യേശുവിൽ നിദ്രകൊള്ളുന്നവരെ ദൈവം അവനോടൊപ്പം കൂട്ടിവരുത്തും. ദൈവത്തിന്റെ കാഹളം ധ്വനിക്കും, ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കും. അത് ശരിയല്ലേ? നോക്കു, നിങ്ങൾ ആ വചനത്തിന്റെ ഒരു ഭാഗമായി മാറും, നിങ്ങൾ അവന്റെ ഒരു ഭാഗമായിത്തീരും. അത് തിരിച്ചറിയാനായി നിങ്ങൾ അവന്റെ നാമം എടുക്കും, നോക്കു, നിങ്ങളെ അവിടെ ഇട്ടിരിക്കുന്നു, അവന്റെ ശരീരത്തിലേയ്ക്ക്, അവന്റെ നാമത്തിൽ സ്നാനമേറ്റ്, കടന്നിരിക്കുന്നു. "നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിനാൽ സ്നാനം

ഏറ്റ്," ഇവിടേയ്ക്ക്, കൃത്യമായും അതേ സ്ഥാനത്തേയ്ക്ക് തന്നെ. തന്റെ രീതിയെ അവൻ ഒരിക്കലും മാറ്റുന്നില്ല. പണ്ടുണ്ടായിരുന്ന സഭ അവനിലായിരുന്നു എന്നു വിശ്വസിക്കുന്ന എത്രപേരുണ്ട്? അത് വിശ്വസിക്കുന്ന എത്രപേരുണ്ടെന്ന് ഞങ്ങൾ കാണട്ടെ. അവർ എപ്രകാരമാണ് സ്നാമേല്പിച്ചിരുന്നത്? ശരി. നോക്കൂ, അവൻ മാറ്റപ്പെടാത്ത ദൈവമാണ്! ഞങ്ങൾ അതു തെളിയിച്ചിരുന്നു. അതിനെ തെളിയിക്കാനായി, നമുക്ക് ഇന്നു അർദ്ധരാത്രി വരെ, ഇവിടെത്തന്നെ നിൽക്കാനാകും, പിന്നെയും അതു തുടർന്നു തുടർന്നു തുടർന്നുകൊണ്ടേയിരിക്കാം. നോക്കൂ, മാറ്റപ്പെടാത്തത്! കാണുന്നോ? നിങ്ങൾ അവനിലും അവന്റെ ഭാഗവുമാകുന്നു, എന്തെന്നാൽ നിങ്ങൾ അവന്റെ ചിന്തയുടെ ഒരു ഭാഗമായിരുന്നു. ഭൂമിയ്ക്ക് അടിസ്ഥാനം ഇടും മുമ്പേ, അവൻ നിങ്ങളെ വിളിച്ചു!

212 ഭൂമിമേലുണ്ടായിരുന്ന മൃഗമോ ബൈബിൾ അതിനെക്കുറിച്ച് പറയുന്നത്...അത് വിഭാഗീയ സഭയുടെ എതിർക്രിസ്തു ഭൂമിമേൽ വന്ന്, റോമിൽ മൃഗത്തെ ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്, അത് ആദ്യ വിഭാഗീയ സഭയായിരുന്നു. ഈ ലോക സഭാ സമിതി ആ മൃഗത്തിനുവേണ്ടി ഒരു രൂപത്തെ ഉളവാക്കും, അതു കൃത്യമായും നാം അവിടെവെച്ച കഴിഞ്ഞ ദിവസം പുസ്തകത്തിൽ നിന്നും എടുത്തിരുന്നു. ശ്രദ്ധിക്കു, അത് അതിനെ, നോക്കൂ, ആ എതിർക്രിസ്തുവിനെ ഉണ്ടാക്കുന്നു. ബൈബിൾ ഇങ്ങനെ പറയുന്നു, "കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേർ എഴുതപ്പെടാത്ത സകലരും," (എപ്പോൾ, ഉണർവ്വ് യോഗത്തിലോ?) "ഭൂമിയ്ക്ക് അടിസ്ഥാനം ഇടുംമുമ്പേ അറുക്കപ്പെട്ടു," (നിങ്ങളുടെ പേരുകൾ അവിടെ ഇട്ടിരുന്നു) "ഈ എതിർക്രിസ്തു നിങ്ങളെ വഞ്ചിക്കും." മത്തായി 24:24 അതു പറയുന്നു—അതായത്, "അവസാന ദിവസങ്ങളിൽ എതിർക്രിസ്തു ശരിയാണ് എന്നപോലെ വളരെ അടുത്തു സാമ്യമുള്ളതായി കാണപ്പെടുകയും, അത് വൃതന്മാരെ, മുൻകുറിക്കപ്പെട്ട...തെറ്റിക്കയും ചെയ്യും." അതു ഇതേ കാര്യം തന്നെ, തെരഞ്ഞെടുപ്പും മുൻകുറിക്കലും ഒരേ കാര്യം തന്നെ, ദൈവം നിങ്ങളെ ലോകാരംഭത്തിനു മുമ്പ് തെരഞ്ഞെടുക്കയും മുൻകുറിക്കുകയും ചെയ്തിരുന്നു. "ആരുടെയെല്ലാം പേരുകളാണ് ജീവന്റെ പുസ്തകത്തിൽ മുൻകുറിക്കപ്പെടാതിരുന്നത് അവരെ എല്ലാവരെയും ചതിയ്ക്കും."

213 ദാനീയേൽ അതേക്കുറിച്ച്, അവസാന ദിവസങ്ങളിൽ ബുദ്ധിമാന്മാരും, ബുദ്ധികെട്ടവരും മറ്റും, എങ്ങനെയായിരിക്കുമെന്നു പറഞ്ഞിരിക്കുന്നു. ശരി, അങ്ങനെയുമറ്റുമായിട്ട്, ഞാൻ വളരെ ദൂരം ദൂരത്തായി പോയിരിക്കുന്നു, എന്നെ സംബന്ധിച്ചിടത്തോളം വാച്ച് വളരെ വേഗത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നു. ശ്രദ്ധിക്കു, ഇപ്പോൾ നോക്കൂ, അവൻ അതിനു ശേഷം ശ്രദ്ധിച്ചത്...ഇപ്പോൾ ഇവിടെ എന്തു

സംഭവിച്ചു എന്നു നോക്കു. "അവൻ മുന്നിയമിച്ചവരെ വിളിച്ചു. അവൻ വിളിച്ചവരെ നീതീകരിച്ചു. അവൻ നീതീകരിച്ചവരെ തേജസ്കരിച്ചു." നിങ്ങളുടെ യാത്ര അവസാനിക്കുന്നു, നിങ്ങൾ നിങ്ങളുടെ അംശം ജീവിച്ചു. ദൈവം നിങ്ങൾക്കു ചെയ്തതു കൃപയായിരുന്നു. നിങ്ങൾ ചെയ്ത പ്രവർത്തികളോ അത് പ്രശംസയർഹിക്കുന്നു.

214 അവന്റെ അതേ കാര്യത്താൽ തെളിയിക്കുന്നു, ഈ കന്യകയിൽ പിറന്ന പുത്രൻ, അവൻ അതെല്ലാ കാര്യങ്ങളും അറിയുന്നു. വെള്ളത്തിൽ എവിടെയാണ് ചില മത്സ്യങ്ങളുള്ളതെന്ന് അവനറിയാം, പത്രൊസും മറ്റുള്ളവരും ഒരു വലിയ വലയാൽ അതിനായി പരിശ്രമിച്ചിട്ടും ഒന്നും കിട്ടിയിരുന്നില്ല. അത് അവന്റെ വചനം തെളിയിക്കുന്നു. അത് ശരിയല്ലേ? അവൻ എല്ലാ കാര്യങ്ങളും അറിയുന്നു.

215 അവൻ തന്റെ കരം കൊടുക്കാനായി തയ്യാറെടുക്കുമ്പോൾ, അത് അവൻ സകലതും സ്വന്തമാക്കിയിരിക്കുന്നു എന്നു കാണിക്കുന്നു. തന്റെ കാശ് കൊടുത്തു തീർക്കാനുള്ള അത്രയും കാശുമായി...ആരോ ഒരാൾ അതവിടെ ഇടുകയും, ആ മീൻ അതിനെ എടുക്കുകയും ചെയ്തിരുന്നു എന്നവൻ അറിഞ്ഞിരുന്നു. അവൻ പറഞ്ഞു, "പത്രൊസേ, അവിടെ ചെന്ന് ചൂണ്ടയിട്ട്, ആ മീനിനെ പിടിച്ച്, അതിന്റെ വായിൽ നിന്നും ആ നാണയം പുറത്തെടുക്കുക. പിന്നെ അവിടെ പോയി, കരം കെട്ടിക്കൊണ്ട് അവരെ തൃപ്തിപ്പെടുത്തുക." ഓ, അതെ!

216 കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ടു, അവന് വചനമുണ്ടായിരുന്നു, അവൻ വചനമായിരിക്കുകയും, അത് അങ്ങനെയാണെന്നു തെളിയിക്കുകയും ചെയ്തു. അവൻ എപ്പോഴും തന്റെ വചനം തെളിയിക്കുന്നു. അതുതന്നെ അവൻ ഇപ്പോഴും ചെയ്യും, ഓരോ തലമുറയിലും അവൻ അങ്ങനെതന്നെ എന്നു തെളിയിക്കും.

217 മൂന്നു ദിവസങ്ങൾക്കു ശേഷം, തന്റെ മരണത്തിനും, അടക്കത്തിനും ശേഷം, മൂന്നാം നാൾ, അവന്റെ വചനത്തെ തെളിയിക്കാനായി, അവൻ വീണ്ടും ഉയിർത്തെഴുന്നേറ്റു, എന്തുകൊണ്ടെന്നാൽ, "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ലെന്നു," പ്രവാചകൻ പറഞ്ഞിരുന്നു, മൂന്നാം നാൾ, എഴുപത്തിരണ്ടു മണിക്കൂർ കഴിയുമ്പോൾ അഴുകാൻ തുടങ്ങുന്നു അതിനു മുമ്പേ, നോക്കു, അത് മൂന്നു നാൾ പൂർണ്ണമാകും മുമ്പായിരുന്നു, കാരണം അഴുകൽ എഴുപത്തിരണ്ടു മണിക്കൂർ കഴിയുമ്പോൾ ആരംഭിക്കുന്നു. നോക്കു, അതുകൊണ്ട് ആ മുഴു സമയത്തിലൂടെയും അവൻ കടന്നുപോയില്ല, എന്തെന്നാൽ

പ്രവാചകൻ പറഞ്ഞിരുന്നു, നോക്കൂ, പ്രവാചകൻ പറയുന്നു, "നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ല." അവൻ തന്റെ വചനം തെളിയിച്ചു.

218 യെശയ്യാവും മറ്റു പ്രവാചകന്മാരും പറഞ്ഞ തന്റെ വചനത്തെ തെളിയിക്കാൻ, രോഗികളെയും, മുടന്തരെയും അവൻ സൗഖ്യമാക്കി.

219 അവന്റെ വചനം തെളിയിക്കാനായി, പെന്തെക്കോസ്ത് നാളിൽ അവൻ പരിശുദ്ധാത്മാവിനെ അയച്ചു. നിങ്ങൾക്ക് ഇതിലെ ചില വചനങ്ങൾ ആവശ്യമുണ്ടെന്ന് ആഗ്രഹിക്കുന്നെങ്കിൽ, യോവേൽ 2:28, അവൻ പറഞ്ഞു, "അതിന്റെ ശേഷമോ, ഞാൻ സകലജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; ദാസന്മാരുടെയും ദാസിമാരുടെ മേലും ഞാൻ എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൌവ്വനക്കാർ ദർശനങ്ങളെ ദർശിക്കും, അങ്ങനെയും മറ്റുമാകുന്നു." അവൻ അത് ചൊരിഞ്ഞുകൊണ്ട് അതിനെ തെളിയിച്ചു! മാത്രമല്ല, ലൂക്കൊസ് 24:29-ൽ, അവൻ ഇതിനു മുമ്പ് ഇങ്ങനെയും പറഞ്ഞിരുന്നു, നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ എഴുതിയെടുക്കുക, അവൻ പറഞ്ഞു, "എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ." അത് അവിടെയാണ്, അവൻ അതു ചെയ്തു, തന്റെ വചനത്തെ തുടർന്നും തെളിയിച്ചുകൊണ്ടിരിക്കാൻ അവൻ ആത്മാവിനെ അയച്ചു. എന്നാൽ അവൻ എന്തു പറഞ്ഞെന്നു ശ്രദ്ധിപ്പിൻ. അവൻ അത് ചെയ്തില്ലേ? ശരി.

220 മർക്കൊസ് 16-ൽ അവൻ പറഞ്ഞു, "ലോകത്തെമ്പാടും പോയി, സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ." എത്രത്തോളം? ലോകം മുഴുവനും. ആരോട്? സകല സൃഷ്ടിയോടും. "വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." അവൻ മർക്കൊസ് 4-ൽ പറയുന്നു, അവൻ യോഹന്നാൽ 14:12 പറഞ്ഞിരിക്കുന്നു, "എന്നിൽ വിശ്വസിക്കുന്നവൻ," നാട്യ-വിശ്വാസിയാൽ അല്ല, എന്നാൽ, "എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ അവനും ചെയ്യും." അതേ പ്രവൃത്തികളെ ചെയ്യാനായി അവൻ അവനിൽ ഇരുന്നിരുന്ന അതേ ആത്മാവിനെ തന്നെ എടുക്കുന്നു. കാരണം എന്താണ്? ഭാവിയിലേയ്ക്കുള്ള വാഗ്ദത്തത്തെ പ്രകടിപ്പിക്കാനായി ആ ആത്മാവ് വരികയായിരുന്നു.

നോക്കു, ഈ കാര്യങ്ങൾ സംഭവിക്കുമെന്നു അറിഞ്ഞിട്ട്, അവൻ അതിനായി ഒരു ഏർപ്പാട് ചെയ്യുകയായിരുന്നു.

221 ഇപ്പോൾ, ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്കു ശേഷം, സഭാ കാലങ്ങൾ കഴിഞ്ഞിരിക്കുന്നു, ലൂഥറിലൂടെയും വെസ്ലിയിലൂടെയും അവൻ പ്രവചിച്ചിരുന്ന എല്ലാ കാര്യങ്ങളിലൂടെയും, അല്പ മുമ്പ് കടന്നു പോയി വരച്ചു കാട്ടിയതു നാം കണ്ടു, ആ ചന്ദ്രൻ ഇറങ്ങി വന്ന് അത് വരച്ചു കാട്ടിയിരിക്കയും, അത് ശരിയാണെന്നു തെളിയിക്കാനായി സ്വയം അവൻ തന്നെ ഇറങ്ങി വന്ന്, ഇവിടെ നമുക്കായി ബോർഡിൽ വരച്ചു തന്നു. ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്കു ശേഷം, നാം ലവോദിക്യാ സഭയുടെ അവസാനത്തായിരിക്കുന്നു, ലൂക്കൊസ് 17:30-ൽ, ഇതേ മനുഷ്യ പുത്രൻ (അവൻ അതു വാഗ്ദത്തം ചെയ്തിരുന്നു) സൊദോം പോലെ ആയിരിക്കുമ്പോൾ, ഭൂമിമേൽ, അതു വെളിപ്പെടുമെന്നു അവൻ വാഗ്ദത്തം ചെയ്തിരുന്നു. അവൻ അതു ചെയ്തുവോ? അത് സംഭവിക്കേണ്ടതല്ലായിരുന്നോ? ഇത് അസാദ്ധ്യമാണ്...ഇപ്പോൾ ഓർക്കു, അവൻ മൂന്നു പേരുകളിൽ വരുന്നു, ഒരു പ്രവാചകനായി, മനുഷ്യപുത്രൻ; ആത്മാവായി, ദൈവപുത്രൻ; ആയിരമാണ്ടു വാഴ്ചയിൽ, ദാവീദ് പുത്രൻ. എന്നാൽ ഇതിന്റെ നടുവിൽ, ഈ സംയോജനത്തിൽ, ഇപ്പോൾ അവന്റെ സ്വന്ത വചനങ്ങളാൽ, മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാൾക്കളിൽ, സ്വയം എന്തായി വെളിപ്പെടും (എന്തായി? ദൈവ പുത്രനായിട്ടല്ല) മനുഷ്യ പുത്രനായി. ഒരു വ്യത്യസ്ത രീതിയിലൂടെ വെളിപ്പെടും. ഇപ്പോൾ അത് എന്തുണ്ടാക്കും? മലാഖി 4, കൃത്യമായും ശരിയാണ്. നോക്കു, മനുഷ്യ പുത്രൻ സ്വയം വെളിപ്പെടും, നമുക്ക് സഭാ കാലങ്ങളിലുണ്ടായിരുന്നതു പോലെ, ഒരു വലിയ വിഭാഗീയ സഭയെയും മറ്റുമല്ല, എന്നാൽ അവൻ വീണ്ടും മനുഷ്യപുത്രനായി, മലാഖി 4-നെ പ്രത്യക്ഷമാക്കാനായി, വെളിപ്പെടും. "ആ ദിവസത്തിൽ, ഞാൻ നിങ്ങൾക്ക് ഏലീയാവ് പ്രവാചകനെ അയയ്ക്കും. അവൻ മക്കളുടെ ഹൃദയത്തെ അപ്പോസ്തല പിതാക്കന്മാരുടെ വിശ്വാസത്തിലേയ്ക്ക് തിരിക്കും, ഈ എല്ലാ തരത്തിലെ വിഭാഗീയ സഭാ സമ്പ്രദായത്തിൽ നിന്നും, വീണ്ടും തിരികെ മൂല വചനത്തിലേയ്ക്ക് തിരിക്കും," അവൻ വാഗ്ദത്തം ചെയ്തിരുന്ന അവസാന കാല മണവാട്ടി-വൃക്ഷത്തെ കൊണ്ടുവരാനായി, "സന്ധ്യാ സയമത്തോ പ്രകാശമാകും." മഞ്ഞുമൂടിയ ദിവസങ്ങളിലൂടെയല്ല, പ്രകാശമാകുക; ആ ദിവസം പകലെന്നോ രാത്രിയെന്നോ വിളിക്കില്ല. നോക്കു, അത് ആ ശരീരത്തെ ഉണ്ടാക്കുന്നതാണ്. എന്നാൽ കിഴക്കുണ്ടായിരുന്ന അതേ തല തന്നെ, ഇവിടെ പടിഞ്ഞാറ് വീണ്ടും കടന്നു വരുന്നു. "സന്ധ്യാ സമയത്തോ വെളിച്ചമാകും." ഓ, എന്റെ, എനിക്ക് ഒരു പാട്ട് പാടണമെന്നു തോന്നുന്നു!

സന്ധ്യാ നേരമാകുമ്പോഴോ പ്രകാശമുണ്ടാകും,
മഹത്വത്തിലേയ്ക്കുള്ള വഴി നിങ്ങൾ തീർച്ചയായും കണ്ടുപിടിക്കും;
ഇന്നത്തെ പ്രകാശം, വെള്ളത്തിലൂടെയുള്ള പാതയാണ്,
അവന്റെ വിലയേറിയ നാമത്തിൽ അടക്കം ചെയ്യിരിക്കുന്നു.
യൗവ്വനക്കാരും വയസ്സചെന്നവരുമേ, നിങ്ങളുടെ സകല പാപത്തിൽ നിന്നും മനന്തിരിയുവിൻ,
എന്നാൽ പരിശുദ്ധാത്മാവ് തീർച്ചയായും കടന്നുവരും;
സന്ധ്യാ സമയ വെളിച്ചം വന്നിരിക്കുന്നു,
ക്രിസ്തുവും ദൈവവും ഒന്നാണെന്നുള്ള സത്യം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

222 അവൻ ആയിരുന്ന അതേ ശക്തിയാൽ തന്നെ അവൻ സ്വയം മനുഷ്യപുത്രനായി വെളിപ്പെടുന്നു, (ഇവിടെയുണ്ടായിരുന്ന, സഭാ കാലങ്ങളായ, നീതീകരണത്തിലൂടെയും, വിശുദ്ധീകരണത്തിലൂടെയും അല്ല) ആ മനുഷ്യപുത്രൻ. മനുഷ്യപുത്രൻ ആരാണ്? വചനമാണ്! വചനം ഇരുവായ്ത്തലയുള്ള വാളിനെക്കാൾ, മൂർച്ചയും, ശക്തിയുള്ളതുമായി, മനുഷ്യ ഹൃദയത്തിലുള്ളതിനെ വിവേചിക്കുന്നതാണ്. അവന് ചെയ്യാനുള്ളതെന്താണ്? അവന് ആ വചനത്തെ തെളിയിക്കേണ്ടതുണ്ട്. അവൻ എന്തു ചെയ്യും? നാം അതു സംഭവിക്കുന്നതു കാണുമ്പോൾ ശ്രദ്ധിക്കു, ആ അഗ്നിസ്തംഭമായി, അവൻ ആരംഭത്തിലായിരുന്നതു പോലെ തന്നെ ആയിരിക്കുന്നു. എന്റെ! എബ്രായർ 13:8-ൽ പറയുന്നതുപോലെ, "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനാണ്," എന്നു തെളിയിക്കുന്നു. അത് എന്തായിരുന്നു? യേശുക്രിസ്തു, ഇന്നലെ ആയിരുന്നതുപോലെയാണ്, ആ ക്രിസ്തു വനാന്തരത്തിൽ മോശെയോടൊപ്പം ആയിരുന്നതുപോലെ ആയിരിക്കുന്നു. ബൈബിൾ അങ്ങനെ പറഞ്ഞിരിക്കുന്നു എന്നു എത്രപേർക്കറിയാം? ഇന്നലെ! പുതിയ നിയമത്തിൽ, ഇവിടെ ഇന്നു പൌലൊസ് സംസാരിച്ചിരുന്ന ക്രിസ്തുവായിരുന്നു (നിങ്ങൾ അതു വിശ്വസിക്കുന്നോ?) അതിനുശേഷം, അവസാന ദിവസത്തിൽ, മനുഷ്യപുത്രൻ, അതേ ക്രിസ്തു. കാണുന്നോ? ശരി.

223 യോഹന്നാൻ 14;12-ൽ, അവൻ ഇതുകൂടി പറയുന്നു, "ഞാൻ ചെയ്യുന്ന പ്രവൃത്തി നിങ്ങളും ചെയ്യും." മറ്റുള്ള ഈ എല്ലാ തിരുവചനങ്ങളും, അവൻ എന്തു ചെയ്യും? അവൻ ഇവിടെ ഇപ്പോൾ ഉള്ളത് (ലൂഥറിന്റെ കാലത്തെ തെളിയിക്കാനല്ല, വെസ്ലിയുടെ

കാലത്തേതിനെ അല്ല, പെന്തെക്കോസ്ത് കാലത്തിനെ അല്ല, ബാപ്റ്റിസ്റ്റ് കാലത്തിനെയല്ല, പ്രിസ്ബിറ്റേറിയൻ കാലത്തിനെയല്ല, നാം ബൈബിളിന്റെ ചരിത്രത്തിലൂടെ കടന്നുകൊണ്ട്, അതു തെളിയിച്ചിരുന്നു; പിന്നെ എന്തിലേയ്ക്കാണ്?) മനുഷ്യപുത്രൻ വെളിപ്പെടുന്ന കാലത്തെ തെളിയിക്കാനായി, വചനത്തെ നിറവേറ്റിക്കൊണ്ട്, സകലതും കൊണ്ടുവരപ്പെടാനായി, വചനം തികച്ചും നിറവേറിയിരിക്കണം. കാണുന്നോ? നാം അതു കാണുന്നു, അതു സത്യമാകുന്നു!

224 പിന്നെ, ചിന്തിക്കു, അവൻ ആദ്യ സ്ഥാനത്തു ചെയ്ത അതേ വിധം തന്നെ, അവൻ നമ്മുടെ ഇടയിൽ തന്നെയുണ്ട് എന്നു തെളിയിക്കുക മാത്രമല്ല, എന്നാൽ അത് ശാസ്ത്രത്താൽ തീർച്ചപ്പെടുത്തുകയും ചെയ്തു. അത് ശരിയാണെന്ന് അവർക്ക് അത് സമ്മതിക്കേണ്ടിവന്നു. വിരലടയാളത്തിന്റെയും ലിഖിതങ്ങളുടെയും തലവനായ, എഫ്ബിഐയിലെ, ജോർജ്ജ് ജെ ലെൻസി, പറഞ്ഞു, "ആ പ്രകാശം ലെൻസിൽ പതിച്ചു. ഞാൻ സ്വയം അതിനെ മനഃശാസ്ത്രം എന്നാണ് പറഞ്ഞു പോന്നത്, എന്നാൽ," പറഞ്ഞു, "ശ്രീമാൻ ബ്രൺഹാം, ഈ ക്യാമറ മനഃശാസ്ത്രം എടുക്കാറില്ല. അത് അവിടെയുണ്ടായിരുന്നു."

225 അത് എന്താണ്? ഒരു സാക്ഷ്യം, അത് വളരെ വർഷങ്ങൾക്കു മുമ്പ്, ഒരു ചുഴലിക്കാറ്റു പോലെ, ആ അഗ്നിസ്തംഭം അവിടെ ആ മരത്തിൽ, സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ, അവൻ പറഞ്ഞു, "നീ ഒരിക്കലും പുകവലിക്കുകയോ, മദ്യപിക്കുകയോ ചെയ്യരുത്, നിനക്കു പ്രായമാകുമ്പോൾ, ഒരു ജോലി ചെയ്യാനുണ്ട്."

226 ജനങ്ങൾ പറഞ്ഞു, "ആ ബാലന്റെ മനോനില തെറ്റിപ്പോയി." ഞാൻ സ്തംഭിച്ചു പോയിരുന്നു, അമ്മ ഒരു ഡോക്ടറെ വിളിക്കാൻ ആഗ്രഹിച്ചു.

227 എന്നാൽ അത് എന്തായിരുന്നു? ഓഹിയോ നദിയിൽ, ആ നദിയുടെ കീഴ് ഭാഗത്തു വെച്ച്, അവൻ അതിനെ ക്രമീകരിച്ചുകൊണ്ട്, ഇപ്രകാരം പറഞ്ഞു, "വചനം വെളിപ്പെടാൻ തുടങ്ങിയപ്പോൾ, ജനങ്ങളെ തയ്യാറെടുപ്പിക്കുന്നതിനായി, യോഹന്നാൻ അയയ്ക്കപ്പെട്ടതുപോലെ, ആയിരിക്കും നിന്റെ സന്ദേശവും."

228 "എനിക്ക് എന്റെ മനോനില തെറ്റിപ്പോയി," എന്നു ഡോക്ടർ ഡേവിസും മറ്റും പറഞ്ഞുകൊണ്ട് എന്നെ സഭയിൽ നിന്നും പുറത്താക്കാൻ ആഗ്രഹിച്ചു, എന്തുകൊണ്ടെന്നാൽ തിരുവചനപ്രകാരമല്ലാത്ത സ്ത്രീ പ്രാസംഗികരും, അങ്ങനെയുള്ള ചിലതിലും ഞാൻ അദ്ദേഹവുമായി വിയോജിച്ചിരുന്നു. അദ്ദേഹം

ചോദിച്ചു, "പ്രസംഗിച്ചുകൊണ്ട്, ലോകത്തിൽ ഒരു ഉണർവ്വുണ്ടാക്കി, കത്തിക്കയറാൻ പോകുന്നു എന്നാണോ നീ പറയുന്നത്?"

ഞാൻ പറഞ്ഞു, "ഞാൻ അല്ല, എന്നാൽ അവൻ അങ്ങനെ പറഞ്ഞു."

അദ്ദേഹം പറഞ്ഞു, "ബില്ലി, നിനക്ക് ഒരു ദുഃസ്വപ്നമുണ്ടായിരിക്കുകയാണ്."

ഞാൻ പറഞ്ഞു, "ഞാൻ ഇപ്പോൾ തന്നെ എന്റെ ചീട്ട് ഉപേക്ഷിക്കുന്നു, ഇനി മുതൽ ഞാൻ താങ്കളുടെ ആരുമല്ല."

229 അവൻ അതു പറഞ്ഞു, ഞാൻ അതു വിശ്വസിക്കയും, അവൻ അതു തെളിയിക്കയും ചെയ്തു. അവൻ അതു തെളിയിച്ചു, വചനത്താൽ അവന്റെ വചനത്തെ അവൻ തെളിയിച്ചു, കാരണം അവൻ വചനമാകുന്നു, അതാണ് അതിന്റെ നല്ല ഭാഗം. കാണുന്നോ? വചനം എന്താണ് ചെയ്തത്? ഹൃദയത്തിന്റെ ചിന്തനങ്ങളെ അറിയുന്നു. അത് ശരിയല്ലേ? ശരി, എബ്രായർ 13:8-ൽ അതു തെളിയിക്കുന്നു.

230 അവസാന ദിവസങ്ങളിൽ അവന് ഒരു തയ്യാറെടുക്കപ്പെട്ട മണവാട്ടി-സഭ ഉണ്ടായിരിക്കും. "ബ്രദർ ബ്രൺഹാം, അവൻ എങ്ങനെയാണ് അത് ചെയ്യാൻ പോകുന്നത്?" എനിക്കറിയില്ല. എന്നാൽ അവൻ അതു ചെയ്യുമെന്നു പറഞ്ഞിരുന്നു. അവൻ അതു തെളിയിക്കും. മറ്റുള്ള എല്ലാവരിൽ നിന്നും പുറത്തു വിളിക്കപ്പെട്ട ഒരെണ്ണം, അത് ശരിയാണ്, തന്റെ രക്തത്താൽ പലനിറത്തിലെ പുള്ളികളാക്കിയ, പലനിറത്തിലെ പുള്ളികളുള്ള പക്ഷി. കാണുന്നോ? പുറത്തേയ്ക്ക്-വിളിക്കപ്പെട്ടത്, മറ്റുള്ള എല്ലാവരും അവൾക്കു വിരുദ്ധമായിരിക്കും. അവൾ നിരസിക്കപ്പെട്ടും തള്ളപ്പെട്ടുമിരിക്കും.

231 എന്നാൽ, ആ പലനിറത്തിലെ പുള്ളികളുള്ള പക്ഷി, ഇപ്പോൾ, എഴുത്തുകാരൻ അതുമായി എത്രമാത്രം വിയോജിക്കുന്നു എന്നു ഞാൻ കാര്യമാക്കുന്നില്ല, അവൻ തെറ്റുചെയ്യുകയാണ്. ഓർക്കു, ആ പക്ഷിയെ, ആ പലനിറത്തിലെ പുള്ളികളുള്ള പക്ഷിയോടു എന്തുചെയ്തു? അവർ അവയിൽ രണ്ടെണ്ണം എടുക്കും, അതിൽ ഇണയെ, ഒരെണ്ണത്തെ കൊന്നിട്ട്, മറ്റെതിന്റെ മേൽ ഒഴിക്കും, അത് കുഷ്ഠത്തിന്റെ ശുദ്ധീകരണത്തിനു വേണ്ടിയാണ്, ആ രക്തത്തിന്റെ പുള്ളികൾ, "വിശുദ്ധം, വിശുദ്ധം, കർത്താവിന്, വിശുദ്ധം," എന്നു അലറിവിളിക്കും, അതു നമ്മുടെ ഇണയായ, യേശുക്രിസ്തു, അതായിരുന്നു കൊല്ലപ്പെട്ടത്, അവന്റെ രക്തം നമ്മുടെ മേലായി, "വിശുദ്ധം, വിശുദ്ധം, കർത്താവിന് വിശുദ്ധം," എന്നു നിലവിളിക്കുന്നു. മറ്റുള്ള എല്ലാ പക്ഷികളും...അവളുടെ പുസ്തകത്തിൽ എന്റെ പേർ ഉള്ളതിനാൽ ഞാൻ ആനന്ദിക്കുന്നു;

ഇവിടെ ഭൂമിയിലല്ല, എന്നാൽ അവിടെ മുകളിൽ; ഒരു കോലാട്ടിന്റെ തോലിലല്ല, കുഞ്ഞാടിന്റെ തോലിന്മേൽ. അത് ശരിയാണ്.

232 മരിച്ചവരുടെ ഒരു പുനഃരുത്ഥാനം ഉണ്ടാകും. അവൻ അത് തീർച്ചയാക്കും. അത് ശരിയാണ്. അവൻ അതു തെളിയിക്കും. സഭയ്ക്ക് ഒരു മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ ഉണ്ടാകും. "അത് എങ്ങനെയാണ് ഉണ്ടാകാൻ പോകുന്നത്?" എനിക്കറിയില്ല, എന്നാൽ അവൻ അതു തെളിയിക്കും. അവന്റെ വചനം സത്യമാണ്. ഒരു ആയിരമാണ്ടു വാഴ്ചയുണ്ടാകും. അവൻ അതു തെളിയിക്കും, അത് അവന്റെ വചനമാണ്. ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും ഉണ്ടാകാൻ പോകുന്നു, അവൻ അതു തെളിയിക്കും, എന്തെന്നാൽ അവന്റെ വചനം അങ്ങനെ പറയുന്നു. നീതിമാന്മാർ മാത്രമേ അവിടെ ഉണ്ടാകൂ, അവൻ അതുംകൂടെ തെളിയിക്കും. അത് ശരിയാണ്. ഈ വചനത്തിന്റെ ഭാഗക്കളായിരിക്കുന്നവർ മാത്രം (നോക്കു, ഈ വചനത്തിൽ നിന്നും അവരുടെ കാലത്തിലെ, അവരുടെ സ്ഥാനത്തും അവരുടെ ഭാഗവുമായുള്ളവർ) മാത്രമേ അവിടെ ഉണ്ടായിരിക്കുകയുള്ളൂ. കാരണം, അത് എന്താണോ അതായിരിക്കും അത്, അവൻ വചനമാണ്. ഒരു സ്ത്രീ എന്നാൽ എന്താണ്? ഒരു മനുഷ്യന്റെ ഛായയാണ്. എന്താണ്—സഭയെന്നാൽ എന്താണ്? വചനത്തിന്റെ ഛായയാണ്. നോക്കു, അതു കൃത്യമാണ്. കാണുന്നോ? അതുകൊണ്ട്, കൃത്യമായും, അത് അവിടെ ഉണ്ടായിരിക്കണം. അവന്റെ വചനത്തിലുള്ള സത്യ വിശ്വാസികൾക്ക് മാത്രമേ ഇത് അറിയാനും ഇതിനെ വിശ്വസിക്കാനും കഴിയുകയുള്ളൂ. അവർക്ക് അത് തെളിയിക്കാനായി ദൈവം സഹായിക്കുന്നു, അത് ശരിയാണ്, അത് സത്യമാണ്.

233 ഇപ്പോൾ നിങ്ങൾ ഇതു വിശ്വസിക്കുന്നോ? നിങ്ങൾ ഇതു വിശ്വസിക്കുന്നോ? അങ്ങനെയെങ്കിൽ, വിശ്വാസത്താൽ കടന്നു ചെന്ന്, അവന്റെ വസ്ത്രത്തിന്മേൽ തൊടുവിൻ, എന്തെന്നാൽ അവൻ ഈ വഴിയായി കടന്നുപോകുന്നു. എബ്രായർ 13:8-ലെ, അവൻ ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യൻ തന്നെ എന്നു തെളിയിക്കും. "ഇതാ, ലോകാവസാനത്തോളം, എല്ലാനാളും ഞാൻ നിങ്ങളോടു കൂടെയുണ്ട്," മത്തായി. മാത്രമല്ല, എബ്രായ പുസ്തകപ്രകാരം, അവൻ ഒരു മഹാപുരോഹിതനാണ്, എബ്രായരുടെ പുസ്തകം, 4-ആം അദ്ധ്യായം 15-ആം വാക്യം, "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല." നിങ്ങൾ അതു വിശ്വസിക്കുന്നോ? കടന്നു ചെന്ന് കർത്താവിനെ തൊടുക. അവൻ എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു, "ഇതാ,

ഞാൻ എല്ലായ്പ്പോഴും നിങ്ങളോടു കൂടെയുണ്ട്." കാലങ്ങളിലൂടെ താഴേയ്ക്ക് നോക്കുവിൻ. "സകലതും ശോധന ചെയ്തു, നല്ലതു മുറുകെ പിടിപ്പിൻ."

234 ഇപ്പോൾ, അവൻ ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനാണ്, എല്ലാ വിധത്തിലും മാറ്റമില്ലാത്തവൻ, എന്നു വിശ്വസിക്കാത്ത ഒരു സഭയിലാണ് നിങ്ങൾ ഉൾപ്പെട്ടിരിക്കുന്നെങ്കിൽ, അതിൽ നിന്നും ദൂരമായിക്കൊള്ളുക. ശോധന ചെയ്യൂ!

235 ഇപ്പോൾ, അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു നാം പറയുന്നു. അത് ഞാൻ പറയുന്നതല്ല, ഇവിടെ വചനമാണ് അത് പറഞ്ഞിരിക്കുന്നത്. അവർ പറയുന്നു, "അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു." അവൻ പറയുന്നു, അവൻ ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനാണ്. നിങ്ങൾ അതു വിശ്വസിക്കുന്നോ? ഈ കാര്യങ്ങൾ അവസാന ദിവസത്ത് സംഭവിക്കുമെന്നു അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു, അതായത് അതേ മനുഷ്യപുത്രൻ പ്രത്യക്ഷമാക്കപ്പെടും.

236 ഇപ്പോൾ, ഓർക്കുക, അവിടെ അബ്രഹാമിനോടു സാസാരിച്ചത് യേശു അല്ലായിരുന്നു, അത് അവന്റെ പിന്നിലായിരുന്ന സാറായുടെ ഹൃദയത്തെ വിവേചിക്കാൻ കഴിഞ്ഞവനായിരുന്നു. അത് യേശു ആയിരുന്നില്ല, അവൻ അപ്പോൾ ജനിച്ചിരുന്നില്ല. അത് ഒരു മനുഷ്യ ജഡത്തിലെ മനുഷ്യനായിരുന്നു, അതിനെ അബ്രഹാം, "ഏലോഹീം, സർവ്വശക്തനായവൻ," എന്നു വിളിച്ചു. കാണിക്കുന്നത്...യേശു പറഞ്ഞു, "സൊദോമിന്റെ നാൾക്കളിൽ ആയിരുന്നതു പോലെ തന്നെ," ഇപ്പോൾ വളരെ നന്നായി ശ്രദ്ധിക്കുക, "സൊദോമിന്റെ നാൾക്കളിൽ എന്നപോലെ തന്നെ, മനുഷ്യപുത്രന്റെ വരവിങ്കലും ആകും, മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ." അല്ല ഒരു സഭയെപ്പോലെയല്ല, നോക്കൂ, അതിലും കൂടുതലല്ല; മണവാട്ടിയെ വിളിച്ചിരിക്കുന്നു, നോക്കൂ. "മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാളിൽ." എന്താണ്? സഭയെ തലയോടു യോജിപ്പിക്കാനും, ഒന്നിപ്പിക്കാനും, മണവാട്ടിയുടെ കല്യാണത്തിനായും. രണ്ടുപേരേയും ഒരുമിപ്പിക്കാനായി, മനുഷ്യപുത്രൻ ജഡമായിത്തീർന്ന്, താഴേയ്ക്ക് ഇറങ്ങി വരുന്നു, ഇതിലൂടെ തന്നെ മണവാളൻ വരുന്നു എന്ന വിളിയുമുണ്ടാകും. സഭ വചനം ആയിരിക്കേണ്ടതുണ്ട്, അവൻ വചനമാകുന്നു, രണ്ടും ഒരുമിച്ചു ചേരുന്നു, അതു ചെയ്യേണ്ടതിന്, അത് മനുഷ്യപുത്രന്റെ വെളിപ്പെടൽ പ്രത്യക്ഷമായി വരേണ്ടതുണ്ട്. ഒരു മതപുരോഹിതനല്ല. ഞാൻ—എനിക്കറിയില്ല, ഞാൻ...ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്നു നിങ്ങൾ കാണുന്നോ? നോക്കൂ, യേശു ക്രിസ്തു, അത് മനുഷ്യപുത്രനാണ്, നമ്മുടെ ഇടയിലേയ്ക്ക് ജഡത്തിൽ ഇറങ്ങി വന്ന്, അവന്റെ വചനത്തെ

അത്രമാത്രം വാസ്തവമാക്കിക്കൊണ്ട്, അവനെയും സഭയേയും അത് ഒന്നാക്കി യോജിപ്പിക്കുന്നു, മണവാട്ടി, അതുകഴിയുമ്പോൾ കല്യാണ സദ്യക്കായി വീട്ടിലേയ്ക്ക് പോകും. ആമേൻ. അവൾ മുന്നമേ തന്നെ ഒരുമിച്ചിരിക്കുന്നു, നോക്കു, കല്യാണത്തിനല്ല, നാം കല്യാണ സദ്യക്കാണ് പോകുന്നത്. "...നിങ്ങളുടെ ജഡത്തിൽ നിറയ്ക്കുക...സ്വയം ശക്തരായ സകലരുടെയും ജഡത്തിൽ, കാരണം കുഞ്ഞാട്ടിന്റെ കല്യാണം വന്നുവല്ലോ." എന്നാൽ, മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ, കല്യാണ സദ്യയാകാൻ പോകുന്നു. ഇവിടെ വചനം ആ വ്യക്തിയുമായി ഒന്നാകുമ്പോൾ, അവർ രണ്ടാളും ഒന്നായിത്തീരുന്നു. പിന്നെ അത് എന്താണ് ചെയ്യുന്നത്? സഭയിലെ മതതത്വവേദശാസ്ത്രികളെ അല്ല, അത് മനുഷ്യപുത്രനെ വീണ്ടും പ്രത്യക്ഷമാക്കും. ആ മനുഷ്യപുത്രൻ! സഭയും വചനവും ഒന്നായിത്തീർന്നിരിക്കുന്നു. മനുഷ്യപുത്രൻ എന്തെല്ലാം ചെയ്തിരുന്നോ, അവൻ വചമായിരുന്നു, സഭയും അതേ കാര്യം തന്നെ ചെയ്യുന്നു.

237 കാലങ്ങളിലൂടെ അവൻ സ്വയം എങ്ങനെയാണ് തെളിയിച്ചത്? അവരുടെ വിചാരങ്ങളെ അറിഞ്ഞുകൊണ്ട്, വചനം സംസാരിക്കാൻ കഴിയുമായിരുന്ന, പ്രവചാകന്മാരിലൂടെയായിരുന്നു. അങ്ങനെയാണ് അവൻ അത് അറിഞ്ഞിരുന്നത്. സഭാ കാലത്തിലേയ്ക്ക് വാഗ്ദത്തം ചെയ്തിരുന്നു, അതിലൂടെ വരുമ്പോൾ, "അതു പകലുമല്ല രാത്രിയുമല്ല," എന്നാൽ സന്ധ്യാ സമയത്തോ മനുഷ്യ പുത്രൻ വെളിപ്പെടും. അത് വീണ്ടും കടന്നുവരും. "സന്ധ്യാ സമയത്തെ വെളിച്ചമാകും." കാണുന്നോ? അവൻ എന്തു ചെയ്യും? തന്റെ വചനം തെളിയിക്കും.

238 ഇപ്പോൾ തിരികെ നോക്കു, അവൻ ഒരു കന്യകയായി വന്നോ, അതല്ലെങ്കിൽ, അവൻ വരും എന്നവർ പറഞ്ഞിരുന്നതുപോലെ, അവൻ കന്യകയിലൂടെ വന്നില്ലേ? അവൻ എപ്രകാരമാണോ പറഞ്ഞിരുന്നത് കൃത്യമായും അപ്രകാരമല്ലേ വന്നത്? ഇന്നത്തേതു ശ്രദ്ധിക്കു, എത്രമാത്രം വ്യത്യാസങ്ങളോ, സാൻമാർഗ്ഗീയ വിഷയങ്ങളോ, നാസ്തികരോ ഉണ്ടായാലും, അവൻ തന്റെ വചനത്തെ തെളിയിച്ചു, അവൻ ഇപ്പോഴും കടന്നു വന്ന്, തന്റെ വചനം തെളിയിക്കുന്നു. ഈ കാലത്തിലെ സകല സഭകളിലൂടെയും മറ്റും കടന്നുവന്ന്, മലാഖി തുടങ്ങി ക്രിസ്തുവിന്റെ വരവുവരെയുള്ള കാലയളവിൽ അവർ ദൂരമായിരുന്നതു പോലെ, ഇവിടെ നാം ആയിരിക്കുന്നു. പ്രവാചകന്മാരും മറ്റും അവസാനിച്ചിരിക്കുന്നു, അവർ പ്രതാപത്തിലും മറ്റുമായി കടന്നു കൂടിയിരിക്കുന്നു, എന്നാൽ, അവൻ അയച്ചിരിക്കുന്ന കഥാപാത്രം, കൃത്യമായും, ഏതു വിധമുള്ളതാണ്. വളരെയേറെ ചായങ്ങളും, പൗഡറുകളും, അവിടെയുള്ള എല്ലാ മേക്കപ്പിന്റെ ചപ്പ ചവറുകളാലും അലങ്കരിക്കുന്ന

അസാന്മാർഗ്ഗികളായ സ്ത്രീകളെ വെറുക്കുന്നവൻ, കൃത്യമായും ഒരു ഏലീയാവ്. പുരോഹിതന്മാരെ, അവരെ വലത്തും ഇടത്തും നശിപ്പിച്ചു. വനാന്തരത്തിൽ നിന്നും പുറത്തേയ്ക്കുവരുമ്പോൾ, അവരെ ആരെപ്പോലെയും ഒരു ചരടും വലിഞ്ഞു കെട്ടിയിരുന്നില്ല, പറഞ്ഞു, "മിശിഹാ വന്നുകൊണ്ടിരിക്കുന്നു. അവൻ വരുമ്പോൾ ഞാൻ അവനെ അറിയും, ഞാൻ അവനെ പരിചയപ്പെടുത്തും. ആമേൻ. നിങ്ങൾ *ഇതിലും അതിലും* ഉൾപ്പെട്ടിരിക്കുന്നു എന്നു ചിന്തിക്കാൻ തുടങ്ങരുത്," ഏലീയാവ് ചെയ്തിരിന്ന അതേ വിധത്തിൽ തന്നെ!

239 "കർത്താവിന്റെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ, അവസാന ദിവസങ്ങളിൽ, അതു സംഭവിക്കും, കർത്താവിന്റെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ, ഞാൻ നിങ്ങൾക്ക് അത് അയച്ചു തരും, ഞാൻ നിങ്ങൾക്ക് ഏലീയാവ് പ്രവാചകനെ അയച്ചു തരും, അവൻ പിതാക്കന്മാരുടെ വിശ്വാസത്തിലേയ്ക്ക് മക്കളെ തിരികെ കൊണ്ടുവരും." ശ്രദ്ധിക്കു, പിതാക്കന്മാരുടെ, യഹൂദന്മാരുടെ, വിശ്വാസം മക്കളിലേയ്ക്ക്, കാണുന്നോ? അവർക്കായി വാഗ്ദത്തം ചെയ്തിരുന്ന വചനം, എവിടെയാണോ അവർ വീണത്, അവിടെ ജാതികളും വീഴുന്നു. ഇരട്ടകൾ നോക്കു കൃത്യമായും പരിപൂർണ്ണമായും പോകുന്നെന്നു. ഇവിടെ നാം അതു കാണുന്നു, ദൈവം തന്റെ വചനം തെളിയിക്കുന്നു.

240 ഒരു നിമിഷം നമുക്ക് നമ്മുടെ തലകളെ വണക്കാം. നിന്റെ വചനത്തെ തെളിയിക്കാനായി, മരിച്ചവരുടെ ഇടയിൽ നിന്നും ഞങ്ങളുടെ കർത്താവായ യേശുവിനെ, വീണ്ടും തീരികെ കൊണ്ടു വന്ന ഞങ്ങളുടെ പ്രിയ ദൈവമേ, അവൻ ഇന്നും ജീവിക്കുകയും, നിന്റെ വചനം തെളിയിക്കുകയും ചെയ്യുന്നു. തന്റെ വചനത്തെ തെളിയിക്കാനായി, "പര്യാവസാനം വരെയും, ഇതാ ഞാൻ എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്." "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യൻ." (അത് "എന്നെന്നേയ്ക്കും," അല്ലായിരുന്നെങ്കിൽ ഒരുപക്ഷേ അവരിൽ ആരാലെങ്കിലും നിങ്ങളുടെ കാലിടറിപ്പോകുമായിരുന്നു.) കർത്താവേ, ഞാൻ അത് വിവരിക്കാനായി നിർത്തുന്നില്ല. എന്നാൽ, *എന്നെന്നേയ്ക്കും*, എന്നാൽ അത് "ഒരു—ഒരു സമയത്തിന്റെ കാലയളവാണെന്ന്," അവർക്ക് അറിയാം. ഈ കാലത്തിനു ശേഷം, ഇനി മറ്റൊരു എന്നെന്നേയ്ക്കും ഉണ്ടായിരിക്കില്ല, അത് നിത്യതയായിരിക്കും. അതിനാൽ അവൻ മോശെയിലും മറ്റു പ്രവാചകന്മാരിലും ഇരുന്ന അതേ ദൈവം തന്നെ. അതിനുശേഷം അവൻ ഒരു കാലയളവിന്റെ ശേഷം, സ്വയം ഒരു മനുഷ്യനായി തീർന്നു...അവൻ സ്വയം പ്രവാചക-ദൈവമായി പ്രത്യക്ഷമായി. പിന്നെയും നമുക്ക് ഒരു സമയത്തിന്റെ കാലയളവ്

ലഭിച്ചു, അപ്പോൾ വീണ്ടും, "ഇന്നലെയും ഇന്നും എന്നെന്നേയ്ക്കുമായി," അവൻ വരുന്നു.

241 ഞങ്ങൾ ഇതെക്കുറിച്ച് ചിന്തിക്കുന്നു, യഹൂദന്മാരുടെ ആ മഹത്തായ ആയിരമാണ്ടു വാഴ്ചയിൽ, ശലോമോൻ, അവരെ തൊടാനായി സകല രാജ്യങ്ങളും ഭയന്നിരുന്നപ്പോൾ, ആ പ്രവാചകനിലുണ്ടായിരുന്ന, ദൈവത്തിന്റെ ആ മഹത്തായ ദാനം, അവളുടെ ഹൃദയത്തിന്റെ സകല രഹസ്യങ്ങളെയും, യാതൊന്നും മറച്ചുവെയ്ക്കാതെ, രാജ്ഞിയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തു. ആ മഹത്തായ കാലം, മാതൃകയാക്കുന്നതും കാണിക്കുന്നതും എന്തെന്നാൽ ഒരു മഹത്തായ കാലം വരാനുണ്ടായിരുന്നു എന്നുള്ളതാണ്.

242 ഇപ്പോൾ, പിതാവെ, ശലോമോനല്ല, അത് നീയായിരുന്നു. യേശുവിൽ ആയിരുന്നത് നീ ആയിരുന്നു, കാരണം അവൻ പറഞ്ഞു, "ദൈവം ക്രിസ്തുവിലായിക്കൊണ്ട്, ലോകത്തെ അവനോടൊപ്പം നിരപ്പിച്ചു. അവൻ സൃഷ്ടിയുടെ ആരംഭം ആയിരുന്നവനാണ്." അവന്റെ ശരീരം വീണ്ടെടുക്കപ്പെട്ട സൃഷ്ടിയായിരുന്നു. ഈ കാലയളവുകളിലൂടെ, സഭയ്ക്ക് തന്റെ ആദ്യ സ്നേഹം നഷ്ടമായിരിക്കുമ്പോൾ, ഈ അവസാന നാളുകളിൽ ഒരു ചെറിയ കൂട്ടരെ, ചെറിയ ആട്ടിൻ കൂട്ടത്തെ, അവസാന നാൾക്കളിൽ വിളിക്കുമെന്നു, നീ വാഗ്ദത്തം ചെയ്തിരുന്നു.

243 പിതാവെ, ഞങ്ങളുടെ ഹൃദയങ്ങൾ കുതിച്ചു ചാടുന്നു, നിന്റെ വചനങ്ങളെല്ലാം സത്യമാണെന്നു ഞാൻ ചിന്തിക്കുമ്പോൾ, എന്റെ ഹൃദയം ധ്വനിക്കുന്നു, അവയിൽ ഒന്നുപോലും തോല്വിയടയില്ല. ഇന്നു ഈ ജനങ്ങൾ അതു മനസ്സിലാക്കട്ടെ, ഈ മണിക്കൂറിൽ തന്നെ, ഇനിയും സമയമില്ലെന്നായിട്ട് പടിവാതിൽ അടയ്ക്കപ്പെടും മുമ്പ്, പാപി നിന്നെ അന്വേഷിക്കാൻ ഇടവരട്ടെ, മണവാട്ടി, അവൾ *അതിൽ* നിന്നും *ഇതിൽ* നിന്നും പുറത്താകാൻ തുടങ്ങിയിരിക്കുന്നു, കഴിഞ്ഞ ചില ആഴ്ചകൾക്കു മുമ്പു കാണിച്ചു തന്നെ ദർശനപ്രകാരം അവൾ തിരികെ ആ നിരയിലേയ്ക്ക് വരാൻ ഇടവരട്ടെ.

244 പിതാവെ, ഇപ്പോൾ അനുഗ്രഹിക്കയും, രോഗികളെ സൗഖ്യമാക്കുകയും ചെയ്യണമെന്നു, ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു. രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്നും കൊണ്ടുവന്ന തുവാലകളും, തുണികളും ഇവിടെ കിടക്കുന്നു...ഇപ്പോൾ, തിരുവചനത്തിൽ, അത് പറയുന്നു, "പൌലൊസിന്റെ മെയ്മേൽ നിന്നും റുമാലും ഉത്തരീയവും രോഗികളുടെ മേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു." ഇപ്പോൾ, ഞങ്ങൾ വിശുദ്ധനായ പൌലൊസല്ലെന്നു ഞങ്ങളറിയുന്നു, എന്നാൽ അത് വിശുദ്ധ പൌലൊസ് ആയിരുന്നില്ല

എന്നും ഞങ്ങളറിയുന്നു, അത് അവൻ നിന്റെ ദാസനാണ് എന്നുള്ള ജനങ്ങളുടെ വിശ്വാസം മൂലമായിരുന്നു. കർത്താവെ, ഈ ജനങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നൂറു കണക്കിനു മൈലുകൾ വാഹനം ഓടിച്ചു വരില്ലായിരുന്നു. അവരുടെ വിശ്വാസത്തിന് പ്രതിഫലം കൊടുക്കേണമെ, കർത്താവെ, ഞാൻ...ഈ തുവാലകളെ അഭിഷേകം ചെയ്യുന്നില്ല (പൌലൊസ് അവയെ അഭിഷേകം ചെയ്തിരുന്നില്ല, അവന്റെ ശരീരത്തിൽ നിന്നും അത് എടുത്തിരുന്നു), ഞാൻ ഈ തുവലകളെ പിടിച്ചിരിക്കുമ്പോൾ, കർത്താവെ, അത് എന്റെ ശരീരമല്ല (കാരണം അതു പ്രയോജനവും ചെയ്യില്ല), എന്നാൽ അത് നിന്റെ വീണ്ടെടുക്കപ്പെട്ട സമ്പത്താണ്, അതിനാൽ ഞാൻ, ദൈവമേ, നീ അവരുടെ വിശ്വാസത്തെ മാനിക്കണമെന്നു പ്രാർത്ഥിക്കുന്നു. അവരിൽ ഓരോരുത്തരും, ദൈവത്തിന്റെ രാജ്യത്തിന്റെ മഹത്വത്തിനായി സൗഖ്യമാകാൻ ഇടവരട്ടെ. ഇപ്പോൾ, കർത്താവെ, ഒരു നീളമേറിയ സന്ദേശം, ഒരല്പ സമയത്തിൽ കൂടുതൽ എടുക്കണം എന്നു അർത്ഥമാക്കിയിരുന്നില്ല, എന്നാൽ അത് രണ്ടു മണിക്കൂറിലോ അതിലധികമോ കടന്നു പോയി. ഇപ്പോൾ കർത്താവെ, രോഗികൾ സൗഖ്യമാകാൻ ഇടവരട്ടെ, നീ ഇവിടെയാണെന്ന് ജനങ്ങൾ കാണട്ടെ, അതിനാൽ ഇത് ഞാൻ സ്വയമായി പറഞ്ഞതല്ലെന്നുവരും, അതു നീയാണ് കർത്താവെ. ഞാൻ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ.

245 ഇപ്പോൾ, ഏകദേശം പത്തു നിമിഷങ്ങൾ മാത്രം. എനിക്കറിയില്ല... (നിങ്ങൾ ഇവിടെ എന്തെങ്കിലും ചെയ്തിരുന്നോ, അത് എന്താണ്?) ബില്ലി ചിലതു കൊടുത്തിട്ടുണ്ട് എന്നു പറഞ്ഞു. ഇന്നു രാവിലെ നേരം അത് ചെയ്യാനായി ഞാൻ അവനോടു പറഞ്ഞിരുന്നു, അവിടെ പിന്നിലായി അല്പം നേരത്തിനു മുമ്പ് വന്നിരുന്നു, എനിക്ക് അവനോടു ചോദിക്കാൻ ഒരവസരം കിട്ടിയില്ല, കാരണം ഞാൻ സഹോദരൻ ബേനിനോടും അവിടെ ചുറ്റും നിന്നവരോടും സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. എനിക്ക് അവനോടു ചോദിക്കാനായി ഒരവസരം കിട്ടിയില്ല. അവൻ കുറച്ചു പ്രാർത്ഥന കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട് എന്നു മാത്രമേ പറഞ്ഞുള്ളൂ. പ്രാർത്ഥന കാർഡ് ബി, ഒരു നൂറ്...(ഒന്നു മുതൽ നൂറു വരെയോ?) ബി. കൊള്ളാം, നമുക്ക്, പ്രാർത്ഥനാ കർഡ് നമ്പർ ബി. ഒന്ന് എടുക്കാം എന്നു ഞാൻ വിചാരിക്കുന്നു. ആരുടെ കൈയ്യിലാണ് ബി. ഉള്ളത്? നിങ്ങൾക്ക് കഴിയുമോ...നിങ്ങൾക്ക് എഴുന്നേൽക്കാൻ കഴിയുമെങ്കിൽ, നിങ്ങൾക്ക് നടക്കാനാകുമെങ്കിൽ, കൈ ഉയർത്തിയാലും. പുറകിലുള്ള ഏതോ സ്ത്രീയാണ്. ശരി, ബി, നമ്പർ ഒന്ന്, നമ്പർ രണ്ട്, മൂന്ന്, നാല്, അഞ്ച്, *ഇതുവഴി* കടന്നുവരൂ. ഇവിടെ ഇരിക്കുന്ന ചെറിയ കുട്ടികളോടു ഈ

പ്രസംഗവേദിയ്ക്കു ചുറ്റിലൂടെ വന്ന് ഇവിടെയായി ഇരിക്കാമോ എന്നു ഞാൻ ചോദിക്കുകയാണ്. ശരി. ഇപ്പോൾ, ഇപ്പോൾ ഞാൻ നിങ്ങളോടു പറയും, അവരെ അയയ്ക്കു, നിങ്ങൾ ആ ഇടനാഴിയിലൂടെ പോകണം, ഒന്നുമുതൽ അഞ്ചുവരെയുള്ളവർ, നിങ്ങൾ അവിടെയുള്ള ആ ഇടനാഴിയിലൂടെ താഴേയ്ക്ക് നടന്നുവരു. അവിടെ ഇടനാഴിയിലുള്ളവർ, കഴിയുമെങ്കിൽ, അവിടെ അവിടെ ഇരുപ്പിടത്തിന്റെ പിന്നിലൂടെ വന്നു ഇവിടേയ്ക്കു വരു. ഇപ്പോൾ, ഇവിടെ ഇരിക്കുന്ന ഈ ചെറിയ കുട്ടികൾ, നേരെ ചുറ്റിത്തിരിഞ്ഞ് പ്രസംഗവേദിയുടെ പിന്നിൽ വരണം. അവർക്ക് പ്രാർത്ഥിക്കാനായി, ജനങ്ങൾ നേരെ ഇവിടെ നടന്നു വരാൻ ഞാൻ ആഗ്രഹിക്കുന്നു.

246 ഇപ്പോൾ, ഇപ്പോൾ നമുക്ക് നോക്കാം. കൊള്ളാം. ഞാൻ എത്രവരെ വിളിച്ചു, ഒന്നു മുതൽ അഞ്ചുവരെ, അത് അങ്ങനെയല്ലേ? ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്. ഒന്ന്...ഒന്നു മുതൽ അഞ്ചു വരെ പ്രാർത്ഥനാ കാർഡു കിട്ടിയിട്ടുള്ള എല്ലാവരും, അവർക്കു തങ്ങളുടെ കാലിൽ നിൽക്കാൻ കഴിയുമെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തിയാലും. അതാ ഒന്ന്, രണ്ട്, മൂന്ന്, നാല്. ഞാൻ ഒന്ന് കുറഞ്ഞു കാണുന്നു. ബി-യിലെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്. ഒന്നും, രണ്ടും, മൂന്നും, നാലും നിങ്ങളാണോ? ഒന്ന്, രണ്ട്, മൂന്ന്, നാല്? ബി-യിലെ അഞ്ച് എവിടെ? അഞ്ച്, മഹിളെ, ആ വഴിയായി വന്നാലും. ശരി, ശ്രീമാൻ ആ വഴിയായി ചുറ്റിപ്പോയാലും. അതുതന്നെ. അഞ്ച്, നേരെ ചുറ്റിപ്പോയിട്ട്, തിരികെ വന്നാലും. ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്. ശരി. ബി. പ്രാർത്ഥനാ കർഡ് ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്. നോക്കു, ഞങ്ങൾ ഇതു ചെയ്യുന്നത്, പിന്നിട് നിങ്ങൾക്ക് ഒരു തടസവും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ്. ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്. ഇപ്പോൾ എനിക്ക് കിട്ടി... ഞാൻ വിചാരിക്കുന്നത്. നിങ്ങളുടെ കൈയ്യിൽ ഒരു കാർഡുണ്ടോ ശ്രീമാൻ, ഇവിടെ നില്ക്കുകയാണോ? ഏഴോ? ശരി. നേരെ അവിടേയ്ക്ക് പോകു, നേരെ നിങ്ങളും അവരോടൊപ്പം ചേർന്നുകൊള്ളൂ. എനിക്ക് രണ്ടെണ്ണമേ കിട്ടിയുള്ളൂ, അവിടെ ആണെന്നു ഞാൻ വിചാരിക്കുന്നു. ശരി, ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്, പ്രാർത്ഥനാ കാർഡ് ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്, എനിക്ക് ഇവിടെ രണ്ടെണ്ണമേ കിട്ടിയിട്ടുള്ളൂ...നിങ്ങളുടെ കൈയ്യിൽ ഒന്നുണ്ടോ ശ്രീമാൻ? അതാണ് ശരി. അവിടെയാണ് അവർ. പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല്, പതിനഞ്ച്. ഇപ്പോൾ അതായിരിക്കും, ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്. ശരി, പതിനാറ്, പതിനേഴ്, പതിനെട്ട്, പത്തൊമ്പത്, ഇരുപത്. അത് ഒന്ന്, രണ്ട്, മൂന്ന്, നാലാണ്. ശരി, ഇരുപത്, ഇരുപത്തിയൊന്ന്, ഇരുപത്തിരണ്ട്, ഇരുപത്തിമൂന്ന്,

ഇരുപത്തിനാല്, ഇരുപത്തിയഞ്ച്, ഒന്ന്, രണ്ട്, മൂന്ന്, ആ വഴിയായി ചുറ്റിപ്പോകണം, ശ്രീമാൻ, നേരെ ചുറ്റിപ്പോകണം, നിരയിൽ കടന്നു വരു, ഇരുപത്തിയഞ്ച്, ഇരുപത്തിയഞ്ച്. അവനെ സഹായിക്കു, രണ്ടിൽ ഏതു വഴിയിലൂടെയാണോ അവൻ പോകാൻ ആഗ്രഹിക്കുന്നത് അതിലൂടെ പോകട്ടെ. ഇവിടെയാണ്, സഹോദരാ, നിങ്ങൾ, നേരെ ഇവിടെത്തന്നെ, അവർ നിങ്ങൾക്കായി ആ വഴി തുറന്നു തന്നു. ഇവിടെ ജനങ്ങൾ നിങ്ങൾക്കു വേണ്ടി ഒരു വഴിയുണ്ടാക്കിതന്നു. നിങ്ങൾക്കു കഴിയുമെങ്കിൽ, അവിടെ വരുമ്പോൾ ആരെങ്കിലും അവനെ സഹായിച്ചാലും. അവൻ ചുറ്റിലൂടെ വന്ന് നിരയിൽ കടക്കട്ടെ. ഞാൻ നിങ്ങളോടു പറയുന്നത്, അവൻ അവിടെ തന്നെ ഇരിക്കട്ടെ, അവന്റെ നമ്പർ വിളിക്കുമ്പോൾ, അവനെ ഇവിടെ കൊണ്ടിരുത്തുക. കാണുന്നോ? അവന്റെ നമ്പർ വരുമ്പോൾ, അവനെ നിരയിൽ കൊണ്ടു വന്നിരുത്തുക. ശരി. ഇപ്പോൾ എത്രപേർ കൂടെ പോകാൻ കഴിയുമോ അത്രയുമാകാമെന്നു ഞാൻ വിചാരിക്കുന്നു.

247 ഇപ്പോൾ, ഇവിടെ ഒരു പ്രാർത്ഥനാ കാർഡില്ലാതെ, തീർച്ചയുള്ളവരായി, രോഗികളെ ദൈവത്തിന് സൗഖ്യമാക്കാൻ കഴിയും എന്നു പരിപൂർണ്ണമായും വിശ്വസിക്കുന്നവരായി എത്രപേരുണ്ട്? നിങ്ങളുടെ കൈ ഉയർത്തിയാലും. നിങ്ങൾ അതു വിശ്വസിക്കുന്നോ? ഇവിടിരിക്കുന്ന എത്രപേർ ഇവിടെ നിന്നും...നിങ്ങളെക്കുറിച്ച് എനിക്ക് യാതൊന്നും അറിയില്ല ഒരു രോഗങ്ങളെക്കുറിച്ചും എനിക്കറിയില്ലെന്നു അറിയാവുന്ന എത്രപേരുണ്ട്? എന്റെ കൂടാരത്തിലെ, ജനങ്ങൾ ഇവിടെയുണ്ട്, അപരിചിതരായ നിങ്ങളിൽ ആരെയും, ധർമ്മോപദേശികളൊഴികെ മറ്റാരെയും ഞാൻ കാണുന്നില്ല. ഇതാ ഇവിടെ കീഴ്ഭശത്ത് ഞാൻ അറിയുന്ന ഒരു വ്യക്തിയുണ്ട്. ഞാൻ ഇവിടെ വളരെക്കാലം ആയിരുന്നിട്ടില്ല, നോക്കൂ, ജനങ്ങൾ എല്ലായിടത്തു നിന്നും വന്നിരിക്കുകയാണ്. ഇവിടെയുള്ള എത്രപേർ... ഞാൻ നിങ്ങൾക്ക് അതു തെളിയിച്ചുതരട്ടെ. നിങ്ങളെക്കുറിച്ച് എനിക്ക് യാതൊന്നും അറിയില്ല എന്നറിയാവുന്ന എത്രപേർ ഇവിടെയുണ്ട്? നിങ്ങളുടെ കൈകളെ ഉയർത്തിയാലും. ഇവിടെ നോക്കൂ. കാണുന്നോ? കാണുന്നോ? ആ നിങ്ങളുടെ കൈകൾ ദൈവത്തിന്റെ മുന്നിലാണെന്നു, നിങ്ങൾ കാണുക. എനിക്ക് അവരെപ്പറ്റി ഒന്നും അറിയില്ല. ഇപ്പോൾ, ഞാൻ അറിയാതെ, എനിക്ക് അറിയാവുന്ന ആരെയെങ്കിലും ഇങ്ങനെ പ്രാർത്ഥന നിരയിലൂടെ വിളിച്ചിട്ടുണ്ടോ എന്ന് എനിക്ക് അറിയാനാകില്ല, അങ്ങനെയായാലും അവർ എന്തിലേയ്ക്കാണ് ഇവിടെ കടന്നു വന്നിരിക്കുന്നത് എന്ന് എനിക്കറിയില്ല. നോക്കൂ, അവർ എന്തിലേയ്ക്കാണ് ഇവിടെ ആയിരിക്കുന്നത് എന്നെനിക്കറിയില്ല.

248 ഇപ്പോൾ ഞാൻ എന്തിനാണ് ശ്രമിക്കുന്നത് എന്നാൽ നിങ്ങൾ ഇതു കണ്ടിരിക്കണം, ഇപ്പോൾ ശ്രദ്ധിക്കു, "ഞാൻ ചെയ്യുന്ന പ്രവൃത്തികൾ നിങ്ങളും ചെയ്യും." നിങ്ങൾ അതു വിശ്വസിക്കുന്നോ? അവൻ തന്റെ വചനത്തെ തെളിയിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നോ? ശരി. സഭാ കാലത്തിന്റെ അവസാനത്തിങ്കൽ അവൻ സ്വയം മനുഷ്യപുത്രനായി വെളിപ്പെടുത്തും എന്ന് പറഞ്ഞിട്ടുണ്ടോ? എത്രപേർ? ലോകം കാഴ്ചയിൽ, സൊദോം ഗൊമോറയുടെ വിധത്തിലായി കാണപ്പെടുന്നില്ലേ? നിങ്ങൾ അതു വിശ്വസിക്കുന്നുണ്ടോ?

249 ഇപ്പോൾ, ബില്ലി, നീ എന്താണ് അവരെ നേരെ ഇവിടേക്ക് വരാൻ അനുവദിക്കാത്തത്? അതെ, ശരി. കൊള്ളാം, ശരി, എല്ലാം ശരിയാണ്.

250 കാലത്തിന്റെ അവസാനത്തിങ്കൽ, അവനെ അവൻ സ്വയം വെളിപ്പെടുത്തും. ഇപ്പോൾ, നോക്കു, നിങ്ങൾ അതു തിരിച്ചറിയുന്നോ, എന്നാൽ, ഇവിടെ തികച്ചും അസാദ്ധ്യമായതാണോ? ഇപ്പോൾ, ഇവിടെ നിരയിൽ നിൽക്കുന്ന ജനങ്ങളെ, ഞാൻ എന്റെ ജീവിതത്തൽ ഒരിക്കലും കണ്ടിട്ടില്ല. ജനങ്ങൾ അവിടെയായി ഇരിക്കുന്നു, അവരെയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല. എന്നാൽ എബ്രായർ 4:15, ഓർക്കു, അതാണെന്നു ഞാൻ വിശ്വസിക്കുന്നു, അത് ഇങ്ങനെ പറയുന്നു, "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല." അത് സത്യമല്ലേ? ഇപ്പോൾ, അവൻ മഹാപുരോഹിതനെങ്കിൽ, പിന്നെ അവൻ എബ്രായർ 13:8 ആകുന്നു, എന്നാൽ, "ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യൻ." അത് ശരിയല്ലേ? ഇപ്പോൾ, അവൻ എങ്ങനെയാണ് അവനെ സ്വയമായി വെളിപ്പെടുത്തുന്നത്? ഞാൻ നിങ്ങളോടു പറഞ്ഞതുപോലെ, അവൻ സദാസയമത്തും തന്റെ പ്രവാചകന്മാരിൽക്കൂടി സംസാരിക്കുന്നു. അവൻ ന്യായവിധി നടത്തും മുമ്പ് എല്ലാ നേരത്തും ഒരു—ഒരു—ഒരു സന്ദേശം അയയ്ക്കുന്നു. സകല കാര്യങ്ങളും, അവന്റെ രീതികളെ അവൻ ഒരിക്കലും മാറ്റുന്നില്ല.

251 ഒരു നിർദ്ദോഷിയുടെ രക്തച്ചൊരിച്ചിലിലൂടെ എങ്ങനെയാണ് മനുഷ്യനെ രക്ഷിക്കണമെന്നത്, ഏദേൻ തോട്ടത്തിൽ വെച്ചു തന്നെ അവൻ തീരുമാനിച്ചിരുന്നു. അവൻ അതിനെ ഒരിക്കലും മാറ്റം വരുത്തിയില്ല. വിദ്യാഭ്യാസത്തിലൂടെയും, ബാബേൽ ഗോപുരത്തലൂടെയും, മഹത്തായ പട്ടണങ്ങളിലൂടെയും, അങ്ങനെയുള്ള എല്ലാറ്റിനാലും നാം അതിനെ മാറ്റാൻ ശ്രമിച്ചു. നാം അതിനെ മാറ്റാൻ ശ്രമിച്ചു, എന്നാൽ അത് പ്രവർത്തിക്കയില്ല. ലോകത്തിന്റെ

വിദ്യാഭ്യാസം അവന് കൊടുത്തുകൊണ്ട്, നാം അതിനു ശ്രമിച്ചു. ജനങ്ങളെ വിഭാഗീയ സഭകളിലാക്കി, നാം അതിനെ മാറ്റാൻ ശ്രമിച്ചു, അത് ഒരിക്കലും പ്രാവർത്തികമാകില്ല. ആരാധനക്കായി ഒരേ ഒരിടത്തേ മനുഷ്യന് സന്ധിക്കാനാകു, അത് രക്തത്തിൽ കീഴിലാണ്. നിങ്ങളുടെ വിഭാഗീയ സഭകൾ നിങ്ങളെ വേർതിരിവ് നടത്തും, രക്തത്തിൽ കീഴിലോ നിങ്ങൾ സമന്മാരാണ്. അവൻ ഒരിക്കലും മാറുന്നില്ല.

252 ഇപ്പോൾ, അവൻ മാറ്റപ്പെടാത്ത മഹാപുരോഹിതനും, ഇന്നലെയും, ഇന്നും, എന്നെന്നേയ്ക്കും അനന്യൻ ആണെങ്കിൽ, പിന്നെ അവന് തന്റെ വചനം കാക്കേണ്ടതുണ്ട്. അവൻ ചെയ്തിട്ടുണ്ട് എന്നു നാം പറയുന്നതിനാലല്ല, *അവൻ* ചെയ്യും എന്നവൻ പറഞ്ഞിരുന്നു. കാണുന്നോ? ഇപ്പോൾ, ഇപ്പോൾ അവൻ അത് ചെയ്യുമെങ്കിൽ... ഇപ്പോൾ, ഒരു നിമിഷം മാത്രം നിർത്തുന്നു, ചിന്തിക്കു. ഇപ്പോൾ, ഈ പ്രാർത്ഥന നിരയിൽ നിന്നുകൊണ്ടിരിക്കുന്ന എത്രപേർ എനിക്ക് നിങ്ങളെക്കുറിച്ചോ, നിങ്ങളുടെ രോഗത്തെക്കുറിച്ചോ, ഒരു കാര്യം പോലും അറിയില്ലെന്നു അറിയാവുന്ന എത്രപേരുണ്ട്? എന്നാൽ നിങ്ങളെ കൈ ഉയർത്തി, എന്താണ് ഞാൻ...നിങ്ങളെപ്പോലും എനിക്ക് അറിയില്ല എന്നുള്ള എത്രപേർ നിരയിലുണ്ട്? നിങ്ങളുടെ കൈകളെ ഉയർത്തിയാലും.

253 നോക്കു, ശ്രോതാക്കളിലേയ്ക്ക് നോക്കു. ഇപ്പോൾ, അവിടെ ആയിരിക്കുന്ന നിങ്ങൾക്ക്, ഇവിടെ ആകണം എന്നില്ല, നിങ്ങൾ അവന്റെ വസ്ത്രത്തിന്മേൽ തൊട്ടാൽ മാത്രം മതി. നിങ്ങൾ ഇങ്ങനെ സംസാരിച്ചു, പറയൂ, "കർത്താവായ യേശുവെ, ഞാൻ നിന്നെ വിശ്വസിക്കുന്നു." ഇപ്പോൾ നിങ്ങൾ പറഞ്ഞേയ്ക്കാം, "ഞാൻ അതു വിശ്വസിക്കുന്നു. നിനക്ക് അത് ബ്രദർ ബ്രൺഹാമിന് വെളിപ്പെടുത്താനാകും എന്നു ഞാൻ—ഞാൻ അത്—അത് വിശ്വസിക്കുന്നു, എന്തുകൊണ്ടെന്നാൽ..."

254 ഇപ്പോൾ, ഇത് ബ്രദർ ബ്രൺഹാമാണ് എന്നതിലല്ല, അവനൊരു സാധാരണ മനുഷ്യനാണ്. ഒരുപക്ഷേ ഇന്നു രാവിലെ മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ ഉണ്ടാകുന്നെങ്കിൽ...നിങ്ങൾ മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടലിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ഇന്നു രാവിലെ നേരം മേഘങ്ങളിലേയ്ക്കുള്ള എടുക്കപ്പെടൽ സംഭവിക്കുന്നെങ്കിൽ, ഞാൻ ഇതു താഴ്മയോടെ പറയട്ടെ, നാം അവസ്ഥകളിലേയ്ക്ക പോകുന്നെങ്കിൽ, നാം എവിടെ ആയിരിക്കേണ്ടതുണ്ട് എന്നതിലേയ്ക്ക് പോകുന്നെങ്കിൽ, ഈ കൂട്ടായ്മയിലെ പകുതിയോളം, നിങ്ങളിൽ പകുതിപ്പേർ എനിക്ക്

മുമ്പായി പോകും. അത് ശരിയാണ്. ഞാൻ ഉണ്ടാകില്ല...എനിക്ക് ലഭിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിലേയ്ക്ക് നോക്കൂ, ഞാൻ അതിനെ എത്ര നിസ്സാരമായിട്ടാണ് ചുമക്കുന്നത്. അവനെക്കുറിച്ച് ഞാൻ എന്തറിയുന്നു എന്ന് അറിഞ്ഞശേഷം, ഞാൻ ഇപ്പോൾ ജീവിക്കുന്ന വിധത്തിലാകുന്നതിനാൽ ഞാൻ ക്രിസ്തുവിന് ലാഭകരമല്ലാത്ത ഒരു ദാസനാണ്: അസാന്മാർഗ്ഗമായ വിധത്തിലല്ല, അശുദ്ധമായ വിധത്തിലുമല്ല, അങ്ങനെയുള്ള ഒന്നുമല്ല, അത് സത്യമാണെന്നു ദൈവം അറിയുന്നു. കാണുന്നോ? ഞാൻ ശരിയായി ജീവിക്കാൻ ശ്രമിക്കുന്നു, എന്നാൽ എനിക്ക്—എനിക്ക്—എനിക്ക് ആ കാര്യത്തിന് മുകളിലൂടെ പോകാൻ കഴിയുന്നില്ല എന്നതുപോലെ കാണുന്നു. ഒരുപക്ഷേ അത് മറ്റാരെങ്കിലുമാകാം, അതല്ല വളരെ വിദ്യാഭ്യാസമോ മറ്റോ ഉണ്ടായിട്ട്, അവർക്ക് അതിനെ ജനങ്ങളുടെ അടുക്കൽ കൊണ്ടുപോകാനായി എന്നു വരാം. പിന്നെ മറ്റൊന്തെങ്കിലും ചിന്തിക്കുന്നേരം, എങ്ങനെയായാലും, എല്ലാവർക്കും അതു കിട്ടാൻ പോകുന്നില്ല. കാണുന്നോ? കാണുന്നോ? നോക്കൂ, അവൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അവൻ അറിയുന്നു. അതിനാൽ ഞാൻ എന്നെത്തന്നെ അവന് സമർപ്പിച്ചുകൊണ്ട് പറയുകയാണ്, "കർത്താവെ, ഞാൻ നിന്റെ കൈകളിലാണ്, എന്ത് യോഗ്യമായി കാണുന്നുവോ അതുപോലെ എന്നോടു ചെയ്താലും." ഇപ്പോൾ, യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനാണെങ്കിൽ...

255 ഇപ്പോൾ, എനിക്ക് ഈ സ്ത്രീയെ പരിചയമുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. അവൾ ആരാണെന്നു എനിക്ക് ചിന്തിക്കാൻ കഴിയുന്നില്ല, എന്നാൽ എനിക്ക് അവളെ അറിയാം. എങ്ങനെയോ എനിക്ക് അവളെ അറിയാം. ഞാൻ അവളുടെ മുഖം കണ്ടിട്ടുണ്ട്, എന്നാൽ ഈ സമയത്ത് അവൾ ആരാണെന്ന് എനിക്ക് ഓർമ്മവരുന്നില്ല. എങ്ങനെയായാലും ഞാൻ—എനിക്ക് അവളെ അറിയാം. നിനക്ക് എന്നെ അറിയില്ലേ? ഊഹ്-ഹാ. അവളുടെ മുഖത്തു നോക്കുമ്പോൾ, ഞാൻ—ഞാൻ വിചാരിച്ചു, എനിക്ക് അവളെ അറിയാമല്ലോ, എന്നാൽ അവൾ ആരാണെന്നു എനിക്ക് പറയാനാകുന്നില്ല. ഞാൻ വിചാരിക്കുന്നത് അവൾ...നിങ്ങളുടെ ഭർത്താവല്ലേ...അവിടെ ജോലി ചെയ്തിരുന്ന സ്ത്രീ...അവളുടെ ഭർത്താവ്, ന്യൂ അൽബേനിയിലെ, സെവൻ—സെവൻ—സെവൻ...സെവൻ-ഇലവനിലോ അങ്ങനെയോ മറ്റുമുള്ള ഒന്നിൽ ജോലി ചെയ്തിരുന്നു. ശ്രീമതി. ആഗൻ, അത് ശരിയാണ്. ഇപ്പോൾ, നീ ഇവിടെ, സഭയിൽ വന്നുകൊണ്ടിരുന്നു. റോയ്, നമ്മൾ അന്നൊരു ദിവസം പോയിരുന്നതല്ലേ...ആ പർവ്വതത്തിന്റെ മുകളിൽ താമസിച്ചിരുന്നത്?

എന്തു പറഞ്ഞു? അവളുടെ സഹോദരി. അതായിരുന്നു, അതാണ് കണ്ടെന്നു തോന്നിയത്. ഞാനും റോയിയും വാഹനം ഓടിച്ചുകൊണ്ടു പോകുമ്പോൾ എനിക്കു ഓർമ്മയുണ്ട്, അവൻ പേര് പറഞ്ഞിരുന്നു, കർത്താവ് എന്നെ അവിടെ മുകളിലേയ്ക്ക് അയയ്ക്കുകയും ആ സ്ത്രീ അവിടെവെച്ചു സൗഖ്യമാക്കുകയും ചെയ്തു. അതെ, സർ, എനിക്ക് ഇപ്പോൾ ഓർമ്മ വന്നു.

256 ഇപ്പോൾ, നിന്നിലെ പ്രശ്നം എന്താണെന്ന്, എനിക്ക് ഒരറിവുമില്ല. അത് നിനക്കറിയാം. അവൾ ചെയ്ത എന്തെങ്കിലും ഒരു കാര്യം കർത്താവായ യേശുവിനു അവളോടു പറയാനായാൽ. അതല്ല അവൾക്ക് എന്തെങ്കിലും സാമ്പത്തികമായി വിഷമം ഉണ്ടായെന്നിരിക്കാം. ഒരുപക്ഷേ അവളുടെ, അവളുടെ ഭർത്താവ് എന്തെങ്കിലും കഷ്ടത്തിൽ പെട്ടേക്കാം, അതല്ല, അവൾക്ക് കുട്ടികൾ ഉണ്ടെങ്കിൽ, അവളുടെ കുട്ടികളോ, കുട്ടികളിൽ ഒന്നിനാകാം, എനിക്കറിയില്ല. എന്നാൽ അവൾക്ക് ഉണ്ടെങ്കിലോ, അവളുടെ കുട്ടികളിൽ ഒന്ന് ഓടിപ്പോയെന്നു വരാം. ഒരുപക്ഷേ അതിനെക്കുറിച്ച് എന്തെങ്കിലും അറിയാനായിട്ടാകാം അവൾ ഇവിടെ നിൽക്കുന്നത്. എനിക്കറിയില്ല. എനിക്ക് അതറിയാൻ ഒരു വഴിയുമില്ല. എനിക്ക്—എനിക്ക്—എനിക്ക് നിങ്ങളോടു പറയാനാകില്ല. എന്നാൽ അവൻ അറിയുന്നു. കാണുന്നോ? അതിനാൽ നിങ്ങൾ കാണുന്നു. നിങ്ങൾ ചെയ്യുമോ?

257 കേൾക്കു, ഇപ്പോൾ ഇത് നന്നായി മനസ്സിലാക്കു. ഇതിനു മുമ്പ് ഒരിക്കലും ഞാൻ ശ്രോതാക്കളുടെ മുന്നിൽ ഇതു പറഞ്ഞിട്ടില്ല, എന്നാൽ ഇതിപ്പോൾ പറയണമെന്നു എനിക്ക് അനുഭവപ്പെടുന്നു. ഒരു വചനം എന്താണ്? അത് ഒരു വിചാരം പ്രകടമാക്കിയതാണ്. ഇപ്പോൾ, എനിക്ക് അവളുടെ വിചാരത്തെ എങ്ങനെ പ്രകടമാക്കാൻ കഴിയും? അഥവാ അവളുടെ വിചാരം എന്താണെന്നു എനിക്ക് എങ്ങനെയാണ് പ്രകടമാക്കാൻ കഴിയുക? അത് ഉണ്ടായിരുന്ന എന്തെങ്കിലും ഒരു വിചാരം ആയിരിക്കണം, അതവൾക്കു ചെയ്യാൻ കഴിയില്ല. അതിനാൽ എനിക്ക് അവന്റെ വിചാരം പ്രകടമാക്കേണ്ടതുണ്ട്, അത് ശരിയാണെങ്കിൽ...അത് ദൈവത്തിന്റെ വിചാരമാണെങ്കിൽ, അത് മുഴുവനും ശരിയായിരിക്കും; അത് ദൈവത്തിന്റെ വിചാരമല്ലെങ്കിൽ, അത് ശരിയായിരിക്കില്ല; അവൾ അത് അറിയും, നിങ്ങൾ അതറിയും, എല്ലാവരും അതറിയും. നോക്കു, അതിനു ചുറ്റിലും മറ്റൊരു വഴിയുമില്ല. ഒന്നുകിൽ അത് ദൈവത്തിൽ നിന്നുമായിരിക്കണം അതല്ലെങ്കിൽ ദൈവത്തിൽ നിന്നും അല്ലാതിരിക്കണം. അവന്റെ കൃപ മതിയായതാണ്. ഇപ്പോൾ നിങ്ങൾ എല്ലാവരും, ഇപ്പോൾ, വിശ്വസിക്കുന്നോ?

258 എത്രപേർ വിശ്വസിക്കാൻ പോകുകയാണ്? കൊള്ളാം, ഒരുപക്ഷേ ഇതിനു മുമ്പ് നിങ്ങൾ ഒരിക്കലും മറ്റൊരു യോഗം കണ്ടിട്ടില്ലായിരിക്കാം, ദൈവം അത് ചെയ്യുമെങ്കിൽ നിങ്ങൾ വിശ്വസിക്കുമോ? ഇപ്പോൾ കുറച്ചു മുമ്പ് നിങ്ങൾ അവിടെ പുറത്തായിരുന്നു, പ്രാർത്ഥന നിരയിൽ അല്ലാതിരിക്കുന്നവരായ നിങ്ങളും കൂടെ, നിങ്ങളും—നിങ്ങളും, കൂടെ, പ്രാർത്ഥിച്ചുകൊണ്ടിരിക്കണം, നോക്കൂ. അതല്ല, നിങ്ങൾ പ്രാർത്ഥനക്കായി വരികയാണെങ്കിൽ, നിങ്ങൾ ആരാണെന്നു ഞാൻ കാര്യമാക്കുന്നില്ല, നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കൂ.

259 കർത്താവായ യേശുവെ, ഇപ്പോൾ ഞാൻ വളരെയധികം സമയം എടുത്തിരിക്കുന്നു, എന്നാൽ ഇത് നിന്റെ സേവയാണ്, കർത്താവെ. എന്നാൽ കഴിയുന്ന സകലതും താഴ്മയോടുകൂടെ ഞാൻ ചെയ്തിരിക്കുന്നു, നീ ദൈവമാണ്, ഇപ്പോൾ പിതാവെ, ബാക്കിയുള്ളതെല്ലാം നിന്റെ കൈകളിലാണ്. നീ ദൈവമാണെന്നും, നിന്റെ വചനം സത്യമാണെന്നും അറിയാൻ ഇടയാക്കേണമെ. ഈ അവസാന നാളുകളിൽ മനുഷ്യപുത്രൻ വെളിപ്പെടുമെങ്കിൽ, കർത്താവെ, നിന്റെ വചനത്തെ തെളിയിക്കേണമെ. എങ്ങനെയാണ് അവനെ സ്വയമായി വെളിപ്പെടുത്തുന്നത്? അവൻ വചനമായിരുന്നു. വചനം എന്നാൽ എന്താണ്? ഹൃദയത്തിന്റെ ചിന്തനത്തെയും ഭാവത്തേയും വിവേചിക്കുന്നവൻ. അവൻ അവരുടെ ഹൃദയങ്ങളെ അറിഞ്ഞിരുന്നു, പത്രൊസിനോടും, നഥനയേലിനോടും, ഫീലിപ്പോസിനോടും, കിണറ്റിങ്കരയിലെ സ്ത്രീയോടും, മറ്റെല്ലാവരോടും, അവർ കടന്നു വരുമ്പോൾ, പറഞ്ഞിരുന്നു, ആ ചെറിയ പെൺകുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ് എന്നറിഞ്ഞിരുന്നു. നിനക്ക് നിന്നെത്തന്നെ അറിയിക്കാനായി, ഞങ്ങളുടെ, ഭൂമിയിൽ വസിക്കാനുള്ള, ഈ എളിമയേറിയ കൂടാരത്തെ ഉപയോഗിക്കേണമെന്നു, ദൈവമേ, ഞാൻ പ്രാർത്ഥിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിലൂടെ തന്നെ. ആമേൻ.

260 ഇപ്പോൾ സൗഖ്യമാക്കാൻ, എനിക്ക് കഴിയില്ല, അത് നിങ്ങൾക്കറിയാം. “ഒരു ദാനം എന്നാൽ, എന്താണ് ബ്രദർ ബ്രൺഹാം, നിങ്ങളെടുക്കുന്ന എന്തെങ്കിലുമാണോ?” അല്ല. അത് എന്താണെന്നാൽ സ്വയം നിങ്ങളെ വഴിയിൽ നിന്നും എങ്ങനെയാണ് മാറ്റുന്നത് എന്നറിയുന്നതാണ്. കാണുന്നോ? നിങ്ങൾ അവിടെ ആയിരിക്കുന്നിടത്തോളം, അത് ഒരിക്കലും പ്രവർത്തിക്കില്ല. എന്റെ ഏറ്റവും വലിയ ശത്രു വില്ല്യം മാരിയൺ ബ്രൺഹാമാണ്. കാണുന്നോ? എന്നാൽ ഞാൻ അവനെ വഴിയിൽ നിന്നും മാറ്റുമ്പോൾ, നോക്കൂ, അപ്പോൾ യേശുക്രിസ്തുവിന് ഈ ശരീരത്തെ ഉപയോഗിക്കാൻ കഴിയുന്നു. കാണുന്നോ? നോക്കൂ, ഇപ്പോൾ, ഞാൻ ആ സ്ത്രീയുടെ

അടുക്കലേയ്ക്ക് വരുന്നു. ഇപ്പോൾ എന്താണ്? അവൾ രോഗിയായിരുന്നു എന്നു പറയുകയാണെങ്കിൽ.

261 ഇവിടെ ഒരു മഹിള അവളുടെ അംഗഭംഗം വന്ന അവയവം ഒരു കസേരയുടെ മേൽ വെച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഞാൻ... യേശു ഇവിടെ ഉണ്ടായിരുന്നപ്പോൾ ആയിരുന്നെങ്കിൽ, അവിടേയ്ക്ക് ഇറങ്ങിച്ചെല്ലുകയും ആ സ്ത്രീയുടെ മേൽ കൈ വെക്കയും, ആ അംഗഭംഗം വന്ന ഭാഗം സൌഖ്യപ്പെടുകയും ചെയ്യുമായിരുന്നു. അതിൽ യാതൊരു സംശയവുമില്ല. എന്നാൽ നിങ്ങൾ നോക്കു, നാം വൃത്തികെട്ട കൈകളുള്ള വെറും മനുഷ്യരാണ്. അവന്റെ കൈകൾ വിശുദ്ധമാണ്, ദൈവം ഒരിക്കൽ അവനെ സമർത്ഥിച്ചിരുന്നു. അവൻ വചനമായിരുന്നു. നിങ്ങൾ അതു വിശ്വസിക്കുന്നോ? തീർച്ചായും. അവന് ഒരു സംശയുമില്ല. അവൻ തന്റെ കൈകളെ അവളുടെ മേൽ വെച്ചുകൊണ്ട് പറയും, “മകളെ, സൗഖ്യമാകുക,” അവൾ സൗഖ്യം പ്രാപിക്കും. എന്നാൽ അന്ന് അവൻ നമ്മോടു അതേ കാര്യം തന്നെ ചെയ്യാനായി കല്പിച്ചിരിക്കുന്നു. അവൻ അത് വ്യക്തമായി തിരിച്ചറിയിച്ചിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

262 ഇപ്പോൾ, ഈ സ്ത്രീ എന്തെങ്കിലും ചെയ്യേണ്ടതുണ്ട്, എന്നുള്ളൊരു ദർശനം അവൻ എനിക്കു തരുമെങ്കിൽ എന്തായിരിക്കും? അത്, കൊള്ളാം, പിന്നെ ഞാൻ എന്റെ കൈകളെ അവളുടെ മേൽ വെയ്ക്കുകയും, അവൾ സുഖം പ്രാപിക്കുകയും ചെയ്യും. നിങ്ങൾ അതു വിശ്വസിക്കുന്നോ? അവൻ ആ ദർശനം അവൻ എനിക്കു തന്നില്ലെങ്കിൽ എന്തായിരിക്കും? ദർശനം എന്താണ് ചെയ്യുന്നത്? എനിക്ക് വിശ്വാസം മാത്രം തരുന്നു. ദൈവത്തിന്റെ അദൃശ്യ ശക്തിയിലേയ്ക്ക്, എന്റെ വിശ്വാസത്തെ അയയ്ക്കുന്നു. മനസ്സിലായോ? ഇപ്പോൾ, നിങ്ങൾ, ഓരോരുത്തരും ഈ നിമിഷം തന്നെ മരിക്കുകയാണെങ്കിൽ, *നിങ്ങൾ* നിങ്ങളുടെ ശരീരത്തിൽ നിന്നും വിട്ടു പോകുന്നത് നിങ്ങൾക്കു കാണാൻ കഴിയില്ല. നിങ്ങളുടെ എല്ലാ മാനസികമായ കഴിവുകളും, നിങ്ങളിലുള്ള സകലതും നിങ്ങളെ വിട്ടു പോകുന്നു, എന്നാൽ അത് പോകുന്നത് നിങ്ങൾക്ക് ഒരിക്കലും കാണാനാകില്ല. കാണുന്നോ? അതൊരു...എന്റെ കൈകളെ ചലിപ്പിക്കുന്ന ആ ശക്തി, അതൊരു പ്രേരകശക്തിയാണ്, അതങ്ങനെയല്ലേ? എന്നെ ചിന്തിപ്പിക്കുന്ന ശക്തി, ആ ശക്തി എന്നെ പ്രസംഗിപ്പിക്കുന്നു, ആ ശക്തി എന്നെ ജീവിപ്പിക്കുന്നു, പ്രവർത്തിക്കാൻ, അനുവദിക്കുന്നു. ഈ ശരീരത്തെ ഉത്സാഹിപ്പിക്കാനാകുന്ന അതേ പ്രേരകശക്തി തന്നെ, അതിനെ വിട്ടുകഴിയുമ്പോൾ, ആ ശക്തി വിട്ടുപോകുന്നത് നിങ്ങൾക്കു കാണാൻ കഴിയില്ല. അത് ഒരു അദൃശ്യ ശക്തിയാണ്. അതുപോലെതന്നെ വിശ്വാസവും! ഇത്

വിട്ടു കളയരുത്. വിശ്വാസം! യേശു പറഞ്ഞു, "അവർ രോഗികളുടെ മേൽ കൈകളെ വെയ്ക്കും." ഇപ്പോൾ, നോക്കൂ, എനിക്ക് ഒരു ദർശനം ഉണ്ടായിട്ട്, ഞാൻ പോയി, എന്റെ കൈകളെ അവളുടെ മേൽ വെച്ചാൽ, അവൾ സൗഖ്യപ്പെടാൻ പോകുന്നു എന്നു ഞാൻ വിശ്വസിക്കും, കാരണം ഞാൻ ഒരു ദർശനം കണ്ടിരിക്കുന്നു, എന്റെ ദർശത്തിൽ എനിക്കു ദൃഢവിശ്വാസമുണ്ട്. എന്നാൽ വചനത്തെപ്പറ്റി എന്താണ്? അതേ വിശ്വാസത്താൽ തന്നെ അവളുടെ മേൽ കൈകളെ വെയ്ക്കുന്നു. ദർശനങ്ങൾ എന്റെയും നിങ്ങളുടെ വിശ്വാസത്തെ മാത്രമേ പ്രേരിപ്പിക്കുന്നുള്ളു. ദർശനം കൂടാതെ തന്നെ അതേ വിശ്വാസത്താൽ, അത് ആ വിധത്തിൽ പ്രവർത്തിക്കും. ചിലയാളുകൾക്ക് വലിയ വിശ്വാസം നൽകിയിരിക്കുന്നു. ചിലർക്ക് അത്തരത്തിലെ വിശ്വാസമില്ല, അവർക്ക് വിശ്വാസം നൽകാനായി ദർശനങ്ങളെ കൊടുത്തിരിക്കുന്നു. കാണുന്നോ? ഇപ്പോൾ, നോക്കൂ, അത് അപ്പോഴും ആ വൃത്തികെട്ട കരങ്ങൾ തന്നെയാണ്, അതേ വ്യക്തി തന്നെ, അവരുടെ മേൽ കൈകളെ വെയ്ക്കുന്നു എന്നു മാത്രം.

263 ഇപ്പോൾ, അവന്റെ സാന്നിദ്ധ്യത്തെ, വാഗ്ദത്തം ചെയ്തിരുന്ന വചനത്തെ, പരിശുദ്ധാത്മാവ് തീർച്ചപ്പെടുത്തട്ടെ. ഇപ്പോൾ, നിങ്ങളുടെ പേർ എന്തായിരുന്നെന്നു ഞാൻ മറന്നുപോയി. ഇപ്പോൾ, നിങ്ങളുടെ പേർ എന്തായിരുന്നു? ആഗൻ. അതെ, ഞാൻ ആഗ്രഹിച്ചിരുന്നെങ്കിൽ അവൻ എന്നോട് പറയുമായിരുന്നു, നോക്കൂ, എന്നാൽ ഞാൻ പറയുന്നു എന്നതേയുള്ളൂ, ഞാൻ—ഞാൻ നിങ്ങളെ അറിയുന്നു. ഇപ്പോൾ, അല്പം കൂടെ അടുത്ത്, നേരെ ഇവിടേയ്ക്കു വന്നാലും, അവിടെ ജനങ്ങൾ നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾ കാണുന്നു. അത്...ഇപ്പോൾ, ശ്രീമതി. ആഗൻ, ഞാൻ—ഞാൻ ക്രിസ്തുവിന്റെ ദാസനായിരുന്നെങ്കിൽ, ഞാൻ സത്യമാണെന്നു വിശ്വസിക്കുന്ന വചനത്തെ പ്രസംഗിക്കുമായിരുന്നു, നിങ്ങൾ അത് വിശ്വസിക്കുന്നോ? [ശ്രീമതി. ആഗൻ പറയുന്നു, "അതെ."—Ed.] നിങ്ങൾ അതു വിശ്വസിക്കുന്നു. ഇപ്പോൾ നിങ്ങൾക്കു ഒരു ആവശ്യമോ മറ്റോ ആണ് ഉള്ളതെങ്കിൽ, എനിക്ക് നിങ്ങൾക്കത് തരാനാകില്ല, കാരണം അത് താങ്കൾക്കു തരാനായി എന്റെ പക്കലില്ല, അല്പം കാശോ മറ്റോ ആയിരുന്നെങ്കിലോ, നിങ്ങളുടെ ഭർത്താവുമായോ കുട്ടികളുമായോ സംസാരിക്കാനോ മറ്റോ ഉള്ള എന്തെങ്കിലും ആയിരുന്നെങ്കിലും ഞാൻ ചെയ്യുമായിരുന്നു. എന്നാൽ നിങ്ങൾക്കു സൗഖ്യം ആവശ്യമായിരിക്കുന്നു എങ്കിൽ, അതെനിക്ക് തരാൻ കഴിയില്ല, കാരണം അത് ആദ്യം തന്നെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. എന്നാൽ ഒരു ദാനത്തിലൂടെ, നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിൽ, എനിക്ക് നിങ്ങളെ തിരിച്ചറിയാനാകും, അത്, അതാദ്യം തന്നെ വിലയ്ക്കു വാങ്ങിയിരിക്കുന്നു, എന്തെന്നാൽ അത്

വിലയ്ക്കു വാങ്ങിയവൻ, നിങ്ങൾ വിശ്വസിക്കുന്ന ആ ഒരുവൻ, ദൈവ പുത്രനാണ്. ആ വിലയ്ക്കു വാങ്ങിയ ആൾ ഇവിടെ നിൽക്കുന്നു. കാണുന്നോ? അത് ശരിയല്ലേ? വിലയ്ക്കു വാങ്ങിയവൻ ഇവിടെയുണ്ട്.

264 ഇപ്പോൾ, നീ എന്നെ ഒരു സഹോദരനായും, ഒരു ധർമ്മോപദേശിയായും അറിയുന്നു, ഞാൻ നിന്നെ ഒരു സഹോദരിയായി അറിയുന്നു. നാം അവനെ ദൈവമായി അറിയുന്നു. ഇപ്പോൾ, ആ അദൃശ്യനായ വ്യക്തി, എന്നെ സ്വയം എന്റെ വഴിയിൽ നിന്നും മാറ്റാൻ ഒരു കൃപ തന്നവന്, എന്നോട് പറയാനാകും, എന്റെ ചുണ്ടുകളിലൂടെ, നോക്കൂ, എന്നിലൂടെ പറയാനാകും. ഇപ്പോൾ, ഞാൻ പ്രാർത്ഥിക്കുമ്പോൾ, ദൈവം എന്നെ കാണുന്നില്ല, അവൻ യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ എന്റെ ശബ്ദം മാത്രമാണ് കേൾക്കുന്നത്. നോക്കൂ, അവൻ എന്നെ കാണുന്നില്ല, അവൻ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ ചേദിക്കുന്നതിനെ ആ രക്തം അവിടെ നിവേദിക്കുന്നു. കാണുന്നോ? അപ്പോൾ അവൻ എന്റെ ശബ്ദം കേൾക്കുന്നു, എന്നാൽ അവൻ രക്തം മാത്രമേ കാണുന്നുള്ളൂ. നോക്കൂ, അവന് എന്നെ കാണാൻ കഴിയുന്നില്ല, അതിനാൽ ഞാൻ രക്തത്തിൽ കീഴിലായിരിക്കുമ്പോൾ എനിക്ക് അശുദ്ധനായിരിക്കാൻ കഴിയില്ല. നോക്കൂ, രക്തം ശുദ്ധീകരിക്കുന്നു. അവൻ ആ വാഗ്ദാനത്തിനും, എനിക്കും ദൈവത്തിനും ഇടയിലെ ആ ബമ്പറുമാകുന്നു, "പിതാവിനോടു ചോദിക്കുന്നതൊക്കെയും ഞാൻ നിങ്ങൾക്കു തരും." അത് സത്യമാണെന്നു നിങ്ങൾ വിശ്വസിക്കുന്നോ?

265 ഇപ്പോൾ, എല്ലാവരും...കാണുന്നു ഇപ്രകാരമായി, എന്താണ് സംഭവിക്കുന്നത് എന്ന് നിങ്ങൾക്ക് കാണാൻ കഴിയുന്നോ? നോക്കൂ, ഇവിടേയ്ക്ക് വരുമ്പോൾ, ഒരു പ്രകാശം, ചുവപ്പു കലർന്ന മഞ്ഞനിറത്തോടു കൂടിയ പ്രകാശം (amber), ഇവിടെ ചുറ്റിനുമായി ചുറ്റിത്തിരിയുകയാണ്.

266 ഇപ്പോൾ അവൾക്ക് അതു വേണമെങ്കിൽ അവൾക്ക് അതിനെ ഒളിക്കാൻ കഴിയില്ല. ഇല്ല, ഇല്ല. എന്തോ ചിലത് നിനക്ക് സംഭവിച്ച അതിന്റെ പരിണിത ഫലങ്ങൾക്കായിട്ടാണ് നീ ഇവിടെ ആയിരിക്കുന്നത്. നിനക്ക് കഫവാതജ്വരം ഉണ്ടായിരുന്നിട്ട്, നീ ഒരു ആശുപത്രിയിൽ ആയിരുന്നു. നീ ഒരു ഓക്സിജൻ ടെന്റിലായിരുന്നു. അതിന്റെ പരിണിതഫലത്തിനാൽ നീ കഷ്ടപ്പെടുന്നു. നീ സുഖം പ്രാപിക്കാൻ പോകുന്നു. യേശുക്രിസ്തു നിന്നെ സൗഖ്യപ്പെടുത്താൻ പോകുന്നു, ഞാൻ അതു കാണുന്നു. അത് വിശ്വസിച്ചുകൊണ്ട് കടന്നു പോകുക. അതു വിശ്വസിച്ചും കൊണ്ടു, കടന്നു പോയ്ക്കോളൂ, സഹോദരി ആഗൻ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ

നിന്റെ മേൽ വെയ്ക്കാൻ പോകുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ സഹോദരി. സന്തോഷത്തോടെ ഇപ്പോൾ പോക, അവൻ എന്തു പറഞ്ഞോ അതിനെ ഇപ്പോൾ സംശയിക്കരുത്.

267 നിങ്ങൾക്ക് എങ്ങനെയുണ്ട് സഹോദരി? എനിക്ക് നിന്നെ അറിയില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്. നാം അപരിചിതരാണ്. ഇപ്പോൾ, എനിക്ക് അറിഞ്ഞുകൂടാത്ത ഒരു സ്ത്രീ ഇവിടെ നിൽക്കുന്നു. എനിക്ക് നിന്നെ അറിയില്ല. എനിക്ക് നിന്നെ അറിയാനായി ഒരു വഴിയുമില്ല. എന്നാൽ നോക്കൂ, അവൻ അതു വാഗ്ദത്തം ചെയ്തിരിക്കുന്നതിനാൽ, അവന്റെ വചനം മൂലം, ദൈവത്തിന് എന്നെ വെളിപ്പെടുത്താനാകും എന്നു നീ വിശ്വസിക്കുന്നോ? നിന്നെക്കുറിച്ച് എന്തെങ്കിലും അവന് എനിക്ക് വെളിപ്പെടുത്താനാകുമെന്നു നീ വിശ്വസിക്കുന്നോ? അത് ശരിയാണെന്നും, അത് നിന്റെ സഹോദരനായ, എന്നിൽ നിന്നല്ലെന്നും, അത് നിന്റെ രക്ഷകനായ, അവനിൽ നിന്നായിരിക്കണം എന്നും, നിന്നെ സ്വീകരിക്കാൻ ഇടയാക്കുമോ? നീ അത് വിശ്വസിക്കുമോ? നിനക്ക് ഒരു ഓപ്പറേഷൻ നടക്കാനുണ്ട്. നിനക്ക് ഒരു ഓപ്പറേഷൻ ചെയ്യണം എന്ന് നിന്നോടു പറഞ്ഞിരിക്കുന്നു. എന്തിനു വേണ്ടിയാണ് ആ ഓപ്പറേഷൻ എന്നു അവന് എന്നോട് പറയാനാകും എന്നു നീ വിശ്വസിക്കുന്നോ? അത് കുടലിലാണ്, അന്തർഭാഗത്താണ്. അത് കൃത്യമായും ശരിയാണ്. നീ അതിൽ നിന്നും ഒഴിഞ്ഞുമാറാൻ ആഗ്രഹിക്കുന്നു. ഇവിടെ ഈ ആത്മാവുള്ളപ്പോൾ, ക്രിസ്തുവിന്റെ ആത്മാവ് നമ്മുടെ ചുറ്റിനും, എന്റെ മേലും ഉള്ളപ്പോൾ...ഇപ്പോൾ നീ ഇതു വിശ്വസിക്കുമോ? എന്തോ ചിലതിന് ഇത് എന്നോട് പറയേണ്ടതുണ്ടെന്ന് നീ അറിയുന്നു, കാരണം എനിക്ക് നിന്നെ അറിയില്ല. ഞാൻ വിശ്വാസം വെച്ചിരിക്കുന്നതിൽ നിന്നും, നിന്നോടൊപ്പം നിന്റെ വിശ്വാസവുമായി ചേർന്നു, നമ്മുടെ പിതാവായ, ദൈവത്തിന്റെ മുന്നിൽ വെച്ച്, എന്റെ കൈകൾ വെയ്ക്കുന്നതിലെ വിശ്വാസ പ്രേക്ഷണത്താൽ നീ സൗഖ്യപ്പെടുമെന്നു വിശ്വസിക്കുന്നോ? എന്നാൽ, കർത്താവായ യേശുവെ, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും." എന്ന അവിടുത്തെ കല്പനയെ ഞാൻ അനുസരിക്കുന്നു. "അവർ രോഗികളുടെ മേൽ കൈ വെച്ചാൽ അവർക്കു സൗഖ്യം വരും," ദൈവത്തിന്റെ മഹത്വത്തിനായി ഞങ്ങളുടെ സഹോദരി സൗഖ്യം പ്രാപിക്കാൻ ഇടവരട്ടെ; യേശുവിൻ നാമത്തിൽ, ആമേൻ. ഇപ്പോൾ, പോയ്ക്കോളൂ, ചെയ്യരുത്, അതിനെപ്പറ്റി മറന്നു കളയൂ, നോക്കൂ, നിങ്ങളുടെ മുഴു ഹൃദയത്തോടും അതു വിശ്വസിച്ചും കൊണ്ട് പോയ്ക്കോളൂ.

268 നിങ്ങൾക്ക് എങ്ങനെയുണ്ട്? ഞാൻ അതു ചോദിച്ചത് നിന്റെ ആത്മാവുമായി സമ്പർക്കം ചെയ്യാനാണ്, മഹിളെ. യേശു

കിണറ്റിങ്കരയിൽ വെച്ച് ചെയ്തതുപോലെ, പറഞ്ഞു, "എനിക്ക് കുടിക്കാൻ തരിക." ഇപ്പോൾ, ഞാൻ വിശ്വസിക്കുന്നത്...ഞാൻ എപ്പോഴെങ്കിലും നിന്നെ കണ്ടിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. നീ എനിക്ക് ഒരു അപരിചിതയാണ് എന്നു ഞാൻ വിശ്വസിക്കുന്നു. അത് ശരിയല്ലേ? അത് ശരിയാണെങ്കിൽ, ശ്രോതാക്കൾ കാണുന്നതിനു വേണ്ടി നിന്റെ കൈ ഉയർത്തിക്കാട്ടിയാലും. എനിക്ക് ഈ മഹിളയെ അറിയില്ല.

269 ഇത് കലർപ്പില്ലാത്ത സൗഖ്യമാണ്, ഇത് കലർപ്പില്ലാത്ത വിശ്വാസമാണ്, വാസ്തവമായ വചനമാണ്, ദൈവത്തിന്റെ നിർമ്മലമായ വചനം പ്രകടമായിട്ട് അവൻ മരിച്ചിട്ടില്ല എന്നു തെളിയിക്കുന്നതാണ്. അവൻ എന്നേയ്ക്കും ജീവിക്കുന്നു. "എന്നിൽ വിശ്വസിക്കുന്നവൻ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ അവനും ചെയ്യും, ഈ വിശ്വാസി രോഗിയുടെ മേൽ കൈ വെച്ചാൽ, അവർക്ക് സൗഖ്യം വരും." ഓ, എനിക്ക് അതെങ്ങനെ സംശയിക്കാനാകും? കാണുന്നോ? ഇപ്പോൾ, ആർ അങ്ങനെ ചെയ്യുമെന്നും ആർ ചെയ്യില്ലെന്നും അവൻ അറിഞ്ഞിരുന്നു, എനിക്കറിയില്ല. അത് അവനേ അറിയൂ.

270 എന്നാൽ ഇപ്പോൾ ഈ സ്ത്രീ ഒരു അപരിചിതയാണെങ്കിൽ... എനിക്ക് അവളെ അറിയില്ല, എന്റെ ജീവിതത്തിൽ ഞാൻ ഒരിക്കലും അവളെ കണ്ടിട്ടില്ല. അവൾ ഒരു ചെറുപ്പക്കാരി സ്ത്രീയാണ്, എന്നെക്കാൾ വളരെ ചെറുപ്പം. ഞാൻ—ഞാൻ അവളെ ഒരിക്കലും കണ്ടിട്ടില്ല. അവൾ ഇവിടെ എന്തോ ആവശ്യത്തിനായിട്ടാണ് ആയിരിക്കുന്നത്. ബൈബിളിൽ നിന്നും, ഞാൻ പഠിപ്പിച്ച ഈ കാര്യങ്ങൾ സത്യമെന്നു നീ വിശ്വസിക്കുന്നോ, മഹിളേ? അവ സത്യമാണെന്നു നീ വിശ്വസിക്കുന്നു. ഞാൻ അതു പറഞ്ഞു എന്നതിനാലല്ല, ദൈവം അതു പറയുന്നു എന്നതിനാൽ, നീ അതിനെ സ്വീകരിക്കുമോ?

271 മനുഷ്യപുത്രൻ പ്രകടമാക്കപ്പെടേണ്ടിയിരുന്ന അവസാന നാളുകളിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത് എന്നു നീ വിശ്വസിക്കുന്നോ? അതെല്ലാമായിട്ട് ലൂഥറിലൂടെയും, വേസ്ലിയിലൂടെയും, ബാപ്റ്റിസ്റ്റിലൂടെയും, അതില്ലെറ്റിലൂടെയും, പെന്തെക്കോസ്തും, വെളിപ്പാടു വരെ കൂട്ടിച്ചേർത്ത എല്ലാ വചനങ്ങളും, അതെല്ലാം എന്തായിരുന്നു എന്നു ഒരുമിച്ചു കൊണ്ടുവരും. ഏഴാമത്തെ ദൂതൻ ആറു-മുദ്രകളുടെ മർമ്മം തുറക്കേണ്ടതുണ്ടായിരുന്നു. അതെല്ലാം മുഴുവനായി മനുഷ്യപുത്രനിൽ ഒരുമിച്ചു കൊണ്ടുവരുന്നു. അവന്റെ സമയത്തിന്റെ പൂർത്തീകരണം, അവന്റെ വചനത്തിന്റെ പൂർത്തീകരണത്തെ കൊണ്ടുവരികയും, അവന്റെ ശരീരത്തെ പൂർണ്ണമായി പ്രകടമാക്കുകയും

ചെയ്യും. അത് ആ വചനമാണ്, അതിനുശേഷം, അതാണ് അരുളിചെയ്ത വചനം, വചനത്തെ വെളിപ്പെടുത്തി, വചനത്താൽ പ്രകടമാക്കുന്നത്.

272 ഇപ്പോൾ, നിങ്ങളുടെ കഷ്ടം എന്താണെന്നു ദൈവത്തിനു എന്നോടു പറയാൻ കഴിഞ്ഞാൽ, അങ്ങനെയല്ലെങ്കിൽ...അവൻ നിന്നെ സൃഷ്ടിച്ചു, അവന് നിന്നെക്കുറിച്ച് എല്ലാം അറിയാം. അവൻ അതു വെളിപ്പെടുത്തുമെങ്കിൽ...നീ ആരോഗ്യമുള്ള ഒരു വ്യക്തിയെപ്പോലെ കാണപ്പെടുന്നു. അവൻ എനിക്ക് അത് വെളിപ്പെടുത്തുമെങ്കിൽ, അത് സത്യമാണോ അല്ലയോ എന്നു നീ അറിയും. നീ അത് അംഗീകരിക്കുമോ? ഇപ്പോൾ നേരെ എന്നത്തന്നെ നോക്കു, തീർച്ചയായും, നീ കണ്ണടകൾ ധരിച്ചിരിക്കുന്നു, നിനക്ക് അതുണ്ട്, നിനക്ക് അവ ധരിക്കേണ്ടതുണ്ട്. വാസ്തവമായും അതിനല്ല നീ ഇവിടെ ആയിരിക്കുന്നത്. അത് ഇപ്പോൾ നേരെ പിന്നിലേയ്ക്ക് തിരിയുന്നതായി ഞാൻ കാണുന്നു. ഇപ്പോൾ, ഒരു രക്തം കട്ടപിടിക്കുന്ന കാരണത്താലാണ് നീ ഇവിടെ ആയിരിക്കുന്നത്. കാണുന്നോ? കാണുന്നോ? അവ എവിടെല്ലാമാണെന്നു അവന് എന്നോടു പറയാനാകുമെന്നു നീ വിശ്വസിക്കുന്നോ? നിന്റെ കാലുകളിലാണ്. ദൈവമാണ് അത് ചെയ്യുന്നതെന്ന് നിനക്ക് വിശ്വസിക്കാൻ കഴിയുന്നോ? നിന്നെക്കുറിച്ച് അധികമായി ദൈവത്തിന് എന്നോടു പറയാനാകുമെന്നു നീ വിശ്വസിക്കുന്നോ? ഏ? ശരി നീ ഒരു അപരിചിതയാണ്, അല്പം...ഒരു നിമിഷം നിന്നോടു സംസാരിക്കട്ടെ. അവന് അത് ചെയ്യാനാകുമെന്നു നീ വിശ്വസിക്കുന്നോ, നീ എവിടെ നിന്നാണെന്ന് അവന് എന്നോടു പറയാനാകുമെന്നു നീ വിശ്വസിക്കുന്നോ? നീ ഇൻഡ്യാനയിലെ, ഗെരെയിൽ നിന്നുമാണ്. നീ ആരൊണെന്നു അവന് എന്നോടു പറയാനാകുമെന്നു നീ വിശ്വസിക്കുന്നോ? ശ്രീമതി. ഓഗ്ഡൻ. അത് ശരിയാണ്. ഇപ്പോൾ നീ വീട്ടിലേയ്ക്കു തിരികെ പോയി, യേശുക്രിസ്തുവിന്റെ നാമത്തിൽ സൗഖ്യം സ്വീകരിച്ചു കൊൾക.

273 താങ്കൾക്ക് എങ്ങനെയുണ്ട്? അതുപോലെ തന്നെ, നാം രണ്ടുപേരും അപരിചിതരാണ്. നോക്കു, എനിക്ക് നിങ്ങളെ അറിയില്ല. എന്നാൽ നിങ്ങളുടെ കഷ്ടം എന്താണെന്ന് കർത്താവായ യേശുവിന് എനിക്ക് വെളിപ്പെടുത്താൻ കഴിയുമെന്നു നീ വിശ്വസിക്കുന്നോ? [ആ സഹോദരി പറയുന്നു, എനിക്ക് അത് അറിയാം."—Ed.] നീ അതറിയുന്നു. നന്ദി, സഹോദരി. അത് വളരെ നല്ലതാണ്. ശരി. നീ അതറിയുന്നതിനാൽ, പിന്നെ, ആ ഹെർണിയ ശരിയായിക്കൊള്ളും. നിനക്ക് വളർച്ച നിന്റെ വശത്തായിട്ടാണ്. അത് ശരിയാണ്, അങ്ങനെയല്ലേ? അത് ഏതു വശത്താണെന്നു ഞാൻ പറയാനായി നീ

ആഗ്രഹിക്കുന്നോ? അത് നിന്റെ വലതു വശത്താണ്. അത് കൃത്യമായും ശരിയാണ്. ഇപ്പോൾ നിന്റെ വഴിയിൽ അത് വിശ്വസിച്ചും കൊണ്ട് പോകുക, നിനക്കു സൗഖ്യമാകും.

274 ഇത് കൃത്യമായും സത്യമാണെന്നു, നീ വിശ്വസിക്കുന്നോ? ദൈവപുത്രൻ, മനുഷ്യപുത്രൻ, അവൻ വാഗ്ദത്തം ചെയ്തിരുന്നതുപോലെ കാലങ്ങളിലൂടെ ഇറങ്ങിവരുന്നെന്നു നീ വിശ്വസിക്കുന്നോ? അന്ന് സൊദോം ആയിരുന്നതുപോലെ, ഇപ്പോൾ, ലോകം സെദോമിന്റെ അവസ്ഥയിൽ ആയിട്ട്, അഗ്നികൊണ്ട് ദഹിപ്പിക്കാനായി തയ്യാറായിരിക്കുന്നു എന്നു നീ വിശ്വസിക്കുന്നോ? സൊദോമിലെ ജനങ്ങൾ ജാതികളായിരുന്നു എന്ന് ഓർക്കുക. എന്നാൽ, സൊദോമിൽ, അതിന്റെ ഉള്ളിൽ, നീതിമാന്മാരായ ചില ജനങ്ങളുമുണ്ടായിരുന്നു. അവരെ പുറത്തു കൊണ്ടുവരാനായി ദൈവം ഒരു സന്ദേശവാഹകനെ അയച്ചു; അവരിൽ ചിലർ വന്നു, ചിലർ വന്നില്ല, കൂടുതൽ പേരും അവിടെത്തന്നെ താമസിച്ചു. എന്നാൽ ഒരുകൂട്ടർ, അബ്രഹാം, പർവ്വതത്തിൽ ഇരുന്നിരുന്നു, അവിടെ ഒരു സന്ദേശ വാഹകൻ അവന്റെ അടുക്കലേയ്ക്ക് വന്ന് എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവന് കാണിച്ചുകൊടുത്തു. എങ്ങനെയൊക്കെയായാലും അവൻ അതിനുള്ളിലേയ്ക്ക് പോകാൻ പോകുന്നില്ലായിരുന്നു. എന്നാൽ ലോകമോ ഇന്നു ആയിരിക്കുന്ന പോലെ തന്നെ അന്ന് ആയിരിക്കുകയും, ദൈവപുത്രനും, മനുഷ്യപുത്രനും, ദാവീദ് പുത്രനുമായ, യേശുക്രിസ്തു, അവൻ സ്വയം അവനെ പ്രകടമാക്കാനായി കടന്നു വരികയും ചെയ്തു.

275 ഈ സ്ത്രീയ്ക്കു എന്തോ സംഭവിച്ചതായി ഞാൻ കാണുന്നു. അവൾ ഇവിടെ ഒരു മഹത്തായ കാരണത്തിനാണ് വന്നിരിക്കുന്നത്. അവൾ ഇവിടെ രോഗത്തിന്റെ കാരണത്താലല്ല ആയിരിക്കുന്നത്. അവൾ എന്താണ് എന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നതെന്ന് നിങ്ങൾക്കറിയാമോ? അവളുടെ “മേൽ കൈവെയ്ക്കുക,” അവൾ, “പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിക്കും.” കാണുന്നോ? കാണുന്നോ? അത് ശരിയല്ലേ? അത് ശരിയാണെങ്കിൽ നിന്റെ കൈ ഉയർത്തുക. കാണുന്നോ? നോക്കു, അവളുടെ പക്കൽ ഒരു മഹത്തായ കാര്യമുണ്ട്. പ്രിയ സ്വർഗ്ഗീയ പിതാവെ, നിന്റെ ഈ കുഞ്ഞിന് അവളുടെ ഹൃദയത്തിന്റെ അഭിലാഷത്തെ നൽകേണമെ, അവൾ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തേ സ്വീകരിക്കാൻ ഇടവരട്ടെ. അങ്ങനെ അവൾ അതു സ്വീകരിക്കാൻ ഇടവരും. ആമേൻ. നീ അതു പ്രാപിക്കും, സഹോദരി. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. അവന് പുകഴ്ചയും മഹത്വവും കൊടുക്കുക.

276 നീ വിശ്വസിക്കുന്നോ? അവിടെ ഇരിക്കുന്ന താങ്കളെപ്പറ്റി എന്താണ്, നിങ്ങളും കൂടെ വിശ്വസിക്കുന്നുണ്ടോ? സകലതും സാദ്ധ്യമാണ്, എന്നു നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമെങ്കിൽ. അതിനെപ്പറ്റി വളരെ ആത്മാർത്ഥയുള്ളതായി കാണുന്നു, രക്തം കട്ടപിടിക്കുന്നതും കൂടെ വിട്ടുപോകും എന്നു നീ വിശ്വസിക്കുന്നോ? പച്ച നിറത്തോടുകൂടിയ ഷർട്ടു ധരിച്ചുകൊണ്ട് അവിടെ ഇരിക്കുന്നയാൾ. അത് താങ്കളെ വിട്ടുപോകും എന്നു താങ്കൾ വിശ്വസിക്കുന്നെങ്കിൽ, എഴുന്നേറ്റു കൈകളെ ഉയർത്തി കാണിക്കുക, അത് സംഭവിക്കും. ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും ഈ മനുഷ്യനെ കണ്ടിട്ടില്ല, തികച്ചും, അദ്ദേഹം എനിക്ക് തീർത്തും അപരിചിതനാണ്. ഞാൻ അയാളെ ഒരിക്കലും കണ്ടിട്ടില്ല.

277 ശ്രോതാക്കളിൽ, അവശേഷിക്കുന്നവർ, നിങ്ങൾ ഇതു വിശ്വസിക്കുന്നോ? ഇപ്പോൾ, അത് അവനാണെന്ന്, നിങ്ങൾക്ക് കാണാൻ കഴിയുന്നില്ലേ?

278 ക്യാൻസർ ദൈവത്തിന് സൗഖ്യപ്പെടുത്താൻ കഴിയാത്ത മോശമായ കാര്യമല്ല. അവന് അതിനെ സുഖമാക്കാൻ കഴിയും, അവന് കഴിയില്ലേ? അവൻ ചെയ്യുമെന്നു നീ വിശ്വസിക്കുന്നോ? ശരി, പോകുക, യേശുക്രിസ്തുവിന്റെ നാമത്തിൽ അത് സ്വീകരിച്ചുകൊള്ളുക. നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്ക മാത്രം ചെയ്യുക.

279 ഹായ്, ഹണി. നിന്റെ രക്തം ശരിയാകേണ്ടതിനായി, യേശു തന്റെ രക്തം ചൊരിഞ്ഞെന്നു നീ അറിയുന്നു. നീ അതു വിശ്വസിക്കുന്നോ? പ്രിയ ദൈവമേ, ഞാൻ ഈ കുഞ്ഞിനെ അനുഗ്രഹിക്കുന്നു, അവൾക്ക് ഒരു രക്തം സംക്രമിപ്പിക്കൽ കാൽവരിയിൽ നിന്നും ഉണ്ടാകട്ടെ. പഞ്ചസാരയെല്ലാം മാറ്റിക്കളയേണമെ, കർത്താവെ, യേശുവിന്റെ നാമത്തിൽ അവൾ സുഖപ്പെടാൻ ഇടയാകട്ടെ. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

280 നിങ്ങൾക്ക് എങ്ങനെയുണ്ട്? പിൻഭാഗം അവന് സുഖമാക്കാൻ കഴിയുമെന്നു നീ വിശ്വസിക്കുന്നോ? [ആ സഹോദരൻ പറയുന്നു, "അവന് കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു,"—Ed.] ശരി, പോകുക, വിശ്വസിക്കുക, വിശ്വാസം വെച്ചുകൊൾക. നിങ്ങൾ ഇതു അപേക്ഷിച്ചതിനാൽ കൈകളെ നിങ്ങളുടെ മേൽ വെയ്ക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ.

281 നിങ്ങൾ വിശ്വസിക്കുന്നോ? അവൻ ആഹാരം ഉണ്ടാക്കിയത് കഴിക്കാനാണ്, അത് ദഹിക്കാനായി അവൻ ഒരു വയറുണ്ടാക്കി. എന്തെങ്കിലും കുഴപ്പം ആ വയറിൽ ഉണ്ടാകുമ്പോൾ, അവൻ അതിനെ സൗഖ്യമാക്കുന്നവനാണ്. നിങ്ങൾ അതു വിശ്വസിക്കുന്നോ? ശരി, അതു

മാത്രമാണ് നിങ്ങൾ അറിയേണ്ടത്, നിങ്ങളുടെ മുഴു ഹൃദയത്തോടു കൂടെ വിശ്വസിക്കുക.

282 നിങ്ങൾക്കു അതേ കാര്യം തന്നെ ആയിരിക്കുന്നതിനാൽ, നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിച്ചുകൊണ്ടും, നിങ്ങളും പൊയ്ക്കൊൾക.

283 അത് ശരി, ആ മഹിളയെ കൊണ്ടുവരൂ. താങ്കൾക്ക് എങ്ങനെയുണ്ട്? സുന്ദരി ചെറിയ പെൺകുട്ടി, വളരെ ചെറുപ്പം മുതൽക്കേ അവൾക്ക് സ്ത്രീകൾക്കുള്ള കുഴപ്പമാണ്. അതിൽ നിന്നും യേശു നിന്നെ സൗഖ്യപ്പെടുത്തും എന്നു നീ വിശ്വസിക്കുന്നോ? പ്രിയ ദൈവമേ, ഈ ചെറിയ പെൺകുട്ടി, യേശു ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ, ഞാൻ ഈ ശത്രുവിനെ ശപിക്കുന്നു, അത് അവളെ വിട്ടുപോകാൻ ഇടവരട്ടെ, അവൾ സുഖപ്പെടാൻ ഇടയാകട്ടെ. യേശുവിൻ നാമത്തിൽ. ആമേൻ. നിന്നെ അനുഗ്രഹിക്കുന്നു ഹണീ, നീ സുഖമാകും.

284 നിങ്ങൾ വിശ്വസിക്കുന്നോ? മരണം, ഇപ്പോൾ ഒരു കറുത്ത നിഴൽ മുകളിലേയ്ക്ക് വന്നു. ഒരു ക്യാൻസർ അല്ല...ദൈവത്തിന് ക്യാൻസറിനെ സുഖമാക്കി അതിനെ സൗഖ്യമാക്കാൻ കഴിയുമോ. നിന്റെ മുഴു ഹൃദയത്തോടും കൂടെ നീ വിശ്വസിക്കുന്നോ? അതിൽ നിന്നും അവൻ നിന്നെ സുഖമാക്കാൻ പോകുന്നു എന്നു നീ വിശ്വസിക്കുന്നോ? യേശുക്രിസ്തുവിന്റെ നാമത്തിൽ, അന്യോന്യം കുറുകെ ഛേദിക്കപ്പെട്ട മത്സ്യത്തിന്റെ കീഴിലെ ഈ ശപിക്കപ്പെട്ട വസ്തുവിനെ ഞാൻ ശപിക്കുന്നു. ക്രിസ്തുവിന്റെ കുരിശ് അതിനെ ദൂരമാക്കാൻ ഇടയാകട്ടെ. യേശുവിന്റെ നാമത്തിൽ അത് പോകാൻ ഇടവരട്ടെ. സംശയിക്കരുത്, പോകു, നിങ്ങളുടെ മുഴുഹൃയത്തോടും കൂടെ വിശ്വസിക്കു. നിങ്ങൾക്ക് വിശ്വസിക്കാനാകുമെങ്കിൽ, സകലതും സാദ്ധ്യമാണ്.

285 താങ്കൾക്ക് എങ്ങനെയുണ്ട്? സ്വാഭാവികവികാസം, നിങ്ങളുടെ സന്ധിവാതം വിട്ടുപോകും, നിങ്ങൾ വിശ്വസിക്കുമെങ്കിൽ നിങ്ങൾ സുഖപ്പെടും. നിങ്ങൾക്ക് അങ്ങനെ സംഭവിച്ചിട്ട് നിങ്ങൾക്കു വീണ്ടും ചുറ്റും നടക്കാൻ കഴിയും എന്നു നിങ്ങൾ വിശ്വസിക്കുന്നോ? കർത്താവ് ഈ പ്രിയ സഹോദരിയെ അനുഗ്രഹിക്കയും, യേശുക്രിസ്തുവിന്റെ നാമത്തിൽ അവളെ സുഖമാക്കുകയും ചെയ്യട്ടെ. നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിച്ചുകൊണ്ടു, പോകുക.

286 അതേ കാര്യം തന്നെ താങ്കൾക്കും സംഭവിക്കാം എന്നു താങ്കൾ വിശ്വസിക്കുന്നോ? അതെ, അതുണ്ടാകാം എന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ പോകുന്നത്...നിങ്ങളത് വിശ്വസിച്ചാൽ നിങ്ങൾക്ക് ഇപ്പോൾത്തന്നെ സുഖപ്പെടാം. സ്വയം ഞാൻ, അത്

ഇപ്പോൾ തന്നെ നിങ്ങളെ വിട്ടുപോയിരിക്കുന്നു എന്നു വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ, നമ്മുടെ സഹോദരൻ കടന്നു പോകാനും, ദൈവത്തിന്റെ മഹത്വത്തിനായി, സുഖം പ്രാപിക്കാനും ഇടയാകട്ടെ. ആമേൻ.

287 അവസാനം സംഭവിച്ചു. അവിടെ ഇരിക്കുന്ന നിങ്ങൾ, കരയുന്നു, ആ മൂലക്കുരുകൾ നിങ്ങളെ വിട്ടുപോകാൻ പോകുകയാണ് എന്നു നിങ്ങൾ വിശ്വസിക്കുന്നോ? അവൻ ഇവിടെത്തന്നെ കഴിഞ്ഞ അര മണിക്കൂറായി നിൽക്കുന്നു, നേരെ എന്റെ മുന്നിൽ, എന്നപോലെ കാണപ്പെടുന്നു. അവൻ ആ മനുഷ്യന്റെ തൊട്ട് അടുത്തായി നിൽക്കുന്നു. നിങ്ങൾ വിശ്വസിച്ചു കൊണ്ടേയിരുന്നു, നിങ്ങൾ അതു ചെയ്തിരുന്നില്ലേ? നിങ്ങളുടെ മുഴുഹൃദയത്തോടും കൂടെ നിങ്ങൾ വിശ്വസിക്കുന്നു, തിരികെ ടെക്സാസിലേയ്ക്ക് പോയി സുഖംപ്രാപിക്കു. എന്റെ ജീവിത്തിൽ ഒരിക്കലും ഈ മനുഷ്യനെ കണ്ടിട്ടില്ല.

288 ആ മുതുക് സുഖപ്പെടാൻ പോകുന്നെന്നും നിങ്ങൾ സൗഖ്യം പ്രാപിക്കാനായി തയ്യാറായിരിക്കുന്നെന്നും വിശ്വസിക്കുന്നോ? കർത്താവായ യേശുവേ, ആ ചെറിയ കാര്യത്തെ തൊടുകയും, യേശുക്രിസ്തുവിന്റെ നാമത്തിൽ അതിനെ സുഖമാക്കുകയും ചെയ്യേണമെ. ആമേൻ. അത് നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുക.

289 ഇപ്പോൾ ആ ആത്മാവ് വളരെ അടുത്ത് വലിക്കുന്നു, അത് കെട്ടിടത്തിൽ എല്ലായിടത്തുമായിരിക്കുന്നു. നാഡീക്ഷോഭം, അവയെല്ലാം എവിടെ നിന്നാണ് കടന്നു വരുന്നത് എന്നു പറയാൻ വളരെ പ്രയാസമായിരിക്കുന്നു. ഞാൻ നിങ്ങളെ ചിലതു കാണിക്കട്ടെ. നാഡിക്ഷോഭമുള്ള എത്രപേരുണ്ട്, നിങ്ങളുടെ കൈ ഉയർത്തിയാലും. നോക്കു, അത് ഏത് ഏതാണെന്നു പറയാൻ വളരെ പ്രായാസമാണ്. എന്നാൽ അതിനെക്കുറിച്ചെല്ലാം ദൈവം അറിയുന്നു, നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളും. അവയെ ജയിക്കേണ്ടതിന്, നിങ്ങൾ കഠിനമായി, പരിശ്രമിച്ചിരുന്നു. ജീവിതത്തിൽ അനേക കാര്യങ്ങൾ വിട്ടുകളയാനായി നിങ്ങൾ ശ്രമിക്കുകയും, നിങ്ങളിലുള്ള സകലതുമായി നിങ്ങൾ ദൈവത്തെ സേവിക്കാൻ ശ്രമിക്കയും ചെയ്തു. എന്തോ ചിലത് നിങ്ങളെ പുറകിലേയ്ക്ക് വലിക്കുന്നതു പോലെ കാണപ്പെട്ടു. ഇന്നു രാവിലെ നേരം തന്നെ, നിങ്ങൾ ഈ വക കാര്യങ്ങളിൽ നിന്നും സ്വതന്ത്രമാകാൻ പോകുന്നെന്നും, അതു സംഭവിക്കാൻ പോകുകയാണ് എന്നും നിങ്ങൾ വിശ്വസിക്കുന്നോ, നിങ്ങൾ അതു വിശ്വസിക്കുമോ?

290 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, അങ്ങ് ക്രിസ്തുവാണെന്നു, ഈ മറ്റുള്ളവർ കാണേണ്ടതിന്, ദൈവപുത്രാ, ഇവിടെ നിൽക്കുന്ന ഈ പ്രിയ സ്ത്രീയെ സൗഖ്യമാക്കി, പിതാവെ, അവളെ ശാന്തമാക്കണമെ. കർത്താവേ, അവൾ എപ്രകാരമാണ് കഷ്ടപ്പെടുന്നതെന്ന് ഞങ്ങൾ എല്ലാവരും അറിയുന്നു, നീ അവളെ സൗഖ്യമാക്കേണമെന്നു ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. എന്റെ മുഴു വിശ്വാസത്തോടും കൂടെ ഞാൻ എന്റെ കൈകളെ അവളുടെ മേൽ വെയ്ക്കുമ്പോൾ, തളർച്ചയാൽ, എന്റെ മേലും, കൂടെ, ഇപ്പോൾ, സാത്താൻ, ഒരു ആക്രമണം നടത്തി, അധികം പ്രവർത്തിച്ചുകൊണ്ട്, നാഡീക്ഷോഭം വളരെ മോശമായി തുടരുന്നു. സാത്താനെ, അവളെ വിട്ടുപോക. എനിക്ക് കിട്ടിയിട്ടുള്ള സകല വിശ്വാസത്തോടും കൂടെ ഞാൻ എന്റെ കൈകളെ അവളുടെ മേൽ വെയ്ക്കുന്നു, യേശുവിന്റെ നാമത്തിൽ, അവളെ വിട്ടുപോക. അവനെ വിശ്വസിച്ചുകൊണ്ടു, നിങ്ങൾ പോകുക. അത് മാത്രമാണ് നിങ്ങളോടു ചെയ്യാനായി ഞാൻ ആവശ്യപ്പെടുന്നത്.

291 എനിക്ക് നിങ്ങളെ അറിയില്ല, നിങ്ങൾ എനിക്ക് ഒരു അപരിചിതയാണ്. അത് ആന്ത്രവീക്കമാണ്, നിങ്ങൾ വിശ്വസിക്കുമെങ്കിൽ, നിങ്ങൾ സുഖം പ്രാപിക്കും. മറ്റൊരു കാര്യം, നിങ്ങൾക്ക് സന്ധിവാതവുമുണ്ട്. നിങ്ങൾ വിശ്വസിക്കുമെങ്കിൽ, നിങ്ങൾ സുഖമാകും. നിങ്ങളുടെ മുതുകിലെ പ്രശ്നം നിങ്ങളെ വിട്ടുപോയിരിക്കുന്നു. വിശ്വസിച്ചുകൊണ്ടു പോകുക.

292 നിങ്ങളുടെ മുഴുഹൃദയത്താലും നിങ്ങൾ വിശ്വസിക്കുന്നോ? കേൾക്കു, അത്...എത്രപേർ...അവരെല്ലാവരും നിരയിലാണോ? നിരയിലല്ലാതെ ആരെങ്കിലും കൂടുതലായിട്ടുണ്ടോ? രോഗികളുടെ മേൽ എന്റെ കൈ വെയ്ക്കാനായി നിങ്ങൾ എല്ലാവരും നേരെ ഇതുവഴി കടന്നു വരിക. ഇപ്പോൾ ഒരുമണി കഴിഞ്ഞിരിക്കുന്നു, നമുക്ക് ഒരു നിമിഷം, നമ്മുടെ തലകളെ വണക്കാം. പ്രിയ ദൈവമേ, പരിശുദ്ധാത്മാവിന്റെ അഭിഷേകം ഇവിടെ ഉള്ളപ്പോൾ, ഞാൻ എന്റെ കൈകളെ ഈ സഹോദരിയുടെ മേൽ വെയ്ക്കുന്നു. യേശുവിൻ നാമത്തിൽ, അവളെ സൗഖ്യമാക്കേണമെ. പ്രിയ സ്വർഗ്ഗീയ പിതാവെ, ഞാൻ എന്റെ കൈകളെ സഹോദരനുമേൽ വെയ്ക്കുന്നു...[ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു. ബ്രദർ ബ്രൺഹാം തുടർന്നും രോഗികൾക്കായി പ്രാർത്ഥിക്കുന്നു—Ed.]...വിശ്വസിക്കുക.

293 ഓ, സഹോദരാ, നിങ്ങൾക്ക് പ്രാർത്ഥനയ്ക്ക് വരാൻ കഴിഞ്ഞില്ലേ? [ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു.—Ed.]...സഹോദരാ, അവൻ എന്തു ചെയ്യുന്നു നിങ്ങൾക്കറിയാമോ? അവൻ ഒരു വയസ്സുതെന്ന മാൻ വേട്ടക്കാരനാണ്. അവൻ എപ്പോഴും മാനിനെ വേട്ടയാടിയിരുന്ന

ഒരു തോക്ക് അവനുണ്ടായിരുന്നെന്നു പറഞ്ഞു, ഇപ്പോൾ വേട്ടയ്ക്കു പോകാനാകാതെ അവൻ വളരെ വയസ്സായെന്നു പറയുന്നു. അവൻ ആ തോക്ക് എനിക്ക് കൊണ്ടു വന്നുതരാൻ അവൻ ആഗ്രഹിക്കുന്നു. ആമേൻ. നമുക്ക് പറയാം, "കർത്താവിന് സ്തുതിയായിരിക്കട്ടെ." [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "കർത്താവിന് സ്തുതിയായിരിക്കട്ടെ."—Ed.]

ഞാൻ അവനെ സ്നേഹിക്കുന്നു,

നിങ്ങളുടെ ചെറിയ ചോദ്യങ്ങൾ മറക്കരുത്, അതിനെ വെയ്ക്കുക. ഇന്ന് അത് നിങ്ങൾക്കില്ലെങ്കിൽ, അത് ബുധനാഴ്ചയോ അഥവാ ഞായറാഴ്ചയോ കൊണ്ടുവരിക.

എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു
വിലയ്ക്കുവാങ്ങി...

നിങ്ങൾ എല്ലാവരും പ്രാർത്ഥന നിരയിലായിരുന്നോ, പ്രാർത്ഥന നിരയോ?

...രക്ഷയെ
കാൽവരി മരത്തിന്മേൽ.

294 അവൻ നമുക്ക് എത്ര മാധുര്യവനാണെന്നു ചിന്തിച്ചുനോക്കു. ഇത്രയും ചിന്തിക്കു, അവൻ തന്റെ വചനം തെളിയിച്ചു! കാണുന്നോ? ഇപ്പോൾ നോക്കു, എനിക്ക് സൗഖ്യമാക്കാൻ കഴിയുമെങ്കിൽ, അത് വ്യത്യസ്തമായിരിക്കും, നോക്കു, എന്നാൽ അവനാണ് മുന്നമേ തന്നെ അത് ചെയ്തിരിക്കുന്നത്. കാണുന്നോ? അതുകൊണ്ട് അവന്റെ സാന്നിദ്ധ്യം അവൻ ഇവിടെ തെളിയിച്ചത്, "ഞാൻ മരിച്ചവനായിരുന്നു, ഇതാ എന്നേയ്ക്കും ജീവിച്ചിരിക്കുന്നു." അവനെപ്പോലെ ഒരുമനുഷ്യനും ഒരിക്കലും ഉണ്ടായിട്ടില്ല. അവൻ ഒരു മനുഷ്യനായി സ്വയമായി സകലതും ആയിരുന്നു. അവൻ ദൈവമായിരുന്നു. കാണുന്നോ? അവൻ ജീവിച്ചിരുന്നതുപോലെ ഒരിക്കലും ഒരുമനുഷ്യനും ജീവിച്ചിരുന്നിട്ടില്ല. അവൻ ജനിച്ചതുപോലെ ഒരു മനുഷ്യനും ജനിച്ചിട്ടില്ല. അവൻ ചെയ്തതുപോലെ...അവൻ ചെയ്തതുപോലെ ഒരിക്കലും ഒരുമനുഷ്യനും ചെയ്തിട്ടില്ല. അവൻ മരിച്ചതുപോലെ ആരും മരിച്ചിട്ടില്ല. അവൻ മരിച്ചവരിൽ നിന്നും എഴുന്നേറ്റതുപോലെ ആരും തന്നെ ഉയിർത്തെഴുന്നേറ്റിട്ടില്ല. "ഓ," നിങ്ങൾ ചോദിക്കും, "ഒരു നിമിഷം നിൽക്കണെ, മറ്റുള്ളവരും മരിച്ചവരിൽ നിന്നും ഉയിർത്തില്ലേ, ബ്രദർ ബ്രൺഹാം." അതെ, അവർ വീണ്ടും മരിച്ചു. എന്നാൽ അവർ എന്നേയ്ക്കും ജീവിക്കുന്നു. കാണുന്നോ? അവൻ ഉയിർത്തെഴുന്നേറ്റപോലെ മറ്റാരും എഴുന്നേറ്റില്ല. അവൻ എന്നേയ്ക്കുമായി മരണത്തിൽ നിന്നും, ഉയിർത്തെഴുന്നേറ്റു.

295 [ബ്രദർ ബ്രൺഹാം *ഞാൻ അവനെ സ്നേഹിക്കുന്നു*, മൂളിപ്പാടുന്നു."—Ed.] ഇപ്പോൾ നമുക്ക് അവനായി ഇതു പാടാം.

ഓ, ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ
സ്നേഹിക്കുന്നു
എന്തെന്നാൽ അവൻ എന്നെ മുൻസ്നേഹിച്ചു
എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി കുരിശിന്മേൽ.

296 നമുക്ക് നമ്മുടെ തലകളെ വണക്കാം. കർത്താവായ യേശുവെ, ഞാൻ ഈ ജനങ്ങളെ സ്നേഹിക്കുന്നു. ഞാൻ അവരെ പിടിച്ചിരിത്തിയിരിക്കുന്നു കർത്താവെ, ഇത് ചെയ്യുന്നത് എന്റെ കരുതിക്കൂട്ടിയുള്ള ഉദ്ദേശമല്ല. എന്നാൽ ഇവിടെ, അവരിൽ അനേകർ തങ്ങളുടെ കൊച്ചു കുട്ടികളുമായി കാത്തിരിക്കുന്നു, അവർക്ക് വിശക്കുന്നു, അവർക്ക് മനസ്സിലാകുന്നില്ല. എന്നാൽ അവർ ഇവിടെത്തന്നെ ഇരിക്കുന്നു, എന്തെന്നാൽ ദൈവത്തിന്റെ വചനത്തെ കൂടാതെ, മനുഷ്യന് ജീവിക്കാൻ കഴിയുന്നതല്ല എന്നവർ അറിയുന്നു. വചനം അരുളിചെയ്തു കഴിയുമ്പോൾ, പ്രകടമാകപ്പെട്ട്, വെളിപ്പെടുത്തി കൊടുത്ത്, തെളിയിച്ചെങ്കിൽ, അപ്പോൾ അത് നിന്നിലൂടെ മാത്രമേ സാദ്ധ്യമാകു എന്നു അവർ അറിയുന്നു. ഞാൻ അവർക്കു ഓരോരുത്തർക്കായും പ്രാർത്ഥിക്കുന്നു, പിതാവെ, അവരെ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ മുന്നിൽ വെച്ചിരിക്കുന്ന യാത്ര തുടരേണ്ടതിന് അവർ ആരോഗ്യമുള്ളവരും ശക്തരുമായി തുടരാൻ സഹായിക്കേണമെ. ആഴ്ചയിലുടനീളം അവരെ അനുഗ്രഹിക്കേണമെ. അടുത്ത ശബ്ബത്തിൽ, അടുത്ത ഞായറാഴ്ചയിൽ, ഇവിടെ കടന്നു വന്നു ആരാധിക്കണമെന്ന് നീ ഇഷ്ടപ്പെടുന്നെങ്കിൽ, കർത്താവെ, കടന്നു വരാൻ ഇടയാക്കേണമെ. നീ അവരെ ബലപ്പെടുത്തേണമെന്നു, ദൈവമേ, ഞാൻ പ്രാർത്ഥിക്കുന്നു. അവരിൽ ചിലരുണ്ടാകില്ല, ചിലർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അവരുടെ വീടുകളിലേയ്ക്കോ, ഒരുപേക്ഷ സമുദ്രത്തിന്റെ അക്കരയിലോ അതുമല്ല സംസ്ഥാനങ്ങളുടെ പുറത്തേയ്ക്കോ പോയെന്നുവരാം. നീ അവരോടൊപ്പം ആയിരുന്നു അവരെ സഹായിക്കേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഏതെങ്കിലും ഒരുനാൾ, യേശുവിന്റെ പാദത്തിങ്കൾ ഞങ്ങൾ കൂടിവരും. ഇത് അനുവദിക്കണമെ, പിതാവെ. ഞങ്ങൾ അന്യോന്യം സ്നേഹിക്കുമ്പോൾ നിന്നിൽ വിശ്വസിക്കാനും, ഇപ്പോൾ ആ നിത്യമായ ചരടിനാൽ ഞങ്ങളുടെ ഹൃദയങ്ങളെ ഏതെങ്കിലും ഒരുദിവസം തമ്മിൽ ബന്ധിപ്പിക്കുകയും, എല്ലാവരും എന്നേക്കും വസിക്കേണ്ടതിന്, ആ ചതുരാകൃതിയുള്ള പട്ടണത്തിൽ ഞങ്ങൾ വസിക്കാനും അനുവദിക്കേണമെ, യേശുവിൻ നാമത്തിൽ. ആമേൻ. ശരി.

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം കൊണ്ടുപോക,
കുഞ്ഞായ...(ഇപ്പോൾ ഒരാൾ മറ്റെയാളുമായി കൈ പിടിച്ചു കുലുക്കുക)...ശാപം;
അത് ആനന്ദമാകും...

ചുറ്റും തിരിഞ്ഞു ആരുടെയെങ്കിലും കൈ പിടിച്ചു കുലുക്കിക്കൊണ്ടു പറയൂ, "ഇന്നു രാവിലെ നേരം, താങ്കളോടൊപ്പം ഇവിടെ ആയിരുന്നതിനാൽ എനിക്ക് സന്തോഷമുണ്ട്."

നിങ്ങൾ എവിടെപ്പോയാലും അതിനെ എടുത്തുകൊൾക.

വിലപ്പെട്ട നാമം, ഓ എത്ര മാധുര്യം! (ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, ബേൻ.)
ഭൂമിയുടെ പ്രതീക്ഷയും സ്വർഗ്ഗത്തിൻ ആനന്ദവും;
വിലപ്പെട്ട നാമം, ഓ എത്ര മാധുര്യം!
ഭൂമിയുടെ പ്രതീക്ഷയും സ്വർഗ്ഗത്തിൻ ആനന്ദവും.

ഇപ്പോൾ, ഇപ്പോൾ ഇത് കേൾക്കൂ, ഇപ്പോൾ ഈ വിധത്തിൽ പാടൂ:

യേശുവിൻ നാമത്തെ നിങ്ങളോടൊപ്പം എടുത്തുകൊൾക,
സകല കെണിയിൽ നിന്നും ഒരു പരിചയായി;

ഇപ്പോൾ വളരെ നന്നായി ശ്രദ്ധിക്കൂ.

പ്രലോഭനങ്ങൾ നിങ്ങളുടെ ചുറ്റിനും കൂടിവരുമ്പോൾ.
(എന്തു ചെയ്യണം?) ആ പിരശുദ്ധ നാമത്തെ പ്രാർത്ഥനയാൽ ശ്വസിക്കുക.

വിലപ്പെട്ട നാമം, (വിലപ്പെട്ട നാമം), ഓ എത്ര മാധുര്യം!
ഭൂമിയുടെ പ്രതീക്ഷയും സ്വർഗ്ഗത്തിൻ ആനന്ദം;
വിലപ്പെട്ട നാമം!

***അവന്റെ വചനം തെളിയിക്കുന്നു*** MAL64-0816

(Proving His Word)

ബ്രദർ വില്യം മാരിയൺ ബ്രൺഹാം, അമേരിക്കയിലെ, ഇൻഡ്യാനയിൽ, ജെഫെർസൺവെല്ലെയിലെ, ബ്രൺഹാരം ടെബർനക്കിളിൽ വെച്ച്, 1964-മാണ്ട് ആഗസ്റ്റ് മാസം 16-ആം തീയതി ഞായറാഴ്ച രാവിലെ ഈ സന്ദേശം ഇംഗ്ലീഷിൽ സംസാരിച്ചത്, ആദ്യം ടേപ്പിൽ റിക്കാർഡ് ചെയ്തിരുന്നതിനെ, ഒരംശംപോലും വിട്ടുകളയാതെ, ഇംഗ്ലീഷിൽ പ്രിന്റു ചെയ്തു. ഈ മലയാളം പരിഭാഷ Voice Of God Recordings നിന്നും പ്രിന്റു ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2016 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org